Reg no. 1193

A SHORT

# STORY OF MALABAR

PART II.

From 1500 A. D. to 1920 A. D.

*(Approved by the Madras Text Book Committee)*

FOR USE IN THE V CLASS

OF

SECONDARY & ELEMENTARY SCHOOLS

BY

K. S. RAMASWAMY AIYER

K. S. R. Institute, Chalapuram.

SECOND EDITION

# ലയാള ചരിത്രം

രണ്ടാം ഭാഗം

ഇംഗ്ലീഷ് സ്കൂളിലും മലയാളം സ്കൂളിലും

ഞ്ചാം ക്ലാസ്സിലെ ഉപയോഗത്തിന്നുവേണ്ടി

. എസ്സ്. രാമസ്വാമി അയ്യരാൽ

(കെ. എസ്സ്. ആർ. ഇൻസ്റ്റിട്യൂട്ട്, ചാലപ്പുറം)

രചിക്കപ്പെട്ടത്

*All Rights Reserved.*

orman Printing Bureau, Calicut

1922

Price As. 10] [വില 10.

ies, Apply to K. S. R. Institute, Chalapuram-Calicut.

Reg. no. 1193.

A SHORT

# HISTORY OF MALABAR

**PART II.**

**From 1500 A. D. to 1920 A. D.**

*(Approved by the Madras Text Book Committee)*

**FOR USE IN THE V CLASS**

OF

**SECONDARY & ELEMENTARY SCHOOLS**

BY

**K. S. RAMASWAMY AIYER**

**K. S. R. Institute, Chalapuram.**

SECOND EDITION

# മലയാള ചരിത്രം

## രണ്ടാം ഭാഗം

ഇംഗ്ലീഷു സ്കൂളിലും മലയാളം സ്കൂളിലും

അഞ്ചാം ക്ലാസ്സിലെ ഉപയോഗത്തിന്നുവേണ്ടി

**കെ. എസ്സ്. രാമസ്വാമിഅയ്യരാൽ**

(കെ. എസ്സ്. ആർ. ഇൻസ്റ്റിട്ട്യൂട്ട, ചാലപ്പുറം)

രചിക്കപ്പെട്ടതു

*All Rights Reserved.*

**Norman Printing Bureau, Calicut**

**1922**

Price As. 10] [വില അണ 10.

... ISLAM HIGH ...
Reg. no. 1193.

**DEDICATED**

By Kind Permission

TO

Rajah Vasudeva Rajah, G. I. E.,

OF

**KOLLENGODE**

AS

A Token of gratitude

FOR

**THE FREE EDUCATION RECEIVED**

AT

The Rajah's High School

BY

**THE HUMBLE AUTHOR.**

രണ്ടാംഭാഗം

# അനുക്രമണിക.

---


അദ്ധ്യായം ഭാഗം.

മലയാളത്തിന്റെ സ്ഥിതി ... 1—4

40 1500-ൽ യുദ്ധാഭ്യാസം, വിദ്യാഭ്യാസം, കച്ചപടം 1

പോൎത്തുഗീസ്സുകാലം ... 5—50

41 ഡിഗാമയും കാബ്രെലും ... ... 5

42 സാമൂതിരിയും കൊച്ചിയും രണ്ടാംയുദ്ധം ... 9

43 പോൎത്തുഗീസ്സുകാരുടെ വൎദ്ധന ... ... 16

44 ആൽഫൻസൊഡസാ ആൽബുക്കാൎക്ക് ... 21

45 വാസ്കോഡിഗാമ മൂന്നാമതു ഇന്ത്യയിലേക്ക വന്നതു 25

46 സാമൂതിരിയും കൊച്ചിയും മൂന്നാംയുദ്ധം ... 28

47 മററു യൂറോപ്പജാതികളുടെ വരവ ... 34

48 പറങ്കികൾ കോഴിക്കോടു ഉപേക്ഷിച്ചതു ... 37

49 പോൎത്തുഗീസ്സുകാരുടെ ക്ഷയം ... ... 43

50 1700-ൽ മലയാളം ... ... 47

ഇംഗ്ലീഷുകാരുടെ ആദികാലം ... 52—111

51 ഇംഗ്ലീഷുകാരുടെ വരവ ... ... 52

52 ഇംഗ്ലീഷുകാരും പരന്ത്രീസ്സുകാരും മയ്യഴിലെ ഒന്നാംയുദ്ധം 57

53 രണ്ടാം കൎണ്ണാടകയുദ്ധം ... ... 60

54 ഇംഗ്ലീഷുകാരുടെ ഒന്നത്യവും മററു യൂറോപ്യരുടെ ക്ഷയ

55 സാ[...]തിരി[...] കൊച്ചിയും തമ്മിലുള്ള യുദ്ധം ...

56 ഹൈ[...] വരവു ... ..

57 മലയ[...]കലക്കം ...

58 ഠിപ്പ[...] ...

59 സ്വ[...]നം ...

60 മ[...]ങ്ങളും ര[...]

61 [...]

| അദ്ധ്യായം | | ഭാഗം |
|---|---|---|
| | ഇംഗ്ലീഷുകാരുടെ ഭരണം ... | 111—161 |
| 62 | കമ്പനിയുടെ കീഴിൽ മലയാളം ... ... | 111 |
| 63 | പഴശ്ശി ഒന്നാംയുദ്ധം ... ... | 117 |
| 64 | പഴശ്ശി രണ്ടാംയുദ്ധം ... ... | 124 |
| 65 | പഴശ്ശി യുദ്ധം തുടച്ച ... ... | 129 |
| 66 | വിക്ടോറിയ മഹാറാണി ... ... | 138 |
| 67 | മലയാളം ... ... | 144 |
| 68 | ഏഴാം എഡ്വേഡ് ചക്രവർത്തി ... ... | 152 |
| 69 | അഞ്ചാം ജോർജ്ജ് ചക്രവർത്തി ... ... | 156 |

# HISTORY OF MALABAR.

# മലയാള ചരിത്രം.

## II-ാംഭാഗം.

## 40-ാം അദ്ധ്യായം.

### 1500-ൽ മലയാളത്തിന്റെ സ്ഥിതി.

### യുദ്ധാഭ്യാസം, വിദ്യാഭ്യാസം, കച്ചവടം.

മലയാളത്തിലെ യുദ്ധപരിശീലനക്രമങ്ങളേയും അതിന്റെ പാഠശാലകളായ കളരികളേയും പററി മുമ്പു ഒരു അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. യുദ്ധാഭ്യാസികളിൽ പ്രധാനികളായ നായന്മാർ കൂടാതെ തീയ്യരും മുഹമ്മദീയരും കൂടി കളരികളിൽ പ്രവേശിച്ചു യുദ്ധാഭ്യാസം പരിചയിച്ചു അതിവിദഗ്ദ്ധന്മാരായിരിന്നിരുന്നു. വടക്കൻപാട്ടുകളിൽ പറഞ്ഞുകേൾക്കുന്ന ചന്തു, ഉദയനൻ മുതലായ ആളുകളുടെ ചരിത്രം ഇതിനെ വെളിപ്പെടുത്തുകയും ചെയ്യുന്നു. മുൻകാലത്തു വെട്ടുകളരി, പയററുകളരി, തുള്ളക്കളരി, കുന്തക്കളരി, വാട്ടക്കളരി, ഓട്ടക്കളരി, പറക്കളരി എന്നീ ഏഴവിധം കളരികളും ഉറുമി, കട്ടാരം, ഉൗരുവാൾ, ഈട്ടി, കുന്തം, മുച്ചാൺവടി, പന്തിരാംവടി എന്നിങ്ങിനേയുള്ള പലെ ആയുധങ്ങളെക്കൊണ്ടുള്ള

പ്രയോഗങ്ങളും ജനങ്ങൾക്ക ധാരാളം പരിചയമുണ്ടായിരുന്നു. എന്നാൽ ദേശങ്ങളും നാട്ടുകളും ഓരോ രാജാക്കന്മാർ പിടിച്ചടക്കിയതിനാൽ അവയുടെ സംരക്ഷണയും ദേശവാഴികളിൽ നിന്നും നാട്ടുവാഴികളിൽ നിന്നും ഒഴിഞ്ഞു ക്രമേണ രാജാക്കന്മാരിലും രാജസൈന്യങ്ങളിലും ആയപ്പോൾ ദേശവാഴികൾക്കും മററും യുദ്ധാഭ്യാസശ്രദ്ധ കുറഞ്ഞുതുടങ്ങി. വിദേശിയായ "മഹാൻവിഗ്ഗറാം" മലയാളത്തിലെ സൈന്യശേഖരപദ്ധതിയെപ്പററി താഴെ പറയുംപ്രകാരം പറഞ്ഞിരിക്കുന്നു. അനേക ശതവർഷങ്ങൾക്ക മുമ്പെ തന്നെ മലയാളശ്ശൂദ്രരുടെ ഇടയിൽ യുദ്ധപരിശീലനക്രമവും സൈന്യസമൂഹീകരണസമ്പ്രദായവും സമ്പൂർണ്ണനിലയിൽ എത്തിയിരിക്കുന്നു എന്നു തോന്നുന്നു. എല്ലാററിന്റെറയും ആരംഭത്തിന്നും വളൎച്ചക്കും ദേശവാഴിയും നാട്ടുവാഴിയുംതന്നെ കാരണഭൂതരാകുന്നു. എങ്കിലും എല്ലാവക്കും തലവനായി അനേകം നാട്ടുകൂടിയ രാജ്യത്തിന്റെറ അധിപനായ രാജാവും ഇതിൽ സശ്രദ്ധനായിരുന്നു. ഇപ്പോൾ ഈ വക ഏൎപ്പാട്ടുകളെല്ലാം മങ്ങിത്തുടങ്ങിയിരിക്കുന്നു.

നാട്ടുരാജാക്കന്മാർ രാജ്യഭരണം തുടങ്ങിയതുമുതൽ ശ്ശൂദ്രക്ക വിദ്യാഭ്യാസസൌകൎയ്യവും പുറപ്പെട്ടു. ക്രിസ്തുമതപ്രചാരം, പന്തിരുകുലജാതചരിത്രം, വിദേശീയരുടെ വരവു, കച്ചവടാഭിവൃദ്ധി, യുദ്ധപരിശീലനനിർബ്ബന്ധത്തിന്റെറ കുറവു, നവീനമലയാളഭാഷാരംഭം, ഇവ ശ്ശൂദ്രവിദ്യാഭ്യാസത്തിന്നു ഏററവും അനുകൂലികളായി പരിണമിച്ചു. നമ്പൂതിരിമാർ അമ്പലവാസികളെ സംസ്കൃതം പഠിപ്പിക്കുകയും

...IRUL ISLAM HIGH...

അവർ സംസ്കൃതഗ്രന്ഥങ്ങളെ മലയാളഭാഷയിൽ തർജ്ജമ
ചെയ്കയും മലയാളഭാഷാ തമിഴ്‌രീതിയിൽനിന്നു ഒഴിഞ്ഞു
കോലെഴുത്തുപ്രചാരം വിട്ടു ആര്യഎഴുത്തിൽ ഉപയോഗി
ക്കുകയും ചെയ്തുതുടങ്ങി. അഷ്ടവൈദ്യന്മാരിൽ ഒരാളായ
ആലത്തൂർനമ്പി മുതലായ മഹാന്മാർ സംസ്കൃതവൈദ്യഗ്ര
ന്ഥങ്ങളെ മലയാളഭാഷയിൽ ഭാഷാന്തരീകരിച്ചു. ഇതു
പോലെ തന്നെ ജ്യോതിഷഗ്രന്ഥങ്ങൾ, വ്യവഹാരമാലാ
തച്ചുശാസ്ത്രം, ആചാരഗ്രന്ഥങ്ങൾ, സംഗീതഗ്രന്ഥങ്ങൾ,
മുതലായവയും മലയാളഭാഷയിലായിത്തുടങ്ങി. ചെറുശ്ശേ
രിനമ്പൂതിരി കൃഷ്ണഗാഥാ അല്ലെങ്കിൽ കൃഷ്ണപ്പാട്ടു എന്ന ഗ്ര
ന്ഥം ഉണ്ടാക്കി. കോഴിക്കോട്ടു മാനവിക്രമൻ ശക്തൻ ത
മ്പുരാൻ കൊല്ലന്തോറും രാജസഭയിൽ വിദ്വജ്ജനങ്ങളെ
വരുത്തി ശാസ്ത്രവാദം ചെയ്യിക്കുകയും ജയിക്കുന്നവന്നു പ
ണക്കിഴി സമ്മാനിക്കുകയും പതിവായി. ഈ കിഴി പരദേ
ശബ്രാഹ്മണനായ ഉദ്ദണ്ഡശാസ്ത്രി എന്ന ഒരാൾ അധിക
കാലം കൈപ്പററിവന്നു. കാക്കശ്ശേരി ഭട്ടതിരിയുടെ മഹിമ
പരദേശിയെ പഠിപ്പിക്കുവാനും മലയാളമഹിമയെ നില
നിൎത്തുവാനും കാരണഭൂതയായി.

ദേശന്തോറും യുദ്ധാഭ്യാസക്കളരിക്കു പകരം വിദ്യാ
ഭ്യാസശാലയുണ്ടായിത്തീൎന്നു. ബാലന്മാരും ബാലികമാരും
ഒരുപോലെ വിദ്യാഭ്യാസം ചെയ്തുതുടങ്ങി. ബാലികന്മാർ
നിലത്തെഴുത്തു, വായ്പാഠം പാട്ടുകൾ, ചില കീൎത്തനങ്ങ
ൾ മുതലായവ പഠിച്ചു പഠിപ്പും നിൎത്തിയിരുന്നു. ബാല
ന്മാർ എഴുത്തുപള്ളിയിലെ പഠിപ്പു നിൎത്തിയാൽ ജ്യോതി
ഷം, വൈദ്യം, മന്ത്രവാദം, മുതലായവയിലും പ്രവേശി

ച്ചിരുന്നു. ഗ്രന്ഥങ്ങളെല്ലാം കരിമ്പന ഓലകളായിരുന്നു എഴുതിവന്നതു. അഷ്ടമി, വാവ, പ്രതിപദം, മുതലായവ അനദ്ധ്യായദിനങ്ങളായിരുന്നു.

സാമൂതിരിയുടെ സഹായത്താൽ മുഹമ്മദീയരുടെ എണ്ണവും കച്ചവടവും മലയാളത്തിൽ അതിവേഗം വർദ്ധിച്ചുവന്നു. യുദ്ധവിഷയങ്ങളിൽ മുഹമ്മദീയർ സാമൂതിരിക്കു സഹായിക്കയാൽ വ്യാപാരവിഷയങ്ങളിൽ സാമൂതിരിയും വേണ്ടപ്പെട്ട സഹായം ചെയ്തുകൊടുത്തു. രാജസഹായം നിമിത്തം ഇവർ മുമ്പിൽ വന്ന ചേർന്നവരായ ചീനക്കാരെ കച്ചവടസ്ഥലങ്ങളിൽനിന്നു അടിച്ചോടിച്ചുകളയുവാൻ തുടങ്ങി. പതിമൂന്നാം നൂററാണ്ടിൽ മലയാളത്തിൽ പ്രധാന കച്ചവടക്കാരായ ചീനക്കാർക്കു പതിനഞ്ചാം നൂററാണ്ടിൽ കച്ചവടം ചുരുങ്ങുകയും അവരുടെ സ്ഥാനത്തു മുഹമ്മദീയർ പ്രവേശിക്കുകയും കച്ചവടം തുലോം വർദ്ധിച്ചുവരികയും ചെയ്തു.

1442-ൽ മലയാളത്തിലേക്കു വന്ന വിദേശസഞ്ചാരിയായ അബ്ദർരാജക്ക് എന്ന ആൾ സാമൂതിരിരാജ്യത്തിലെ ധനികന്മാരായ വർത്തകന്മാർ വിലപിടിച്ച ചരക്കുകൾ ചന്തസ്ഥലങ്ങളിലും അങ്ങാടിതെരുവുകളിലും യാതൊരു ഭയവും ശങ്കയും കൂടാതെ ഇട്ടവരാറുണ്ടു എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു ആ കാലത്തെ സത്യരക്ഷയും രാജനീതിയും ശരിയായി വെളിപ്പെടുന്നു. ചീനക്കാരുടെ ക്ഷയത്തോടുകൂടി കിഴക്കൻരാജ്യങ്ങളുമായുള്ള കച്ചവടവും ക്ഷയിച്ചുവന്നു. പടിഞ്ഞാറൻരാജ്യങ്ങളുമായുള്ള കച്ചവടം പ്രതിദിനം വർദ്ധിച്ചുതുടങ്ങി. ഈ കച്ചയുടവർദ്ധന നാട്ടുരാജാക്കന്മാരുടെ അധഃപതനത്തിന്നും കാരണമായി.

# 41-ാം അദ്ധ്യായം.

## പോൎത്തുഗീസ്സുകാലം.

### ഡിഗാമയും കാബ്രേലും.

### 1498—1502.

മുഹമ്മദീയരുടെകച്ചവടം യൂറോപ്പുനിവാസികളുടെ ആവശ്യമായിട്ടായിരുന്നു വൎദ്ധിച്ചുതുടങ്ങിയതു. അക്കാലത്തു യൂറോപ്പിൽനിന്നു നമ്മുടെ രാജ്യത്തേക്കുള്ള കപ്പൽവഴി വിവരമില്ലായിരുന്നു. അറബികൾ ഇവിടെയുള്ളതും ചീനത്തുനിന്നു ഇവിടെ വരുന്നതും ആയ ചരക്കുകളെ കൊണ്ടുപോയി യൂറോപ്പിലെ പ്രധാനകച്ചവടസ്ഥലമായ "ജീനോവ"യിലെ കച്ചവടക്കാൎക്കു വില്ക്കുകയും അവർ അതിനെ യൂറോപ്പിൽതന്നെ വേറെ സ്ഥലത്തു കൊണ്ടുപോയി അധികവിലക്കു വില്ക്കുകയും ചെയ്തിരുന്നു. മലയാളരാജ്യവുമായി നേരിട്ടു കച്ചവടം ചെയ്വാൻ സാധിക്കുന്നപക്ഷം ചുരുങ്ങിയവിലക്കു ചരക്കുകൾ വാങ്ങാൻ കഴിയുന്നതാണെന്നും അതുകൊണ്ടു യൂറോപ്പിൽനിന്നു ഇന്ത്യയിലേക്കു വന്നുചേരാനുള്ള ഒരു കടൽമാൎഗ്ഗം കണ്ടുപിടിക്കേണമെന്നും അക്കാലത്തു യൂറോപ്പിലുള്ള പ്രധാനരാജാക്കന്മാൎക്കു കലശലായ മോഹം ജനിച്ചു. ആ മോഹക്കാരിൽ ഒരാൾ പോൎത്തുഗൽ രാജാവായിരുന്നു. ഇദ്ദേഹത്തിന്റെ സഹായത്തോടുകൂടിയാണു. 1487-ൽബർത്താലൊമ്യൂഡയാസ്സ് എന്ന ആൾ ഗുഡഹോപ്പ്മുനമ്പ കണ്ടുപിടിച്ചതു. ആഫ്രിക്കയെ ചുററി സഞ്ചരിച്ചാൽ ഇന്ത്യയിൽ വന്നുചേരുന്നതാണെന്നു കരുതി പോൎത്തുഗൽ രാജാവു ഇന്ത്യയിലേക്കു

നേരിട്ട കപ്പലുകൾ അയപ്പാൻ ശ്രമം തുടങ്ങി. ഈ ശ്രമത്തിൻെറ ഫലമായിട്ട 1497 ജൂലായിമാസത്തിൽ വാസ്കോ ഡിഗാമ എന്ന നാവികനെ നാലു കപ്പലുകളുടെ നായകനാക്കി ഇന്ത്യയിലേക്ക അയച്ചു. ഇവർ ലിഡബൺ പട്ടണത്തിന്നരികെയുള്ള ബിലം എന്ന നഗരത്തിൽനിന്ന പുറപ്പെട്ട വഴിമദ്ധ്യെ നേരിട്ട അനേക കഷ്ടനഷ്ടങ്ങളും സഹിച്ച 1498-ൽ വഷം തുടങ്ങുന്നതിന്ന അല്പം മുമ്പായി മലയാളത്തിൽ കോഴിക്കോട്ടിന്ന സമീപമുള്ള കാപ്പുവ എന്ന സ്ഥലത്തു വന്നുചേന്നു. സാമൂതിരി പുതിയ കച്ചവടക്കാരുടെ ആഗമനത്തെ പററി അഭിനന്ദിക്കയും അവരുടെ ഇഷ്ടപ്രകാരം കോഴിക്കോട്ടവെച്ചു കച്ചവടം ചെയ്യാൻ അനുവാദം നൽകുകയും ചെയ്തു. അക്കാലത്തു പ്രധാനകച്ചവടക്കാരായ മുഹമ്മദീയരുടെ വിരോധം നിമിത്തം ഇവക്ക വേണ്ടതുപോലെ ചരക്കുകൾ വാങ്ങാൻ സാധിച്ചില്ല. അതുകൊണ്ട ഗാമ സാമൂതിരിയെ നേരിട്ട കാണ്മാൻ അപേക്ഷിക്കുകയും ആ കൂടിക്കാഴ്ചയിൽ ഞങ്ങളുടെ രാജാവു എല്ലാ രാജ്യങ്ങളിലും കപ്പലുകൾ അയച്ചു ക്രിസ്തുമതതത്വം ജനങ്ങൾക്ക മനസ്സിലാക്കിക്കൊടുത്തു അവരിൽ ഐക്യം ഉണ്ടാക്കുന്നവനും അതിശക്തനും നിപുണനും ഞങ്ങൾക്ക വല്ല ദോഷവും ചെയ്യുന്നവരോട പ്രതിക്രിയ ചെയ്യുന്നതിൽ ജാഗ്രതയുള്ളവനും ആകുന്നു എന്നും മററും പറകയും ചെയ്തു. സാമൂതിരിക്ക ഇതുകേട്ടപ്പോൾ ഇവരോട്ടുള്ള ബന്ധം നിസ്സാരമാണെന്നുള്ള വിചാരത്തിന്മേൽ അല്പം നീരസഭാവം ജനിച്ചു. മുഹമ്മദീയരുടെ വിരോധവും സാമൂതിരിയുടെ നീരസഭാവവും നിമിത്തം ഇവിടെ ഉണ്ട

മില്ലെന്നുകരുതി ഗാമ തന്റെ കപ്പൽ അവിടെനിന്നു തിരിച്ചു. പോകുന്നവഴിക്കു കോലത്തിരി ആവശ്യമുള്ള ചരക്കുകൾ കൊടുത്തു. കപ്പലുകൾ നിറയ ചരക്കുകൾ കിട്ടിയതുകൊണ്ടും ഇന്ത്യ കണ്ടുപിടിച്ചതുകൊണ്ടും ഉണ്ടായ സന്തോഷത്തോടുകൂടി ഗാമ പോൎത്തുഗലിൽ എത്തിച്ചേൎന്നു.

വിജയത്തോടുകൂടി ഗാമ മടങ്ങിച്ചെന്നപ്പോൾ പോൎത്തുഗൽ രാജാവു സന്തോഷാധിക്യം നിമിത്തം അനവധി സമ്മാനങ്ങൾ കൊടുത്തു. ഉടനെ ക്രിസ്തുമതം പരത്തേണമെന്നും ചതിച്ചാൽ പടവെട്ടേണമെന്നും ഉള്ള നിശ്ചയത്തോടുകൂടി ആൽവേർസ്സു് കാബ്രേൽ എന്ന ആളുടെ നായകത്വത്തിൻകീഴിൽ 2000 ആളുകളോടും പത്തു പാതിരിമാരോടുംകൂടി 12 കപ്പലുകൾ തെയ്യാറാക്കികച്ചവടം ചെയ്യാൻ കോഴിക്കോട്ടേക്ക അയച്ചു. ഇവർ 1500-ൽ കോഴിക്കോട്ടുവന്നു കച്ചവടം ചെയ്തുതുടങ്ങി. അക്കാലത്തു കടൽകച്ചവടക്കാരിൽ പ്രധാനിയായ കോജശംസട്ടിന്നും കരകച്ചവടക്കാരിൽ പ്രധാനിയായ കോയപക്കിക്കും തമ്മിൽ അധികമായ വിരോധമുണ്ടായിരുന്നു. കോയപക്കി പറങ്കികൾക്കു വേണ്ടപ്പെട്ട സഹായം ചെയ്തുകൊടുത്തു. പറങ്കികൾ തങ്ങളുടെ ഇഷ്ടപ്രകാരം ചരക്കു കിട്ടാത്തതിനാൽ രാജാവിനോടു ആവലാധി പറഞ്ഞു. ചരക്കുകൾ കിട്ടുന്നതു അവനവന്റെ സാമൎത്ഥ്യംപോലെയാണെന്നു രാജാവു മറുവടിയും കൊടുത്തു. കരയിൽ ചരക്കുകൾ കിട്ടാത്തതുകൊണ്ടു കപ്പലിലെ ചരക്കുകൾ പരിശോധിക്കേണ്ടതാണെന്നു തീൎച്ചപ്പെടുത്തി ഒരു കപ്പൽ പരിശോധിച്ചപ്പോൾ അതിൽ ഉണ്ടായിരുന്ന മാപ്പിളമാർ ചാടിക്കരക്കു

വന്ന നാട്ടുകാരായ മുസൽമാന്മാരോടുകൂടി പറങ്കിപ്പാണ്ടി കശാലയേയും പറങ്കികളേയും ആയുധപാണികളായി എതിൎത്തു ചില പറങ്കികളെ കൊന്നുകളയും ചെയ്തു. കാബ്രെൽ പട്ടണത്തിന്റെനേരെ വെടി തുടങ്ങി നാനാ വിധ നാശങ്ങളും ഉണ്ടാക്കി ഡിസേമ്പ്രമാസത്തിൽ കൊച്ചിയിലേക്കു തിരിച്ചു. കൊച്ചിരാജാവു ഇവരുടെ സഖ്യം തനിക്കു ഗുണപ്രദമാണെന്നു കരുതി "നിങ്ങൾക്കു ഇഷ്ടമുണ്ടെങ്കിൽ എന്നും കൊച്ചിയിൽ കച്ചവടം ചെയ്യാം" എന്നുപറഞ്ഞു അവൎക്കു വേണ്ടപ്പെട്ട സഹായം ചെയ്തുകൊടുത്തു. ഏകദേശം ഒരു മാസത്തോളം കപ്പലുകളിൽ ചരക്കുകൾ നിറച്ചതിന്റെ ശേഷം ജാമ്യക്കാരായ രണ്ടു നായന്മാരോടും രണ്ടു നസ്രാണികളോടുംകൂടി കേബ്രെൽ തിരികെ പോൎത്തുഗലിലേക്കുതന്നെ കപ്പലോടിച്ചു.

പോൎത്തുഗൽ രാജാവായ മാനുവെൽ എല്ലാവിവരവും ഗാമയോടു ചോദിച്ചറിഞ്ഞതിന്റെ ശേഷം സാമൂതിരിയെ ശിക്ഷിക്കേണമെന്നും മുഹമ്മദീയരുടെ കടൽവ്യാപാരം നിൎത്തണമെന്നും ഇന്ത്യയുമായി നേരിട്ടു കച്ചവടം ഉറപ്പിക്കേണമെന്നും തീൎച്ചപ്പെടുത്തി ഗാമക്കു "ഹിന്തുസമുദ്രപതി" എന്ന സ്ഥാനവും നൽകി 800 പടയാളികളോടുംകൂടി 20 കപ്പലുകൾ തെയ്യാറാക്കി ഗാമയെ രണ്ടാമതും മലയാളത്തേക്കു അയച്ചു. ഇവർ 1502-ൽ വട്ടകൊളത്തു വന്നുചേൎന്നു. ഇന്ത്യാസമുദ്രാധിപത്യം പോൎത്തുഗൽ രാജാവിന്നുള്ളതാണെന്നും വേറെ ഒരു ജാതിക്കാരും കരമുളകുകച്ചവടം ചെയ്യരുതെന്നും കോഴിക്കോട്ടേക്കു പോകരുതെന്നും പരസ്യപ്പെടുത്തി. മാടായി എന്ന സ്ഥലത്തു

വെച്ചു മക്കത്തുന്ന വരുന്ന ഒരു ഹജ്ജികപ്പലിനെ എതിൎത്തു കവൎച്ച്ചെയ്തു കൊള്ളിവെച്ചു. വഴിയിൽ വെച്ചു കോലത്തിരിയെ കണ്ടു അദ്ദേഹത്തിന്റെ വിരോധിയും ഒരു കച്ചവടക്കാരനും ആയ കൊജ മുഹമ്മദിനെ ശിക്ഷിച്ചു കോഴിക്കോട്ടെക്കു വന്നു. കോഴിക്കോട്ട തുറമുഖത്തിൽ കണ്ട കപ്പലുകളെ പിടിച്ചു ചുട്ടുകയും പട്ടണത്തിലേക്കു വെടിവെക്കുകയും ചെയ്തു അനേകം നാശമുണ്ടാക്കിത്തീൎത്തു. പിന്നെ കൊച്ചിയിൽ വന്നുചേൎന്നു. കൊച്ചി രാജാവു ഇവരെ വേണ്ടതുപോലെ ആദരിച്ചു സ്വീകരിച്ചു. ഗാമ ഒരു പൊൻകിരീടം രാജാവിന്നു സമ്മാനമായി കൊടുത്തു. തെക്കെ കൊല്ലത്തു മഹാറാണിയുമായി തമ്മിൽ ഒരു കച്ചവടസംഖ്യം ചെയ്തു. മടക്കത്തിൽ ഗാമ തന്റെ കപ്പലുകളെ രണ്ടായി ഭാഗിച്ചു. ഒരു യോഗത്തെ ചരക്കെട്ടപ്പാൻ വേണ്ടി കണ്ണൂരിലേക്കയച്ചു മററ യോഗം കോഴിക്കോട്ടതുറയിലുള്ള കപ്പലുകളെ തകൎത്തു അവിടെനിന്നു ഒരുസ്വൎണ്ണബിംബത്തെയും കൈക്കലാക്കി. മേലിൽ കോലത്തിരിയും കൊച്ചിയും അന്യോന്യസഹായികളായിരിപ്പാൻ ചില വ്യവസ്ഥകളും ചെയ്തു യൂറോപ്പിലേക്കുതന്നെ മടങ്ങി.

---

## 42-ാം അദ്ധ്യായം.

### സാമൂതിരിയും കൊച്ചിയും.

#### രണ്ടാംയുദ്ധം.

1502—1504.

കൊച്ചി രാജാവു വിദേശീയരായ പോൎത്തുഗീസ്സുകാൎക്കു കോട്ടകെട്ടി കച്ചവടം ചെയ്വാൻ അനുവദിക്ക നിമി

ത്തം സാമൂതിരിക്ക വളരെ നീരസമുണ്ടായി. വിദേശീയ രുടെ സഖ്യംനിമിത്തം കൊച്ചിരാജ്യത്തിന്നു ദോഷം സംഭവിപ്പാൻ ഇടയുണ്ടെന്നുള്ള ശങ്ക ചില ഇടപ്രഭുക്കന്മാക്കും ഉണ്ടായിരുന്നു. അതുനിമിത്തം തരം കിട്ടുമ്പോൾ കൊച്ചിരാജ്യത്തെ ആക്രമിക്കേണമെന്നു സാമൂതിരി തീച്ച്പ്പെടുത്തി.

ഈ അവസരത്തിൽ കൊച്ചി രാജസ്വരൂപവും എടപ്പിള്ളി രാജവംശവും തമ്മിൽ ചില സ്ഥലങ്ങളുടെ അവകാശത്തെപററി തക്കം ജനിക്കയും എടപ്പിള്ളി രാജാവു സാമൂതിരിയോടു സഹായത്തിന്നു അപേക്ഷിക്കയും ചെയ്തു. സാമൂതിരി ഇതുതന്നെ നല്ല തരം എന്നു കരുതി കൊച്ചിയിൽ രക്ഷപ്രാപിച്ചിട്ടുള്ള പോൎത്തുഗീസ്സുകാരെ വിട്ടയക്കേണമെന്നും മേലിൽ പോൎത്തുഗീസ്സുകാക്കു യാതൊരു സഹായവും ചെയ്തുപോകരുതെന്നും കൊച്ചി രാജാവിനെ അറിയിച്ചു. തന്നെ ശരണം പ്രാപിച്ചവരെ കാരണംകൂടാതെ വിട്ടയക്കയില്ലെന്നു കൊച്ചിരാജാവു മറുവടി അയച്ചു. ഈ അവസരത്തിൽ രാജ്യത്തിലുള്ള ഇടപ്രഭുക്കന്മാരും മററും കൂടി യുദ്ധംചെയ്യുന്നതായാൽ രണ്ടു രാജവംശങ്ങളുടേയും നാശത്തിന്നും വിദേശീയരുടെ ഉൽകർഷത്തിന്നും കാരണമായിത്തീരുന്നതാണെന്നും മററും ഉപദേശിച്ചുവെങ്കിലും രണ്ടുരാജാക്കന്മാരും യുദ്ധം ചെയ്യാൻതന്നെ ഒരുങ്ങി.

അമ്പതിനായിരം നായർസൈന്യത്തോടുകൂടി സാമൂതിരി യുദ്ധത്തിന്നായി പുറപ്പെട്ടു. കൊച്ചിരാജാവിൻെറ വിരോധികളായ കമ്പളം, എടപ്പിള്ളി, ചെറുവെപ്പ്മുതലായ രാജാക്കന്മാരും സാമൂതിരി സൈന്യത്തോടുചേൎന്നു

1503-ൽ കൊടുങ്ങല്ലൂർ കടവത്ത് എത്തി. കൊച്ചി രാജാവു ഈ വിവരം അറിഞ്ഞപ്പോൾ തൻെറ മരുമകനെ സൈന്യാധിപനാക്കി നിയമിച്ചു ആറായിരം പടയാളികളോടു കൂടി യുദ്ധത്തിന്നയച്ചു. രണ്ടു പക്ഷക്കാരും അതിഭയങ്കരമായി യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ വിജയത്തെപററി സംശയം ജനിച്ചു സാമൂതിരി ഒരു സൂത്രം പ്രയോഗിച്ചു. കൊച്ചി സൈന്യങ്ങൾക്കു ആഹാരവും ശമ്പളവും കൊടുക്കുന്ന മേനവനെ കൈക്കൂലി കൊടുത്തു സ്വാധീനപ്പെടുത്തി. സാമാനങ്ങളും ശമ്പളവും ക്രമമായി കിട്ടാത്തതുനിമിത്തം കൊച്ചി സൈന്യങ്ങളിൽ ചില അസ്വാസ്ഥ്യം ജനിച്ചു. സൈന്യങ്ങളിൽ ചിലർ ഈ കാൎയ്യത്തെപററി സംസാരിപ്പാൻ മേനവൻെറ അടുക്കെ പോയി. ഈ അവസരത്തിൽ സാമൂതിരി കരവഴിയായും കടൽവഴിയായും ശത്രുസൈന്യത്തോടു എതിൎത്തു. സേനാധിപനായ മരുമകൻ തമ്പുരാൻ യുദ്ധത്തിൽ പെട്ടുപോകയും സൈന്യങ്ങളെല്ലാം ചിതറിപ്പോകയും ചെയ്തു. സാമൂതിരിയും സഖികളും ജയഭേരിയോടുകൂടി കടവുകടന്നു. ശത്രുക്കളുടെ ജയവും മരുമകൻെറ മരണവും അറിഞ്ഞപ്പോൾ കൊച്ചി ഗോദവൎമ്മമഹാരാജാവു ശേഷിച്ചു സൈന്യങ്ങളോടും പോൎത്തുഗീസ്സുകാരോടുംകൂടി വെപ്പിൽ എഴുന്നെള്ളി രക്ഷപ്രാപിച്ചു. സാമൂതിരി പിന്നെ കൊച്ചിയിലേക്കു പ്രവേശിച്ചു കൊള്ളിവെക്കുക മുതലായ ഉപദ്രവങ്ങൾ ചെയ്തു. പറങ്കികൾ കോട്ടവിട്ടു ഓടിപ്പോകേണ്ടിവന്നു. അവരുടെ കൂടെ ഉണ്ടായിരുന്ന രണ്ടു ഇററലിക്കാർ തങ്ങൾ തോക്കുവാൎത്തുണ്ടാക്കുന്ന പണിക്കാരാണെന്നുപറ

ഞ്ഞു സാമൂതിരിയെ ശരണംപ്രാപിച്ചു. വൎഷകാലം അടു ത്തതുനിമിത്തം ഒരു ചെറുസൈന്യത്തെ കൊച്ചിയിൽ നി ൎത്തി സാമൂതിരി കൊടുങ്ങല്ലൂൎക്കു മടങ്ങി.

സാമൂതിരിയുടെ ഈ ജയം അധികകാലം നിലനി ന്നില്ല. മഴക്കാലം അവസാനിക്കുന്നതിന്നു മുമ്പായിതന്നെ 1503-ൽ ആൽബുക്കാക്ക് എന്ന ഒരു പോൎത്തുഗീസ്സ് വീര ൻ കുറെ കപ്പലുകളോടും സൈന്യങ്ങളോടും കണ്ണൂരിൽ എത്തിയപ്പോൾ കോലത്തിരി വിവരം അറിയിക്കുകയും ക പ്പലുകളെ കൊച്ചിയിലേക്കു തിരിക്കുകയും ചെയ്തു. ഈ വ രവുനിമിത്തം കൊച്ചിരാജാവിന്നും പോൎത്തുഗീസ്സുകാൎക്കും ഉണ്ടായ സന്തോഷം എത്രയാണെന്നു പറവാൻ പ്രയാ സം. ആൽബുക്കാക്ക് ഉടനെ കൊച്ചി കോട്ട വളഞ്ഞു. നിനയാത്ത വെളയിൽ ഉണ്ടായ ഈ സംഭവംനിമിത്തം സാമൂതിരിസൈന്യം അമ്പരന്നുവെങ്കിലും സധൈൎയ്യം യു ദ്ധംചെയ്തു. സഹായത്തിന്നു മററു സൈന്യങ്ങളൊ ക്രമമാ യ ആഹാരസാധനങ്ങളൊ എത്തിചേരായ്കനിമിത്തം ഇ വർ വളരെ പരവശന്മാരായിതീൎന്നു. എങ്കിലും മരണം വ രെ കോട്ട വിട്ടുകൊടുക്കയില്ലെന്ന ശപഥത്തോടു വളരെ ശൌൎയ്യമായി യുദ്ധംചെയ്തു. സൈന്യമെല്ലാം പോൎക്കള ത്തിൽ മരിച്ചുവീണു. ആൽബുക്കാക്കിന്നുതന്നെ സൈന്യ ങ്ങളുടെ പരാക്രമവും സ്വാമിസ്നേഹവും ആശ്ചൎയ്യത്തെ ജ നിപ്പിച്ചു. ആൽബുക്കാക്ക പിന്നെ സാമൂതിരിയുടെ സ ഹായികളായ ഇടപ്രഭുക്കന്മാരെ തോല്പിച്ചു കൊച്ചി രാ ജാവിനെ സ്വരാജ്യത്തു സൈ്വരമായി വാഴിച്ചു. കൊ ച്ചിരാജാവു സന്തോഷിച്ചു പോൎത്തുഗീസ്സുകാൎക്കു കോട്ടകെ

ട്ടവാൻ സ്ഥലവും മരവും കൊടുത്തു. 1503-ൽ കോട്ട പണികഴിഞ്ഞു അവർ തമ്മിൽ പശെകനെ നാഥനായിനിയമിച്ചു പിന്നെ കൊല്ലത്തു ചെന്നു കച്ചവടസംബന്ധമായ ചില ഏറ്റുപാടുകൾ ചെയ്തു പാണ്ടികശാലയും പണിയിച്ചു അതിന്റെശേഷം കോലത്തിരിരാജാവിനെ കണ്ടു ചരക്കുകൾ നിറച്ചു കപ്പലുകളോടുകൂടി സ്വരാജ്യത്തേക്കു തന്നെ 1504-ൽ മടങ്ങിപ്പോയി.

ആൽബുക്കാക്ക് മലയാളം വിട്ടിട്ടു രണ്ടുമാസം തികയുന്നതിന്നുമുമ്പെയിതന്നെ സാമൂതിരി വമ്പിച്ച ഒരു സൈന്യശേഖരം ചെയ്തുതുടങ്ങി. വട്ടത്തുനാടു, പരപ്പനാടു, ബേപ്പൂർ, വെങ്ങനാടു എന്നീ രാജാക്കന്മാരും എടപ്പള്ളി, ചാലിയം, കൊടുങ്ങല്ലൂർ എന്നീ ഇടപ്രഭുക്കന്മാരും സാമൂതിരിയുടെകൂടെ യോജിച്ചു സൈന്യങ്ങളെല്ലാം കൂടി ലക്ഷത്തിൽ കുറയാത്ത സംഖ്യ ഉണ്ടായിരുന്നു. 500 പടക്കപ്പലുകളോടും ഈററലിക്കാർ ഉണ്ടാക്കിക്കൊടുത്ത 50 വലിയതോക്കുകളോടുംകൂടി എല്ലാവരും പള്ളിരുത്തിക്കടവിൽ എത്തിചേൎന്നു ഈ വിവരം കൊച്ചിരാജാവു അറിഞ്ഞപ്പോൾ അധികമായി പരിഭ്രമിച്ചുവെങ്കിലും പശെകവിന്റെ സയുക്തികമായ സംസാരംകൊണ്ടു ഒരുവിധം ധൈൎയ്യപ്പെട്ടു സൈന്യങ്ങളെ ശേഖരിച്ചുതുടങ്ങി. പടക്കപ്പലുകളെ രണ്ടായി പിരിച്ചു ഒരു കൂട്ടത്തെ കൊച്ചിക്കു സമീപം ഒളിവിൽ നിൎത്തി. ഇരുസൈന്യങ്ങളും തമ്മിൽ എതിൎത്തു അതികഠിനമായി യുദ്ധംചെയ്തുതുടങ്ങി. പല ഉപായങ്ങൾ ആലോചിച്ചിട്ടും സാമൂതിരിക്കു കടവുകടപ്പാൻ സാധിച്ചില്ല. കരയുദ്ധംകൊണ്ടു എളുപ്പത്തിൽ ജയം നേടാം എന്നു

വിചാരിച്ചിട്ട സാമൂതിരി തന്റെ പടക്കപ്പലുകളെ കൊച്ചി പിടിപ്പാനായിക്കൊണ്ട ഒരുദിവസം രാത്രിയിൽ അയച്ചു. ആ കപ്പലുകൾ കൊച്ചിയിൽ എത്തുന്നതിന്നുമുമ്പായി തന്നെ വഴിയിൽ ഒളിപ്പിച്ചു നിൎത്തിയ ശത്രുക്കപ്പലുകൾ അവയെ നശിപ്പിച്ചുകളഞ്ഞു. സാമൂതിരി പിന്നെ തന്റെ സൈന്യങ്ങളെ രണ്ടായി പിരിച്ചിട്ട കടവിന്റെ മുകൾഭാഗത്തുകൂടി കടപ്പാൻവേണ്ടി ഒരു പക്ഷക്കാരെ അയച്ചു. അവിടെ ശത്രുസൈന്യങ്ങൾ ഇല്ലാത്തതുകൊണ്ട അവർ അക്കരെ എത്തിച്ചേൎന്നുവെങ്കിലും പശേക സൈന്യസഹായത്തിന്നുവേണ്ടി വരുന്ന ഒരു കൂട്ടം ശത്രുസൈന്യം ഇവരെ എതിൎത്തു അനവധി ആളുകളെ നശിപ്പിച്ചുകളഞ്ഞു. ഇ പ്രകാരം കരസൈന്യവും കപ്പൽസൈന്യവും നശിച്ചതു കണ്ടപ്പോൾ സാമൂതിരിയുടെ സഹായികൾ ജയത്തിൽ സംശയിതന്മാരായിട്ട പിൻവാങ്ങിക്കളഞ്ഞു ആ അവസരത്തിൽ മഴയും തുടങ്ങി. സൈന്യങ്ങളിൽ പലക്കും രോഗവും പിടിപെട്ടു. സാമൂതിരി നിരാശനായി മടങ്ങേണ്ടിയും വന്നു.

1504-ൽ മഴക്കാലം കഴിയുമ്പോഴെക്കു പോൎത്തുഗലിൽനിന്നു സുവറസ്സ് എന്ന ഒരു കപ്പിത്താൻ കണ്ണൂരിൽഎത്തിയ വിവരം അറിഞ്ഞപ്പോൾ സാമൂതിരി സമാധാനത്തിന്നപേക്ഷിച്ചു. തന്റെ അധീനത്തിലുള്ള വെള്ളക്കാരേയും ശരണം പ്രാപിച്ച രണ്ട ഇററലിക്കാരേയും വിട്ടയച്ചാൽ സമാധാനമാകാമെന്നു സുവറസ്സ് മറുവടി കൊടുത്തു. ശരണം പ്രാപിച്ചവരെ തന്റെ ജീവൻ പോകുന്നതുവരെ വിട്ടയക്കുന്നതല്ലെന്നും ശേഷം കാൎയ്യങ്ങൾ ഇഷ്ടം

പോലെ ചെയ്യാമെന്നും സാമൂതിരി അറിയിച്ചു. സുവറസ്സ ഇതിൽ യോജിക്കാതെ കൊച്ചിയിലേക്ക തിരിച്ചു. പെശകുവും സുവറസ്സും യോജിച്ചു കൊടുങ്ങല്ലൂരിനെ ആക്രമിച്ചു പട്ടണം കൊള്ളിവെക്കുക മുതലായ അനേകം നാശങ്ങളെ ചെയ്തു. കൊച്ചി കോട്ടയുടെ കാവലിന്ന ഒരു സൈന്യത്തെ അവിടെ നിത്തിയതിൻെറ ശേഷം സുവറസ്സ് പന്തലായിനി (കൊല്ലം) യിൽവെച്ചു കുറെ മുഹമ്മദീയ കപ്പലുകളെ ചുട്ടുപൊട്ടിച്ചു പെശകുവോടുകൂടി പോത്തുഗലിലേക്കതന്നെ മടങ്ങിപ്പോകയും ചെയ്തു.

ഈ യുദ്ധംനിമിത്തം മലയാളത്തിൽ പലെ ഭേദഗതികളും സംഭവിപ്പാൻ ഇടയായി. സാമൂതിരിയുടെ സഹായികളായ ചില മുഹമ്മദീയപ്രഭുക്കന്മാർ, മേലിൽ മുഹമ്മദീയവാസത്തിന്നും കച്ചവടത്തിന്നും മലയാളം യോഗ്യതയില്ലാത്ത സ്ഥലമാണെന്നുകരുതി തങ്ങളുടെ സ്വരാജ്യമായ അറബി, ഈജിപ്ത എന്നീ രാജ്യങ്ങളിലേക്കതന്നെ തിരിച്ചുപോയി. നാടുവാഴികൾക്കുംമററും സാമൂതിരിയുടെ നേരെ വിശ്വാസബഹുമാനങ്ങൾ ചുരുങ്ങിവന്നു. പോത്തുഗീസ്സുകാരുടെ കീത്തിയും പരാക്രമവും വദ്ധിച്ചുതുടങ്ങി. കൊച്ചിരാജാവിൻെറ നില സഹായിയുടെ യോഗ്യതനിമിത്തം നല്ലപോലെ വേരുറച്ചുനിന്നു. കോലത്തിരി, സാമൂതിരി, കോട്ടയം, കൊച്ചി എന്നീ രാജാക്കന്മാർ തമ്മിൽ വിരോധവും വദ്ധിച്ചുവന്നു.

---

# 43-ാം അദ്ധ്യായം.

## പോൎത്തുഗീസ്സുകാരുടെ വൎദ്ധന.

## ഫ്രാൻസിസ്കോ ഡി ആൽമിയഢ

## ഒന്നാമത്തെ വൈസ്രോയി.

## 1505—1509.

പോൎത്തുഗീസ്സുകാരുടെ വരവു നിമിത്തം മുഹമ്മദീയരുടെ കച്ചവടത്തിന്നു ക്രമേണ ക്ഷയം വന്നുതുടങ്ങി. അപ്പോൾ മുഹമ്മദീയർ പോൎത്തുഗീസ്സുകാരുടെ വിരോധിയായ സാമൂതിരിയെക്കൊണ്ടു ഈജിപ്തിലെ സുൽത്താനുമായി സഖ്യകാൎയ്യം ഒരു കരാറു ചെയ്യിച്ചു. പറങ്കികളെ വഴിയിൽവെച്ചു തോല്പിപ്പാൻവേണ്ടി സാമൂതിരി തോക്കുകളും സൈന്യങ്ങളും കപ്പലുകളും അയച്ചുകൊടുത്തു സുൽത്താനും അതെപ്രകാരം വേണ്ടപ്പെട്ട ഏൎപ്പാടുകൾ ചെയ്തു പോൎത്തുഗൽരാജാവിന്നു ഈ വിവരമെല്ലാം അറിവു കിട്ടി. ഉടനെ പോൎത്തുഗൽ രാജാവു കോഴിക്കോടു കച്ചവടത്തിന്നു പ്രധാന സ്ഥലങ്ങളായ ഓർമസ്സ്, ഏഡൻ, എന്നീ സ്ഥലങ്ങളെ ചെങ്കടൽ വഴിയായി ചെന്നു പിടിപ്പാൻ വേണ്ടി ഒരു കൂട്ടം കപ്പലുകളേയും, മലയാളക്കരയിലുള്ള കണ്ണൂർ, കോഴിക്കോടു, കൊച്ചി എന്ന സ്ഥലങ്ങളിൽ കോട്ട കെട്ടി ചീനരാജ്യവ്യാപാരമാൎഗ്ഗമായി മലാക്ക പിടിപ്പാനും ക്രിസ്തുമതം പരത്തുവാനും വേണ്ടി ആൽമിയഡ് എന്ന ആളുടെ നായകത്വത്തിൻ കീഴിൽ ‍വേറെ ഒരു കൂട്ടം കപ്പലുകളേയും അയച്ചു. ആൽമിയഡിന്നു ഇന്ത്യയിലെ വൈസ്രോയി എന്ന സ്ഥാനവും കൊടുത്തിരുന്നു

എങ്കിലും കോട്ട കാം കെട്ടാത്തപക്ഷം ആൽമിയഡിനെ ഉദ്യോഗത്തിൽനിന്നു പിരിക്കും എന്ന പ്രത്യേക നിശ്ചയവും ഉണ്ടായിരുന്നു.

ആൽമിയഡ് കണ്ണൂരിൽ എത്തുന്നതിന്നു മുമ്പായിതന്നെ അവിടെയുള്ള കച്ചവടക്കാർ മാപ്പിളമാരെ ഭയപ്പെട്ടിട്ട് ഒരു കോട്ട പണിയുവാൻ കോലത്തിരിയോടു അനുവാദം വാങ്ങിക്കഴിഞ്ഞിരിക്കുന്നു. ആൽമിയഡ് ഈ വിവരം കേട്ടു വളരെ സന്തോഷിച്ചു. ഇങ്ങിനെ 1505-ൽ കണ്ണൂരിൽ പണിത കോട്ടയെ സ്വണ്ടർ ആഞ്ചിലൊകോട്ട എന്നു വിളിച്ചുവരുന്നു. പിന്നെ കൊച്ചിയിലേക്കു പോയി അവിടുത്തെ കോട്ടയം ബലപ്പെടുത്തിനിൎത്തി.

സാമൂതിരി പറങ്കികളുടെ കോട്ടപ്പണികളും മററുംകണ്ടതിനാൽ തന്റെ പടക്കപ്പലുകളെ ശ്രദ്ധമായി വൎദ്ധിപ്പിച്ചു. അഞ്ഞൂറിൽ അധികം വലിയതോക്കുകളും പണിയിച്ചു ഈജിപ്ത്കാരുടെ വരവും കാത്തിരുന്നു. ഈ അവസരത്തിൽ ലിഡിഗ് എന്ന ഒരു പറങ്കി വേഷംമാററി കോഴിക്കോട്ടേക്കുവന്നു ഈററലിക്കാരുടെ യോഗത്തിൽ ചേൎന്നു. അവർ ആയാളോടു യുദ്ധസംബന്ധമായ എല്ലാ വിവരങ്ങളും അറിയിച്ചുതുകൂടാതെ തങ്ങൾ സ്വരാജ്യത്തേക്കു പോകാൻ ഭാവിക്കുന്നുവെന്നും അറിയിച്ചു. ലിഡിഗ് ഈ വിവരമെല്ലാം ആൽമിയഡിനെ അറിയിച്ചു. ആൽമിയഡ് കുറെ സ്വൎണ്ണവും എടുത്തു ഒളിച്ചുപോരുവാൻവേണ്ടി അവൎക്ക് ദൂതനയച്ചു ഇപ്രകാരം അവർ പുറപ്പെട്ടപ്പോൾ അവിടെ താമസിച്ചിരുന്ന ഒരു ഭൃത്യൻ രാജാവിനേയും കാദിയേയും വിവരംഅറിയിച്ചു. ഉടനെ മാപ്പിളമാർ ഭിക്ഷുക്കാ

രുടെ വേഷത്തിൽ അവരുടെ വീട്ടുവളഞ്ഞു. ഇവർ ഭിക്ഷക്കാരല്ലെന്നും തങ്ങളെ പിടിപ്പാൻവന്ന ഒരു കൂട്ടം ശത്രുക്കളാണെന്നും തീൎച്ചയാക്കി മാപ്പിളമാരുടെ നേരെ അവർ വെടിതുടങ്ങി. ഇതിനിടയിൽ ചില മാപ്പിളമാർ അകത്തു കടന്നു ഇററാലിക്കാരെ മുറി ഏല്പിച്ചു. ഈ വിവരം കണ്ണൂരിൽ എത്തിയപ്പോൾ ലോറൻസ്സ് സാമൂതിരിയുടെനേരെ യുദ്ധംചെയ്യാൻ വേണ്ടപ്പെട്ട ഒരുക്കങ്ങൾ ചെയ്തു. സാമൂതിരിയും പൊന്നാനി, കോഴിക്കോട, കൊല്ലം, എന്നീ തുറമുഖങ്ങളിലുള്ള പടക്കപ്പലുകളോടുകൂടി 1506-ൽ കണ്ണൂരിലേക്ക പുറപ്പെട്ടു. കാററു വിപരീതമായതിനാൽ ചില കപ്പലുകൾ ധൎമ്മപട്ടണത്തു നിന്നുപോയി. ശേഷം കപ്പലുകൾ വാദ്യഘോഷത്തോടുകൂടി പോൎത്തുഗീസ്സ് കപ്പലുകളെ എതിൎത്തു. ലോറൻസ്സ് ശത്രുക്കപ്പലുകളുടെനേരെവെടിതുടങ്ങി. സാമൂതിരിയുടെ കപ്പലുകൾക്ക ഉടവുപററുകയും ചിലതു മുങ്ങിപ്പോകയും ചെയ്തു. മുങ്ങിയ കപ്പലുകളിൽ ഉണ്ടായിരുന്ന മാപ്പിളമാരിൽ ചിലർ നീന്തിയുംകൊണ്ടു പടപൊരുതുകയും അനേകംപേർ മരിക്കയും ചെയ്തു. കരക്കുകയറി രക്ഷപ്പെട്ട ആയിരത്തോളം ആളുകളെ തടവുകാരാക്കി പിടിക്കയും ഈ ജയവൎത്തമാനം അൽമിയദിനെ അറിയിപ്പാൻ ലോറൻസ്സ് ഉടനെ കപ്പൽകയറി കൊച്ചിയിലേക്ക പോകയും ചെയ്തു.

ഈ സംഭവം കഴിഞ്ഞ ഉടനെ കോലത്തിരി രാജവംശത്തിൽ രാജസ്ഥാനത്തെപ്പററി ഒരു തൎക്കമുണ്ടായി. ഒരു കക്ഷി സാമൂതിരിയോടു സഹായത്തിന്നു അപേക്ഷിക്കുകയും സാമൂതിരിയുടെ സഹായം നിമിത്തം അദ്ദേഹ

ത്തിന്നു വാദത്തിൽപെട്ട സ്ഥാനം സിദ്ധിക്കുകയും ചെയ്തു. ഇപ്രകാരം സാമൂതിരിയും കോലത്തിരിയും തമ്മിൽ സഖ്യം പ്രാപിച്ചതിനാൽ പോൎത്തുഗീസ്സുകാൎക്കു കോലത്തിരിയുടെ നേരെ വിശ്വാസമില്ലാതായി. ഈ അവസരത്തിൽ ഒരു പോൎത്തുഗീസ്സ് കപ്പിത്താൻ ഒരു നാട്ടുകപ്പലിനെ കള്ളക്കപ്പലാണെന്നു സംശയിച്ചു തടഞ്ഞു. അവർ പോൎത്തുഗീസ്സു ഏജൻറ്റെ പാസ്സു കാണിച്ചിട്ടും കള്ളപാസ്സാണെന്നുപറഞ്ഞു തള്ളി കവൎച്ചയും കുലയും നടത്തി. അതിലെ ശവങ്ങൾ കരക്കുവന്നണഞ്ഞതിൽ കണ്ണൂരിലെ പ്രധാനകച്ചവടക്കാരനായ മമ്മാലി മരക്കാരുടെ മരുമകൻെറ ശവവും ഉണ്ടായിരുന്നു. ഇതുകണ്ടപ്പോൾ മാപ്പിളമാൎക്കു കലശലായ കോപംജനിച്ചു. പകരം വീട്ടുവാൻ വേണ്ടി മാപ്പിളമാർ രാജാവിൻെറ സമ്മതവുംവാങ്ങി പടതുടങ്ങി. അപ്പോഴെക്കു സാമൂതിരി സൈന്യവും തോക്കുമുതലായ ആയുധങ്ങളോടുകൂടി അവിടെക്കെത്തി കോട്ടവളഞ്ഞു പറങ്കികളെ വെടിവെച്ചുതുടങ്ങി. 1507-ൽ ഉണ്ടായ ഈ യുദ്ധം നാലുമാസത്തോളം നടന്നു. പറങ്കികൾക്കു ആഹാരവും വെള്ളവുംകൂടി കിട്ടാതെ ആയി. അവർ ഒരു ഗുഹമാൎഗ്ഗമായി കോട്ടയുടെ പുറത്തുള്ള കിണററിൽനിന്നു വെള്ളം കൊണ്ടുവന്നുകഴിച്ചു. കോലത്തിരിയുടെ ഒരു മരുമകൻെറ സഹായത്തിന്മേൽ അവൎക്കു ചില ഭക്ഷണസാധനങ്ങളും സിദ്ധിച്ചു. എങ്കിലും ശത്രുക്കൾ കോട്ടമതിലുകളെല്ലാം പൊളിച്ചുകളഞ്ഞു. ഈ ദശയിൽ ചെങ്കടൽയുദ്ധത്തിന്നയച്ച കപ്പിത്താൻ കണ്ണൂരിലേക്കു എത്തി വെടി തുടങ്ങുകയും കണ്ണൂർ മുഴുവൻ കൊള്ളിവെക്കുകയും

ചെയ്തു പിന്നെ യുദ്ധം സമാപ്പിച്ചു കോലത്തിരിയോടുകൂടി സന്ധിച്ചു.

ആൽമിയദ് സാമൂതിരിക്ക തക്കതായ ശിക്ഷ കൊടുക്കേണമെന്നു കരുതി 1057-ൽ കട്ടിയാലിഎന്നവന്റെ നായകത്തിൻകീഴിൽ പൊന്നാനിയിൽ ഉള്ള സാമൂതിരിയുടെ പടക്കപ്പലുകളുടെ നേരെ എതിൎത്തു. മാപ്പിളമാരും നായന്മാരും ഒരുപോലെ ആയുധപാണികളായി നടധൈൎയ്യം പൊരുതുവെങ്കിലും അധികജനങ്ങൾ പോൎക്കളത്തിൽ വീണു മരിച്ചു പറങ്കികൾ കോട്ടയും പാണ്ടികശാലകളും ചുട്ടു ഭസ്മമാക്കിയതിന്റെശേഷം 50 തോക്കുകളേയും എടുത്തു മടങ്ങിപ്പോന്നു.

പോൎത്തുഗീസ്സുകാർ സന്തോഷഭരിതരായി മടങ്ങിവരുമ്പോൾ 2000 ഭടന്മാരോടുകൂടി സാമൂതിരി സഹായാൎത്ഥമായി വരുന്ന 12 ഈജിപ്തു കപ്പലുകൾ വഴിയിൽവെച്ചു അവരെ തടഞ്ഞു. ഈ അവസരത്തിൽ യുദ്ധംചെയ്വാൻ സാധിക്കയില്ലെന്നു കരുതി പോൎത്തുഗീസ്സ് മടങ്ങി ഓടിയപ്പോൾ ശത്രുക്കപ്പലുകൾ പിന്നാലെ ഓടിപിടിച്ചു അവയെ മുക്കിതുടങ്ങി. ഈ യുദ്ധത്തിൽ ലോറൻസ്സ് മരിക്കയുംചെയ്തു.

ആൽമിയദ് ഈ വിവരം അറിഞ്ഞു ക്രോധാന്ധനായിട്ടു 1509-ൽ ഗുജറാത്തിൽവെച്ചു ശത്രുക്കപ്പലുകളെ എതിൎത്തു നശിപ്പിച്ചു. ഈ തോൽമകൊണ്ടു ഈജിപ്തു ശക്തി ക്ഷയിക്കുകയും പോൎത്തുഗീസ്സുകാർ ഇന്ത്യാസമുദ്രത്തിൽ മേൽകോയ്മ സ്ഥിരപ്പെടുത്തുകയുംചെയ്തു. ആൽമിയറ് പോൎത്തുഗലിലേക്കു മടങ്ങിപോകുമ്പോൾ 1510-ൽ കേപ്പിൽവെച്ചു കാപ്പിരികളാൽ വധിക്കപ്പെടുകയുംചെയ്തു.

# 44-ാം അദ്ധ്യായം.

## ആൽഫൊൻസൊ ആൽബുക്കാക്ക.

## പോൎത്തുഗീസ്സ് സാമ്രാജ്യസ്ഥാപകൻ.

## 1509— 1515.

പോൎത്തുഗൽ രാജാവു ഈജിപ്ത്കാരുടെ വിവരം അറിഞ്ഞതിന്റെ ശേഷം കോഴിക്കോട്ടു പോൎത്തുഗൽ കച്ചവടം വൎദ്ധിപ്പിക്കേണമെന്നും അവിടെ കഴിയുന്നത്ര നാശം ചെയ്യേണമെന്നും ഉള്ള കല്പനയോടുകൂടി ഫെൎന്നാഡീസ്സ് കുതിഞ്ഞോ എന്നാളെ 20 കപ്പലുകളോടും 1500 സൈന്യങ്ങളോടുംകൂടി അയച്ചു കുതിഞ്ഞ കണ്ണൂരിൽ എത്തിയപ്പോൾ ആൽബുക്കാക്കിന്നു അതിരററ സന്തോഷമുണ്ടായി. ഇന്ത്യയിൽ പോൎത്തുഗീസ്സ് ശക്തി വൎദ്ധിക്കേണമെങ്കിൽ പോൎത്തുഗീസ്സ്കാരുടെ എണ്ണം വൎദ്ധിച്ചാൽ മാത്രമെ സാധിക്കയുള്ളു എന്ന ഉദ്ദേശക്കാരനായ ആൽബുക്കാക്ക് കൊല്ലന്തോറും വരുന്ന പോൎത്തുഗീസ്സുകാരെ ഇന്ത്യയിൽതന്നെ സ്ഥിരതാമസക്കാരാക്കുകയും അവരെക്കൊണ്ടു നാട്ടുസ്ത്രീകളെ വിവാഹം കഴിപ്പിക്കുകയും ചെയ്തു. പിന്നെ കാലതാമസം കൂടാതെ കോഴിക്കോട നശിപ്പിക്കേണമെന്ന രാജാജ്ഞ നിറവേററുവാനും ആരംഭിച്ചു.

കോഴിക്കോട്ടിന്നു ഉടവു പററിയാലല്ലാതെ കോലത്തനാട്ടിന്നും കൊച്ചിക്കും അഭിവൃദ്ധി ഉണ്ടാകുന്നതല്ല. എന്ന വിചാരത്തിന്മേൽ ആ രണ്ടുപേരും പോൎത്തുഗീസ്സുകാരോടു യോജിച്ചു ഒരു സൂത്രം പ്രയോഗിച്ചു. സാമൂതിരിയുടെ സഹായിയായ കോയപക്കിയെ ഒരു ദൂതൻ മുഖേ

ന കൊച്ചിയിലേക്ക വരുത്തി. ആ അവസരത്തിൽ ചെ റുവാക്കാർ സാമൂതിരിയോട്ട യുദ്ധം ആരംഭിച്ചു. സാമൂതിരിയുടെ പ്രധാനപ്പെട്ട നായർസൈന്യം കോഴിക്കോട വിട്ട ചെറുവായ്ക്കു പോകേണ്ടിവന്നു. "ഇതുതന്നെ നല്ല അവസരം" എന്ന കരുതി കുതിഞ്ഞൊ 800 കപ്പലുകളോട്ടം 2000 വെള്ള പട്ടാളത്തോട്ടം 1000 നാട്ടുപട്ടാളത്തോട്ടം കൂടി കണ്ണൂരിൽനിന്ന കടൽവഴിയായി പുറപ്പെട്ടു. 1510-ൽ കോഴിക്കോട്ടിനെ ആക്രമിച്ചു. വേറെ ഒരു കൂട്ടം കപ്പലുകളോട്ടം കൂടി ആൽബുക്കാൎക്കും പിന്നാലെ വന്നുചേൎന്നു. അവർ കോട്ടകളെ പിടിച്ചു പട്ടണം മുഴുവൻ കൊള്ളിവെച്ചു കോവിലകത്തേക്ക തിരിച്ചു. അവിടെ ചെന്നു പല ആക്രമങ്ങളും തുടങ്ങിയപ്പോൾ നായന്മാർ നാനാഭാഗങ്ങളിൽനിന്നും ഓടിവന്നു ശരവൎഷം ചൊരിയുകയും അനവധി പോൎത്തുഗീസ്സുകാരെ വാളിന്നിരയാക്കുകയും ചെയ്തു. കുതിഞ്ഞൊയും മററനേകം സൈന്യങ്ങളും ഇതിൽ നശിച്ചുപോയി. ആൽബുക്കാൎക്കിന്നും മുറിപററുകയുണ്ടായി. ശേഷിച്ച നൂററിൽ ചില്ലാനം ആളുകൾ ആൽബുക്കാൎക്കിനേയും എടുത്തുകൊണ്ട കപ്പൽ കയറി കൊച്ചിയിലേക്ക ഓടിപ്പോയി. വിവരം അറിഞ്ഞു സാമൂതിരി ഓടി എത്തി. യുദ്ധവീരന്മാരായ നായന്മാൎക്ക യഥോചിതം സമ്മാനങ്ങളും നൽകി.

ആൽബുക്കാൎക്ക ഈ പരാജയംകൊണ്ട അധൈൎയ്യപ്പെട്ടാതെ 1510-ൽ ഗോവയെ ആക്രമിക്കാൻ എതിരിട്ടു ചെന്നു. ആ സമയം ഗോവാധിപനായ ആഡിൽഖാൻ അവിടെ ഇല്ലാത്തതിനാൽ കോട്ടയുടെ കാവൽക്കാരായ

സൈന്യങ്ങൾ ഉടനെ കീഴടങ്ങി. ആ തുറമുഖത്തിന്റെ വിശേഷതയും മററു കാൎയ്യങ്ങൾക്കുള്ള സൌകൎയ്യവും ആലോചിച്ചിട്ട അതിനെ പോൎത്തുഗീസ്സരാജ്യ തലസ്ഥാനമാക്കുവാൻ തീൎച്ചപ്പെടുത്തി.

ഇങ്ങിനെ കേരളരാജ്യത്തിൽ മാത്രം പോൎത്തുഗീസ്സ് സാമ്രാജ്യസ്ഥാപനം സിദ്ധിച്ചതുകൊണ്ട കച്ചവടാഭിവൃദ്ധിക്ക മതിയായില്ല എന്നു വിചാരിച്ച ചീനക്കച്ചവടത്തിന്നു പടിവാതിലായി കിടക്കുന്ന മൊലുക്കസ്സിന്നു നേരെ തിരിഞ്ഞു. 1511-ൽ അതിനെ കൈവശപ്പെടുത്തുകയും ചെയ്തു. ഇതിന്നുശേഷം മാപ്പിളമാരുടെ കിഴക്കൻ കച്ചവടം ക്ഷയിച്ചുതുടങ്ങി. പിന്നെ മുഹമ്മദീയരുടെ പ്രധാന കച്ചവടസ്ഥലമായ "ഏഡനെ" ആക്രമിപ്പാൻ 1513-ൽ ശ്രമിച്ചുവെങ്കിലും പോൎത്തുഗീസ്സുകാരുടെ അന്യോന്യ ഛിദ്രവും അൽബുക്കാക്കിനോട്ട അവൎക്കുള്ള രസക്ഷയവും നിമിത്തം മടങ്ങിപ്പോരേണ്ടി വന്നു.

സാമൂതിരിയുടെ വിരോധംതീൎത്താൽമാത്രമെ കച്ചവടത്തിന്നും രാജ്യഭരണത്തിന്നും ക്ഷേമവും സൌകൎയ്യവും ഉണ്ടാകയുള്ളു എന്നുമനസ്സിലാക്കി 1513-ൽ സാമൂതിരിയോടുകൂടി ഒരു ഉടമ്പടി ചെയ്തു. അതിൽ പോൎത്തുഗീസ്സുകാൎക്ക ഇഷ്ടമുള്ള ദിക്കിൽ ഒരു കോട്ട കെട്ടുവാനും അവർമാത്രം ചരക്കുകൾകൊടുത്തു കുരുമുളക മേടിപ്പാനും ചുങ്കത്തിൽ പകുതി വരവു പോൎത്തുഗൽ രാജാവിന്നു കൊടുപ്പാനും പോൎത്തുഗീസ്സുകാൎക്ക ചുങ്കം ചുരുക്കി കച്ചവടസൌകൎയ്യം ചെയ്തുകൊടുപ്പാനും അന്യോന്യം യുദ്ധത്തിൽ സഹായിപ്പാനും നിശ്ചയിച്ചിരുന്നു. ഈ നിശ്ചയപ്രകാരമാണു

1514-ൽ കല്ലായിപ്പുഴ വക്കത്തു ഒരു കോട്ട പണിയിച്ചതു. ഈ ഉടമ്പടി നിശ്ചയത്തിൽ കോലത്തിരിയും കൊച്ചിയും എതൃകക്ഷികളായിരുന്നു. വേറെ ചില പറങ്കിഉദ്യോഗസ്ഥന്മാരും ഇവരോട്ട യോജിച്ച ആൽബുക്കൎക്കിനെ ദുഷിച്ച പോൎത്തുഗൽ രാജാവിന്ന പല എഴുത്തുകളും അയച്ചു.

1515-ൽ ഓർമസ്സു രാജ്യം പോൎത്തുഗലിന്റെ മേൽക്കോയ്മയിൻ കീഴിലായിരുന്നുവെങ്കിലും അവിടത്തെ മന്ത്രിയുടെ പ്രേരണനിമിത്തം ചില കലക്കങ്ങൾ ഉണ്ടായിതീൎന്നു. ആൽബുക്കൎക്ക അവിടെ ചെന്നു ഒരുവിധം സമാധാനപ്പെടുത്തി തിരിച്ചുവരുമ്പോഴെക്ക തന്നെ ഉദ്യോഗത്തിൽനിന്നു പിരിച്ചതായ രാജകല്പനയും എത്തി. ഉടനെ അൽബുക്കൎക്ക "രാജസേവ ജനവിരോധം, ജനരഞ്ജന രാജവിരോധം, രാജ്യകാൎയ്യം ക്രമേണ അറിയാറാകും. എന്റെ ഏകപുത്രന്ന ഉദ്യോഗഭരണം നിമിത്തം ഒന്നും സമ്പാദിച്ചുവെപ്പാൻ സാധിച്ചിട്ടില്ല. അവനെ രക്ഷിക്കണം" ഇപ്രകാരം ഒരു എഴുത്തെഴുതി രാജാവിന്നയച്ചു. 1515-ൽ തന്റെ 62-ാമത്തെ വയസ്സിൽ ഗോവയിൽവെച്ചുമരിച്ചു ഇദ്ദേഹത്തിന്റെ മരണംനിമിത്തം നാട്ടുകാർ പരക്കെ വ്യസനിച്ചിരുന്നു. ഇതിൽനിന്നു ഇദ്ദേഹത്തിന്റെ ഗുണവൈശിഷ്ട്യം ഊഹനീയമാണല്ലൊ.

# അദ്ധ്യായം 45

## വാസ്കോഡിഗാമ
## മൂന്നാമതു ഇന്ത്യയിലേക്കു വന്നതു.
## 1524.

1515 മുതൽ 1518 വരെ ആൽബുക്കൎക്കിന്റെ പിൻവാഴ്ചക്കാരനായിരുന്നവൻ സുവറസ്സ് എന്ന ഒരാളായിരുന്നു. ഇദ്ദേഹം വളരെ സമൎത്ഥനും മലയാളസമ്പ്രദായം നിശ്ചയമുള്ളവനും മഹാ ഗൎവ്വിയും ആയിരുന്നു. ഇദ്ദേഹം ഒരിക്കൽ സാമൂതിരിരാജാവു പറങ്കികോട്ടയിൽ വന്നുതന്നെ കണ്ടു പോകേണമെന്നു ഒരു ദൂതയച്ചു. സാമൂതിരി അതു തനിക്കു മാനക്കേടാണെന്നു മറുവടി അയച്ചു. ഇതു നിമിത്തം കോപാന്ധനായ വൈസ്രോയി യുദ്ധത്തിന്നൊരുങ്ങി. സാമൂതിരിയുടെ വൈഭവവും പരാക്രമവും നല്ല നിശ്ചയമുള്ളവരായ പറങ്കി സേനാധിപന്മാർ ഈ നിസ്സാരസംഗതിക്കു യുദ്ധം ചെയ്കയില്ല എന്നു ശാഠ്യം പറകയാൽ വൈസ്രോയി ഗൎവ്വം വിട്ടു തൽക്കാലം അടങ്ങിയിരിക്കേണ്ടിവന്നു. പിന്നെ സാമൂതിരിയെ വഴിയിൽവെച്ചുകണ്ടു കൂടിക്കാഴ്ചയും നടത്തി. ഇദ്ദേഹം 1518-ൽ മാലാദ്വീപവാസികളുടെ സങ്കടങ്ങളെ തീൎത്തു ദ്വീപുകളെ പോൎത്തുഗൽ ഭരണത്തിൻ കീഴിലാക്കി. ആ കൊല്ലത്തിൽ തന്നെ കൊളമ്പു രാജാവിന്റെ സഖ്യം പ്രാപിച്ചു അവിടെ ഒരു കോട്ടയുണ്ടാക്കി. തന്റെ പിൻവാഴ്ചക്കാരനായ ലൊപസ്സ് സിക്വെറ ഗോവയിൽ എത്തിയതിന്റെ ശേഷം ഇദ്ദേഹം 1518-ൽ ഡിസെമ്പ്രമാസത്തിൽ സ്വരാജ്യത്തേക്കുതന്നെ മടങ്ങിപോകയും ചെയ്തു.

## സിക്വേറ 1518—1521.

സുവറസ്സ് തുടങ്ങിവെച്ചതായ മാലദീപുകാൎയ്യങ്ങളെ പൂൎത്തിയാക്കുവാൻവേണ്ടി സിക്വേറ, ഗോമസ്സ് എന്ന ഒരു കപ്പിത്താനെ അവിടേക്കയെച്ചു. ഇയാൾ വളരെ ഗൎവ്വിഷ്ടനായിരുന്നു. ദ്വീപ രാജാവിനെയും നിവാസികളെയും അന്യായമായ നിലയിൽ ഉപദ്രവിച്ചുതുടങ്ങി. ദ്വീപവാസികൾക്ക ആയുധാഭ്യാസം പരിചയമില്ലാത്തതിനാൽ എല്ലാ ഉപദ്രവങ്ങളും സഹിച്ചുകൊണ്ടു കുറെ കാലം ക്ഷമിച്ചിരുന്നു. 1519-ൽ ചില മുഹമ്മദീയന്മാർ കച്ചവടത്തിന്നായി അവിടെ വന്നപ്പോൾ രാജാവു അവരോടുകൂടി യോജിച്ചു കോട്ട വളയുകയും പറങ്കികളെ കുലചെയ്യുകയും കോട്ടക്ക കൊള്ളിവെക്കുകയുംചെയ്തു. അന്നുമുതൽ ദ്വീപുകളിൽ പറങ്കികളുടെ മേൽക്കോയ്മ അവസാനിക്കുകയും മുഹമ്മദീയരുടെ കച്ചവടവും മതപ്രചാരവും ബലപ്പെടുകയും ചെയ്തു. 1521-ൽ കൊച്ചിയുടെയും സാമൂതിരിയുടെയും ആശ്രിതന്മാരായ രണ്ടു ഇടപ്രഭുക്കന്മാർ തമ്മിൽ ഒരു ലഹളയുണ്ടായപ്പോൾ പറങ്കികളിൽ ചിലർ അതിൽ പ്രവേശിച്ചതിനാൽ നാട്ടുകാർ വില്ലുമ്പും ധരിച്ചു അവരോടു എതൃത്തു അധികംപേരെ കുലചെയ്തു. 1521-ൽതന്നെ കൊച്ചിയും സാമൂതിരിയുംതമ്മിൽ ഉണ്ടായ ഒരു യുദ്ധത്തിൽ സാമൂതിരിയോടുകൂടിയുള്ള സന്ധികരാറിന്നു വിപരീതമായി കൊച്ചിരാജാവിന്നു സഹായിച്ചതുകൂടാതെ ചുങ്കപ്പാസ്സുകളിൽ ചില കൃത്രിമം വരുത്തുകയും വാസ്തവമായ പാസ്സുകൂടി വിലവെക്കാതെ നാട്ടുകാൎക്കു വളരെ ഉപദ്രവം ഉണ്ടാക്കിതീൎക്കുകയും ചെയ്തു.

പോൎത്തുഗാൽ ഭരണത്തിൻെറ ഈ മാതിരി അനീതികളെ പററി കോലത്തിരിയും സാമൂതിരിയും പോൎത്തുഗൽ രാജാവിന്നു വളരെ ഗൌരവമായി എഴുത്തുകളയച്ചു. മാന്യൂൽ രാജാവു എഴുത്തുകൾ വായിച്ചു ഉടനെ സിക്വെറയെ മടക്കി വിളിപ്പിക്കുകയും മെനെഡസ്സിനെ വൈസ്രോയിയായി നിയമിച്ചയക്കുകയും ചെയ്തു.

1521—1524.

എദ്വൈയിത്ത് മെൻഡസ്സ്. ഇദ്ദേഹം വളരെ ശാന്തനും സമാധാനപ്രിയനും ആയിരുന്നു. കഴിയുന്നേടത്തോളം യുദ്ധം ചുരുക്കേണമെന്നും ക്രിസ്തുമതപ്രചാരത്തിന്നു വേണ്ടപ്പെട്ട ശ്രമങ്ങൾ ചെയ്യുന്നമെന്നും ഇദ്ദേഹത്തിന്നു പ്രത്യേക രാജകല്പനയും ഉണ്ടായിരുന്നു. ഇദ്ദേഹം മലയാളത്തിൽ വന്ന കാലത്തു പറങ്കികളുടെ അഴിമതിയും അക്രമവും നിമിത്തം ജനങ്ങളെല്ലാം ലഹളചെയ്തുകൊണ്ടിരിക്കയായിരുന്നു. കോഴിക്കോട്ടുള്ള പ്രധാന പോൎത്തുഗീസ്സ് ഏജൻറിന്നുതന്നെ അങ്ങാടിയിൽവെച്ചു ശരം ഏല്പിച്ചിരിക്കുന്നു. 1521-ൽ താന്തക്കാരനായ കുട്ടിയാലി എന്നവൻ 200 കപ്പലുകളോടുകൂടി വന്നു കോഴിക്കോട്ടു കോട്ടക്കു വെടി തുടങ്ങുകയും പല അക്രമങ്ങളും നടത്തുകയും ഉണ്ടായി. പരപ്പനങ്ങാടിയിൽവെച്ചു നടന്ന ലഹളയിൽ ചില പറങ്കികൾ മൃതിപ്പെട്ടുപോയിരിക്കുന്നു. ഇതെല്ലാം കണ്ടിട്ടും അറിഞ്ഞിട്ടും വൈസ്രോയി യുദ്ധത്തിന്നു പുറപ്പെടുകയാകട്ടെ പറങ്കിപ്രധാനികളുടെ ഇഷ്ടത്തിന്നനുസരിച്ചു പ്രവൃത്തിക്കയാകട്ടെ ചെയ്യാഞ്ഞതിനാൽ അവർ വിവരങ്ങളെല്ലാം രാജാവിനെ അറിയിച്ചു. കാൎയ്യപ്രാപ്തി

യും പരിചയവും ഉള്ള ഒരാളായാൽ മാത്രമെ പോൎത്തു ഗീസ്സ് ഭരണം നിലനില്ക്കയുള്ളു എന്നു കരുതി രാജാവു ഗാമയെ വൈസ്രോയിയായി നിശ്ചയിച്ചയച്ചു.

1524-ൽ ഗാമ മൂന്നാമത്തെ പ്രാവശ്യമായിട്ടു ഇന്ത്യയിലേക്കു വന്നു. ഉടനെ ഒരു സൈന്യത്തെ അയച്ചു കോഴിക്കോട്ടു കോട്ടയെ വളഞ്ഞിരുന്ന കുട്ടിയാലിയെ തോല്പിച്ചു. കടൽകവൎച്ച നിൎത്തൽ ചെയ്തു. കള്ളന്മാരിൽ പ്രധാനിയായ ബാലഹഡിനെ തടവുകാരനാക്കി പിടിച്ചു കണ്ണൂരിൽ കോട്ടയിൽ പാൎപ്പിച്ചു. അക്രമങ്ങളായ നടവടികളെ നിൎത്തൽചെയ്തു. അക്രമികളെ ഉദ്യോഗത്തിൽ നിന്നു പിരിച്ചയച്ചു. പറങ്കികളുടെ പേരിനെ വീണ്ടും നല്ല നിലയിൽ വരുത്തി. ഇദ്ദേഹം ഉദ്യോഗത്തിൽ മൂന്നു മാസം മാത്രമെ ഇരുന്നുള്ളുവെങ്കിലും വളരെ നന്മകൾ ചെയ്തിരിക്കുന്നു. 1524-ൽ ഡിസെമ്പ്രമാസത്തിൽ കൊച്ചിയിൽവെച്ചു മരിക്കുകയും ശവശരീരത്തെ ഗവൎമെൻറ് പള്ളിയിൽ മറവുചെയ്യുകയും ചെയ്തു. 1538-ൽ ഇദ്ദേഹത്തിൻെറ ശവശരീരശിഷ്ടങ്ങളെ സ്വരാജ്യത്തേക്കു കൊണ്ടുപോയിരിക്കുന്നു.

---

## 46-ാം അദ്ധ്യായം.

### സാമൂതിരിയും കൊച്ചിയും മൂന്നാംയുദ്ധം.

### 1661—1663.

പതിനാറും പതിനേഴും പതിനെട്ടും നൂററാണ്ടുകളിൽ പെരുമ്പടപ്പും നെടുവിരുപ്പും തമ്മിൽ അനേകം യുദ്ധങ്ങൾ നടന്നതായും ഇരുപക്ഷക്കാരും വിദേശീയരുടെ സ

ഹായം ആവശ്യപ്പെട്ടതായും കാണുന്നു. ഈരണ്ടു സ്വരൂപങ്ങളുടെയും അന്യോന്യ സ്വദ്ധതതന്നെ തങ്ങളുടെ അധോഗതിക്കും വിദേശിയരുടെ ഉൽഗതിക്കും ഇടയായി. പതിനാറാം നൂററാണ്ടിന്റെ ആദികാലത്ത് കൊച്ചിയിൽ പോൎത്തുഗീസ്സുകാരുടെ അഭ്യുദയം കണ്ടിട്ട അവിടത്തെ നാട്ടുപ്രഭുക്കന്മാൎക്കും ബ്രാഹ്മണൎക്കും അതൃപ്തിയും അവിശ്വാസവും ഉണ്ടായ്തീൎന്നു. വിദേശിയ സഹായത്തോടു കൂടിയുള്ള ഭരണം പ്രജകൾക്കു മേലിൽ ക്ഷേമകരമായിതീരുന്നതല്ലെന്നു കരുതി അവർ സാമൂതിരി സഹായത്തോടു കൂടി പോൎത്തുഗീസ്സുകാരെ കൊച്ചിയിൽനിന്നു അകററുവാൻ ശ്രമിച്ചു. ഈ യുദ്ധത്തിൽ സാമൂതിരി കൊച്ചി രാജാവിനെ തോല്പിച്ചുവെങ്കിലും ജനങ്ങളുടെ ഉദ്ദേശം പൂൎണ്ണമായി നിറവേററുവാൻ സാധിച്ചില്ല. പതിനാറാം നൂററാണ്ടിന്റെ മദ്ധ്യകാലത്തും ഈ രണ്ടു സ്വരൂപങ്ങളും തമ്മിൽ ഒരു യുദ്ധമുണ്ടായി. അതിൽ പറങ്കികളുടെ സഹായം നിമിത്തം കൊച്ചിരാജാവു വിജയിയായിതീൎന്നു.

പിന്നെ കുറെകാലത്തോളം ഇരുസ്വരൂപങ്ങളും തമ്മിൽ പറയത്തക്ക യുദ്ധമൊന്നും ഉണ്ടായിട്ടില്ലെങ്കിലും പരസ്പര സ്വദ്ധതക്കു കാലപ്പഴക്കം നിമിത്തം യാതൊരു കുറവും ഉണ്ടായിട്ടില്ല. പിന്നെ പതിനേഴാംനൂററാണ്ടിന്റെ മദ്ധ്യകാലത്തു ഇവർതമ്മിൽ അതിഘോരമായ ഒരു യുദ്ധത്തിന്നു ഇടയായി. ഈ അവസരത്തിൽ ഒരു കൂട്ടം വിദേശിയരുടെ പ്രവേശം മലയാളത്തിൽ പിന്നേയും ഉണ്ടായി. ഈ യുദ്ധത്തിന്റെ പ്രാധാന്യതകൊണ്ടാണ ഇതിനെ മൂന്നാംയുദ്ധം എന്നു വിളിച്ചുവരുന്നതു.

കൊച്ചി രാജവംശത്തിലെ കുഡുംബശാഖകളെ പററി മുമ്പ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അവയിൽ എളയതാവഴിയുടെ സ്ഥിതിയും ശക്തിയും സന്താനങ്ങളും ഓരോ കാലത്തും ഓരോമാതിരിയിൽ പരിണമിച്ചു. പതിനേഴാം നൂററാണ്ടിൻെറ മദ്ധ്യകാലത്തു ഈ താവഴിയിൽ സന്താനമില്ലാതെവരികയാൽ ചാഴിയൂർനിന്നു ദത്തെടുക്കേണ്ടിവന്നു. അക്കാലത്തു വെട്ടത്തുരാജാക്കന്മാർ ശക്തന്മാരും പോൎത്തുഗീസ്സുകാരുടെ സ്നേഹബന്ധം ഉള്ളവരും ആകകൊണ്ടു ഇളയ താവഴിയുടെ പൂൎവ്വഗൌരവവും അധികാരവും നിലനിൎത്തുവാൻ വെട്ടത്തുരാജസഹായം ആവശ്യമാണെന്നുകരുതി ആ സ്വരൂപത്തിൽനിന്നും ഒരു ദത്തെടുത്തു. ഇപ്രകാരം ഇളയതാവഴിയിൽ വെട്ടത്തുകാൎക്ക പ്രവേശം ലഭിച്ചതിനാൽ അവർ ചാഴിയൂർ ദത്തവകാശികളെ രാജ്യഭ്രഷ്ടരാക്കി ഉപദ്രവിച്ചു തുടങ്ങി.

അക്കാലത്തു ചാഴിയൂർ താവഴിയിൽ പ്രധാനിയായ വീരകേരളതമ്പുരാൻ വളരെ സമൎത്ഥനായിരുന്നു. അദ്ദേഹം ചാഴിയൂർ ദത്തവകാശികൾക്കുവേണ്ടി വെട്ടത്തുകാരുടെ ശത്രുവായ സാമൂതിരിയുടേയും പോൎത്തുഗീസ്സുകാരുടെ വിരോധികളായ ഡച്ചുകാരുടെയും സഖ്യംപ്രാപിച്ചു അവരുടെ സഹായത്തോടുകൂടി യുദ്ധത്തിനൊരുങ്ങി. ഡച്ചുകാർ അല്ലെങ്കിൽ ലന്തക്കാർ ഇവരെപ്പററി ഇനി ഒരദ്ധ്യായത്തിൽ വിവരിക്കുന്നതാണു.

സാമൂതിരി തൻെറ സൈന്യങ്ങളോടുകൂടി കരവഴിയായും ലന്ത്യക്കാർ തങ്ങളുടെ സൈന്യസമേതം സിലോണിൽനിന്നു പുറപ്പെട്ടു കടൽവഴിയായും യാത്രചെയ്തു 1661

മാൎച്ച്മാസത്തിൽ പറങ്കികളുടെ പ്രധാനസ്ഥലമായ പള്ളിപ്പുറത്തുവന്നു കോട്ടയെ ആക്രമിച്ചു. പറങ്കികളും വെട്ടത്തുരാജാവും നിനയാത്ത നിലയിൽ ഈ സംഭവം ഉണ്ടാകയാൽ അവർ യുദ്ധസന്നദ്ധന്മാരായിരുന്നില്ല. പള്ളിപ്പുറം കോട്ടരക്ഷിപ്പാൻ നിൎത്തിയിരുന്ന സൈന്യത്തിന്നു സാമൂതിരി സൈന്യത്തിന്റെ ശൂരതയും പരാക്രമവും നിശ്ചയമുള്ളതുകൊണ്ടു അവർ യുദ്ധത്തിന്നു പുറപ്പെടാതെതന്നെ ആയുധംവെച്ചു കീഴടങ്ങി ജീവരക്ഷക്കായി അപേക്ഷിച്ചു കോട്ട ഒഴിഞ്ഞുകൊടുത്തു. ലന്തസേനാധിപൻ സാമൂതിരി സൈന്യത്തെതന്നെ കോട്ട സൂക്ഷിപ്പാൻ ഭരമേല്പിച്ചു മഴക്കാലം അടുത്തതുകൊണ്ടു മടങ്ങിപോകയും ചെയ്തു.

ലന്തക്കാരുടെ ഈ വിജയം പറങ്കികളുടെ അധോഗതിക്കു കാരണമായിതീൎന്നു. പറങ്കികൾ പിന്നെ കൊടുങ്ങല്ലൂർ, കൊച്ചി ഇവിടങ്ങളിലെ കോട്ടകളെ കേടുപാടുകൾ തീൎത്തു അതികേമമായ യുദ്ധസന്നാഹം ചെയ്തുതുടങ്ങി. വെട്ടത്തുരാജാവും തലസ്ഥാനമായ കൊച്ചിയിൽ വേണ്ടപ്പെട്ട സൈന്യങ്ങളെ ഒതുക്കിനിൎത്തി 1662-ൽ രണ്ടാമതും ലന്തക്കാർ കടൽവഴിയായും സാമൂതിരി കരവഴിയായും പുറപ്പെട്ടു കൊടുങ്ങല്ലൂർ കോട്ടയെ വളഞ്ഞു. രണ്ടുപക്ഷക്കാരും തമ്മിൽ അതിഭയങ്കരമായ യുദ്ധംതുടങ്ങി. പോൎത്തുഗീസ്സുകാരുടെ വലിയ തോക്കുകൾ സാമൂതിരിസൈന്യത്തിന്നു വലുതായ നാശം ഉണ്ടാക്കി. എന്നാൽ ആദ്യം സാമൂതിരിസൈന്യം തടുത്തുനിന്നതല്ലാതെ മുന്നോട്ടു പ്രവേശിച്ചു പ്രവൃത്തികൾ നടത്തിയിരുന്നില്ല. പോൎത്തുഗി

സ്സുകാരുടെ ആഹാരമാൎഗ്ഗങ്ങളെ കരവഴിയായും കടൽവ്വഴിയായും തടഞ്ഞു. പിന്നെ വെട്ടത്തു രാജസൈന്യത്തെയും സഹായാൎത്ഥം കൊച്ചിയിൽനിന്നുവരുന്ന സൈന്യത്തേയും ലന്തക്കാരും സാമൂതിരിയും വഴിയിൽ വെച്ചുതന്നെ തോല്പിച്ചു. ആഹാരവും സൈന്യസഹായവും ലഭിയാതെ പോൎത്തുഗീസ്സ് സൈന്യം ക്ഷീണിച്ചുതുടങ്ങി. ഈ അവസരത്തിൽ കോട്ടമതിൽ പൊളിച്ചു അകത്തുകടന്നു ലന്തസൈന്യം കോട്ട കൈവശപ്പെടുത്തി. കോട്ടയിലുള്ളവരെ തടവുകാരാക്കിപിടിച്ചു. അതിൻെറശേഷം സാമൂതിരി സൈന്യവും ലന്തസൈന്യവുംകൂടി വെട്ടത്തുരാജാവിൻെറ തലസ്ഥാനമായ കൊച്ചിയെ ആക്രമിച്ചു. ഈ ആക്രമത്തിൽ കൊച്ചി രാജാവിൻെറ പ്രധാന സേനാധിപന്മാരും കാൎയ്യസ്ഥന്മാരും പെട്ടുപോയി. വെട്ടത്തഗൊദവൎമ്മരാജാവു എണ്ണാകുളത്തേക്കോടി രക്ഷപ്രാപിച്ചു. എണ്ണാകുളത്തു വേറെ നാട്ടുരാജാക്കന്മാരും പോൎത്തുഗീസ്സും വലിയ സൈന്യശേഖരം ചെയ്തുകൊണ്ടും വൎഷകാലം അടുത്തതുകൊണ്ടും തൽക്കാലം യുദ്ധസൌകൎയ്യം ചുരുങ്ങുമെന്നുകരുതി ലന്തസേനാധിപനായ വാൻഗസ്സ് യുദ്ധം നിൎത്തി സിലോണിലേക്കു മടങ്ങി.

വാൻഗസ്സിന്നു സിലോണിൽ ചില അടിയന്തരകാൎയ്യങ്ങൾ നിവൃത്തിപ്പാനുണ്ടായതിനാൽ നിശ്ചിതസമയത്തു കൊച്ചിയിൽ വന്നുചേരാൻ സാധിച്ചില്ല. ഡച്ചുകാരുടെ രണ്ടു പ്രാവശ്യമുള്ള വരവുകൊണ്ടും കാൎയ്യം സാധിച്ചില്ലല്ലോ എന്നു വിചാരിച്ചു സ്വസ്ഥനായിരിക്കാതെ പിന്നെയും വീരകേരളവൎമ്മൻ യുദ്ധത്തിന്നു പുറപ്പെട്ടു. വഴി

മൂപ്പ്യത്തിൽ തമ്പുരാൻ തീപ്പെട്ടുപോയി. വാൻഗസ്സ് ഹിന്തുനടവടികൾക്കു യാതൊരു ഭംഗവും വരുത്താതെ ശവം കൊച്ചി കോവിലകത്തു എത്തിച്ചു. ശവസംസ്കാരം സ്വജനങ്ങളെക്കൊണ്ടു യഥായോഗ്യം നടത്തിച്ചു. ഉടനെ വാൻഗസ്സ് തന്റെ സൈന്യങ്ങളോടുകൂടി ചെന്നു കൊച്ചികോട്ടയെ പിടിച്ചു പറങ്കികളെ ഓടിച്ചുകളഞ്ഞു.

പിന്നെ വയഃക്രമാനുസരണം മൂപ്പസ്ഥാനത്തിന്നർഹനായ രണ്ടാം വീരകേരളതമ്പുരാനെ വാൻഗസ്സ് സാമൂതിരിയുംകൂടി കൊച്ചിരാജാവായി വാഴിച്ചു. 1663-ൽ ഈ മൂന്നുകൂട്ടരുംകൂടി കൊച്ചിയിൽവെച്ചു ഒരു ഉടമ്പടിചെയ്കയുണ്ടായി. ഈ ഉടമ്പടിനിശ്ചയം ലന്തക്കമ്പനിക്കു കൊച്ചിയിൽ മേൽകോയ്മാവകാശം സ്ഥിരപ്പെടുത്താനും ചേറുവാ മണപ്പുറം മുതലായ സ്ഥലങ്ങൾ യുദ്ധസഹായം നിമിത്തം പ്രതിഫലമായി സാമൂതിരിക്കു കൊടുപ്പാനും ലന്തക്കമ്പനിയുടെ ഒരു ഉദ്യോഗസ്ഥനെ കൊച്ചികോവിലകത്തു താമസിപ്പിപ്പാനും മൂന്നുപേരും മേലിൽ ബന്ധുക്കളായിരിപ്പാനും ശത്രുക്കളുടെ ആക്രമണകാലത്തു അന്യോന്യം സഹായിപ്പാനും പറങ്കികളെ കഴിയുന്നേടത്തോളം കൊച്ചി, കോഴിക്കോട എന്നീ സ്ഥലങ്ങളിൽനിന്നു അകറ്റുവാനും ആയിരുന്നു. ഈ ഉടമ്പടിനിമിത്തം പറങ്കികളുടെ ശക്തി ക്ഷയിക്കുകയും ലന്തക്കാൎക്കു അഭിവൃദ്ധി ജനിക്കയും സാമൂതിരിയും കൊച്ചിരാജാവും മിത്രഭാവത്തിൽ ആയിത്തീരുകയും ചെയ്തു.

---

# 47-ാം അദ്ധ്യായം.

## മററു യൂറോപ്പുജാതികളുടെ വരവു.

പോൎത്തുഗീസ്സുകാൎക്കു പൂൎവ്വരാജ്യങ്ങളിൽ ഉള്ള വ്യാപാരം അധികകാലത്തേക്കു നിലനിന്നില്ല. അവർ മലയാളത്തിൽനിന്നു കൊണ്ടുപോന്ന ചരക്കുകൾ അധികവിലക്കു മററു രാജ്യക്കാൎക്കു വില്ക്കുന്നതു കണ്ടതിനാൽ ആ കാലത്തു യൂറോപ്പിലെ പ്രധാന കപ്പൽ സഞ്ചാരികളും അന്യദേശവിവരം ആരാഞ്ഞറിയുന്നതിൽ അതിതല്പരന്മാരും ആയ ഡച്ചുകാർ ഇംഗ്ലീഷുകാർ പരന്ത്രീസ്സുകാർ മുതലായ കൂട്ടർ ഇന്ത്യയുമായി നേരിട്ടു കച്ചവടം ചെയ്യാൻ തീൎച്ചയാക്കി. ഇന്ത്യയിലേക്കു വരാനുള്ള സുപ്രതീക്ഷ മുനമ്പുവഴി പോൎത്തുഗീസ്സുകാരുടെ കൈവശമായതിനാൽ വടക്കുപടിഞ്ഞാറും, വടക്കുകിഴക്കും, മാൎഗ്ഗമായി ഇന്ത്യയിൽ വന്നുചേരുവാൻ എത്ര ശ്രമിച്ചുനോക്കീട്ടും സഫലമായില്ല. അതുനിമിത്തം ഏതുവിധമെങ്കിലും പോൎത്തുഗീസ്സ് വഴിയായിതന്നെ പ്രവേശിപ്പാൻ നോക്കണംഎന്ന കരുതലോടുകൂടി ഒന്നാമതു പുറപ്പെട്ടതു ഡച്ചുകാരായിരുന്നു.

ഡച്ചുകാർ എന്നു പറയുന്ന ജനങ്ങൾ യൂറോപ്പിലെ വലിയ മൈതാനത്തിൽ വടക്കു പടിഞ്ഞാറു കിടക്കുന്ന ഹോളണ്ടു രാജ്യത്തിലെ നിവാസികളാകുന്നു. ഈ രാജ്യം വളരെ ചെറുതാണെങ്കിലും ഇതിലെ നിവാസികൾ ആദികാലത്തുതന്നെ അതിധീരന്മാരും സ്വദേശാഭിമാനികളും കടൽസഞ്ചാരത്തിൽ അതിതല്പരന്മാരും ആയിരുന്നു. ഇവരുടെ രാജ്യം കുറെകാലം സ്പെയിൻ രാജാവി

ൾ്റ കീഴിലായിരുന്നു. സ്പെയിൻ രാജ്യക്കാർ പോൎത്തുഗൽ രാജ്യത്തെ 1580-ൽ സ്വാധീനപ്പെടുത്തിയതിനാൽ പോൎത്തുഗൽ രാജ്യവ്യാപാരവും അധികാരപ്രബലതയും സ്പെയിനിന്നധീനത്തിലായി. പോൎത്തുഗൽ വ്യാപാരമത്സരികഠം സ്പെയിൻ രാജ്യശത്രുക്കളായും തീൎന്നു.

ഡച്ചുകാർ സമുദ്രം എല്ലാവൎക്കും ഒരുപോലെ സ്വാതന്ത്ര്യാവകാശമുള്ളതാണെന്ന ന്യായത്തിന്മേൽ പോൎത്തുഗീസ്സുകാർ കണ്ടുപിടിച്ചതായ വഴിയിൽ കൂടി തന്നെ തങ്ങളുടെ കപ്പലുകളെ ഹിന്തുസമുദ്രത്തിലേക്കു അയച്ചുതുടങ്ങി. 1583-ൽ ഹോലണ്ടുകാരനായ ലിൻഡ്കോട്ടൻ എന്ന ആഠം ഒരു പോൎത്തുഗീസ്സ് മെത്രാനോടു കൂടി ഗോവയിൽ ചെന്നു അഞ്ചുകൊല്ലം പാൎത്തിരുന്നു. അയാഠം പിന്നെ സ്വദേശത്തേക്കുതന്നെ മടങ്ങിപ്പോയി. അദ്ദേഹം ഇന്ത്യയിലേക്കുള്ള പല കടൽമാൎഗ്ഗങ്ങളേയും ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളേയും ഇന്ത്യാ നിവാസികളുടെ ഗുണദോഷങ്ങളേയും ഇന്ത്യയിൽ പോൎത്തുഗീസ്സുകാരുടെ ഭരണവിഷയത്തിലുള്ള ന്യൂനതകളേയും മററും അതിവിശദമായി വിവരിച്ചുകൊണ്ടു ഒരു പുസ്തകം എഴുതി 1592-ൽ പ്രസിദ്ധപ്പെടുത്തി. ഈ പുസ്തകം നിമിത്തം ഡച്ചുകാൎക്കു പൂൎവ്വാധികം ഉന്മേഷം ജനിക്കയും പോൎത്തുഗീസ്സ് വ്യാപാരത്തെ എളുപ്പത്തിൽ ഉടച്ചുകളയാമെന്നു ബോധം ഉണ്ടാകയും ചെയ്തു. ഇതു പുസ്തകം തൎജ്ജമ ചെയ്തു 1598-ൽ അയൽ രാജ്യങ്ങളിലും പ്രചാരപ്പെടുത്തി. അതുനിമിത്തം ഇംഗ്ലീഷ് പരന്ത്രീസ്സ് എന്ന കൂട്ടരും ഇതു പോലെ തന്നെ പുറപ്പെട്ടുതുടങ്ങി.

ഡച്ചുകാർ 1594-ൽ ഫൌട്ടൻ എന്ന ആളെ നാലു കപ്പലുകളോടുകൂടി കിഴക്കൻരാജ്യങ്ങളിൽ കച്ചവടം ചെയ്യാനായയച്ചു. അദ്ദേഹം 1595-ൽ പൂർവ്വേന്ത്യ ദ്വീപുകളിൽ എത്തി. അവിടെനിന്നു സുഗന്ധവസ്തുങ്ങളും മററും വാങ്ങി സ്വരാജ്യത്തേക്കുതന്നെ മടങ്ങി. ഈ വിജയം നിമിത്തം വേറെയും അനേകം ഡച്ചുകാർ കപ്പൽക്കൂട്ടങ്ങളോടുകൂടി ഓരോ ദിക്കുകളിലേക്കായി പുറപ്പെട്ടു. അവർപോർത്തുഗീസ്സുകാൎക്കു വിരോധമായി ഓരൊ നാട്ടുരാജാക്കന്മാരോടും സംഖ്യം പ്രാപിച്ചു പലെ സഹായങ്ങളും ചെയ്തുതുടങ്ങി. ക്രമേണ ഇവർ മലയാളത്തിലും വന്നുചേൎന്നു. 1663-ൽ കൊച്ചി, കണ്ണൂർ മുതലായ കോട്ടകളെ സ്വാധീനപ്പെടുത്തി. 1660 മുതൽ 1760 വരെ ഒരു നൂററാണ്ടു കാലത്തേക്കു മലയാളത്തിൽ അതിശക്തിയോടുകൂടി സ്ഥിരമായി നില്ക്കുകയും ചെയ്തു.

ഓരോഅവസരത്തിൽ വന്നുചേൎന്നചെറിയചെറിയ ഡച്ചുവ്യാപാരസംഘങ്ങളെല്ലാം ഒന്നായിചേൎന്നു ഏകോപിച്ചു 1602-ൽ ഡച്ചു പൂർവ്വേന്ത്യാസംഘമായിതീൎന്നു. ഈ സംഘത്തിന്നു 21 കൊല്ലത്തേക്കു പൂർവ്വേന്ത്യയുമായി വ്യാപാരം നടത്തുവാനും തന്നിമിത്തം ഉണ്ടാകുന്ന യുദ്ധസമാധാനങ്ങൾ ചെയ്യാനും പ്രത്യേകം അധികാരവും സിദ്ധിച്ചിട്ടുണ്ടായിരുന്നു. 1641-ൽ ഇവർ പോൎത്തുഗീസ്സുകാരുമായി ഒരു ഉടമ്പടിചെയ്തു. ഈ ഉടമ്പടിപ്രകാരം പോൎത്തുഗീസ്സുകാർ, ഡച്ചുകാർ പിടിച്ചെടുത്ത സ്ഥലങ്ങളെല്ലാം അവൎക്കുതന്നെ വിട്ടുകൊടുക്കുകയും പൂർവ്വേന്ത്യയുമായുള്ള വ്യാപാരം ഡച്ചുകാൎക്കു സ്വാതന്ത്ര്യമായി ചെയ്യാൻ

ന്നവദിക്കുകയും ചെയ്തു. യുദ്ധസംബന്ധമായി ചിലവുകൾ വൎദ്ധിക്കുകനിമിത്തം തങ്ങളുടെ വ്യാപാരത്തിന്നും പ്രാബല്യതക്കും ക്ഷീണം തട്ടിയതിനാൽ ഡച്ചുകാർ ചിലവു കുറക്കുവാൻവേണ്ടി 1690-ൽ സൈന്യങ്ങളുടെ സംഖ്യ ചുരുക്കിത്തുടങ്ങി. 1691-ൽ ചേററുവായി സാമൂതിരിക്കു തന്നെ വിട്ടുകൊടുത്തു. ചേററുവായി കൈവശംവന്നതോടുകൂടി സാമൂതിരി ഡച്ചുകാരുടെ ഗൎവ്വത്തെ നിലച്ചിച്ചു. അവർ 1697-ൽ കണ്ണൂരിൽനിന്നു പിൻവലിക്കേണ്ടിവന്നു 1701-ൽ സാമൂതിരി കൊച്ചിയെ ആക്രമിച്ചപ്പോൾ ഡച്ചുകാർ എതൃകക്ഷികളായിനിന്നു. യുദ്ധത്തിൽ അധികമായ നഷ്ടകഷ്ടങ്ങൾ നേരിട്ടുവെങ്കിലും 1717-ൽ ചേററുവായി രണ്ടാമതും ഡച്ചുകാരുടെ സ്വാധീനത്തിൽ തന്നെയായി. ഇപ്രകാരം യുദ്ധച്ചിലവുകൾകൊണ്ടും മററും ഡച്ചുകാരുടെ വ്യാപാരത്തിന്നു അധികമായ ഹാനി നേരിടുകനിമിത്തം 1721-ൽ ഡച്ചുകമ്പനിക്കാർ മേലിൽ തങ്ങൾ നാട്ടുകാരുടെ യാതൊരു യുദ്ധത്തിലും ഏൎപ്പെടുന്നതല്ലെന്നും നാട്ടുരാജാക്കന്മാരോടുള്ള സഖ്യങ്ങളെല്ലാം നിൎത്തേണമെന്നും തീൎച്ചപ്പെടുത്തി. ഈ നിശ്ചയം ഡച്ചുകാരുടെ അധഃപതനത്തിന്നും മററു യൂറോപ്പുസംഘങ്ങളുടെ ഔന്നത്യത്തിന്നും കാരണമായിതീൎന്നു.

---

## 48-ാം അദ്ധ്യായം.

ഹെൻറി മെൻസസ്സ്. 1525—1526.

പറങ്കികൾ കോഴിക്കോട ഉപേക്ഷിച്ചതു.

ഏകദേശം 25 കൊല്ലത്തെ കച്ചവടംകൊണ്ടു പോൎത്തുഗീസ്സുകാൎക്കു ഇന്ത്യയിൽ ഏകാധികാരം സിദ്ധിക്കുക

യും അവർ കടൽക്കരെകളിൽ അനേകം പാണ്ടികശാ-
കളും കോട്ടകളും പണിയിക്കയും നാട്ടുരാജാക്കന്മാരോ
ട യുദ്ധം ചെയ്തു ചില ചെറുരാജ്യങ്ങൾ സമ്പാദിക്കയും
ചെയ്തു അവരുടെ ഉദ്ദേശം മററു യൂറോപ്പു ജാതികൾക്ക
ഇന്ത്യയിൽ കച്ചവടത്തിന്നു സ്വാതന്ത്ര്യം കൊടുക്കരുതെ
ന്നും ക്രിസ്തുമതം പരത്തേണമെന്നും ആയിരുന്നു. എന്നാ
ൽ തങ്ങളുടെ അധികാരത്തെ നിലനിൎത്താനുള്ള ധനശ
ക്തിയും 1200 നാഴിക ദീൎഘമുള്ള കടൽക്കര മുഴുവൻ കാ
ത്തു രക്ഷിപ്പാനുള്ള പടക്കപ്പലുകളും ക്രിസ്തുമതപ്രചാ
രത്തിന്നു വേണ്ട സാമൎത്ഥ്യവും ഇല്ലാത്തതിനാൽ മേൽപ
റഞ്ഞ ഉദ്ദേശങ്ങൾ രണ്ടും കാലക്രമത്തിൽ നിഷ്ഫലങ്ങളാ
യിതീൎന്നു.

## ഹെൻറി മെൻസസ്സ് 1525—1526.

വാസ്കോഡിഗാമയുടെ പിൻവാഴ്ച്ചക്കാരൻ ഹെൻറി
മെൻസസ്സ് ആയിരുന്നു. ഗാമയുടെ മരണകാലത്തു ഇദ്ദേ
ഹം ഗോവയിലായിരുന്നു. ഈ വൎത്തമാനം കേട്ട ഉട
നെതന്നെ ഇദ്ദേഹം ഗോവയിൽനിന്നു പുറപ്പെട്ടു വരുന്ന
വഴിക്കതന്നെ ഭട്ടക്കളത്തുവെച്ചു കണ്ട സാമൂതിരിയുടെ
കപ്പലുകളെ എതിൎത്തു അവയെ മുക്കി കണ്ണൂരിലേക്ക വന്നു
ചേൎന്നു. കോലത്തിരിയുടെ ആവശ്യപ്രകാരം കപ്പൽവ്യാ
പാരികളിൽ പ്രധാനിയായ ബാലഹസ്സനെ പിടിച്ചു തൂ
ക്കികൊല്ലുവാൻ വിധിച്ചു. അതുനിമിത്തം മററുള്ള മുഹ
മ്മദീയരെല്ലാം യോജിച്ചു ധൎമ്മപട്ടണത്തിൽവെച്ചു പറ
ങ്കികളോട എതിൎത്തു. പറങ്കികളാകട്ടെ ധൈൎയ്യത്തോട
കൂടി കരക്കിറങ്ങി അങ്ങാടിക്ക തീകൊടുത്തു പട്ടണത്തെ
നശിപ്പിച്ചുകളഞ്ഞു.

പിന്നെ മെൻസസ്സിൻെറ യാത്ര കോഴിക്കോട്ടേക്കായിരുന്നു. സാമൂതിരി തൻെറ പ്രധാന സേനാധിപന്മാരായ തിനയഞ്ചേരി ഇളയതിനേയും കുറുമ്പിയാതിരിയേയും പോൎത്തുഗീസ്സുകാരോട്ട പടപൊരുതു കോഴിക്കോട്ട പിടിക്കുവാൻ കല്പിച്ചയക്കുകയും കൊച്ചിയിലെ ലീമയുടെ അട്ടക്കെ സമാധാനത്തിന്നുവേണ്ടി ദൂതയക്കുകയും ചെയ്തിരുന്നു. ഈ ഉപായം മനസ്സിലാക്കിയ പോൎത്തുഗീസ്സുകാർ കൊച്ചിയിൽനിന്നു 70 കപ്പലുകളോട്ടുകൂടി പുറപ്പെട്ടു വന്നു പൊന്നാനിയെ എതിൎത്തു. അന്നത്തെ പ്രധാനിയായ ചിന്നക്കുട്ടിയാലിയുടെ കപ്പലുകളേയും നശിപ്പിച്ചു പട്ടണം മുഴുവൻ കൊള്ളിവെക്കുകയും ചെയ്തു. ഉടനെ സാമൂതിരിയുടെ പ്രധാന തുറമുഖമായ പന്തലായിനി കൊല്ലത്തെ ആക്രമിച്ചു പട്ടണമെല്ലാം കൊള്ളിവെച്ചു നശിപ്പിച്ചു 300 വലിയതോക്കും 50 സാമാനക്കപ്പലുകളും കൈക്കലാക്കി കണ്ണൂരിലേക്കു തിരിച്ചു. ഇതുനിമിത്തം പറങ്കികളുടെ യശസ്സു മലയാളത്തിൽ വീണ്ടും പ്രകാശിപ്പാൻ തുടങ്ങി.

കണ്ണൂരിൽ എത്തിയതിൻെറ ശേഷം കോലത്തിരിയും മാപ്പിളമാരും പറങ്കികളെ ബഹുമാനപൂൎവ്വം ആദരിച്ചു. കോലത്തിരി തൻെറ തോക്കുകളും കപ്പലുകളും പോൎത്തുഗീസ്സുകാരുടെ വശം ഏല്പിച്ചുകൊടുത്തു. അക്കാലത്തു ഒരു പറങ്കിപ്രമാണിയുടെ അതിക്രമംനിമിത്തം നാട്ടുകാർ ആവലാധി ബോധിപ്പിച്ചപ്പോൾ മെൻസസ്സ് അദ്ദേഹത്തെ വരുത്തി വിസ്തരിച്ചു ന്യായാനുസരണം ശിക്ഷകൊടുത്തു. അന്നുമുതൽ ജനങ്ങൾ മെൻസസ്സിനെ നിഷ്പക്ഷപാ

ഡ്യയായ വൈസ്രോയി എന്നു വിളിച്ചുവന്നു. അതുപോലെ വേറൊരവസരത്തിൽ ആറു പറങ്കികൾ ഉള്ളതായ ഒരു പറങ്കിതോണി മാടായി പുഴയിൽ ഉറച്ചുപോയപ്പോൾ ആ ദിക്കുകാർ അവരെ പിടിച്ചു കൊന്നുകളഞ്ഞു. ഈ ക്രൂരവൎത്തമാനം കോലത്തിരി അറിഞ്ഞ ഉടനെ കുററക്കാരെ വരുത്തി വിസ്തരിച്ചു അവരെ തൂക്കിക്കൊല്ലുവാനായി വിധിക്കയും ചെയ്തു. ഇങ്ങിനെ പറങ്കികളും നാട്ടുകാരും ന്യായമായ ശിക്ഷാരക്ഷകളിൽ ഒരുപോലെ ശ്രദ്ധകാണിച്ചു.

പോൎത്തുഗീസ്സുകാരുടെ പരാക്രമവും യശസ്സും സാമൂതിരിയുടെ നാട്ടിൽ നിലനിന്നില്ല. കൊല്ലം കവൎച്ചകഴിഞ്ഞ ഉടനെ സന്ധി സംസാരിപ്പാൻ വേണ്ടി സാമൂതിരി വൈസ്രോയിയുടെ അടുക്കെ ഒരു ദൂതനെ അയച്ചു. സാമൂതിരിയുടെ പടക്കപ്പലുകളെല്ലാം പോൎത്തുഗീസ്സുകാർ വശം ഏല്പിക്കയും പറങ്കികളെകൊന്ന മാപ്പിളമാരെ വിട്ടുകൊടുക്കുകയും ഒരു പള്ളി പണിയിക്കാൻ വേണ്ടതായ ധനം കൊടുക്കുകയും ചെയ്താൽ സന്ധി ചെയ്യാമെന്നു മറുവടി അയച്ചുകൊടുത്തു. ഈ വിവരം കേട്ടതിൻെറശേഷം സാമൂതിരി ഒന്നും പറയാതെ മൌനംദീക്ഷിച്ചുനിന്നു. ഉടനെ സാമൂതിരി ചുരക്കൎത്താവായ കുറുമ്പിയാതിരിയേയും തനിയഞ്ചേരി ഇളയതിനേയും 12000 സൈന്യങ്ങളോടുകൂടി കോട്ട വളയുവാനായി കല്പിച്ചയച്ചു. ഇവരുടെ യോഗത്തിൽ മുഹമ്മതമതത്തിൽ ചേൎന്നവനും മാപ്പിളമാരുടെ തലവനായിതീൎന്നവനും ആയ ഒരു പോൎത്തുഗീസ്സ്കാരനും ഉണ്ടായിരുന്നു. പറങ്കികൾ ഈ വൎത്തമാനം

അറിഞ്ഞ ഉടനെ പാണ്ടികശാലയിലുള്ള തങ്ങളുടെ സാമാനങ്ങളെല്ലാം കോട്ടയിലാക്കി സൂക്ഷിക്കുകയും പട്ടണത്തിൽ തങ്ങൾക്കുള്ള ഭവനങ്ങൾക്കെല്ലാം കൊള്ളിവെക്കുകയും കോട്ടയിൽ രക്ഷപ്രാപിക്കുകയും ചെയ്തു. സാമൂതിരി എഴുന്നെള്ളി നഗരത്തിൽ വന്നു നോക്കിയപ്പോൾ ലക്ഷത്തിൽപരം സൈന്യങ്ങൾ ആയുധപാണികളായി നിൽക്കുന്നതുകണ്ടു. ഈ ചെറിയ കോട്ടയെ പിടിപ്പാൻ ഇത്ര വലിയ സൈന്യത്തിന്നു എത്ര സമയം വേണ്ടിവരുമെന്നു കല്പിച്ചതിന്നു ഒരു കൊല്ലത്തിൽ കുറയാതെ വേണ്ടിവരുമെന്നു എളയത്തു ഉടനെ മറുവടി ഉണൎത്തിച്ചു.

കോട്ടയിൽ പെട്ടുപോയ പോൎത്തുഗീസ്സുകാരെയും സൈന്യത്തേയും തങ്ങളുടെ തലവനായ ലീമ പല ആശ്വാസവാക്കുകളെക്കൊണ്ടും ധൈൎയ്യപ്പെടുത്തിക്കൊണ്ടിരുന്നു. അവൎക്ക ആഹാരവും വെള്ളവും വളരെ ചുരുങ്ങിയ നിലയിൽ ആയിതീൎന്നു മാപ്പിളമാർ കോട്ടയുടെ തെക്കുഭാഗത്തുള്ള വണ്ണത്താൻപറമ്പിലും ചീനക്കോട്ടയുടെ തെരുവിലും കിടങ്ങുകൾ ഉണ്ടാക്കി വലിയതോക്കുകൾ സ്ഥാപിച്ചു വെടിതുടങ്ങി. പോൎത്തുഗീസ്സ്കാർ അകത്തുനിന്നും വെടിതുടങ്ങി. മാപ്പിളസൈന്യത്തിൽ നിന്നു മുവ്വായിരത്തിൽപരവും നായർസൈന്യത്തിൽനിന്നു അയ്യായിരത്തിൽ പരവും സംഖ്യമരിച്ചുവീണു. പോൎത്തുഗീസ്സിന്നു നാൾക്കുനാൾ ക്ഷീണവും വൎദ്ധിച്ചു. ഈ വൎത്തമാനം അറിഞ്ഞ ഉടനെ മേൻസസ്സ് സഹായസൈന്യത്തോടു കൂടി കൊച്ചിയിൽ നിന്നു പുറപ്പെട്ടു കോഴിക്കോട്ടേക്കു വന്നുചേൎന്നു കടലിൽനിന്നുതന്നെ വെടി തുടങ്ങി. ഇപ്രകാരം കോ

ട്ടയുടെ പുറത്തുനിന്നും അകത്തുനിന്നും മദ്ധ്യത്തിൽ നി ൽക്കുന്ന സാമൂതിരിസൈന്യത്തിന്റെ നേരെ ഉണ്ടകൾ വന്നുതുടങ്ങി. ഈ അവസരത്തിൽ പോൎത്തുഗീസ്സ് വിരോ ധിയും സാമൂതിരിയെ രക്ഷപ്രാപിച്ച ആളും ആയ പറ ക്കാട്ട അടികളെ വിട്ടുകൊടുക്കുന്നപക്ഷം യുദ്ധം സമൎപ്പി ക്കാമെന്നു മേൻസസ്സ് അറിയിച്ചപ്പോൾ തന്റെ ജീവനു ള്ളേടത്തോളം മിത്രങ്ങളെ താൻ ഉപേക്ഷിക്കുന്നതല്ലെ ന്നു സാമൂതിരി മറുവടിയും അറിയിച്ചു. ഈ അവസരത്തി ൽതന്നെ പോൎത്തുഗീസ്സുകാർ വേറൊരു ശത്രുവിനോട ഏ ത്തുക്കേണ്ടിവന്നതിനാൽ ഈ യുദ്ധം വല്ലവിധത്തിലും അ വസാനിപ്പിക്കേണമെന്നു മേൻസസ്സ് തീൎച്ചപ്പെടുത്തി ഒരു ദിവസം കോട്ടയിലുള്ള മരുന്നെല്ലാം മതിലിന്നുതാഴെ കു ഴിച്ചിട്ടു കോട്ടക്കു തീയുംകൊടുത്തു സകല പോൎത്തുഗീസ്സ കാരും പെട്ടെന്നു കപ്പൽകയറി. സാമൂതിരിസൈന്യം വ ൎത്തമാനം അറിഞ്ഞു ഓടിചെന്നു മതിൽ കയറുകയും ഉട നെ മതിൽ പൊട്ടിത്തെറിക്കുകയും തന്നിമിത്തം അനവ ധി സൈന്യം നശിക്കുകയും ചെയ്തു മേലാൽ പോൎത്തുഗീ സ്സുകാൎക്കു കോഴിക്കോട സുഖപ്രദമല്ലെന്നു തീൎച്ചപ്പെടുത്തി മെൻസസ്സ് മടങ്ങിപ്പോകയും ചെയ്തു. സാമൂതിരി രണ്ടാമ തും കോട്ടയുടെ കേടുപാടുകളെല്ലാംതീൎത്തു നന്നായി കെ ട്ടിയുറപ്പിച്ചു. സാമൂതിരിയുടെ വിരോധികളായ കോയപ ക്കിയുംക്രൂട്ടരും കണ്ണൂരിൽചെന്നു രക്ഷപ്രാപിച്ചു ഇങ്ങിനെ കോഴിക്കോട്ട ഉപേക്ഷിച്ചതുനിമിത്തം പോൎത്തുഗീസ്സ് പരാക്രമങ്ങൾ മലയാളത്തിൽ ഒരുവിധം നിലച്ചു എന്നു തന്നെ പറയാം. എന്നാൽ സാമൂതിരിക്കു പോൎത്തുഗീസ്സ്

കാരുടെ സ്വരണ എപ്പോഴും ഉണ്ടായിരുന്നു. മെൻസസ്സ് 1526-ൽ കണ്ണൂരിൽവെച്ച് ജ്വരബാധയാൽ മരിക്കുകയും അവന്റെ മൃതശരീരം അവിടത്തെ പള്ളിയിൽതന്നെ മറവുചെയ്കയുംചെയ്തു.

---

## 49-ാം അദ്ധ്യായം.

### പോൎത്തുഗീസ്സുകാരുടെ ക്ഷയം.

### 1526—1530.

ഹെൻറി മെൻസസ്സിന്റെ പിൻഗാമികളായവൈസ്രോയിമാർ മുമ്പിലുള്ളവരെപോലെ കാൎയ്യശേഷി ഉള്ളവരായിരുന്നില്ല. പോൎത്തുഗീസ്സ് കോഴിക്കോട്ട വിട്ടതോടുകൂടിതന്നെ മലയാളത്തിൽ അവരുടെ പ്രാധാന്യതക്കും ക്ഷയം തുടങ്ങി. ഇവർ ക്രമേണ ഡിയു, ഡാമൻ, ഗോവ, എന്ന സ്ഥലങ്ങളിൽ ചെന്നു അവിടങ്ങളിലെ രാജാക്കന്മാരോട്ട യുദ്ധം ചെയ്തുതുടങ്ങി. ഇവരുടെ പ്രധാനശത്രു ഈജിപ്തിലെ തുൎക്കിരാജാവായിരുന്നു. തുൎക്കിരാജാവോടുകൂടി കടൽയുദ്ധം ചെയ്വാൻ വേണ്ടീട്ടായിരുന്നു അവർ കോഴിക്കോട ഉപേക്ഷിച്ചു ഓടിപ്പോയത. 1530-ൽ പോൎത്തുഗീസ്സ് ഉപരാജാവായിരുന്ന നൂനൊഡികുഞ്ഞാ താനൂർ രാജാവിന്റെ സമ്മതത്തോടുകൂടി ചാലിയത്ത ഒരു കോട്ട പണിയിച്ചു. 1536-ൽ കൊടുങ്ങല്ലൂരിലും ഒരുകോട്ട പണിയിച്ചു. 1559-ൽ വൈസ്രോയിയായിരുന്ന ഡി. ബ്രഗാൻസ്സ് സാമൂതിരിയോടുകൂടി ഒരു സന്ധിചെയ്തു. ഈ സന്ധിപ്രകാരം മഹമ്മദീയൎക്ക പോൎത്തുഗീസ്സുകാരുടെ പാസ്സ്

കൂടാതെ കച്ചവടം ചെയ്യാൻ പാടില്ലെന്നും അവരോടു യുദ്ധം ചെയ്യാൻ പാടില്ലെന്നും ആയിരുന്നു. ഇങ്ങിനെ മുഹമ്മദീയരുടെ കച്ചവടത്തിന്നു ക്ഷയം നേരിട്ടതിനാൽ അവർ അനീതിയായ പ്രവൃത്തികൾ ചെയ്യാൻ തുടങ്ങി. മുഹമ്മദീയരിൽ പലരും കടൽകവൎച്ചക്കാരായി തീൎന്നു. പറങ്കികൾ ജനങ്ങളെ നിർബ്ബന്ധിച്ചു ക്രിസ്തുമതത്തിൽ ചേൎപ്പാനും ഒരുങ്ങി.

1571-ൽ ബീജാപൂരിലെ സുൽത്താനായ അഡിൻ ഷാവും അമീദനഗരത്തിലെ നൈസ്സാമും സാമൂതിരിയും കൂടി യോജിച്ചു പോൎത്തുഗീസ്സുകാരെ ഇന്ത്യയിൽനിന്നു ആട്ടിക്കളവാൻ തീൎച്ചയാക്കി. മൂന്നുപേരും തങ്ങളുടെ സൈന്യങ്ങളോടുകൂടിചെന്നു ഗോവപട്ടണത്തെ വളഞ്ഞു പത്തുമാസത്തോളം യുദ്ധംനടന്നു. എന്നാൽ അപ്പോഴത്തെ വൈസ്രോയിയായിരുന്ന ലൂയിസ്സ്, ഡി. അറെറയിഡ് തൻെറ സാമൎത്ഥ്യംകൊണ്ടു ശത്രുക്കളെ അകററി പട്ടണത്തെ രക്ഷിച്ചു. ആ കൊല്ലംതന്നെ സാമൂതിരി ചാലിയംകോട്ടയെ കൈവശപ്പെടുത്തി 1580-ൽ സ്പെയിൻകാർ പോൎത്തുഗീസ്സ് രാജ്യം പിടിച്ചു സ്വാധീനപ്പെടുത്തുകയും ഉണ്ടായി.

1580 മുതൽ 1640 വരെ പോൎത്തുഗൽ സ്പെയിൻകാരുടെ അധീനത്തിൽതന്നെ ആയിരുന്നു. ഈ കാലത്തു പോൎത്തുഗീസ്സ് വ്യാപാരം ക്ഷയിക്കുകയും രാജ്യങ്ങൾ നാട്ടുരാജാക്കന്മാരും വേറെ യൂറോപ്പുജാതിക്കാരും ആക്രമിച്ചു കൈക്കലാക്കുകയും പോൎത്തുഗീസ്സിൻെറ അധഃപതനത്തിന്നു ക്രമാൽകൎഷം ഉണ്ടാകുകയും ചെയ്തു.

പോൎത്തുഗീസ്സിൻെറ അധഃപതനം— പോൎത്തുഗീസ്സുകാരുടെ ഉദ്ദേശം കേവലം വ്യാപാരത്തെമാത്രം സങ്കല്പിച്ചായിരുന്നതിനാൽ അവർ നാട്ടുരാജാക്കന്മാരോടു പാണ്ടികശാല കെട്ടുവാൻ ആവശ്യമുള്ള സ്ഥലം ആവശ്യപ്പെടുകയും തങ്ങളുടെ മേൽക്കോയ്മയിൻകീഴിൽ ആണ്ടുതോറും നിശ്ചയപ്രകാരം കപ്പം വാങ്ങുകയും മാത്രമാണ് ചെയ്തിരുന്നതു. ക്രമേണ വ്യാപാരാഭിവൃദ്ധി രാജ്യഭരണശക്തിക്കനുസരിച്ചേ നിലനില്ക്കയുള്ളു എന്നു മനസ്സിലായതിനാൽ പാണ്ടികശാലസ്ഥലങ്ങളിൽ കോട്ടകൾ പണിയിക്കുകയും യുദ്ധസന്നാഹങ്ങൾ ശേഖരിക്കുകയും ചെയ്തുതുടങ്ങി. വ്യാപാരത്തിൻെറ അഭിവൃദ്ധിയും ശക്തിയും പടക്കപ്പൽ ശക്തിയെ അനുസരിച്ചുമാത്രം നിലനില്ക്കുന്നതാണെന്നും കൂടി മനസ്സിലാക്കി പടക്കപ്പലുകളുള്ള സാമൂതിരിയുടെ ബന്ധുത്വത്തിന്നു പകരം നിത്യശത്രുതയും സമ്പാദിച്ചു. പോൎത്തുഗീസ്സ് രാജ്യത്തിന്നു ഹിന്തുസമുദ്ര വ്യാപാരത്തിൻെറ ഏകാധികാരം നിലനിൎത്തിപ്പോരാനുള്ള ധനശക്തിയൊ ജനശക്തിയൊ വേണ്ടപോലെ ഇല്ലെന്നുള്ള ബോധം നല്ലവണ്ണം ഉള്ളതിനാലാണ് ആൽബുക്കാൎക്ക് നാട്ടുകാരെ പട്ടാളത്തിലും കപ്പലുകളിലും ചേൎത്തു സൈന്യസംഖ്യ വൎദ്ധിപ്പിച്ചിരുന്നതു. എന്നുതന്നെയല്ല, നാട്ടുകാരും പോൎത്തുഗീസ്സുകാരും എന്നും സ്നേഹഭാവത്തിൽ ഇരിക്കേണമെന്ന ഉദ്ദേശത്തിന്മേലായിരുന്നു അന്യോന്യം വിവാഹങ്ങൾ നടത്തിച്ചുപോന്നതും. ആൽബുക്കാൎക്കിൻെറ പിൻവാഴ്ചക്കാരാകട്ടെ തങ്ങളുടെ നടവടികൊണ്ടും ഗൎവ്വം കൊണ്ടും കച്ചവ്വജാതിയെ വിരോധികളാക്കിതീൎത്തു അ

വർ ഹിന്തുക്കളോടും മുഹമ്മദീയരോടുംകൂടി ചേൎന്നു പോൎത്തുഗീസ്സുകാൎക്കു പ്രതികൂലമായി പ്രവൃത്തിച്ചുതുടങ്ങി. ഓരോ രാജ്യഭരണകൎത്താക്കന്മാരുടേയും വാഴ്ച മുമ്മൂന്നുകൊല്ലംമാത്രം നിലനില്ക്കുന്നതിനാൽ സമൎത്ഥന്മാരായ വൈസ്രോയിമാൎക്കു ഗുണപ്രദങ്ങളായ ഭരണരീതികളെ ഏൎപ്പെടുത്തി നടപ്പാക്കുവാൻ വളരെ വിഷമമായിരുന്നു. ക്രമേണ വൈസ്രോയിമാരും വേറെ ചില പ്രധാന ഉദ്യോഗസ്ഥന്മാരും തങ്ങളുടെ ചുരുങ്ങിയ ഉദ്യോഗകാലത്തിന്നുള്ളിൽ പ്രത്യേകമായി ദ്രവ്യം സമ്പാദിക്കേണമെന്നു ശ്രദ്ധിച്ചുതുടങ്ങി. തന്നിമിത്തം അവനവൻ സ്വകാൎയ്യമായി കച്ചവടം ആരംഭിക്കുകയും ഉദ്യോഗം ലേലം വിളിച്ചു കൊടുക്കുകയും കീഴുദ്യോഗസ്ഥന്മാരുടെ ശമ്പളം ക്രമമായി കൊടുക്കാതിരിക്കുകയും മററും ചെയ്തു എല്ലാവരും ഒരുപോലെ അനീതിവഴിയായി ധനം സമ്പാദിപ്പാൻ ശ്രമിച്ചതിനാൽ ക്രമേണ രാജശക്തിക്കു ഹാനിയും കുറവും വന്നുതുടങ്ങി. 1526 മുതൽക്കു നാട്ടുകാരെ നിൎബ്ബന്ധമായി ക്രിസ്തുമതത്തിൽചേൎത്തുതുടങ്ങി. 1546-ൽ സെൻഫ്രാൻസിസ്സ് സെവിയാർ താന്നൂർ രാജാവിനെ ക്രിസ്തുമതത്തിൽചേൎത്തു. ഇപ്രകാരമുള്ള മതസിദ്ധാന്തം നാട്ടുകാരെ കേവലം ശത്രുക്കളാക്കിതന്നെതീൎത്തു. 1592-ൽ പോൎത്തുഗീസ്സുപട്ടണങ്ങൾ ജനശൂന്യങ്ങളായും ക്രിസ്തുമതക്കാരല്ലാത്തവരെ ബലാൽക്കാരേണ പള്ളിയിൽ പിടിച്ചുകൊണ്ടുപോയി മതഭേദം ചെയ്യിച്ചതായും അറിയുന്നു. 1565-ൽ സംഭവിച്ചതായ വിജയനഗരാധഃപതനത്തോടുകൂടി ഗോവവ്യാപാരവും ക്ഷയിച്ചു ഇന്ത്യാരാജാക്കന്മാൎക്കു ശത്രുക്കളെ എതിൎക്കുവാനുള്ള സൈന്യക

യ്യവുംസിദ്ധിച്ചു. 1570-ൽ സാമൂതിരിയും മുഹമ്മദീയരാജാക്കന്മാരും ലക്ഷത്തിൽ പരം സൈന്യങ്ങളോടുകൂടി ഗോവയെ നിരോധിച്ചതോടുകൂടി പോൎത്തുഗീസ്സു ഗൎവ്വം കേവലം ക്ഷയിച്ചുപോയി. 1580-ൽ പോൎത്തുഗൽ സ്പെയിൻരാജ്യത്തിന്നധീനമായതിനാൽ പോൎത്തുഗൽ പ്രത്യേകം രാജസ്ഥാനം ഇല്ലാതെയും ആയിവന്നു. ഈ കാലത്തു ഡച്ചുകാർ, ഇംഗ്ലീഷുകാർ പരന്ത്രീസുകാർ മുതലായവർ ഹിന്തുസമുദ്രത്തിൽ എത്തിത്തുടങ്ങി.

പോൎത്തുഗീസ്സ് ഭരണഗുണദോഷങ്ങൾ.

മുഹമ്മദീയവ്യാപാരം മലയാളത്തിൽ ക്ഷയിച്ചുതുടങ്ങി. കടൽകവൎച്ച സാധാരണമായിതീൎന്നു. പരിഷ്കരിച്ച യുദ്ധസന്നാഹങ്ങൾ ഉത്ഭവിച്ചുതുടങ്ങി. പടക്കപ്പലുകൾക്ക വൎദ്ധനയുണ്ടായി. അച്ചടിസൂത്രം നടപ്പായിവന്നു. മലയാളത്തുകാൎക്ക യൂറോപ്പുരാജ്യങ്ങളിൽ നേരിട്ടു ഗതാഗതം ഉണ്ടായി. സ്കൂളുകളും വിദ്യാഭ്യാസവും വൎദ്ധിച്ചുതുടങ്ങി. ക്രിസ്തുമതക്കാർ മലയാളത്തിൽ പ്രാബല്യം പ്രാപിച്ചു നാട്ടുരാജാക്കന്മാൎക്ക പരസ്പരം സ്വൎദ്ധത വൎദ്ധിച്ചു. ആത്തച്ചക്ക, പേരക്ക, കൈതച്ചക്ക, പറങ്കിമാവ്, കപ്പളങ്ങ മുതലായവക്ക മലയാളം കൃഷിഭൂമിയായിതീൎന്നു.

---

## 50-ാം അദ്ധ്യായം.

### 1700-ൽ മലയാളം.

പതിനഞ്ചാം നൂറ്റാണ്ടിൻെറ അവസാനകാലം കോലത്തിരിരാജ്യം തെക്ക കോരപ്പുഴമുതൽ വടക്ക കാസർകോഡ് താലൂക്കിൽപെട്ട ചില സ്ഥലങ്ങളും കൂടിചേൎന്ന

അതിവിസ്താരമുള്ള ഒരു രാജ്യമായിരുന്നു. ഇത്ര വമ്പിച്ച രാജ്യം രണ്ടു നൂററാണ്ടിൻെറ ഇടയിൽ ഛിന്നഭിന്നമായ കോലത്തിരിയുടെ ഭരണത്തിൻകീഴിൽ പതിനേഴാം നൂററാണ്ടിൻെറ അവസാനത്തിൽ ഇപ്പോഴത്തെ ചിറക്കൽ താലൂക്ക മാത്രമായിതീൎന്നു. ഈ ചുരുങ്ങിയ രാജ്യത്തുതന്നെ കണ്ണൂരിൽ അലിരാജാവും താലൂക്കിൻെറ തെക്കഭാഗത്തു രണ്ടുതറ അച്ഛന്മാരും സ്വയാധികാരം നടത്തിയിരുന്നു. മയ്യഴിപ്പുഴമുതൽ കോട്ടപ്പുഴവരെയുള്ള രാജ്യമെല്ലാം കടത്തനാട രാജാവിൻെറ കീഴിലായിതീൎന്നു. 1564-ൽ കോലത്തിരി വടകര കോട്ട കടത്തനാട രാജാവിന്നു ഏല്പിച്ചു കൊടുത്തു. കാലക്രമേണ കപ്പൽ വ്യാപാരമെല്ലാം കടത്തനാട രാജാവിൻെറ പാസ്സുകൂടാതെ ചെയ്യാൻ പാടില്ലെന്നും ആയിതീൎന്നു. കടൽ കവച്ചക്കാരായ മരക്കാന്മാർ 1600-ൽ ഗോവയിൽവെച്ചുണ്ടായ കുഞ്ഞാലി മരക്കാരുടെ വധത്തിന്നുശേഷം സാമൂതിരിയുടെ മേൽക്കോയ്മയെ ഉപേക്ഷിച്ചു കടത്തനാടിൻകീഴിൽ ആയിതീൎന്നു. ഇങ്ങിനെ കോലത്തിരിയുടെ കടൽ അധികാരം 1600-ൽ കടത്തനാട്ടിലേക്ക കിട്ടാൻ ഇടയായി. 18-ാം നൂററാണ്ടിൽ കടത്തനാട മലയാളത്തിൽ ശക്തിമത്തായ ഒരു രാജസ്വരൂപമായിതീൎന്നു. കവ്വാഴി പുഴയുടെ വടക്കുള്ള കോലത്തിരീ രാജ്യങ്ങളെല്ലാം നീലേശ്വരം രാജവംശക്കാരുടെ അധീനത്തിലായി. കോട്ടയം താലൂക്കിൽ ചില ഭാഗങ്ങൾ ഇരുവാഴി നമ്പ്യാരുടെ കീഴിലും ബാക്കിയുള്ള ഭാഗങ്ങൾ കോട്ടയം രാജാവിൻെറ അധീനത്തിലും ആയിവന്നു. കോട്ടയം രാജാവു വയനാടും താമരശ്ശേരിയും കൂടി പിടി

ച്ചടക്കി തൻെറ രാജശക്തിയെ വദ്ധിപ്പിച്ചുതുടങ്ങി. ഏകാധികാരത്തിൻകീഴിൽ ഇരുന്ന കോലത്തിരി രാജ്യം പതിനേഴാം നൂററാണ്ടിൻെറ അവസാനം കോലത്തിരി, കണ്ണൂർ, നീലേശ്വരം, കോട്ടയം കടത്തനാട, എന്നിങ്ങിനെ അഞ്ചു രാജാക്കന്മാരുടെ കീഴിലായിവന്നു. ഈ ഓരോരുത്തരും അന്യോന്യം ഛിദ്രനിലയിലായതിനാലും സ്വയമേവ ശത്രുക്കളെ തടുക്കുവാൻതക്ക ശക്തിയില്ലാത്തതിനാലും കാലക്രമേണ ക്ഷയിക്കുവാൻ ഇടയായി.

ഇപ്രകാരം കോലത്തിരി രാജ്യം ഛിന്നഭിന്നമായിപോയതു കോലത്തിരിവംശത്തിൽപലവിധത്തിൽ ഉള്ള ഗൃഹഛിദ്രം നിമിത്തമായിരുന്നു. കൂടാതെ, മരുമക്കത്തായാചാരംനിമിത്തം ഓരോ സ്ഥാനത്തുവരുന്ന രാജാക്കന്മാർ രാജ്യനന്മയും വംശശ്രേയസ്സും ഗണിക്കാതെ തങ്ങളാൽ കഴിയുന്ന നന്മകൾ പുത്രന്മാൎക്ക ചെയ്തുകൊടുത്തതുകൊണ്ടും ഓരോസ്ഥാനാധികാരങ്ങളും സ്വസ്ഥാനത്തെ പരിഷ്കരിപ്പാൻ യത്നിക്കാതെ മേൽസ്ഥാനത്തെ കാംക്ഷിച്ചിരുന്നതുകൊണ്ടും വിദേശിയരായ പോൎത്തുഗീസ്സുകാരെ അകററുവാൻ ശ്രമിക്കാതെ അവൎക്ക വേണ്ടപ്പെട്ട സഹായങ്ങൾ ചെയ്തുകൊടുത്തതുകൊണ്ടും മററും ആയിരുന്നു. പല സംഗതികൊണ്ടുംപതിനേഴാം നൂററാണ്ടിൽ വടക്കെമലയാളത്തിൻെറ സ്ഥിതി അരാജകം എന്നുതന്നെപറയാം.

സാമൂതിരിയും കൊച്ചിയും തമ്മിലുള്ള വിരോധംനിമിത്തം തെക്കെമലയാളത്തിലെ ഉപരാജാക്കന്മാർ സൌകൎയ്യം കിട്ടുമ്പോൾ സാമൂതിരിക്കു വിരോധമായി പ്രവൃത്തിച്ചുതുടങ്ങി. സാമൂതിരിയുടെ കീഴിലായിരുന്ന താനൂർ രാ

ജാവു 1531-ൽ ചാലിയം എന്ന സ്ഥലത്തു പോൎത്തുഗീസ്സു കാൎക്കു ഒരു കോട്ടകെട്ടുവാൻ സമ്മതംകൊടുത്തു. അതുനിമിത്തം കോഴിക്കോട ഉപേക്ഷിച്ചുപോയ പറങ്കികൾക്കു പിന്നെയും സാമൂതിരി രാജ്യത്ത സ്ഥിരവാസത്തിന്നിടയായി. സാമൂതിരിതന്നെ കൊച്ചിക്കു വിരോധമായനിലയിൽ ഡച്ചുകാൎക്കു സഹായിയായിനിന്നു അവരേയും കേരളത്തിൽ കടത്തി. സാമൂതിരിയും കൊച്ചിയും തമ്മിലുള്ള ശണ്ഠ മലയാളത്തിൽ വിദേശിയരുടെ ആഗമനത്തിന്നും അഭിവൃദ്ധിക്കും കാരണമായിത്തീൎന്നു. സാമൂതിരി പിടിച്ചടക്കിയ രാജ്യങ്ങളിൽതന്നെ രാജ്യഭരണരീതികളും രാജ്യരക്ഷക്കുള്ള ശുഭമാൎഗ്ഗങ്ങളും വേണ്ടതുപോലെഏൎപ്പെടുത്താതെ പിന്നേയും അധികരാജ്യങ്ങളെ പിടിക്കുവാൻ ശ്രമിച്ചിരുന്നതിൽ കീഴടങ്ങിയ രാജസ്വരൂപങ്ങൾ കേവലം നശിച്ചുപോകയും ഒരിക്കലും സ്വതന്ത്ര്യരായിതീരുവാൻ നിവൃത്തിയില്ലാത്ത നിലയിലും ആയിത്തീൎന്നു. രാജ്യവലിപ്പത്തിന്നനുസരിച്ചു രാജശക്തിയെ വൎദ്ധിപ്പിപ്പാൻ ശ്രദ്ധിക്കാതിരുന്നതിനാലും വടക്കെ മലയാളത്തിലെപോലെതന്നെ ഇവിടേയും സ്ഥാനവാഴ്ചകൊണ്ടും മരുമക്കത്തായംകൊണ്ടും ഓരോ സ്ഥാനാധികാരത്തിൽപെട്ട രാജ്യങ്ങളും അനാഥസ്ഥിതിയെപ്രാപിച്ചുതുടങ്ങി. പതിനേഴാംനൂററാണ്ടിൽ കൊടുങ്ങല്ലൂർ, കൊച്ചി, എന്ന സ്ഥലങ്ങളും സാമൂതിരിയുടെ അധീനത്തിലായി. പാലക്കാടമാത്രം സാമൂതിരിയുടെ മേൽകോയ്മയിൽകീഴിൽ വന്നുചേൎന്നില്ല.

പോൎത്തുഗീസ്സ്കാരുടെയും ഡെച്ച്കാരുടെയും വരവുനിമിത്തം യുദ്ധാഭ്യാസരീതികളിൽ ഭേദഗതിക്കു ഇടയു

ണ്ടായി. വലിയ തോക്കുകൾ യുദ്ധങ്ങളിൽ സാധാരണ ഉപയോഗിച്ചുവന്നു. പുതിയമാതിരി പടക്കപ്പലുകളും പണിയിച്ചുതുടങ്ങി. നാട്ടുകാരുടെയും പ്രഭുക്കന്മാരുടെയും ഇടയിൽ ആയുധാഭ്യാസം ചുരുങ്ങി വിദ്യാഭ്യാസം വൎദ്ധിച്ചുവന്നു.

പോൎത്തുഗീസ്സ്കാർ ക്രിസ്തുമതപ്രചാരത്തിന്നു വേണ്ടി സ്കൂളുകൾ ഉണ്ടാക്കിയതിനാൽ ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പരക്കുവാൻ തുടങ്ങി. മലയാളഭാഷയിൽ 55 അക്ഷരങ്ങൾ നടപ്പായിവന്നു അതു ഒരു പ്രത്യേക ഭാഷയായി പരിണമിച്ചു. തുഞ്ചത്തെഴുത്തച്ഛൻ, ഭട്ടതിരിപ്പാട്ട, പിഷാരോടി, മുതലായവരുടെ ജനനം നിമിത്തം മലയാളഭാഷയിൽ ഓരോ ഗ്രന്ഥങ്ങൾ ജനിപ്പാനും ബ്രാഹ്മണരിൽമാത്രം നിലനിന്നിരുന്ന വിദ്യാഭ്യാസാധികാരം പലെ ജാതികളിലും കടന്നുകൂടുവാനും ഇടയായി. ലേലം, കപ്പിത്താൻ, കസേര, റോന്തു, കോപ്പ, മുതലായ പോൎത്തുഗീസ്സ് വാക്കുകളും മലയാളഭാഷയിൽ പ്രവേശിച്ചുതുടങ്ങി 1555-ൽ മലയാളത്തിൽ അച്ചടിസൂത്രം നടപ്പായിവന്നു. 1579-ൽ ബോംബായിൽവെച്ചു ഒരു ക്രിസ്തുവേദപുസ്തകം മലയാളഭാഷയിൽ അച്ചടിപ്പിച്ചു. 1678-ൽ ലന്തക്കാർ മലയാളത്തിൽഉള്ള ഔഷധച്ചെടികളുടെ പേരുകൾ അടങ്ങിയ മലബാറിക എന്ന പുസ്തകം 12 അദ്ധ്യായങ്ങളായിട്ടു മലയാളത്തിൽ അച്ചടിപ്പിച്ചു.

വ്യാപാരാൎത്ഥം മലയാളത്തിൽവന്ന പറങ്കികൾ അവർ വിട്ടുപോകുന്നതിന്നുമുമ്പായിതന്നെ മലയാളത്തിലെ വ്യാപാരസ്ഥിതി അനാഥനിലയിലാക്കിതീൎത്തു. ഇവരുടെ

അഴിമതിയും അക്രമവും നിമിത്തം കടലിലും കരയിലും വ്യാപാരികൾക്ക രക്ഷയില്ലാതെവന്നു. കടൽകവൎച്ച ദിനംപ്രതി വൎദ്ധിച്ചുവന്നു പാസ്സ് നിമിത്തം കള്ളവ്യാപാരം വൎദ്ധിക്കുകയും മൎയ്യാദസ്ഥന്മാരായ അനേകം മുഹമ്മദീയവ്യാപാരികൾ ശ്രുതിപ്പെട്ട കടൽകവൎച്ചക്കാരായിതീരുകയും ചെയ്തു. പൊന്നാനിയിലെ കുട്ടിപോക്കരും കോട്ടക്കൽ കുഞ്ഞാലിമരക്കാരും പറങ്കിവ്യാപാരത്തെ ഉടച്ചുകളയുവാൻ സദാ സന്നദ്ധന്മാരായി പ്രയത്നിച്ചിരുന്നതിനാൽ മുഹമ്മദീയരും പോൎത്തുഗീസ്സ്കാരും വ്യാപാരവിഷയത്തിൽ ഒരുപോലെ ക്ഷയിച്ചുതുടങ്ങുകയും പിന്നാലെ വരുന്നവൎക്ക സൌകൎയ്യം കൂട്ടുകയും ചെയ്തു. ഈ കാലത്ത യൂറോപ്പുരാജ്യങ്ങളുമായി നേരിട്ടുള്ള വ്യാപാരവും ഗതാഗതവും മാത്രം മലയാളത്തിന്നു ഒരു പ്രത്യേകരക്ഷയായിരുന്നു. ഇതിന്നുമുമ്പു യൂറോപ്പുവ്യാപാരം മുഹമ്മദീയർ മുഖേനയായിരുന്നു നടന്നുവന്നത്തു. നാട്ടുരാജാക്കന്മാർ വേണ്ടപോലെ മുഹമ്മദീയരെ സഹായിക്കുകയും വ്യാപാരവിഷയത്തിൽ പറങ്കികളോട്ട കരാറുചെയ്കയും ഉണ്ടായിട്ടില്ലെങ്കിൽ മലയാളവ്യാപാരത്തിന്നു ഹാനി തട്ടുന്നതല്ലായിരുന്നു.

---

## 51-ാം അദ്ധ്യായം.

### ഇംഗ്ലീഷുകാരുടെ വരവ.

1600—1800

പോൎത്തുഗീസ്സ്കാൎക്ക വ്യാപാരസംബന്ധമായി ഹിന്തുസമുദ്രത്തിൽ ഏകാധികാരം സിദ്ധിച്ചതോടുകൂടി അവ

ർ തങ്ങളുടെ ചരക്കുകളെ മററുള്ള യൂറോപ്പുജാതിക്കാൎക്ക മൂന്നിരട്ടിവിലക്കും മററും വിററുവന്നതിനാൽ ഇംഗ്ലിഷുകാർ കിഴക്കൻചരക്കുകളെ ഡച്ചുകാർമുഖേനയായതിന്നു വാങ്ങിവന്നു. 1581-ൽ ലന്തക്കാരും സ്പെയിൻകാരും വിരോധികളായിത്തീരുകയും പോൎത്തുഗൽ സ്പെയിൽകാരുടെ കീഴിലാകുകയും തന്നിമിത്തം ലന്തക്കാൎക്ക ചരക്കുകൾ കിട്ടാതെ വരികയും ചെയ്തതിനാൽ ഇംഗ്ലീഷുകാൎക്കും ബുദ്ധിമുട്ടായിതീൎന്നു. ഇംഗ്ലീഷുകാരും സ്പെയിൻകാരും മതസംബന്ധവിഷയത്തിൽ ശത്രുക്കളായിരുന്നുവെങ്കിലും കിഴക്കൻ രാജ്യങ്ങളുമായി നേരിട്ടു നടത്തുന്ന വ്യാപാരംകൊണ്ടുള്ള ലാഭം ഇംഗ്ലീഷുകാൎക്ക മനസ്സിലായതിനാൽ സ്പെയിൻകാർ അവരെ കഴിയുന്നത്ര ദ്രോഹിച്ചുതുടങ്ങി. ഇംഗ്ലീഷുകാൎക്ക മുനമ്പുവഴിയിൽകൂടി അല്ലാതെ ഇന്ത്യയിലേക്കു വരുവാനുള്ള മാൎഗ്ഗങ്ങളെ കണ്ടുപിടിപ്പാൻ ശ്രമിച്ചുനോക്കിയതിനാൽ ഇംഗ്ലീഷുകാൎക്ക അധികമായ ദ്രവ്യനഷ്ടത്തിന്നും ജനനാശത്തിന്നും ഇടയായി. 1588-ൽ ഇംഗ്ലീഷുകാർ തങ്ങളുടെ കടൽശക്തിയും പരാക്രമവും സ്പെയിൻകാൎക്ക അവരെ കടൽയുദ്ധത്തിൽ തോല്പിച്ചു മനസ്സിലാക്കിക്കൊടുത്തു. 1599-ൽ ഹിന്തുസമുദ്രം എല്ലാവൎക്കും പൊതുവിലുള്ളതാണെന്നും, എല്ലാസ്ഥലങ്ങളിലും യൂറോപ്പുജാതിക്കാൎക്ക കച്ചവടം ചെയ്യാൻ അവകാശമുള്ളതാണെന്നും, സുപ്രതീക്ഷമുനമ്പുവഴി ഒരു ജാതിക്കാൎക്ക പ്രത്യകമായിട്ടുള്ളതല്ലെന്നും, "എലിസബത്ത്" മഹാറാണി തീൎച്ചയാക്കി. പൂൎവ്വേന്ത്യാസംഘം എന്ന പേരോടും, വരിയിട്ടു പിരിച്ചെടുത്ത 30000 പവൻ മൂലധനത്തോടുകൂടി ഒരുകൂട്ടം ഇംഗ്ലീ

ഷുകച്ചവടക്കാരെ 1600 ഡിസെമ്പ്രമാസത്തിൽ കിഴക്കൻ രാജ്യങ്ങളുമായി യൂറോപ്പുജാതിക്കാരുടെ കൈവശമില്ലാത്ത സ്ഥലങ്ങളിൽ ഏകാധികാരവ്യാപാരം നടത്തുവാൻ ഉള്ള അനുവാദവും നൽകി അയച്ചു. മഹാറാണിയുടെ ഈ പ്രവൃത്തിയിൽ ജനങ്ങൾക്കുണ്ടായ സന്തോഷം ഇത്രയാണെന്നു വിവരിക്കത്തക്കതല്ല.

പൂർവ്വേന്ത്യാസംഘം ഒന്നാമതായി വ്യാപാരം തുടങ്ങിയതു പൂർവ്വേന്ത്യാദ്വീപുകളിലായിരുന്നു. എന്നാൽ ഇവരുടെ വരവിന്നുമുമ്പെ അവിടെ ലന്തക്കാർ വന്നുകൂടീട്ടുണ്ടായിരുന്നതുകൊണ്ടു അവരോടു മത്സരിക്കേണ്ടിവന്നു. പോർത്തുഗീസ്സുകാരെപോലെതന്നെ അവരും ഹിന്തുസമുദ്രത്തിൽ ഏകാധികാരവ്യാപാരം തങ്ങൾക്ക വേണമെന്ന ഉദ്ദേശക്കാരായിരുന്നു. തമ്മിൽ യോജിച്ചു നടപ്പാൻവേണ്ടി ഇംഗ്ലീഷുകാർ പലെ സൂത്രങ്ങളും പ്രയോഗിച്ചുനോക്കി. ലന്തക്കാർ അതിനൊന്നും വഴിപ്പെട്ടില്ല. അവർ ഇംഗ്ലീഷുകാരുടെമേൽ പലെ കള്ളക്കുററങ്ങളും ചുമത്തി നാട്ടുകാൎക്ക തെളിയിച്ചുകൊടുത്തു. അംബോയിനിയിൽ ഉണ്ടായിരുന്ന 18 ഇംഗ്ലീഷുകച്ചവടക്കാർ ലന്തക്കാരോടുള്ള വിരോധംനിമിത്തം ആ സ്ഥലം മുഴുവൻ കൈവശപ്പെടുത്തുവാൻ ശ്രമംചെയ്യുവരുന്നുണ്ടെന്നു നാട്ടുകാരിൽനിന്നു തെളിവുണ്ടാക്കുകയും ഈ ദ്രോഹാലോചനക്കുററത്തിന്നു 10 ഇംഗ്ലീഷുകാരെ അന്യായമായി തൂക്കിക്കൊല്ലുകയും ചെയ്തു. 1623-ൽ അംബോയിനയിൽവെച്ചു നടന്ന അക്രമമായ ഈ വധം കഴിഞ്ഞതിന്റെ ശേഷം പൂർവ്വേന്ത്യാസംഘം പൂർവ്വേന്ത്യാദ്വീപുകളെ തീരെ ഉപേക്ഷിച്ചു ഇന്ത്യയിലേക്ക വന്നുകൂടി.

നാട്ടരാജാക്കന്മാരുടെ അനുവാദത്തോടുകൂടി ഇന്ത്യയിൽ കടൽക്കരകളിൽ ഓരോ സ്ഥലങ്ങളിൽ പാണ്ടികശാലകൾ കെട്ടിച്ചു വ്യാപാരം തുടങ്ങി. മലയാളത്തിൽ ഒന്നാമതായി പ്രവേശിച്ചതു 1615-ൽ ആയിരുന്നു. കാപ്ടൻ കീലങ്ങ് എന്ന കൊല്ലത്തിൽ തന്നെ കൊടുങ്ങല്ലൂരിൽചെന്നു സാമൂതിരിയെ കണ്ടു മലയാളവ്യാപാരത്തിന്നു ഒരു കരാറുചെയ്തു. 1616-ൽ കോഴിക്കോട്ട ഒരു വ്യാപാരസ്ഥലം ഉണ്ടാക്കി. പോൎത്തുഗീസ്സുകാരുടെ നേരെ പ്രതിക്രിയ ചെയ്യാൻ ഇവരെക്കൊണ്ടു വലിയ സഹായം ഉണ്ടാകുമെന്നു കരുതീട്ടായിരുന്നു സാമൂതിരി ഇപ്രകാരം ചെയ്തതു. എന്നാൽ വിചാരിച്ചപോലെ സഹായം കാണാഞ്ഞതിനാൽ ഇവരുടെ കാൎയ്യത്തിൽ ഒട്ടും ശ്രദ്ധകാണിച്ചില്ല. അതിനാൽ അവൎക്കു വ്യാപാരാഭിവൃദ്ധിയും ഉണ്ടായില്ല. 1635 ൽ സ്പെയിൻകാരോടുകൂടി ചെയ്ത ഒരു സന്ധികരാറുപ്രകാരം പറങ്കികളുടെ തുറമുഖങ്ങളിലെല്ലാം ഇംഗ്ലീഷുകാൎക്കു സ്വാതന്ത്ര്യമായി കച്ചവടം ചെയ്യാൻ അവകാശം സിദ്ധിച്ചു. പിന്നെ കൊച്ചിയിൽ ഒരു ചെറിയ വ്യാപാരശാല ഏൎപ്പെടുത്തി. അവിടെ നിന്നു ആദ്യം കുരുമുളക സ്വരാജ്യത്തിലേക്കു നേരിട്ടയക്കുകയും ചെയ്തു. 1663-ൽ പറങ്കികളുടെ കയ്യിൽനിന്നു കൊച്ചിപട്ടണം ലന്തക്കാർ കൈവശപ്പെടുത്തി. ഉടനെ പട്ടണം വിട്ടുപോകേണമെന്നു ഇംഗ്ലീഷുകാൎക്കു കല്പനകൊടുത്തു. ഇംഗ്ലീഷുകാർ പൊന്നാനിയിലേക്കുവന്നു ഒരു വ്യാപാരശാല ഏൎപ്പെടുത്തി സാമൂതിരിയുടെ രക്ഷാകൎത്തൃത്വത്തിന്മേൽ വ്യാപാരം തുടങ്ങി. 1667 ൽ രണ്ടു ഇംഗ്ലീഷുകാൎക്കു കോഴിക്കോട പട്ടണത്തിൽ താമ

സിപ്പാൻ അനുവാദം നൽകിയെങ്കിലും സാമൂതിരിക്ക പറങ്കികളുടെ സ്വഭാവം നിമിത്തം യാതൊരു വിദേശീയരുടെ നേരെയും അനുകമ്പ ഉണ്ടായിരുന്നില്ല.

സാമൂതിരിയുടെ സഹായം കൂടാതെ പൊന്നാനിയിലും കൊച്ചിയിലും വ്യാപാരത്തിന്നു ഗുണമുണ്ടാകുന്നതല്ലെന്നു ഇംഗ്ലീഷുകാൎക്കു മനസ്സിലായതിനാൽ അവർ പടിഞ്ഞാറെ കരയിൽ വേറെ സ്ഥലങ്ങൾ അന്വേഷിച്ചുതുടങ്ങി. 1683-ൽ കോലത്തനാട്ടിലെ രാജാവിനെ ചെന്നുകണ്ടു തലശ്ശേരിയിൽ ഒരു വ്യാപാരശാല കെട്ടുവാൻ സമ്മതം വാങ്ങി ഒരു സ്ഥലം വിലകൊടുത്തു വാങ്ങുകയുംചെയ്തു. 1704-ൽ കുറുങ്ങോട്ടുനായർ ആ വ്യാപാരശാലയെ എതിൎത്തുവെങ്കിലും കോലത്തിരി അതിനെ നിരോധിച്ചു ഇംഗ്ലീകാരെ ആശ്വസിപ്പിച്ചു. 17(8-ൽ കടൽവക്കത്തുള്ള ഒരു ചെറിയ കുന്നിന്മേൽ ഒരു കോട്ട പണിയിക്കുകയുംചെയ്തു. 1684-ൽ തിരുവിതാങ്കൂറിൽ അഞ്ചിംഗൊ എന്ന സ്ഥലത്തു ഒരു വ്യാപാരശാല ഉണ്ടാക്കുകയും 1690-ൽ ആററുങ്ങൽ റാണിയുടെ സമ്മതത്തോടുകൂടി അവിടെ ഒരു കോട്ട പണിയിക്കുകയും ചെയ്തു.

ഇന്ത്യയുമായുള്ള വ്യാപാരത്തിൽ ഇംഗ്ലീഷുകാൎക്കു അഭിരുചി വൎദ്ധിച്ചുതുടങ്ങി. തന്നിമിത്തം പൂൎവ്വേന്ത്യാസംഘം കൂടാതെ വേറെയും ചില സംഘങ്ങൾ കച്ചവടത്തിന്നുവേണ്ടി പുറപ്പെട്ടുതുടങ്ങി. ഈ ഓരോ സംഘവും തമ്മിൽ തമ്മിൽതന്നെ മത്സരിക്കനിമിത്തം വ്യാപാരത്തിന്നും സ്വരാജ്യക്ഷേമത്തിന്നും ദോഷകാരണമായിതീൎന്നു. 1708-ൽ ഈ സംഘങ്ങളെല്ലാം തമ്മിൽ യോജിച്ചു ഏകോപിച്ചു പൂൎവ്വേന്ത്യാസംഘം എന്ന പേർതന്നെ വഹിച്ചു.

# 52-ാം അദ്ധ്യായം

## ഇംഗ്ലീഷുകാരും പരന്ത്രീസ്സുകാരും.

### മയ്യഴിയിലെ ഒന്നാംയുദ്ധം.

യൂറോപ്പിൽനിന്ന ഇംഗ്ലീഷുകാരും ലന്തക്കാരും പൂവ്വേന്ത്യയുമായി നടത്തിവരുന്ന വ്യാപാരത്തിൻെറ അഭിവൃദ്ധി കണ്ടതിനാൽ അയൽരാജ്യക്കാരായ പരന്ത്രീസ്സുകാക്കും ഇന്ത്യയുമായി കച്ചവടംചെയ്യാൻ ആഗ്രഹം ജനിക്കയുണ്ടായി. 1604 മുതൽ പലെ സംഘങ്ങളും ഇന്ത്യയുമായി കച്ചവടത്തിൽ പ്രവേശിച്ചുവന്നു. പ്രാൻസിലെ രാജാവായ ലൂയിസ്സ് ഇന്ത്യയുമായുള്ള കച്ചവടം ഏറ്റു പ്രഭവിന്നും സമാവകാശപ്പെട്ടതാണെന്ന ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. 1664-ൽ പരന്ത്രീസ്സ പൂവ്വേന്ത്യാസംഘം ഉത്ഭവിക്കുകയും ഒരു നൂററാണ്ടു കാലത്തോളം പ്രബലപ്പെട്ടതന്നെ ഇരുന്നുവെങ്കിലും 1769-ൽ ഈ സംഘം നാമാവിശേഷമായിതീരുകയുംചെയ്തു.

പരന്ത്രീസ്സുകാർ ആദ്യം മലയാളത്തിൽ വന്നതു 1725-ൽ ആയിരുന്നു. മലയാള വ്യാപാരത്തിൻെറ ഗുണങ്ങളെ മനസ്സിലാക്കിയവനായ പുതുശ്ശേരിയിലെ പരന്ത്രീസ്സ ഗവണ്ണർ ഇംഗ്ലീഷുകാരുടെ പാണ്ടികശാല കിടക്കുന്ന തലശ്ശേരിക്കു സമീപംതന്നെ ഒരു സ്ഥലം സമ്പാദിക്കേണമെന്ന വിചാരിച്ചു 1725-ൽതന്നെ ഒരു കപ്പൽസൈന്യത്തെ അയച്ചു. ഈ കപ്പിത്താൻെറ പേർ മാഹി. ഡി. ലെബോഡ്നെയി എന്നായിരുന്നു. ഇയാൾ യുദ്ധവിഷയത്തിൽ അതി സമത്ഥനും സൂത്രജ്ഞനും ധീരനും ആയിരു

ന്നു. ഇവർ തലശ്ശേരിക്കു നാലു നാഴിക തെക്കുള്ള മയ്യഴി എന്ന സ്ഥലത്തിന്നു സമീപംവന്നു ആ സ്ഥലം പരന്ത്രീസ്സുകാരുടെ കച്ചവടാവശ്യത്തിന്നായി കൊടുപ്പാൻ ആവശ്യപ്പെട്ടുവെങ്കിലും മയ്യഴി ഗവണ്ണർ അതു കൊടുക്കില്ലെന്നു പറഞ്ഞു. മയ്യഴിയുടെ കിടപ്പു ഒരു ഉയൎന്ന സ്ഥലത്തായതുകൊണ്ടും പുഴയുടെ വക്കത്തായതുകൊണ്ടും അഴിമുഖം പാറകളെക്കൊണ്ടു നിറഞ്ഞതായതുകൊണ്ടും ശത്രുക്കൾക്കു അതിനെ സ്വാധീനമാക്കുവാൻ തുലോം പ്രയാസമായിരുന്നു.

എന്നാൽ ലെബോഡ്നെയിയുടെ കൌശലം മേൽ പറഞ്ഞ തടസ്ഥങ്ങളെയെല്ലാം ലഘൂകരിപ്പാൻ കഴിയുന്ന ഒന്നായിരുന്നു. പരന്ത്രീസ്സുകാർ ഉണങ്ങിയ മരക്കൊമ്പുകൾ ഒന്നിച്ചു കൂട്ടികെട്ടി അതിന്മേൽകൂടി പുഴകടന്നു. ചെറിയ തോണികൾ ഉണ്ടാക്കി ഉയൎന്ന നിരയിലേക്കു കയറി അധികം പ്രയാസമൊന്നും കൂടാതെ പട്ടണം കൈവശപ്പെടുത്തി. ഈ സ്ഥലം മാഫി. ഡി. ലെബോഡ്നെയുടെ സാമൎത്ഥ്യംകൊണ്ടു പിടിച്ചതുനിമിത്തം സ്ഥലത്തിന്ന അവർ മാഫി എന്നു പേർ കൊടുത്തു. പിന്നെ പരന്ത്രീസ്സുകാർ ക്രമേണ നാട്ടുരാജ്യകാൎയ്യങ്ങളിൽ ഏൎപ്പെടുകയും നാട്ടുവ്യാപാരം മുഴവനും അവരുടെ ഏകാധികാരത്തിൻകീഴിലാക്കുവാൻ ശ്രമിക്കുകയും ചെയ്തുതുടങ്ങി. ഇതുനിമിത്തം ഇംഗ്ലീഷുകാരും വ്യാപാരവൃത്തികൂടാതെ നാട്ടുരാജ്യകാൎയ്യങ്ങളിൽ ഏൎപ്പെടുവാൻ മനസ്സു വെച്ചുതുടങ്ങി.

പരന്ത്രീസ്സുകാരുടെ വരവോടുകൂടി മലയാളത്തിൽ ലഹള വൎദ്ധിച്ചുതുടങ്ങി. ഇരുവാഴിനാട്ടിലെ കുറുങ്ങോട്ടു

നായൎക്ക ഇംഗ്ലീഷുകാരോട രസമുണ്ടായിരുന്നില്ല. അതു നിമിത്തം അവരെ തലശ്ശേരിയിൽനിന്ന ആട്ടിക്കളയുവാൻവേണ്ടി പരന്ത്രീസ്സുകാരോടുകൂടി ഒരു സന്ധികരാർ ചെയ്തു. പരന്ത്രീസ്സുകാർ ഇതുതന്നെ നല്ല തക്കം എന്ന കരുതി തലശ്ശേരിക്കടുത്തുള്ള രണ്ടു കുന്നുകളെ സ്വാധീനമാക്കുവാൻ ശ്രമിച്ചുതുടങ്ങി. ഇംഗ്ലീഷുകാർ കടത്തനാട രാജാവിനെകൊണ്ടു മയ്യഴി ആക്രമിപ്പിച്ചു. ഇരുവാഴിനാട്ടിലെ പ്രഭുക്കന്മാരെ സ്വാധീനപ്പെടുത്തുവാൻവേണ്ടി ഇളംകൂറോട കൂടി ഒരു സന്ധിയുംചെയ്തു. ഇപ്രകാരം പരന്ത്രീസ്സു സംഘങ്ങളും ഇംഗ്ലീഷ സംഘങ്ങളും മലയാളത്തിൽ സദാ കലഹിച്ചുകൊണ്ടിരുന്നതിനാലാണ വ്യാപാരത്തിന്ന ദൂഷ്യവും കുരുമുളകിൻെറ വിലകയററവും ഉണ്ടായതെന്ന യൂറോപ്പിലുള്ള തങ്ങളുടെ മേലധികാരികൾ മനസ്സിലാക്കി മേലിൽ രണ്ടു സംഘങ്ങളും അന്യോന്യം മത്സരം പാടില്ലെന്നും കുരുമുളകിൻെറ വില കയററരുതെന്നും 1728-ൽ മയ്യഴിയിൽവെച്ചു ഒരു സമാധാന ഉടമ്പടിചെയ്തു.

ഇംഗ്ലീഷുകാൎക്ക മലയാളത്തിൽ പരന്ത്രീസ്സുകാർതന്നെയല്ല ശത്രുക്കൾ. പൂൎവ്വേന്ത്യാ ദ്വീപുകളിൽനിന്ന ലന്തക്കാർ ഇവിടെ എത്തിചേൎന്നിരുന്നു. കണ്ണൂരിലെ ആൻജിലൊകോട്ട 1663-ൽ പറങ്കികളിൽനിന്ന ലന്തക്കാൎക്ക സിദ്ധിച്ചിരുന്നു. രണ്ടു തറയിലെ കുരുമുളക മുഴുവനും തങ്ങൾക്ക ലഭിപ്പാനും വേറെ സ്ഥലങ്ങളിൽ വ്യാപാരശാലകൾ ഉണ്ടാക്കുവാനും വേണ്ടി ഇവർ ആലിരാജാവോട സംഖ്യംചെയ്തു. ധൎമ്മപട്ടണം ദ്വീപു ആലിരാജാവിൻെറ അധീനത്തിലായിരുന്നു. ഈ ദ്വീപിൻെറ സ്ഥിതി തല

ശ്ശേരിയുടെ താക്കോൽപോലെ ആകയാൽ ഇത ശത്രുക്ക ളുടെ അധീനമായിവന്നാൽ ഇംഗ്ലീഷുകാൎക്ക തലശ്ശേരി കൊണ്ടു യാതൊരു ഗുണവും ഉണ്ടാവാൻ ഇടയില്ലാത്ത തിനാൽ ഇംഗ്ലീഷുകാർ കോട്ടയം രാജാവിൻെറ സഹാ യത്തോടുകൂടി ആലിരാജാവിനെ പുറത്താക്കി. ഇളംകൂറു നായൎക്ക മാപ്പിളമാരോടുകൂടിയുള്ള യുദ്ധത്തിന്നുവേണ്ടി ധ നസഹായംചെയ്തു. അതുനിമിത്തം പ്രതിഫലമായി ഇ ളംകൂറിൽനിന്നു ഇരുവാഴിനാട, ധൎമ്മപട്ടണം, രണ്ടുതറ, ഈ സ്ഥലങ്ങളിൽ കുരുമുളക കച്ചവടത്തിന്നുള്ള ഏകാ ധികാരവും വേറെ യൂറോപ്പുജാതിക്കാർ സ്ഥലം കൈവശ പ്പെടുത്തുവാൻ ശ്രമിക്കുന്നതായാൽ അവിടങ്ങളിൽ ക മ്പനികൊടി ഉയൎത്തികാണിക്കുവാനുള്ള അധികാരവും 172-ൽ സിദ്ധിച്ചു.

---

## 53-ാം അദ്ധ്യായം.

### രണ്ടാം കൎണ്ണാടകയുദ്ധം.

### 1732—1740.

കോലത്തിരി വംശത്തിലെ അഞ്ചു സ്ഥാനവാഴികളു ടെ സ്ഥാനക്രമത്തേയും രാജ്യഭരണരീതിയേയുംപററി മു മ്പ വിവരിച്ചിട്ടുണ്ടല്ലൊ. കാലക്രമത്തിൽ രാജ്യഭരണശ ക്തി കേവലം സ്ഥാനക്രമത്തെ അനുസരിക്കാതെ സ്ഥാ നവാഹികളുടെ ശക്തിക്കനുസൃമായിതീൎന്നു. പതിനെട്ടാം നൂററാണ്ടിൻെറ ആദികാലത്തു ഏളംകൂർ സ്ഥാനവാ ഹി അതിശക്തനും സമൎത്ഥനും ആയിരുന്നതിനാൽ രാ

ജ്യഭരണവിഷയത്തിൽ കോലത്തിരിയേക്കാൾ പ്രാബല്യ വും പ്രശസ്തിയും ഉള്ള ആളായിരുന്നു. ഇതുനിമിത്തം കോലത്തിരികുഡുംബത്തിൽ പല ഛിദ്രങ്ങൾക്കും ഇടയു ണ്ടായി. ഇളംക്കുറിന്റെ വിരോധികളായ ചില രാജാക്ക ന്മാർ അയൽരാജ്യത്തുള്ള ബഡനൂർ രാജാവിനെ ചെന്നു കണ്ടു സഹായത്തിന്നായി അപേക്ഷചെയ്തു.

1732-ൽ ബെഡനൂർ രാജാവു രഘുനാഥൻ എന്ന സൈന്യാധിപന്റെ അധികാരത്തിൻകീഴിൽ എളംക്കുറി ന്റെ ഗർവ്വം ശമിപ്പിപ്പാൻവേണ്ടി വമ്പിച്ച ഒരു സൈന്യ ത്തെ മലയാളത്തിലേക്കു അയച്ചു. ഇളംക്കുറു ഈ വർത്ത മാനം അറിഞ്ഞിട്ടുണ്ടായിരുന്നില്ല. കനറീസ്സുസൈന്യം എളപ്പത്തിൽ കടന്നു ഏഴിമലവരേയുള്ള രാജ്യങ്ങളെ പി ടിച്ചടക്കി. മാടായി, തളിപ്പറമ്പു, മട്ടിലായി, കാടലെ, എന്ന സ്ഥലങ്ങളിൽ കോട്ടകളെ ഉറപ്പിച്ചു സൈന്യങ്ങ ളെ നിർത്തി। കടൽവഴിയായും കരവഴിയായും മംഗലപു രത്തുനിന്നു അരിയും നെല്ലും മലയാളത്തിലേക്കു കൊണ്ടു വരാൻ പാടില്ലെന്നു കല്പിക്കകയും ബന്തറുകളേയും ചുങ്ക ങ്ങളേയും അടച്ചുകളകയുംചെയ്തു. ഇതുനിമിത്തം മലയാ ളികൾ വളരെ ബുദ്ധിമുട്ടിലായി. യൂറോപ്പുജാതിക്കാരും കുഴപ്പത്തിലായി. ഇളംക്കുർ യുദ്ധംനിമിത്തം ജയം നേടു വാൻ പ്രയാസമെന്നുകരുതി ബെഡനൂർ രാജാവോടുകൂടി വളർപട്ടണത്തുവെച്ചു 1733-ൽ ഒരു കരാർ ചെയ്തു. ഈ നിശ്ചയം വളർപട്ടണം പുഴയുടെ വടക്കുള്ള രാജ്യം ബെ ഡനൂർ രാജാവിന്നു വിട്ടുകൊടുപ്പാനും ആലിരാജാവിന്നു എതിരായി കനറസൈന്യം ഇളംക്കുറിനെ സഹായിപ്പാ നും ആയിരുന്നു.

കനറസൈന്യം ഇതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ 1735-ൽ അഞ്ചരക്കണ്ടി പുഴകടന്നു കോട്ടയം രാജ്യത്തെ ആക്രമിക്കുവാൻ തുടങ്ങി. കോട്ടയം രാജാവു പരിഭ്രമിച്ചു ഇംഗ്ലീഷുകാരോടു സഹായത്തിന്നായി അപേക്ഷിച്ചു. ഇളംകൂറോടുകൂടിയുള്ള നിശ്ചയംനിമിത്തം കനറക്കാരുടെ ആക്രമം അട്ടത്തുണ്ടാകുമെന്നുകരുതി ആലിരാജാവു ഇംഗ്ലീഷുകാരോടും കോട്ടയം രാജാവോടും യോജിച്ചു മൂന്നുപേരുംകൂടി 1735-ൽ ഒരു സന്ധി ഉടമ്പടിചെയ്തു. ധർമ്മപട്ടണം കൈവശമാക്കുവാനുള്ള അധികാരം ആലിരാജാവു ഇംഗ്ലീഷുകാൎക്കു കൊടുപ്പാനും കോട്ടയം രാജാവു അതിന്നു വേണ്ട സഹായം ചെയ്വാനും ഇംഗ്ലീഷുകാർ ഇതിന്നുപകരം യുദ്ധത്തിൽ അവൎക്കു സഹായം ചെയ്തുകൊടുപ്പാനും ആയിരുന്നു അതിലെ നിശ്ചയം. ഇപ്രകാരം ധർമ്മപട്ടണം ദ്വീപിന്മേൽ കമ്പനിക്കു അവകാശവും സിദ്ധിച്ചു.

ഇക്കാലത്തു പരന്ത്രീസ്സുകാരും ലന്തക്കാരും കേവലം സ്വസ്ഥന്മാരായി കാലംകഴിച്ചിരുന്നില്ല. ഇംഗ്ലീഷുകാരുടെ ശക്തിവർദ്ധനയും ജനരഞ്ജനയും നാൾക്കുനാൾ വൎദ്ധിച്ചുവരുന്നതുകണ്ടിട്ടു അവരും നാട്ടുരാജാക്കന്മാരുടെകൂട്ടത്തിൽചേൎന്നു ഓരൊ യുദ്ധത്തിൽ സഹായിച്ചുവന്നു. ഇളംകൂറുരാജാവു 1733-ൽ ഉണ്ടായ കരാറ തനിക്കു ദോഷകരമാണെന്നു മനസ്സിലാക്കി കോട്ടയം,കമ്പനി സഖ്യത്തിൽചേൎന്നു. 1736-ൽ ഇവരുടെ എല്ലാ സൈന്യസംഘങ്ങളും ഒന്നായി മാടക്കര കോട്ട പിടിച്ചു സ്വാധീനമാക്കി. പിന്നത്തെ ശ്രമം എത്രയും ഉറപ്പുള്ള കാടലെ കോട്ട പിടിക്കുവാനായിരുന്നു. മേലാൽ പിടിക്കുന്ന കോട്ടകൾ കമ്പ

നിക്കാരുടെ അധീനത്തിൽ നിർത്തുവാൻ പാടില്ലെന്നും അങ്ങിനെ ചെയ്യുന്നപക്ഷം തങ്ങളുടെ കച്ചവടത്തിന്നു ഹാനിവരുന്നതാണെന്നും കരുതി യുദ്ധത്തിൽ ചെന്നിട്ടുള്ള ലന്തക്കാർ സകല കോട്ടകളേയും നശിപ്പിച്ചുകളയേണമെന്നു ഉദ്ദേശക്കാരായിരുന്നു. കമ്പനിക്കാരും മററുള്ളവരും ഇതിന്നു എതൃകക്ഷികളായിരുന്നു. പിന്നെ കന്നറസൈന്യസ്ഥാനങ്ങളായ കാടലെ, തളിപ്പറമ്പു, എന്നീ കോട്ടകളെ പിടിച്ചടക്കി സൈന്യങ്ങളെ തോല്പിച്ചു കോട്ടകളെ നശിപ്പിക്കുകയും ചെയ്തു. ഇതുനിമിത്തം രാജ്യത്തിൽ സമാധാനം ഉണ്ടാകയില്ലെന്നു കരുതി കമ്പനിക്കാർ സൈന്യങ്ങളെ വടക്കോട്ടേക്കു തിരിച്ചു കവ്വായി പുഴകടന്നു കന്നറസൈന്യങ്ങളോടു യുദ്ധംചെയ്യാൻ തുടങ്ങി കമ്പനിസൈന്യത്തിൻെറ പരാക്രമവും ധീരതയും സ്ഥിരതയും കന്നറക്കാൎക്കു അത്ഭുതകരമാകുംവണ്ണം മനസ്സിലാക്കിക്കൊടുത്തു. 1737-ൽ ബെഡന്നൂർ രാജാവു കമ്പനിയോടുകൂടി ഒരു സന്ധിചെയ്യുക ഉണ്ടായി. ഈ സന്ധിനിശ്ചയപ്രകാരം കോലത്തനാട്ടു വ്യാപാരത്തിൽ കമ്പനിക്കു ഏകാധികാരം ലഭിക്കുകയും മേലിൽ കന്നറസൈന്യം വളർപട്ടണം പുഴകടക്കുന്നതല്ലെന്നു തീൎച്ചയാക്കുകയും ആണു ചെയ്തതു. 1740-ൽ ബെഡന്നൂർരാജാവു ഇളംകൂറോടുകൂടി ഒരു സന്ധിചെയ്തു. അതിൽ മേലിൽ കന്നറക്കാർമലയാളരാജ്യവിഷയത്തിൽ ഏൎപ്പെടുകതന്നെ ഉണ്ടാകുന്നതല്ലെന്നു ബലമായി നിശ്ചയിച്ചിരുന്നു. ലന്തക്കാൎക്കു പ്രതിഫലമായി ഇളംകൂർ സ്വരാജ്യത്തുള്ള കുരുമുളകെല്ലാം ചുരുങ്ങിയ വിലക്കു കൊടുക്കാമെന്നു കരാറുചെയ്തുവെങ്കിലും

മാടായിക്കരയിലെ കോട്ട കമ്പനിവശം ആയിരുന്നതി നാൽ അവരുടെ വ്യാപാരം പ്രതിദിനം ക്ഷയിച്ചുപോയി

മേൽപറഞ്ഞ യുദ്ധംനിമിത്തം ഇംഗ്ലീഷകമ്പനിയു ടെ ഖ്യാതി മലയാളത്തിലും കന്നറയിലും ഒരുപോലെ വ്യാപിച്ചുതിളങ്ങി. കമ്പനി മലയാളത്തിൽ ഒരു പ്രത്യേ കരാജ്യഭരണശക്തിമത്തായും തീൎന്നു. ധൎമ്മപട്ടണം, മാടാ യി, എന്ന സ്ഥലങ്ങളിൽ വ്യാപാരത്തിന്നു ഏകാധികാ രവും സിദ്ധിച്ചു. കണ്ണൂരിൽ ഉള്ള ലന്തക്കാൎക്കു ക്ഷയവും തുടങ്ങി.

---

## 54-ാം അദ്ധ്യായം.

### ഇംഗ്ലീഷുകാരുടെ ഔന്നത്യവും മററു യൂറോപ്യരുടെ ക്ഷയവും.

പതിനെട്ടാം നൂററാണ്ടിന്റെ ആദികാലത്തു മലയാ ളത്തിൽ ലന്തക്കാർ, പരന്ത്രീസ്സുകാർ, ഇംഗ്ലീഷുകാർ ഈ മൂന്നു യൂറോപ്പുവൎഗ്ഗക്കാരും വ്യാപാരസംബന്ധമായ അധി കാരം നിലനിൎത്തുവാൻവേണ്ടി സദാ മത്സരിച്ചും കലഹി ച്ചുംകൊണ്ടുതന്നെ കാലം കഴിച്ചു. ഇവരുടെ വ്യാപാരമ ത്സരവും നാട്ടുരാജാക്കന്മാരുടെ പരസ്പരാസൂയയും നിമി ത്തം വ്യാപാരസംഘക്കാരും നാട്ടുരാജാക്കന്മാരും തമ്മി ൽ പലെ സന്ധികരാറുകൾ ഉണ്ടാവാനും അനേകം യു ദ്ധങ്ങൾ സംഭവിപ്പാനും ഇടയുണ്ടായിതീൎന്നു. എന്നാൽ ഈ നൂററാണ്ടിന്റെ അവസാനകാലത്തു പരന്ത്രീസ്സുകാ രുടേയും ലന്തക്കാരുടേയും ശക്തി കേവലം ക്ഷയിക്കയും നാട്ടുരാജാക്കന്മാർ രാജ്യരക്ഷക്കു അപ്രാപ്തന്മാരായിതീരു

കയും രാജ്യംതന്നെ അരാജകനിലയിൽ എത്തിക്കുട്ടുകയും ചെയ്തു. അക്കാലത്തു ദൈവകടാക്ഷത്താൽ ഇംഗ്ലീഷുകാർ മലയാളത്തിൽ ഉണ്ടായിരുന്നതുനിമിത്തം അവരുടെ ബുദ്ധിസാമൎത്ഥ്യവും നീതിനൈപുണ്യവും മലയാളത്തെ രക്ഷിച്ചു നിലനിൎത്തി എന്നു പറയാം.

ലന്തക്കാരുടെ ക്ഷയം.

പതിനേഴാം നൂററാണ്ടിൻെറ മദ്ധ്യകാലത്തിൽ തന്നെ ലന്തക്കാൎക്കു മലയാളക്കരയിൽ വ്യാപാര വിഷയത്തിൽ ഏകാധികാരം സിദ്ധിച്ചിരുന്നു. കൊച്ചി കണ്ണൂർ മുതലായ വ്യാപാരസ്ഥലങ്ങളെല്ലാം അവരുടെ അധീനത്തിലായിരുന്നു. പറങ്കികളെപ്പോലെതന്നെ വ്യാപാരം നിലനിൎത്തുവാനും വൎദ്ധിപ്പിപ്പാനുംവേണ്ടി ഇവരും ആയുധം എടുക്കേണ്ടി വന്നതിനാൽ യുദ്ധച്ചിലവും തന്നിമിത്തമുള്ള കഷ്ടതയും അവരുടെ വ്യാപാരത്തിന്നു ഹാനിയെ വരുത്തിതുടങ്ങി. അതിനാൽ 1680-ൽ അവർ സൈന്യച്ചിലവു ചുരുക്കുവാൻവേണ്ടി സൈന്യസംഖ്യ ചുരുക്കി. ഈ അവസരം പ്രതിക്ഷിച്ചുംകൊണ്ടു സാമൂതിരി 1691-ൽചേററുവായി കൈവശപ്പെടുത്തുകയും ലന്തക്കാരുടെ മിത്രമായ കൊച്ചിരാജാവിനോടു പോരിന്നു എതിരിടുകയും ചെയ്തു. ഈ യുദ്ധംനിമിത്തവും ലന്തക്കാൎക്കു അധികമായ ദ്രവ്യനഷ്ടം നേരിടുകയും പിന്നെയും സൈന്യസംഖ്യ ചുരുക്കുകയും ചെയ്തു ഒടുവിൽ 1721-ൽ ലന്തകമ്പനിക്കാർ നാട്ടുരാജാക്കന്മാരോടുകൂടി യാതൊരു യുദ്ധത്തിലും പ്രവേശിപ്പാൻ പാടില്ലെന്നും വ്യാപാരവിഷയമല്ലാതെ നാട്ടുകാരോടുകൂടി യാതൊരു സന്ധികരാറുകൾ ചെയ്യാൻ പാടി

ല്ലെന്നും തീൎച്ചയാക്കി. ഇതോടുകൂടി ലന്തക്കാൎക്ക മലയാള ത്തിലുള്ള എല്ലാ അധികാരങ്ങൾക്കും ഇളക്കം തട്ടുകയും മററു യൂറോപ്പുജാതിക്കാരുടെ അധികാരങ്ങൾക്കെല്ലാം ഉ റപ്പുകൂട്ടുകയും ചെയ്തു.

1733-ൽ തിരുവിതാംകൂർ മാൎത്താണ്ഡവൎമ്മ ലന്തക്കാരുടെ സഖിയായ കൊല്ലം രാജാവിനെ ആക്രമിച്ചപ്പോൾ ലന്തക്കാൎക്ക കൊല്ലം രാജാവിനെ സഹായിപ്പാനും യുദ്ധത്തിൽ പ്രവേശിപ്പാനും സംഗതിവന്നില്ല. ലന്തക്കാരുടെ ഈ തെററുനിമിത്തം 1739-ൽ അവർ തിരുവിതാംകൂറുമായി യുദ്ധം തുടങ്ങി. ഈ യുദ്ധം 1753ൽ അവസാനിക്കുകയും അതോടുകൂടി ലന്തക്കാൎക്ക കോയ്മസ്ഥാനമില്ലെന്നും അവർ സാധാരണ കച്ചവടക്കാർ മാത്രമാണെന്നും തീൎച്ചപ്പെടുത്തി. 1772-ൽ കണ്ണൂർകോട്ട ആലിരാജാവിന്നു വിററു 1796-ൽ ഇംഗ്ലീഷുസൈന്യാധിപനായ മേജർപെട്രികൊച്ചി കോട്ടയെ വളഞ്ഞപ്പോൾ ലന്തഗവൎണ്ണരായ വാൻസ്പാൾ, മേലധികാരത്തിലെ കല്പനപ്രകാരം കൊച്ചിയും തങ്കശ്ശേരിയും ഇംഗ്ലീഷുകാൎക്ക ഒഴിഞ്ഞുകൊടുത്തു മലയാളം വിട്ടുപോകുകയും ചെയ്തു.

മയ്യഴിയിൽവെച്ചുണ്ടായ സമാധാനത്തിന്നു ശേഷം ഇംഗ്ലീഷുകാരും പരന്ത്രീസ്സുകാരും കുറെകാലം സ്നേഹനിലയിൽതന്നെ വാണുവന്നു. എന്നാൽ രണ്ടുസംഘക്കാരും നാട്ടുരാജാക്കന്മാരോടു സംഖ്യാചെയ്തുയും രാജ്യകാൎയ്യങ്ങളിൽ അവൎക്ക സഹായം ചെയ്തുകൊടുക്കുകയും ചെയ്തിരുന്നു. [illegible]40-ൽ പരന്ത്രീസ്സുകാർ തെക്കെ മലയാളത്തിലെ താന്തൂർ, ചേററുവായി എന്ന സ്ഥലങ്ങളെ കൈവശപ്പെടുത്തു

വാൻ ശ്രമിച്ചുവെങ്കിലും സാമൂതിരിയുടെ അതിശക്തിനിമിത്തം സാധിക്കാതെ ഒഴിയേണ്ടിവന്നു. 1746-ൽ മദ്രാസ്സ കോട്ടയെ പരന്ത്രീസ്സുകാർ പിടിച്ചടക്കി. ഈ വൎത്തമാനം അറിഞ്ഞതിന്റെശേഷം തലശ്ശേരിയിൽ ഉള്ള ഇംഗ്ലീഷുകാർ മലയാളത്തിലും യുദ്ധമുണ്ടാകുമെന്നുകരുതി കേടുപാടുകൾതീൎത്തു കോട്ടക്കു ബലം കൂട്ടുകയും യുദ്ധത്തിന്നു വേണ്ട ഒരുക്കങ്ങൾ ചെയ്കയും ഇരുവഴിനാട്, ബെഡനൂർ, നീലേശ്വരം എന്നീ രാജാക്കന്മാരോടുകൂടി സഖ്യംചെയ്തു അവർ പരന്ത്രീസ്സുകാൎക്കു എതിരായി തങ്ങൾക്കു യുദ്ധസഹായം ചെയ്വാനുള്ള ഏൎപ്പാടുകൾ ചെയ്യുകയുംചെയ്തു. പരന്ത്രീസ്സുകാരും വേണ്ടപ്പെട്ട യുദ്ധസന്നാഹം ഒരുക്കിത്തുടങ്ങി. എന്നാൽ 1749-ൽ യൂറോപ്പിലെ ഏക്സ്ലഷാപ്പൽ എന്ന സ്ഥലത്തുവെച്ചുണ്ടായ സന്ധിനിമിത്തം ഈ യുദ്ധോദ്യമം അവസാനിക്കുകയും രണ്ടു സംഘക്കാരുടേയും മേൽകോയ്മകൾതമ്മിൽ യോജിക്കുകയും ചെയ്തു. പിന്നെ രണ്ടുപക്ഷക്കാരും വളരെ ഐകമത്യത്തോടുകൂടി വ്യാപാരപുഷ്ടിക്കുള്ള വഴികൾ ആലോചിക്കയും കുരുമുളകിന്റെ വില താഴ്ത്തുകയും ചെയ്തു. എങ്കിലും ഈ സന്തോഷകാലം അധികകാലത്തോളം നിലനിന്നു എന്നു വിചാരിപ്പാൻ പാടില്ല

രണ്ടുപക്ഷക്കാരും ഇങ്ങിനെ സ്നേഹനിലയായിരുന്നുവെങ്കിലും തരം കിട്ടുമ്പോഴെല്ലാം ഇംഗ്ലീഷുകാൎക്കു ദ്രോഹം ചെയ്യുവാൻ പരന്ത്രീസ്സുകാർ സദാ ജാഗ്രൂകന്മാരായിരുന്നു. എന്നാൽ ഇരുകക്ഷികളുടേയും ശത്രുമിത്രഭാവം തങ്ങളുടെ മേൽകോയ്മകളുടെ ശത്രുമിത്രഭാവത്തെ ആശ്രയിച്ചു

കൊണ്ടുതന്നെയാണം നിന്നുപോന്നതു. മേലധികാരികളു ടെ അനുവാദം കൂടാതെ യാതൊരു സംഗതിയും ഇവരു ടെ ഇഷ്ടംപോലെ ചെയ്യാൻ പാടില്ലെന്നായിരുന്നു. അ തു നിമിത്തം യഥേഷ്ടം നേരിട്ടു യുദ്ധംചെയ്യാൻ ഇവൎക്കു സ്വാതന്ത്ര്യാധികാരം ഇല്ലാത്തതിനാൽ തരം കിട്ടുമ്പോ ഴെല്ലാം നാട്ടുരാജാക്കന്മാരെക്കൊണ്ടു വിപരീതമായി പ്ര വൃത്തിപ്പിക്കയും സ്വകാൎയ്യം അവൎക്കുവേണ്ടുന്ന ഒത്താശ ചെയ്തുകൊടുക്കുകയുമാണ ഇവരുടെ പതിവു. 1750-ൽ തോമസ്സുദാറിൻ എന്നാളെ തലശ്ശേരിയിൽ ഇംഗ്ലീഷുക മ്പനിയുടെ നായകനാക്കി നിശ്ചയിച്ചു. ഇദ്ദേഹം മല യാളരാജ്യ സമ്പ്രദായത്തേയും രാജ്യഭരണതന്ത്രങ്ങളേയും പററി കേവലം അപരിചിതനായിരുന്നു. അതിനാൽ ഇ ദ്ദേഹത്തിൻെറ അവിവേകമായ ചില പ്രവൃത്തികൾ നി മിത്തം നാട്ടുരാജാക്കന്മാർ ഇംഗ്ലീഷുകാരുടെ വിരോധിക ളും പരന്ത്രീസ്സ്കാരുടെ മിത്രങ്ങളും ആയിതീൎന്നു. ഇംഗ്ലീ ഷുകാർ തങ്ങൾക്കു പലപ്പോഴും സഹായിച്ചുവന്നവനായ ഇളംകൂറുരാജാവിന്നു എതിരായി ആ വംശച്ഛിദ്രങ്ങളിൽ പ്രവേശിച്ചുതുടങ്ങി. അതിനാൽ ഇളംകൂർ സഹായത്തി ന്നായി പരന്ത്രീസ്സ്കാരോടു അപേക്ഷിച്ചു. കോട്ടയം, ക ടത്തനാട, എന്നീ രാജക്കന്മാരോടുകൂടി ഇംഗ്ലീഷകാൎക്കു പ്രതികൂലമായി ഒരു സന്ധിചെയ്കയും ചെയ്തു. തോമസ്സ് ദൊറിൻ അടുത്തുള്ള രാജാക്കന്മാരെയെല്ലാം ഉപേക്ഷിച്ചു ദൂരെയുള്ള ബെഡനൂർ രാജാവോടുകൂടി ഇളംകൂറിന്നു എ തിരായി ഒരു സന്ധിയും ചെയ്തു.

പരന്ത്രീസ്സുകാരാകട്ടെ ഈ അവസരം പാഴാതെ കള യാതെ ഫലപ്രദമാക്കിതന്നെതീൎത്തു. അവർ നാട്ടുരാജാ

ക്കന്മാരെകൊണ്ടു സൈന്യശേഖരം ചെയ്യിച്ചു തലശ്ശേരി കോട്ടയെ ആക്രമിപ്പിച്ചു. തോമസ്സ്ദൊറിൻ ഈ അവസരത്തിൽ ബെഡന്നൂർ രാജാവിനെക്കൊണ്ടു ഇളങ്കൂറിന്നു നീലേശ്വരത്തുള്ള കോട്ടകളെ ആക്രമിപ്പിച്ചു. ഇളങ്കൂർ സഹായാർത്ഥം പരന്ത്രീസ്സ സൈന്യം കാത്താമസംകൂടാതെ നീലേശ്വരത്തുചെന്നു കോട്ടയിൽ പ്രവേശിക്കയും ഏഴിമല, ഏറ്റിക്കുളം, എന്ന കോട്ടകളെ ആക്രമിച്ചു കൈക്കലാക്കുകയുംചെയ്തു. ഇങ്ങിനെ വളർപട്ടണത്തിന്നു വടക്കുള്ള രാജ്യങ്ങളെല്ലാം പരന്ത്രീസ്സിന്നു അധീനമായിതീൎന്നു. 1725-ൽ തലശ്ശേരി ആക്രമിച്ച സൈന്യം പലേ സൈന്യസ്ഥാനങ്ങളെ പിടിച്ചടക്കുകയും പട്ടണത്തിന്നു കൊള്ളിവെക്കുക മുതലായ പലേ അക്രമങ്ങൾ നടത്തുകയുംചെയ്തു. ഈ സമയത്തു ബോംബായിയിൽനിന്നു കുറെ കപ്പലുകൾ സൈന്യസമേതം എത്തിയതിനാൽ തലശ്ശേരിക്കു രക്ഷകിട്ടി.

തോമസ്സ്ദോറിന്നു തൻെറ തെററുകൾ ഈ അവസരത്തിലാണ് മനസ്സിലാക്കുവാൻ ഇടയായതു. പിന്നെ ഇദ്ദേഹം കോട്ടയംരാജാവിൻെറ സഹായത്തോടുകൂടി ഇളങ്കൂറുമായി 1725-ൽ തലശ്ശേരിയിൽവെച്ചു ഒരു സമാധാന ഉടമ്പടിചെയ്തു. അതിൽ 50,000 ഉറുപ്പിക കമ്പനിക്കാർ യുദ്ധചിലവിലേക്കു ഇളങ്കൂറിന്നു കൊടുപ്പാനും മാടക്കര കോട്ട മടക്കികൊടുപ്പാനും പകരം ഇളങ്കൂറു തനിക്കു തലശ്ശേരിക്കുസമീപമുള്ള സൈന്യസ്ഥാനങ്ങളെ പൊളിച്ചുകളവാനും ആയിരുന്നു നിശ്ചയിച്ചതു.

തോമസ്സ്ദോറിൻെറ പ്രവൃത്തിനിമിത്തം ഇംഗ്ലീഷു കമ്പനിക്കുണ്ടായ മാനഹാനിയും പ്രാബല്യക്കുറവും കാ

ലതാമസംകൂടാതെ വീണ്ടെടുത്തു നിലനിൎത്തിയതും പരന്ത്രീസ്സുകാരുടെ മഹിമയും പ്രാബല്യവും എന്നതിനൊക്കെ മലയാളത്തിൽ ചുരുക്കിയതും മിസ്റ്റർ ഹൊഡ്ജാഡിന്റെ ബുദ്ധിസാമൎത്ഥ്യവും പരാക്രമവും ആയിരുന്നു. തോമസ്സ് ദോറിൻ പോയതിന്റെ ശേഷം പകരം ആ സ്ഥാനത്തുവന്ന ഉടനെ മലയാളരാജ്യതന്ത്രങ്ങളെ മനസ്സിലാക്കുവാനും പരന്ത്രീസ്സുകാരുടെ ന്യൂനതകളെ ആരാഞ്ഞറിവാനുമായി ശ്രമിച്ചു മലയാളത്തിൽ കാൎയ്യസാദ്ധ്യം ഉണ്ടാകേണമെങ്കിൽ നാട്ടുരാജാക്കന്മാരെ സ്വാധീനത്തിൽ നിൎത്തേണമെന്നും പരന്ത്രീസ്സുകാരുടെ പിന്നിൽനിന്നുള്ള പ്രവൃത്തി ഉടയേണമെങ്കിൽ ഇംഗ്ലീഷുകാരും അതുപോലെതന്നെ പ്രവൃത്തിക്കേണമെന്നും ഇദ്ദേഹത്തിനു എളുപ്പത്തിൽ മനസ്സിലായി. എന്നുതന്നെയല്ല, പരന്ത്രീസ്സുകാരുടെ വളൎച്ചക്കു ഉടനെതന്നെ നിരോധംചെയ്യാത്ത പക്ഷം ഇംഗ്ലീഷുകാർ മലയാളത്തിൽനിന്നു ഓടേണ്ടിവരുമെന്നും ഇദ്ദേഹം തീരുമാനിച്ചു എന്നാൽ മേൽകോയ്മകളുടെ അനുവാദംകൂടാതെ കമ്പനികൾ പരസ്പരം യുദ്ധം പാടില്ല എന്ന നിഷ്കൎഷയും ഉണ്ടായിരുന്നു.

1756-ൽ നീലേശ്വരം രാജവംശത്തിൽ ഒരു ഛിദ്രം തുടങ്ങുവാൻ ഇടയുണ്ടായി. അവിടത്തെ വലിയ രാജാവു പരന്ത്രീസ്സുകാരുടെ അനുകൂലിയാകയാൽ ഹൊഡ്ജാഡ് അവിടത്തെ മൂന്നാംകൂറിനെ സ്വാധീനത്തിൽ നിൎത്തി പരന്ത്രീസ്സുകാരോടു യുദ്ധംചെയ്വാൻ വേണ്ടപ്പെട്ട സഹായങ്ങൾ ചെയ്തുകൊടുത്തു. മൂന്നാംകൂറു രാജാവു പരന്ത്രീസ്സുസൈന്യത്തെ നിശ്ശേഷം തോല്പിക്കുകയും അവരു

കോട്ടകളിൽവെച്ച കണ്ണൂറായ മട്ടിലായി കോട്ടയെ പിടിക്കുകയുംചെയ്തു. ഈ അവസരത്തിൽ അവർ ഇളങ്കൂറിനെ ശരണം പ്രാപിച്ചതിനാൽ അദ്ദേഹം മട്ടിലായി പരന്ത്രീസ്സുകാർതന്നെ വിട്ടുകൊടുപ്പാനും പകരം അവർ നീലേശ്വരം തിരിച്ചുകൊടുപ്പാനും യുദ്ധചിലവിലേക്കുവേണ്ടി പരന്ത്രീസ്സുകാർ തനിക്കു സഹായിച്ചിട്ടുള്ള 60,000 ഉറുപ്പിക അവർ ഉപേക്ഷിക്കുവാനും മദ്ധ്യസ്ഥംപറഞ്ഞു കാര്യം അവസാനിപ്പിച്ചു മട്ടിലായി സ്വാധീനത്തിൽ വന്നപ്പോൾ പരന്ത്രീസ്സുകാർ വാഗ്ദത്തപ്രകാരമുള്ള കാര്യങ്ങളൊന്നും നടത്തിയില്ല. ഈ ചതിനിമിത്തം ഇളങ്കൂർ തക്കതായ പ്രതികാരം ചെയ്യാനുള്ള അവസരവും പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

1756 അക്ടോബർമാസത്തിൽ രണ്ടു കമ്പനികളുടേയും മേൽകോയ്മകൾ യൂറോപ്പിൽവെച്ച ഒരു യുദ്ധം തുടങ്ങുവാൻ ഇടയായി. തലശ്ശേരിനായകനും ഇളംകൂറിനും ഇതുനിമിത്തം ഉണ്ടായ സന്തോഷാതിരേകം ഇത്രയാണെന്നു പറവാൻ പ്രയാസം ഈ അവസരം വെറുതെ കളയരുതെന്നു കരുതി തലശ്ശേരി നായകൻ യുദ്ധത്തിന്നു വേണ്ടുന്ന എല്ലാ ഒരുക്കങ്ങളും തലശ്ശേരിയിൽ ശേഖരിച്ചുതുടങ്ങി. കോട്ടയം, കടത്തനാട ഈ രാജാക്കന്മാരേയും ഇരുവാഴി നമ്പ്യാന്മാരേയും കരാറുമൂലം സ്വാധീനത്തിൽ നിത്തി. ഇളംകൂറും തന്റെ പ്രതിക്രിയക്കുള്ള അവസരം ഇതുതന്നെ എന്നു കരുതി ഇംഗ്ലീഷുകാരോടുകൂടിയുള്ള പഴയ സ്നേഹത്തെ സ്വീകരിച്ചു. പരന്ത്രീസ്സുകാർക്ക ഈ അവസരം നീലേശ്വരം യുദ്ധംനിമിത്തം ഉണ്ടായ ദ്രവ്യനാശത്താ

ലും വ്യാപാരക്ഷയത്താലും ബന്ധുക്കളായ നാട്ടുരാജാക്കന്മാർ ശത്രുപക്ഷത്തിൽ ചേൎന്നതിനാലും അതികഷ്ടതരം എന്നെ പറയേണ്ടതുള്ളു.

ഈ ദശയിൽ 1760-ൽ ഇംഗ്ലീഷു സേനാധിപനായ മേജർ ഹെക്ടർമൻെറാ നാലു കപ്പലുകളോടും അറുന്നൂററിമുപ്പത്തഞ്ചു ആളുകളോടുംകൂടി തലശ്ശേരിയിൽ എത്തിച്ചേൎന്നു. ഇതുനിമിത്തം പരന്ത്രീസ്സുകാൎക്കുണ്ടായ പരിഭ്രമവും നാട്ടുകാൎക്കും ഇംഗ്ലീഷുകാൎക്കും ഉണ്ടായ സന്തോഷവും ഇത്രയാണെന്നുപറവാൻ പ്രയാസം. പത്തുദിവസത്തിന്നുള്ളിൽ മയ്യഴിയിൽ ഇംഗ്ലീഷുകൊടി നാട്ടുവാൻ ഇടയായി. പരന്ത്രീസ്സുസൈന്യങ്ങളേയും യുദ്ധസാമാനങ്ങളേയും തലശ്ശേരിയിലേക്കു കൊണ്ടുവന്നു. നാട്ടുരാജാക്കന്മാർ പരന്ത്രീസ്സുകാൎക്കു വടക്കുള്ള കോട്ടകളെ ആക്രമിച്ചുതുടങ്ങി. ഏഴുട്ടിക്കുളം കോട്ട ആലിരാജാവു പിടിച്ചു സ്വാധീനത്തിലാക്കിയെങ്കിലും പിന്നെ ഇംഗ്ലീഷുകാർ അതിനെ കൈവശപ്പെടുത്തി പൊളിച്ചുകളകയാണ ചെയ്തതു. അടുത്ത കൊല്ലത്തിൽതന്നെ മാടക്കരകോട്ടയും കത്തിച്ചുകളഞ്ഞു. ഈ തോൽമനിമിത്തം പരന്ത്രീസ്സുകാരുടെ അധികാരമെല്ലാം ക്ഷയിക്കയും ഇംഗ്ലീഷുകാർ മലയാളത്തിൽ വ്യാപാരസംബന്ധമായി ഏകാധിപത്യം വഹിക്കുകയുംചെയ്തു.

1763-ൽ ഇംഗ്ലണ്ടും ഫ്രാൻസ്സും തമ്മിൽ നടന്ന സന്ധിനിമിത്തം മയ്യഴി പരന്ത്രീസ്സുകാൎക്കുതന്നെ തിരിച്ചുകൊടുത്തുവെങ്കിലും അതിൽപിന്നെ മലയാളത്തിൽ അവരുടെ ഖ്യാതിക്കു പ്രചാരമുണ്ടായിരുന്നില്ല. ഇംഗ്ലീഷുകാർ 1793-ൽ പിന്നെയും ഈ കോട്ട പിടിച്ചെടുക്കുകയും 1817-ൽ രണ്ടാമതും മടക്കികൊടുക്കയും ചെയ്തിരിക്കുന്നു.

ഇപ്രകാരം 18-ാംനൂററാണ്ടിന്റെ മദ്ധ്യകാലത്ത ഇംഗ്ലീഷുകമ്പനി മലയാളത്തിൽ അതി ശക്തിമത്തായിതീൎന്നു. സാമൂതിരിയും ഇംഗ്ലീഷു കമ്പനിയോടുകൂടി യോജിച്ചു തിരുവനന്തപുരം രാജാവും ഇംഗ്ലീഷുകാരുടെ മിത്രമായിതീൎന്നു. അവിടെ നേരിട്ട അരാജകസ്ഥിതിയെ അകററുവാൻവേണ്ടി ഇംഗ്ലീഷുകാർ അളവററ സഹായം ചെയ്തുകൊടുപ്പാനും ഇടവന്നിരുന്നു.

—. —

## 55-ാം അദ്ധ്യായം.

### സാമൂതിരിയും കൊച്ചിയും തമ്മിലുള്ള യുദ്ധം.

പതിനെട്ടാംനൂററാണ്ടിന്റെ മദ്ധ്യകാലത്തു രണ്ടു പുലികളുടെ മദ്ധ്യത്തിൽപെട്ട പശുവിന്റെ നിലപോലെയായിരുന്നു കൊച്ചിരാജ്യത്തിന്റെ സ്ഥിതി. തെക്കുഭാഗത്തുനിന്നു ശക്തനായ ബാലമാൎത്താണ്ഡവൎമ്മ കുലശേഖരപെരുമാൾ കേരളചാണക്യൻ എന്നു സുപ്രസിദ്ധനായ രാമയ്യൻദളവയുടെ മന്ത്രശക്തിയാകുന്ന അമരത്തെ ആശ്രയിച്ചുംകൊണ്ടു രാജ്യഭാരം തുടങ്ങി. ഇവർ എട്ടുവീട്ടുപിള്ളമാരെ വെട്ടികൊന്നു കൊട്ടാരക്കര, എളേടത്തനാട, ചേററുവാ, ദേശിംഗനാട, മുതലായ നാട്ടുവാഴികളെ ജയിച്ചു പെരുമ്പടപ്പു മേൽകോയ്മക്കുകീഴിൽ ഇരിക്കുന്ന തിരുവില്ലാക്ഷേത്രവും കൈവശപ്പെടുത്തി തിരുവിതാംകൂറിന്റെ പ്രതാപവും ശക്തിയും ഏററവും ഉയൎന്നനിലയിൽ ആക്കിതീൎത്തു. എന്നാൽ ബാലമാൎത്താണ്ഡവൎമ്മാവിന്റെ പ്രതാപാനലൻ ഇപ്രകാരം ഉജ്വലിക്കുംതോറും രാമയ്യ

ൻദളവയുടെ മന്ത്രപൂൎവ്വകമായ ഉപദേശാജ്യാഹൂതിയുടെ സമ്പൎക്കംനിമിത്തം അയൽപ്രദേശമായ കൊച്ചിരാജ്യത്തെക്കൂടി ആസാദിച്ചുതുടങ്ങി. പിന്നെ അമ്പലപ്പുഴ, തെക്കുംകൂറ, വടക്കുംകൂറ, മുതലായ സ്ഥലങ്ങളെ കൈവശപ്പെടുത്തിയതിനാൽ കൊച്ചിരാജാവു ഭയാക്രാന്തനായിതീൎന്ന തിരുവിതാംകൂർ മഹാരാജാവിനോടുകൂടി 1757-ൽ മാവേലിക്കരയിൽവെച്ചു ഒരു സന്ധിചെയ്കയുണ്ടായി. തിരുവിതാംകൂറരാജാക്കവാടുകൂടി എന്നും സ്നേഹനിലയിൽ ഇരുന്നുകൊള്ളാമെന്നും തിരുവിതാംകൂർ പിടിച്ചടക്കിയ രാജ്യങ്ങളെല്ലാം അവർതന്നെ കൈവശം വെച്ചുകൊൾവാനും സാമൂതിരിനിമിത്തം ഉള്ള ശല്യങ്ങൾ തീൎത്തുതരുന്നപക്ഷം പരവൂരും ആലങ്ങാടും തിരുവിതാംകൂറിലേക്ക വിട്ടുകൊടുക്കുന്നതാണെന്നും ആയിരുന്നു സന്ധിയിലെ നിശ്ചയം ഈ ഉടമ്പടിപ്രകാരം കൊച്ചിക്കാർ ഉടനെ പ്രവൃത്തിക്കാത്തതുനിമിത്തം കുറെകാലംകൂടി സാമൂതിരിയുടെ ശല്യങ്ങൾ അനുഭവിക്കേണ്ടതായിതന്നെ വന്നു.

ഇപ്രകാരം പ്രതിദിനം തിരുവിതാംകൂറിൻെറശക്തി വൎദ്ധനകണ്ടതിനാൽ ഡച്ചുകാരും ഭയപ്പെട്ടു 1746-ൽ മാവേലിക്കരയിൽവെച്ചു തിരുവിതാംകൂറോടുകൂടി ഒരു സന്ധിയുണ്ടായി. തിരുവിതാംകൂറിന്നു എതിരായി ഡച്ചുകാർ യാതൊരു നാട്ടുരാജാക്കന്മാൎക്കും സഹായിപ്പാൻ പാടില്ലാ എന്നായിരുന്നു അതിലെ നിശ്ചയം. ഇതുനിമിത്തം കൊച്ചിരാജാവിന്നു ഡച്ചുകാരുടെ സഹായവും ഇല്ലാതായിതീൎന്നു. 1755-ൽ സാമൂതിരി ചേററുവായി ആക്രമിച്ചു അവിടെ ലന്തക്കാൎക്കുള്ള ചെറിയ കോട്ടകളെയെല്ലാം അ

ടിച്ചടച്ചുകളഞ്ഞ കൊച്ചിരാജ്യത്തെ ആക്രമിക്കുവാൻ അതിസൌകൎയ്യമുള്ള ആ സ്ഥലത്തു കോട്ടകളെകെട്ടി സൈന്യങ്ങളെ ശേഖരിച്ചുതുടങ്ങി.

ദിനംതോറും വൎദ്ധിച്ചുകൊണ്ടിരിക്കുന്ന തിരുവിതാംക്കൂറു ശക്തിയെ ഒതുക്കിനിൎത്താത്തപക്ഷം കാലക്രമത്തിൽ തന്റെ ശക്തിക്കും പ്രതാപത്തിന്നും ഹാനിതട്ടാൻ ഇടയുണ്ടെന്നു മൂന്നാമത്തെശക്തൻ സാമൂതിരി മനസ്സിലാക്കി. ഇതിനെപററി മന്ത്രിശ്രേഷ്ഠനായ മങ്ങാട്ടച്ചനോടുകൂടി ആലോചിച്ചപ്പോൾ അദ്ദേഹം രണ്ടുവഴികളാണ ആലോചിച്ചുനൎത്തിച്ചതു. തിരുവിതാംക്കൂറുമായി നേരിട്ടു യുദ്ധം ചെയ്തുജയിപ്പാൻ ഇപ്പോൾ എളുപ്പമല്ലാത്തതുകൊണ്ടു അതു അസാദ്ധ്യമാണെന്നും അതുനിമിത്തം കൊച്ചിരാജാവിന്നു സഹായിച്ചുംകൊണ്ടു തിരുവിതാംക്കൂറിനെ തോല്പിച്ചതിൽപിന്നെ യുക്തംപോലെ തിരിയാമെന്നും ആയിരുന്നു മങ്ങാട്ടച്ചന്റെ ആലോചന. സാമൂതിരി മുമ്പ തിരുവിതാംക്കൂറിന്നു എതിരായി കൊച്ചിരാജാവിന്നു പലെ സഹായങ്ങളും ചെയ്തിട്ടുണ്ടെങ്കിലും ഒന്നും ഫലപ്രദമായിതീരാത്തതിനാൽ കൊച്ചി മന്ത്രിയായ പാലിയത്ത് കൊമ്പി അച്ഛൻ മങ്ങാട്ടച്ഛന്റെ സൂത്രത്തോടു യോജിച്ചില്ല. എന്നുതന്നെയല്ല, പൂൎവ്വശത്രുവായ സാമൂതിരിയുടെ തൽക്കാലസഹായംകൊണ്ടു കൊച്ചിക്കു യാതൊരു ഗുണവും സിദ്ധിപ്പാൻ വഴിയില്ലെന്നും തിരുവിതാംക്കൂർ അതിൎത്തി ദിനംപ്രതി വടക്കോട്ടു ആക്രമിച്ചുവരുന്നതുകൊണ്ടു ഏതുവിധമെങ്കിലും തിരുവിതാംക്കൂറുമായി സന്ധിക്കയാണു വേണ്ടതെന്നും ആലോചിച്ചുറച്ചു.

സാമൂതിരിയുടെ ഉദ്ദേശങ്ങളെല്ലാം ഇങ്ങിനെ നിഷ്ഫലങ്ങളായിത്തീൎന്നതിനാൽ കൊച്ചിയിലെ ഇടപ്രഭുക്കന്മാരായ പരവൂർ എളമ, മങ്ങാട്ട മൂത്തെരിപ്പാട, കൊടശ്ശേരി മൂത്തകയ്മൾ, മുരിയനാട്ട നമ്പ്യാർ, എന്നിവരെ സ്വാധീനപ്പെടുത്തി വിശ്വാസവഞ്ചന ചെയ്യുന്നതില്ലെന്നു പറഞ്ഞു വില്ലുംവിലയും എഴുതിവെക്കുകയും ചെയ്തു. പിന്നെ 1756-ൽ ആലുവായി, വരാപ്പുഴ, മട്ടാഞ്ചേരി, കോതനാട, പാത്തനാട എന്നീ സ്ഥലങ്ങളിൽ കോട്ടകൾ സ്ഥാപിച്ച സൈന്യങ്ങളെ ഒരുക്കിത്തുടങ്ങി. 1757-ൽമാവേലിക്കരവെച്ചുണ്ടായ സമാധാന ഉടമ്പടി അറിഞ്ഞതിന്റെ ശേഷം യുദ്ധത്തിന്നു പുറപ്പെട്ടുകയുംചെയ്തു.

1757-ൽ കൊടുങ്ങല്ലൂർ, പരവൂർ, ആലങ്ങാട, എന്ന സ്ഥലങ്ങളെ കീഴടക്കി ആലുവായി മുതലായ സ്ഥലങ്ങളിൽ അനേകം പട്ടാളങ്ങളെ താമസിപ്പിച്ചു. സാമൂതിരിപ്പാട്ടിലെ പാവക്കാട്ടുള്ള സൈന്യം നേരെ പുറപ്പെട്ടുവന്നു തൃശ്ശിവപ്പേരൂർ നമ്പൂരിമാരുടെ സഹായത്തോടുകൂടി തൃശ്ശിവപ്പേരൂർ പിടിച്ച അതിനെ സാമൂതിരിയുടെതലസ്ഥാനമാക്കിവെച്ചു. 1757 മുതൽ 1762 വരെ തൃശ്ശിവപേരൂർ മൂന്നാംശക്തൻ സാമൂതിരിയുടെ തലസ്ഥാനമായിത്തീൎന്നു. തലപ്പിള്ളി, മുകുന്നപുരം എന്നിങ്ങിനെയുള്ള സ്ഥലങ്ങളിലെ പ്രധാനികളും സാമൂതിരിക്കു കീഴടങ്ങി. സാമൂതിരി സൈന്യം പിന്നെ കൊച്ചി മന്ത്രിയായ പാലിയത്തച്ചന്റെ രാജ്യമായ ചേന്നമംഗലത്തെ ആക്രമിച്ച പാലിയത്ത വീട്ട പൊളിച്ചെടുത്തു അവിടെ കറിയും വാടയും ഇട്ടുറപ്പിച്ചു. ഈ അവസരത്തിൽ ഉടമ്പടിപ്രകാരം തിരു

വിതാംക്രൂറ സഹായം ലഭിയാഞ്ഞതിനാൽ കൊച്ചി അധികമായ കഷ്ടവും നഷ്ടവും അനുഭവിക്കേണ്ടിവന്നു.

175 -ൽ ചേറവാ, മണപ്പുറം മുതലായ സ്ഥലങ്ങൾ വീണ്ടെടുപ്പാൻവേണ്ടി കൊച്ചി വീരകേരളതമ്പുരാനും കുമുദവരു എന്ന ഡച്ചുകാരനും വെവ്വേറെ സൈന്യങ്ങളോടുകൂടി പുറപ്പെട്ടു. കുമുദവരു എന്ന ആൾ ഡച്ചുകമ്പിനി വിട്ടു കൊച്ചിരാജസൈന്യത്തിൽ ചേൎന്ന ഒരു ഡച്ചുകാരനായിരുന്നു. വീരകേരളതമ്പുരാൻെറ സൈന്യം തിരുവഞ്ചിക്കുളത്തു എത്തിയപ്പോഴേക്കു കുമുദവരുടെ സൈന്യം സാമൂതിരിസൈന്യത്തോടു തോററുമടങ്ങിയ വിവരം അറിഞ്ഞതിനാൽ സാമൂതിരിസൈന്യത്തെ നേരിട്ടു ജയിപ്പാൻ ഉള്ള ശക്തി സ്വസൈന്യത്തിനില്ലെന്നുകരുതി വീരകേരളതമ്പുരാനും എണ്ണാകുളത്തേക്കു മടങ്ങിപോകേണ്ടിവന്നു.

ഇതിനിടയിൽ തിരുവിതാംക്രൂറു രാജാവിനാൽ തോല്പിക്കപ്പെട്ട തെക്കുംക്രൂറും, വടക്കുംക്രൂറും, സാമൂതിരിയെ ശരണംപ്രാപിച്ചു. സാമൂതിരി ഇവരുടെ രക്ഷക്കുവേണ്ടി തിരുവിതാംക്രൂറിനെ ആക്രമിക്കുവാൻ തീൎച്ച്യയാക്കി പരവൂൎനിന്നും പുറക്കാട്ടിലേക്കു സൈന്യങ്ങളോടുകൂടി പുറപ്പെട്ടു. ഈ അവസരത്തിൽ തെക്കുംക്രൂറും വടക്കുംക്രൂറും സാമൂതിരിയെ വിട്ടു തിരുവിതാംക്രൂറു രാജാവിനോടുതന്നെ യോജിച്ചു. ഈ വിവരം അറിഞ്ഞു രാമയ്യൻ പെട്ടെന്നു സൈന്യസമേതം പുറപ്പെട്ടുവന്നു സാമൂതിരിസൈന്യത്തെ തോല്പിച്ചോടിച്ചു. സാമൂതിരി രണ്ടാമതും തിരുവിതാംക്രൂറിനെ ആക്രമിക്കുവാൻ സൈന്യശേഖരത്തോടുകൂടി പുറപ്പെട്ടു

വെങ്കിലും സ്വരാജ്യത്തെ ആക്രമിക്കുവാൻ മൈസൂർ പട പുറപ്പെട്ടുന്നുണ്ടെന്ന വത്തമാനംകേട്ടു സ്വരാജ്യത്തേക്കുതന്നെ മടങ്ങിപ്പോകേണ്ടിവന്നു.

1758-ൽ മാത്താണ്ഡവമ്മ മഹാരാജാവു തീപ്പെട്ടു. 1759-ൽ തൃശ്ശൂരിൽ വാണിരുന്ന ശക്തൻ സാമൂതിരിയും തീപ്പെട്ടു. 1760-ൽ കൊച്ചിയിലെ രാമവമ്മ മഹാരാജാവു തീപ്പെട്ടു. വീരകേരളവമ്മ മഹാരാജാവു സ്ഥാനാരോഹണവുംചെയ്തു. അദ്ദേഹം ഉടൻതന്നെ തിരുവിതാംകൂറോടുകൂടി സഖ്യംചെയ്തു 1761-ൽ ശുചീന്ദ്രത്തുവെച്ചു ഉടമ്പടിപ്രകാരമെല്ലാം നടന്നുകൊള്ളാമെന്നു പ്രതിജ്ഞയും ചെയ്തുകൊടുത്തു. അതിലെ നിശ്ചയം മേലിൽ അന്യോന്യം സഹായികളായിരിപ്പാനും തിരുവിതാംകൂറിന്നു വിരോധമായി കൊച്ചി യാതൊന്നും പ്രവൃത്തിക്കയില്ലെന്നും സാമൂതിരി പിടിച്ചടക്കിയ രാജ്യങ്ങളെ കൊച്ചിക്കുതന്നെ വീണ്ടെടുത്തുകൊടുപ്പാനും യുദ്ധംനിമിത്തം ഉണ്ടാകുന്ന ചിലവു കൊച്ചിതന്നെ സഹിപ്പാനും പരവൂരും ആലങ്ങാടും തിരുവിതാംകൂറിന്നു വിട്ടുകൊടുപ്പാനും ആയിരുന്നു.

ഉടനെ തിരുവിതാംകൂറിൽനിന്നു അയ്യപ്പൻ മാത്താണ്ഡപിള്ളയും ഡിലിനൊയും സൈന്യങ്ങളെ തെയ്യാറാക്കി കൊച്ചിയിലേക്കു അയച്ചു. കൊച്ചി സൈന്യവും ഇവരോടുകൂടിച്ചേൻറു രണ്ടു ശാഖകളായിട്ടു ഒന്നു മണപ്പുറം വഴിയായി ചാവക്കാട്ടുവന്നു സാമൂതിരിസൈന്യങ്ങളെ തോല്പിച്ചു. മറെറാരുശാഖ വരാപ്പുഴ, ചാത്തനാട, കോതനാടു മുതലായ സ്ഥലങ്ങളെ പിടിച്ചു കരിവപ്പടന്ന വഴിയായി തൃശ്ശൂരിൽ വന്നുചേൻറു. ശക്തൻ സാമൂതിരിയുടെ മരണം

നിമിത്തവും മൈസൂർ പടയുടെ വരവു ഉദ്ദേശിച്ചുണ്ടായ പരിഭ്രമം നിമിത്തവും രാജ്യത്തിൽ പ്രധാനികൾ തമ്മിലു ള്ള ഛിദ്രം നിമിത്തവും സാമൂതിരിക്കു തിരുവിതാംകൂർ സൈന്യത്തെ വേണ്ടപോലെ തടുത്തുനിൎത്താൻ ശക്തിയി ല്ലാതെ വന്നുപോയി.

1763-ൽ സാമൂതിരി തന്റെ പട്ടാളത്തിലെ ഒരു പ്ര ധാനപുരുഷനായ ഗോപാലതലച്ചന്നവർ എന്ന ആളെ പത്മനാഭപുരത്തയച്ചു തിരുവിതാംകൂർ മഹാരാജാവി നോടു സമാധാനത്തിന്നപേക്ഷിച്ചു ഉടമ്പടി എഴുതുകയും ചെയ്തു. ഈ ഉടമ്പടിനിശ്ചയങ്ങൾ സാമൂതിരി യുദ്ധ ചിലവിന്ന ലക്ഷത്തമ്പതിനായിരം ഉറുപ്പിക തിരുവിതാം കൂറിന്നു കൊടുപ്പാനും മേലിൽ അന്യോന്യം സഖ്യമായിരി പ്പാനും കൊച്ചിരാജ്യത്തെ ഉപദ്രവിക്കാതിരിപ്പാനും ആ യിരുന്നു. പിന്നീട കൊച്ചിരാജാവു വാഗ്ദത്തപ്രകാരം ആ ലങ്ങാടും പറവൂരും തിരുവിതാംകൂറിലെക്കു വിട്ടുകൊടുക്കു കയും ചെയ്തു.

ഇതിന്റെ ശേഷമാണ് കൊച്ചി തിരുവിതാംകൂർ രാ ജ്യരക്ഷക്കുവേണ്ടി നെടുങ്കോട്ട പണിയിച്ചതു. ഇതു പള്ളി പ്പുറത്തുനിന്നു മുപ്പതുനാഴിക ദൂരത്തോളം മലകളിൽ എ ത്തുന്നതായ ഒരു മൺകോട്ടമതിലും ഒരു വലിയ കിടങ്ങും ഉള്ളതായിരുന്നു. കൂടാതെ ഇതിന്റെ ഓരൊ അററത്തും വളരെ ബലമുള്ളതായ കോട്ടകളും ഇടക്കിടെ ഓരൊ കൊ ത്തളങ്ങളും ഉണ്ടായിരുന്നു. ഇതിന്റെ ശകലങ്ങൾ ഇ പ്പോഴും കാണ്മാനുണ്ടു.

# 56-ാം അദ്ധ്യായം.

## ഹൈദരുടെ വരവു.

## 1766—1784.

മുഹമ്മദീയരാജാക്കന്മാരുടെ കാലങ്ങളിൽ പല മുഹമ്മദീയകുഡുംബങ്ങളും തങ്ങളുടെ സ്വദേശമായ പടിഞ്ഞാറെ ആസ്യയിൽനിന്നു ഇന്ത്യയിൽ പലസ്ഥലങ്ങളിലുംവന്നിരുന്നു. അങ്ങിനെ വന്നാക്കൂട്ടത്തിൽ ബഗ്ഗ്ഡാഡ് എന്ന സ്ഥലത്തുനിന്നു വന്ന കൊറീഷവർഗ്ഗക്കാരായ ഹാസ്സൻ തന്റെ കുഡുംബത്തോടുകൂടി അജ്മിയറിൽ താമസിച്ചു വന്നിരുന്നു. ഇയാളുടെ പൌത്രനായ ആലിമുഹമ്മദ് 1678-ൽ മൈസൂരിൽ കോലാർ എന്നസ്ഥലത്തുവെച്ചാണ് മരിച്ചതു. ഇയ്യാളുടെ മകൻ ഫാററാമുഹമ്മദ് മൈസൂർ സൈന്യത്തിൽ ഒരു ഭടനായിചേൎന്നു കാലക്രമേണ ഒരു സേനാധിപനായിതീൎന്ന ആളായിരുന്നു. ഇദ്ദേഹത്തിന്നു മൂന്നു ഭാൎയ്യമാരുള്ളതിൽ ഒടുവിലത്തെ ഭാൎയ്യയിൽ 1717-ൽ ജനിച്ചമകനായിരുന്നു ഹൈദർ. ഹൈദർ എന്ന വാക്കിന്റെ അൎത്ഥം സിംഹം എന്നാകുന്നു.

ഹൈദൎക്കു വിദ്യാഭ്യാസം ഉണ്ടായിട്ടില്ലെന്നു മാത്രമല്ല എഴുതുവാനും വായിപ്പാനുംകൂടി പരിചയമില്ലയായിരുന്നു. എന്നാൽ ആയുധാഭ്യസത്താൽ അതിവിരുതനും നല്ല ധൈൎയ്യവും ധാരണാശക്തിയും ഉള്ളവനും തോൽമയിൽ മനചാഞ്ചല്യം നേരിടാത്തവനും ആയിരുന്നു. ഹൈദൎക്കു 12 വയസ്സായപ്പോൾ അദ്ദേഹത്തിന്റെ അച്ഛൻ ഒരു യുദ്ധത്തിൽ മരിച്ചുപോയി. തന്നിമിത്തം തന്റെ അമ്മയും ജ്യേഷ്ഠനും വളരെ കഷ്ടത്തിൽ കാലം കഴിക്കേണ്ടിവ

ന്നു. പിന്നെ ജ്യേഷ്ഠനായ ഷബാസ്സ്ഖാൻ പട്ടാളത്തിൽ ചേരുകയും അധികം കാലതാമസം കൂടാതെ ആയിരം കാലാൾ പടക്കും 200 കുതിരപ്പട്ടയാളികൾക്കും അധിപ നായിത്തീരുകയും ചെയ്തു. അക്കാലം ഹൈദരും ജ്യേഷ്ഠ ൻെറകൂടെ ശമ്പളം ഇല്ലാതെ സൈന്യസംബന്ധമായ പ ലെ പ്രവൃത്തികളും ചെയ്തിരുന്നു. അന്നത്തെ മൈസൂർ മന്ത്രിയായ നാഞ്ചിരാജ ഹൈദരുടെ യുദ്ധവിദഗ്ദ്ധതയും ധൈൎയ്യപരാക്രമങ്ങളും കണ്ടു അതിശയപ്പെട്ടു ഹൈദരെ ഒരു ചെറുസൈന്യത്തിൻെറ നായകനായി നിയമിച്ചു 1749-ൽ തൻെറസഹോദരൻെറകൂടെ ആക്കാട്ടിലെക്ക അ യച്ചു. ഈ യുദ്ധത്തിൽ ഹൈദരുടെ യോഗ്യതയും ഖ്യാ തിയും ശോഭിച്ചുതിളങ്ങി. യുദ്ധത്തിൽ ശത്രുക്കളുടെ വക കുറെ വലിയതോക്കുകൾ കിട്ടിയതുകൂടാതെ ധാരാളം ക വൎച്ചധനവും കൈക്കലാക്കുവാൻ ഇടവന്നു. പിന്നെ ക ണ്ടിറാവു എന്ന ഒരു മഹാരാഷ്ട്രബ്രാഹ്മണനെ ഹൈദർ ത ൻെറ കാൎയ്യദൎശിയായി സ്വീകരിച്ചു. 1755-ൽ ഹൈദരി നെ മൈസൂർ അധീനത്തിൽപെട്ട ഡിണ്ടിക്കലിലെ ദേ ശാധിപതിയായി നിശ്ചയിച്ചു. അദ്ദേഹം ഇവിടെവെച്ചു പരന്ത്രീസ്സുകാരുടെ സഹായത്തോടുകൂടി സൈന്യങ്ങളെ വൎദ്ധിപ്പിക്കുകയും യുദ്ധസാമാനങ്ങളെ ശേഖരിക്കുകയും എ ന്നുവേണ്ട തൻെറ ഭാവിശ്രേയസ്സിന്നു അടിസ്ഥാനമായ എല്ലാ എൎപ്പാടുകളും ചെയ്തുകൊണ്ടിരിക്കുകയും ചെയ്തു. 1759-ൽ മഹരാഷ്ട്രർ മൈസൂർ രാജ്യത്തെ ആക്രമിച്ച പ്പോൾ ഹൈദർ അവരെ തോല്പിച്ചോടിച്ചതിനാൽ ഫാ റൊ ഹൈദർബഹദ്ദൂർ, എന്ന സ്ഥാനം മൈസൂർ രാജാവി ങ്കൽനിന്നു ഹൈദൎക്കു കിട്ടുകയുംചെയ്തു.

ഇപ്രകാരം പ്രതിദിനം അഭിവൃദ്ധിയോടുകൂടിയിരിക്കുന്ന തന്റെ അഭ്യുദയത്തിൽ സന്തുഷ്ടനായിരിക്കുന്ന കണ്ടിറാവിന്റെ സഹായം നിമിത്തം ഹൈദർ 1760 ൽ മൈസൂരിൽ പ്രധാനമന്ത്രിയായിത്തീരുകയും 1761-ൽ രാജാവിനെ ബന്ധനത്തിലാക്കി രാജ്യകാര്യങ്ങളെല്ലാം യഥേഷ്ടം നടത്തുകയുംചെയ്തു. ഇങ്ങിനെ മൈസൂരിൽ തനിക്കു ആധിപത്യം കിട്ടിയതിന്റെശേഷം അന്യദിക്കിലും സ്വശക്തിയെ പ്രചരിപ്പിക്കേണമെന്നുകരുതി ഒന്നാമതായി ബെഡനൂർ ആക്രമിച്ചു കൈവശപ്പെടുത്തുകയും പിന്നെ മലയാളം ആക്രമിപ്പാൻ അവസരം പ്രതീക്ഷിച്ചു കൊണ്ടിരിക്കയും ചെയ്തു.

എന്നാൽ അക്കാലത്തു മലയാളത്തിന്റെ സ്ഥിതി എങ്ങിനെയെന്നുള്ളത ആലോചിക്കേണ്ടതുതന്നെയാണ്. 1757-ൽ സാമൂതിരി പാലക്കാട ആക്രമിച്ചു നടുവട്ടം കൈവശപ്പെടുത്തിയപ്പോൾ പാലക്കാട രാജാവു ഹൈദരോടു സഹായത്തിനാപേക്ഷിച്ചതിനാൽ ഹൈദർ മാക്കാദാസാഹിബിനെ സൈന്യസമേതം മലയാളത്തിൽ അയച്ചിട്ടുണ്ടായിരുന്നു. മലയാളത്തിൽ ആദ്യമായി കടന്ന മുഹമ്മദസൈന്യം ഇതായിരുന്നു. സാമൂതിരി യുദ്ധംനിത്തി പിടിച്ചെടുത്ത രാജ്യം മടക്കികൊടുക്കാമെന്നും യുദ്ധച്ചിലവിലേക്കു 10 ലക്ഷം ഉറുപ്പിക കൊടുക്കാമെന്നും കരാറുചെയ്തിട്ടുണ്ടായിരുന്നു. ബെഡനൂർ യുദ്ധത്തിൽ കോലത്തിരി ബെഡനൂർ രാജാവിന്നു 15 ലക്ഷം ഉറുപ്പിക കൊടുപ്പാൻ വാഗ്ദത്തംചെയ്തിട്ടുണ്ടായിരുന്നു. ഹൈദർ ബെഡനൂർ ജയിച്ചപ്പോൾ ആ അവകാശം തനിക്കു കിട്ടേണ്ടതാണെന്നു

തീച്ചപ്പെടുത്തി. സ്വജാതീയനായ ഹൈദരുടെ ജയം കൊണ്ടു കണ്ണൂർ ആലിരാജാവു സന്തോഷിക്കുകയും കോലത്തിരിയുടെ മഹിമയെ ക്ഷയിപ്പിച്ചു സ്വശക്തിയെ പ്രബലപ്പെടുത്തുവാൻ ഹൈദർ സഹായം ഉണ്ടാകുന്നതാണെന്നു കരുതുകയുംചെയ്തു. ഈ അവസരത്തിൽ ആലിരാജാവു ഒരു പള്ളിയിൽ സ്വൎണ്ണസൂചി വെച്ചതിനെപ്പററി അനീതിയെന്നും അൎഹതയില്ലാത്തതെന്നും മററും വാദിച്ചു കോലത്തിരിരാജാവു കണ്ണൂർ മുഹമ്മദീയരെ ശത്രുക്കളാക്കിതീൎത്തു. ഇതുതന്നെ നല്ല അവസരം എന്നു കരുതി ആലിരാവു കോലത്തിരിവംശത്തിലെ കപ്പുതമ്പാന്നു സഹായമായിനിന്നു 176F–ൽ കോലത്തിരിയോടു യുദ്ധത്തിന്നു പുറപ്പെടുകയും ഹൈദരാലിയെ സഹായത്തിന്നു ക്ഷണിക്കുകയുംചെയ്തു സാമൂതിരിയോടും കോലത്തിരിയോടും തനിക്കു കിട്ടുവാനുള്ള സംഖ്യ വസൂലാക്കുവാനും കപ്പുതമ്പാനെ സഹായിപ്പാനും ഉള്ള ഉദ്ദേശത്തിന്മേൽ ഹൈദരും വമ്പിച്ച സൈന്യത്തോടുകൂടി മലയാളത്തിൽ കടന്നു.

ഹൈദർ ഉടനെ ആലിരാജാവിനെ തന്റെ കപ്പൽ സൈന്യത്തിന്നു അധിപനായി നിശ്ചയിച്ചു മാലദ്വീപുകൾ പിടിക്കുവാൻവേണ്ടി അയച്ചു. ആലിരാജാവു ദ്വീപുകളെ പിടിച്ചു അവിടത്തെ രാജാവിനെ തടവുകാരനാക്കി അദ്ദേഹത്തിന്റെ കണ്ണുംകുത്തിപ്പൊട്ടിച്ചു ഹൈദരുടെ അടുക്കെ കൊണ്ടുവന്നു. ഹൈദർ ഈ ക്രൂരകൎമ്മം നിമിത്തം വളരെ ക്രോധിക്കുകയും ആലിരാജാവിനെ കപ്പൽ സൈന്യത്തിൽനിന്നു പിരിച്ചു ആ ഉദ്യോഗം ഒരു ഇം

ശ്ലീഷുകാരന്ന കൊടുക്കുകയും ആലിരാജാവിനെ കരസൈന്യത്തിൽ സേനാധിപനാക്കുകയും ചെയ്തു. പിന്നെ മാലദ്വീപരാജാവോടു മാപ്പു ചോദിക്കുകയും അദ്ദേഹത്തിന്നു സുഖവൃത്തിയിൽ ദിവസം കഴിച്ചുകൂട്ടുവാൻ വേണ്ടതായ ഏർപ്പാടു ചെയ്തുകൊടുക്കുകയും ചെയ്തു.

ഹൈദരുടെകൂടെ 12000 കാലാൾപടയും 4000 കുതിരപ്പട്ടാളവും 4 വലിയതോക്കും ഉള്ളതിന്നു പുറമെ ആലിരാജാവിൻെറ വകയായി 8000 സൈന്യവും സഹായത്തിന്നുണ്ടായിരുന്നു. ഈ സൈന്യത്തോടുകൂടി കോലത്തിരിയെ തോല്പിച്ചു കടത്തനാട്ടിൽ എത്തിയപ്പോൾ മലയാളികളുടെ യുദ്ധസാമൎത്ഥ്യവും ശൌൎയ്യവും ഹൈദൎക്കു മനസ്സിലാകുവാൻ ഇടയായി. കോട്ടപ്പുഴയിൽ പെരുകുളംകടവിൽവെച്ചു നായർസൈന്യം 24 മണിക്കൂറുസമയം ഹൈദരുടെ സൈന്യത്തോടുകൂടി പൊരുതു വളരെ ജനനാശം വരുത്തിയെങ്കിലും ഒടുവിൽ പരാജിതരായി ഓടിപ്പോകേണ്ടിവന്നു. ഹൈദരും ആലിരാജാവും പിന്നെ കോഴിക്കോട്ടേക്കുചെന്നു സാമൂതിരിയുടെ അരമന വളഞ്ഞു പട്ടണം സ്വാധീനമാക്കി. ഒരു കോടി സ്വൎണ്ണമോഹർ തരുന്നപക്ഷം രാജ്യം വിട്ടുകൊടുക്കാമെന്നു ഹൈദർ സാമൂതിരിയെ അറിയിച്ചു. ഇത്ര വലിയ സംഖ്യ തൽക്കാലം സാധിക്കയില്ലെന്നു സാമൂതിരി മറുവടി അയച്ചു. ഉടനെ സാമൂതിരിയേയും മന്ത്രിയേയും അരമനയിൽതന്നെ ബന്ധനത്തിലാക്കുകയും മന്ത്രിയെ അധികമായി ഉപദ്രവിക്കുകയുംചെയ്തു. ഈ വിവരം സാമൂതിരി അറിഞ്ഞപ്പോൾ ഇനി നമുക്കും മാനഹാനി വരുമെന്നും മാനഹാനിയേക്കാൾ പ്രാ

ണഫാനിയാണ നല്ലതെന്നും കരുതി അരമനയിൽ ഉള്ള വെടിമരുന്നുമുറിയിൽ കടന്നുചെന്നു സ്വന്തം കൈകൊണ്ടുതന്നെ വെടിമരുന്നിന്നു തീ കൊളുത്തുകയും ആ അഗ്നിജ്വാലയിൽ മരിക്കുകയും ചെയ്തു. പിന്നെ ഹൈദർ പാലക്കാട്ടേക്കു കടന്നു യാതൊരു ബുദ്ധിമുട്ടുംകൂടാതെ അതിനെ കീഴടക്കി. അപ്പോഴ്ക്കു വിഷുകാലം അടുത്തതുകൊണ്ടു മലയാളരക്ഷക്കും മലയാളികളുടെ നടവടികളെ സൂക്ഷിച്ചറിയുന്നതിന്നും വേണ്ടി ഓരോ മാടമ്പുരകളേയും അവയിൽ വേണ്ടപ്പെട്ട സൈന്യങ്ങളേയും ഏല്പ്പെടുത്തി കോയമ്പത്തൂരിലേക്കു കടന്നു. പുതിയ രാജ്യങ്ങളിൽ മാടണ്ണ എന്ന ആളെ ഗവണ്ണരായി നിശ്ചയിച്ചതുകൂടാതെ 3000 സൈന്യങ്ങളോടുകൂടി ആലിരാജാവിനേയും മദ്ദക്കരയിൽ 3000 സൈന്യങ്ങളോടുകൂടി റാസഖാൻസാഹിബിനേയും രക്ഷകന്മാരായി നിശ്ചയിച്ചിരുന്നു.

---

## 57-ാം അദ്ധ്യായം

### മലയാളത്തിലെ കലക്കം.

ഹൈദരുടെ മലയാളത്തിലെ വരവും പ്രവൃത്തിയും ജനങ്ങൾക്കു ഏററവും അതൃപ്തികരമായിരുന്നു. എന്നാൽ പെട്ടെന്നുള്ള ആ വരവിനെ തടുത്തു നിൎത്താൻ വേണ്ടപ്പെട്ട ഒരുക്കവും ഇല്ലായിരുന്നു. ഹൈദരുടെ സാഹസവും പരാക്രമവും എത്ര വേഗത്തിൽ മലയാളത്തിൽ ഫലിച്ചുവൊ അത്രവേഗത്തിൽതന്നെ അദ്ദേഹം മലയാളം വിട്ടുടനെ ജനങ്ങൾ അദ്ദേഹത്തിൻെറ അധികാരങ്ങളെ എല്ലാം ധിക്കരിച്ചു സ്വതന്ത്രന്മാരായിതീൎന്നു.

കോട്ടയം, കടത്തനാട ഇവിടങ്ങളിലെ നായന്മാർ ഹൈദർ പിടിച്ചടക്കീട്ടുള്ള രാജ്യങ്ങളെല്ലാം കൈവശപ്പെടുത്തി മാടപ്പുര കാവൽസൈന്യങ്ങളെ തോല്പിച്ചോടിച്ചുകളഞ്ഞു. എന്നു തന്നെയല്ല, തെക്കെമലയാളത്തിൽ കോഴിക്കോട, പൊന്നാനി എന്ന സ്ഥലങ്ങളെയും വളഞ്ഞു. നാട്ടുകാരുടെ ഒരുമനിമിത്തം ഈ വത്തമാനം ഹൈദരിനെ അറിയിക്കുവാനും അവക്കു സാധിച്ചില്ല. ഇപ്പോഴത്തെപ്പോലെ കമ്പിതപ്പാൽ മുതലായവ അക്കാലത്തു ഇല്ലല്ലൊ. ഒടുവിൽ ഒരു പോത്തുഗീസ്സുകാരൻ വേഷച്ഛന്നനായി പൊന്നാനിയിൽനിന്നു പുറപ്പെട്ടു വളരെ സാഹസം അനുഭവിച്ചുംകൊണ്ടു മംഗലാരയിൽ എത്തി വിവരം റാസ്ഖാനെ അറിയിച്ചു. റാസ്ഖാൻ സൈന്യസമേതം ഉടനെ മലയാളത്തിലേക്കു പുറപ്പെട്ടു. അപ്പോൾ തുലാവഷകാലമായതിനാൽ നദികളെല്ലാം ജലപരിപൂണ്ണങ്ങളും മഴയും ധാരാളമായി ചൊരിയുന്നുണ്ടായിരുന്നു. നായന്മാർ ഓരോ നദീതീരത്തും സൈന്യങ്ങളെ നിത്തി ശത്രുസൈന്യങ്ങളെ എതിത്തതിനാൽ ശത്രുസൈന്യം മുമ്നോട്ടും പിന്നോട്ടും തിരിയുവാൻ പാടില്ലാത്തവിധം കഷ്ടത്തിലായിതീന്നു. ഹൈദർ ഈ വത്തമാനം അറിഞ്ഞഉടനെ 10000 കാലാൾപടയോടും 3000 കുതിരച്ചേവകരോടുംകൂടി മലയാളത്തിൽ എത്തിക്കഴിഞ്ഞു. നായന്മാർ ഈ വരവിനെപററി മുൻകൂട്ടി കരുതിയിരിക്കകൊണ്ടു പൊന്നാനിതാലൂക്കിൽ പുതിയങ്ങാടിയിലുള്ള കോട്ടയെ കേടുപാടുതീത്തു നന്നാക്കി ഹൈദരെ എതിക്കുവാൻവേണ്ടി ഒരുങ്ങിനിന്നിരുന്നു. നായർസൈന്യം ശത്രുസൈന്യങ്ങൾക്കു തുല്യം

കുറെ കുഴപ്പമുണ്ടാക്കിത്തീൎത്തുവെങ്കിലും അധികംപേർ ധീരതയോടുകൂടി പൊരുതു പ്രാണനെ ഉപേക്ഷിക്കേണ്ടിവന്നു. പ്രാണൻ പോയാലും കോട്ട വിടുകയില്ല എന്ന ഉദ്ദേശത്തോടുകൂടി ശേഷംപേരും പൊരുതുകൊണ്ടുതന്നെ നിന്നു. ഹൈദർ പിന്നെ ഇവരുടെ ആഹാരമാൎഗ്ഗങ്ങളേയും സഹായസൈന്യത്തേയും തടഞ്ഞു. തന്നിമിത്തം കോട്ടയിലുള്ളവർ ക്ഷീണപരവശരായി. ഈ അവസരത്തിൽ ശത്രുസൈന്യം മതിൽ കുത്തിപ്പൊളിച്ചു കോട്ടക്കുള്ളിൽകടന്നു. ശേഷിച്ച സൈന്യം വാളും എടുത്തു നേക്കുനേർ നിന്നു യുദ്ധംചെയ്തു മരിക്കയും ചെയ്തു. ഹൈദർതന്നെ മലയാളികളുടെ ധീരതയും പരാക്രമവും കണ്ടു അതിശയിച്ചുപോയി. യുദ്ധത്തിൽ തടവുകാരാക്കിപിടിച്ച ചിലരെ മുഹമ്മദ്മതത്തിൽ ചേൎത്തു ഹൈദരുടെ പട്ടാളത്തിൽ ചേൎക്കയും ചെയ്തു. മലയാളത്തിൽനിന്നു അടിമകളായി കൊണ്ടുപോയവരിൽപെട്ട ഒരു നമ്പ്യാർ ഹൈദരുടെ സൈന്യത്തിൽചേൎന്നു വളരെ ഖ്യാതി സമ്പാദിക്കുകയും ഒടുവിൽ ഹൈദരുടെ കീഴിൽ ബെഡ്നൂർ ഗവൎണ്ണരായിത്തീരുകയും ചെയ്തു. ഈ നമ്പ്യാർ മുഹമ്മതമതത്തിൽ ചേൎന്നിരുന്നു. ഇദ്ദേഹത്തിന്റെ പേർ ഷെയിക് അയാസ്സ് എന്നും ഹയറസാഹിബ് എന്നും വിളിച്ചുവന്നിരുന്നു.

മലയാളത്തിലെ ഈ ലഹളകളെല്ലാം നായന്മാരാണ കാരണമെന്നുകരുതി ഹൈദർ അവരെ പലവിധത്തിലും ഒതുക്കിനിൎത്താൻ ശ്രമിച്ചു. പറയജാതികളെക്കാളും ഹീനരായി അവരെ കരുതേണമെന്നു രാജകല്പന വിളംബരപ്പെടുത്തി. എന്നുമാത്രമല്ല, അവരിൽ പ്രധാനികളു

ടെ സ്വത്തുക്കളെല്ലാം പിടിച്ചെടുത്തു കയ്യേല്പാക്കുകയും ലഹളപ്രധാനികളെ കുലചെയ്കയും അധികംപേരെ തടവുകാരാക്കി മൈസൂരിൽ അയക്കുകയുംചെയ്തു. എന്നാൽ ഇതുകൊണ്ടൊന്നും മലയാളികളുടെ സ്ഥിരതക്കു യാതൊരു ഇളക്കവും ഉണ്ടായില്ല. പിന്നെ പാലക്കാട്ടു ഒരു കോട്ട കെട്ടുവാനുള്ള ഏർപ്പാടും ചെയ്തു ആലിരാജാവിനെ കോലത്തുനാട്ടിൽ ഗവർണ്ണരായി നിശ്ചയിച്ചയച്ചു ഹൈദർ രണ്ടാമതും കോയമ്പത്തൂക്കുതന്നെ മടങ്ങി.

1767-ൽ തിരുവിതാംകൂർ പിടിക്കുവാൻ അയച്ച ഹൈദർസൈന്യം തോററു മടങ്ങിയ വിവരം അറിഞ്ഞപ്പോൾ മലയാളികൾ ഒന്നുകൂടി ധൈര്യപ്പെട്ടു വീണ്ടും ലഹള തുടങ്ങി കോട്ടയംരാജ്യത്തു എത്തിയ ഹൈദരുടെ 4000 സൈന്യങ്ങളെ നായന്മാരുടെ ഒരു ചെറുസൈന്യം തോല്പിച്ചോടിച്ചു. ഈ അവസരത്തിൽ ആലിരാജാവു ക്രമപ്രകാരം ഹൈദർക്കു നികുതി അടക്കാഞ്ഞതിനാൽ കോലത്തുനാടു കോലത്തുരാജാവിന്നുതന്നെ മടക്കികൊടുക്കുകയും ശ്രീനിവാസറാവു എന്നാളെ ദിവാനായും സർ ദർഖാൻ എന്നാളെ സേനാധിപനായും നിശ്ചയിച്ചയക്കുകയും ചെയ്തു. ഇതിനിടയിൽ ഹൈദരും ഇംഗ്ലീഷും തമ്മിൽ യുദ്ധംതുടങ്ങി. ഇനി മലയാളത്തിൽ നിവൃത്തിച്ചപോരുവാൻ പ്രയാസംതന്നെ എന്നും മേലിൽ യാതൊരു ഗുണവും ഉണ്ടാകുന്നതല്ലെന്നും മനസ്സിലായതിനാൽ ഹൈദർ, രാജാക്കന്മാർ കൊടുക്കേണ്ടതായ പണം കൊടുത്താൽ അവരെ സ്വാതന്ത്ര്യന്മാരാക്കുന്നതാണെന്നു ഉപായരൂപേണ ഗവർണർ മുഖേന രാജാക്കന്മാരെ അറിയിച്ചു. മല

യാളത്തിലും കിഴക്കെ കരയിലും ഒരേ സമയത്തുതന്നെ യുദ്ധം നടത്തേണ്ടതായ സംഗതിവന്നതിനാലാണ ഈ സൂത്രം പ്രയോഗിച്ചതു. ഇതിന്റെ വാസ്തവം മലയാളികൾ അറിഞ്ഞിരുന്നുവെങ്കിൽ ഹൈദർസൈന്യത്തെ നിശ്ശേഷം തോല്പിച്ചോടിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ശത്രുക്കൾ തോററു ഓടിപ്പോകേണ്ടതിന്നുപകരം പണസഞ്ചികളും കൊണ്ടുപോകുവാൻ ഇടയായി. ഇതു മലയാളത്തെ വീണ്ടും ആക്രമിപ്പാനും ഇംഗ്ലീഷുകാരോടു ബലമായി യുദ്ധം നടത്താനും ഉപകാരമായിതീൎന്നു.

കോലത്തുനാടു മടക്കികിട്ടിയതുനിമിത്തം കോലത്തുരാജാവു ഹൈദരുടെ സഹായിയായിതീൎന്നു. എന്നാൽ അദ്ദേഹം ഇംഗ്ലീഷുകാരെ മലയാളത്തിൽനിന്നു ഓടിക്കേണമെന്ന ആഗ്രഹം നിമിത്തം പരന്ത്രീസ്സുകാരോടു യോജിച്ചു നാട്ടുരാജാക്കന്മാരേയും ഇരുകക്ഷികളാക്കിതീൎത്തു. കടത്തനാടും പരന്ത്രീസ്സ് സഖ്യത്തിൽതന്നെയായിരുന്നു. കോട്ടയം മാത്രം കമ്പനി സംഖ്യത്തിൽ യോജിച്ചു നിന്നു. ഇംഗ്ലീസ്സും പരന്ത്രീസ്സും തമ്മിലുള്ള യുദ്ധത്തിൽ 1779-ൽ ഹൈദർസൈന്യവും തലശ്ശേരിയെ വളഞ്ഞു അതികഠിനമായ യുദ്ധം നടത്തി എങ്കിലും ഒടുവിൽ തോറേറാടേണ്ടിവന്നു. ഇതുമുതൽ ഹൈദരുടെ ശക്തി മലയാളത്തിൽ കേവലം ക്ഷയിച്ചുതുടങ്ങി. എന്നുതന്നെയല്ല ഹൈദർ സേനാധിപനായ സർദർഖാനെ തടവുകാരനാക്കിപിടിക്കുകയുംചെയ്തു. 1782-ൽ മേജർ അബിംഗട്ടൻ കോഴിക്കോട പിടിച്ചപ്പോൾ നാട്ടുകാരെല്ലാം സന്തോഷിക്കുകയും ഇംഗ്ലീഷുകാൎക്കു സഹായികളായിതീരുകയുംചെയ്തു. പി

ന്നെ ഇംഗ്ലീഷുകാർ തെക്കോട്ടു തിരിച്ചു പാലക്കാടുവരെയു ള്ള സ്ഥലങ്ങളെല്ലാം സ്വാധീനപ്പെടുത്തി. ഈ അവസര ത്തിൽ 1782-ൽ ഹൈദർ മരിക്കയുംചെയ്തു.

ഹൈദർ ജനനാൽതന്നെ യുദ്ധതല്പരനും അതിസമ ൎത്ഥനായ ഒരു കുതിരപ്പോരാളിയും ആയിരുന്നു. ഒരവസര ത്തിൽ 20 മണിക്കൂർ സമയംകൊണ്ടു നൂറുനാഴികദൂരം ഒ ന്നായി കുതിരസ്സവാരി ചെയ്തതായി അറിയുന്നു. സദാ യു ദ്ധവിഷയത്തിൽ ഏൎപ്പെട്ടിരുന്നതിനാൽ രാജ്യഭരണകാൎയ്യ ങ്ങളെല്ലാം ഉദ്യോഗസ്ഥന്മാരെ വിശ്വസിച്ചു ഏല്പിക്കുക യും അല്പമായ വീഴ്ചവരുത്തിയാൽ അവരെ അതികഠിന മായി ശിക്ഷിക്കുകയും പതിവായിരുന്നു. ഏവനും പ്രവൃത്തി യിൽ അജാഗ്രത കാണിക്കുന്നതു ഹൈദൎക്കു അസഹനീയ മായിരുന്നു. ഒരിക്കൽ തന്റെ മകനായ ടിപ്പു സൈന്യങ്ങ ളെ അപകടസ്ഥിതിയിൽ കണ്ടുംകൊണ്ടു ഭിക്ഷുവേഷ ത്തിൽ ഓടി ഹൈദരുടെ അടുക്കെ ചെന്നുചേൎന്നു. തന്റെ ചുമതലവിട്ടു ഓടിപ്പോന്നതിന്നു അവനെ സൈന്യസമ ക്ഷം ചാട്ടവാറുകൊണ്ടു അടിച്ചിരിക്കുന്നു. ശത്രുസംഹാര ത്തിന്നും ആശ്രിതരക്ഷക്കും വിശ്വാസവഞ്ചനക്കാരെ ക ഠിനമായി ശിക്ഷിക്കുന്നതിന്നും ഹൈദർ ഒട്ടും മടിയുള്ളവ നല്ല. തന്റെ പ്രധാനമന്ത്രിയായ കണ്ടിറാവു ഒരവസര ത്തിൽ രാജദ്രോഹകുററം ചെയ്തുനിമിത്തം അദ്ദേഹത്തെ ഒരു തത്തയെപോലെ ജീവകാലം മുഴവൻ ഒരു കൂട്ടിലിട്ടു രക്ഷിക്കയാണു ചെയ്തതു. സാധാരണ മുഹമ്മദീയരെപോ ലെ ഹൈദർ താടിയും മീശയും വളൎത്തിയിരുന്നില്ല. ഹൈദൎക്കു എഴുതുവാനും വായിപ്പാനും പരിചയമില്ലെങ്കി

ല്ലം തന്റെ ഓമ്മശക്തി വളരെ പ്രബലമായിരുന്നു. ഏകകാലത്തിൽ പലെ പ്രവൃത്തികളും ഒന്നായി നടത്തുവാൻ അതി വൈദശ്ധ്യം ഉണ്ടായിരുന്നു. താൻ ഒരു സമയത്തു ഒരു എഴുത്തു വായിച്ചുകേൾക്കകയും അതേസമയത്ത മറെറാരാൾ തന്റെ ചില കല്പനകൾ എഴുതി എടുക്കുകയും താൻ വേറെ കാഴ്ചകൾ കണ്ടു വിനോദിക്കുകയും പതിവുണ്ടായിരുന്നപോൽ. മതസംബന്ധവിഷയത്തിൽ നിഷ്കൃഷ്ടയില്ലാത്തവനും ഏതു മതക്കാരായാലും വേണ്ടതില്ല ഉദ്യോഗസ്ഥന്മാർ അവരവരുടെ കൃത്യം ശരിയായി നടത്തേണം എന്നുമാത്രം നിർബ്ബന്ധം ഉള്ളവനും ആയിരുന്നു.

---

## 58-ാം അദ്ധ്യായം.

### ടിപ്പുസുൽത്താൻ.

ഹൈദരാലിക്കു രണ്ടു ഭാൎയ്യമാർ ഉണ്ടായിരുന്നതിൽ ഒരു സ്ത്രീ കടപ്പ ഗവൎണ്ണരുടെ മകളായിരുന്നു അവളിൽ ഉണ്ടായ മകനാണ ടിപ്പുസുൽത്താൻ. ടിപ്പുസുൽത്താൻ 1753-ൽ ദേവൻഹാലി എന്ന സ്ഥലത്തുവെച്ചു ജനിച്ചു. ബാല്യത്തിൽതന്നെ ഹൈദരാലി ഇവന്നു വേണ്ടപ്പെട്ട വിദ്യാഭ്യാസവും യുദ്ധാഭ്യാസവും നൽകിയിരുന്നു. കുറെക്കാലം കഴിഞ്ഞപ്പോൾ തന്റെ സൈന്യത്തിൻ ഒരു നായകനായി നിശ്ചയിക്കുകയും മററുള്ള ഉദ്യോഗസ്ഥന്മാരെപ്പോലെതന്നെഇവനേയുംകരുതിവരികയും ചെയ്തിരുന്നു. ഒരു അവസരത്തിൽ ടിപ്പു അപകടസ്ഥിതിയിൽപെട്ടു തന്റെ സൈന്യത്തെ വിട്ടു അച്ഛന്റെ സമീപം ഒളിച്ചോടിവന്നപ്പോൾ ആ കുററത്തിന്നു സൈന്യങ്ങളുടെമുമ്പാകെതധ്യേ

ഹൈദർ ടിപ്പുവിനെ ചമ്മട്ടികൊണ്ടു അടിച്ചതായി അറിയുന്നു.

ഹൈദരുടെ മരണകാലത്തു ടിപ്പുപൊന്നാനിയിലായിരുന്നു. ഈ വൎത്തമാനം കേട്ട ഉടനെ ടിപ്പു തന്റെ സൈന്യങ്ങളെ പിൻതിരിച്ചു തലസ്ഥാനത്തുതന്നെ വന്നുചേൎന്നു 1783-ൽ കൎണ്ണൽ ഫുള്ളട്ടെൻ കൊല്ലംകോടവഴിയായി പാലക്കാട്ടേക്കുവന്നു പാലക്കാട്ടു കോട്ടയെ പിടിക്കയും വേറെ ഒരു ഇംഗ്ലീഷുസൈന്യം കണ്ണൂർ കോട്ടയെ പിടിക്കയും ചെയ്തു എന്നാൽ അന്നുതന്നെ മലയാളം മുഴവനും ടിപ്പുവിന്റെ കയ്യിൽനിന്നു ഇംഗ്ലീഷുകാൎക്കു കൈവശമാക്കാമായിരുന്നുവെങ്കിലും മലയാളത്തിന്റേയും മലയാളികളുടേയും ദുർദശ കേവലം വിട്ടൊഴിയാഞ്ഞതിനാൽ 1774-ൽ ഇംഗ്ലീഷുകാരും ടിപ്പുവും തമ്മിൽ ഒരു സമാധാനം ഉണ്ടാകൽ്ആണ് ചെയ്തത്. അതുപ്രകാരം ഇംഗ്ലീഷുകാർ പാലക്കാട്ടും കണ്ണൂരും വിട്ടുകളകയും മലയാളരാജാക്കന്മാരെ എല്ലാം ടിപ്പുവിന്റെ മിത്രമായിഗണിക്കയുംചെയ്തു.

മേൽപറഞ്ഞ സമാധാനത്തിന്റെശേഷം ടിപ്പുമലലയാളഭരണവിഷയത്തിൽ ചില മാററങ്ങളെ ഉണ്ടാക്കി. ഹൈദരാലിയുടെ കാലത്ത നിശ്ചയിക്കപ്പെട്ട ഗവൎണ്ണൎക്കു രാജ്യഭരണാധികാരവും സൈന്യാധിപത്യവും ഉണ്ടായിരുന്നു. എന്നാൽ ടിപ്പു അന്നത്തെ ഗവൎണ്ണരായിരുന്ന അൎഷഡബെദാഖാനിൽനിന്നു രാജ്യഭരണാധികാരം വീണ്ടെടുത്തു മീറാം ഇബ്രാഹിം എന്നാളെ നിശ്ചയിച്ചു. ഈ ഗവൎണ്ണൎക്കു മലയാളനടവടികളെപററി യാതൊരു വിവരവും ഉണ്ടായിരുന്നില്ല. അതുനിമിത്തം നാട്ടുരാജാക്കന്മാരോടും

നാട്ടുകാരോടും എളുപ്പത്തിൽ ഇടയുവാനും രാജഭോഗങ്ങ ൾ ക്രമമായി പിരിയാതെ ആവാനും ഇടയായി. രാജ്യത്തി ൽ പല ഭാഗങ്ങളിലും ഹിന്തുക്കൾ എന്നതന്നെയല്ല മുഹ മ്മദീയരുംകൂടി ലഹളചെയ്തുതുടങ്ങി. സൈന്യാധിപനാ യ അയഷഡ്ബദഖാൻ സൈന്യാധിപത്യംകൊണ്ടുള്ള രാ ജ്യഭരണം മലയാളത്തിൽ നിലനില്ക്കുന്നതല്ലെന്നും ജനര ഞ്ജന ഉണ്ടെങ്കിൽ മാത്രമെ ഭരണം നിലനില്ക്കയുള്ളു എ ന്നും സീവിൽ ഗവണ്ണരെ മനസ്സിലാക്കുവാൻ ശ്രമിച്ചിട്ടും യാതൊരു ഫലവും ഉണ്ടായില്ല. അതുകൊണ്ടു 1786-ൽ ആഷഡ്ബദഖാൻ ഉദ്യോഗം രാജിവെക്കയും പ്രതിദി നം ക്ഷയിച്ചുപോകുന്ന സ്വശക്തി മലയാളത്തിൽ നില നിന്നു പോരേണമെങ്കിൽ താൻതന്നെവരണമെന്നു ടിപ്പുവി നെ അറിയിക്കുകയുംചെയ്തു.

1788 എപ്രീൽ മാസത്തിൽ താമരശ്ശേരി വഴിയായി ടിപ്പു കോഴിക്കോട്ടേക്കു തിരിച്ചുവന്നു. മലയാളത്തിൽ ഒരു പുതിയ പട്ടണം ഉണ്ടാക്കി അതിനെ തന്റെ തലസ്ഥാ നമാക്കേണമെന്നായിരുന്നു ടിപ്പുവിന്റെ ഒന്നാമത്തെപരി ശ്രമം. ഇതിന്നുവേണ്ടി ബേപ്പൂർ പുഴയുടെ തെക്കുള്ള ഫറു മുക്ക് എന്ന് സ്ഥലമായിരുന്നു താൻ തിരഞ്ഞെടുത്തതു. അ വിടെ ഉടൻ ഒരു കോട്ട പണിയിക്കുകയും കോഴിക്കോട്ടു ള്ള എല്ലാ നഗരവാസികളും കുഡുംബസമേതം അവിടെ വന്നു താമസിക്കേണമെന്നു നിർബന്ധകല്പന കൊടുക്കുക യും ചെയ്തു. ഏറനാട്ടു, വള്ളുവനാട്ടു മുതലായ സ്ഥലങ്ങ ളിൽ നടന്നുവരുന്ന മാപ്പിളമാരുടെ ലഹള ഒരുവിധം ഒ തുക്കിയെങ്കിലും അപ്പോഴേക്കു വൎഷകാലം ആരംഭിച്ചുതുട

ങ്ങി. മലയാളത്തിലെ മഴക്കാലം വിദേശിയൎക്ക അസഹ്യമാണെന്നു പ്രസിദ്ധമല്ലൊ. പ്രത്യേകിച്ചു മൈസൂൎക്കാരുടെ ഉൻമൂലനാശത്തിന്നു അതു മൂലകാരണവും ആയിതീൎന്നു

ടിപ്പു തന്റെ രാജ്യഭാഗങ്ങളെല്ലാം ഓരോ നായകന്മാർവശം ഏല്പിച്ചിട്ടാണു മലയാളം വിട്ടതു. എന്നാൽ ഈ നായകന്മാൎക്ക ഭരണസാമൎത്ഥ്യം ചുരുങ്ങിയതിനാൽ രാജ്യകാൎയ്യം വേണ്ടപോലെ നടത്തുവാൻ സാധിച്ചില്ലെന്നുമാത്രമല്ല രാജ്യത്തിൽ പലേടവും ലഹളകളും അഴിമതികളും ഉത്ഭവിച്ചുതുടങ്ങി. ഈ വൎത്തമാനം കേട്ട അത്യന്തം കുപിതനായ ടിപ്പു മലയാളികളെ ബലാൽക്കാരേണ മുഹമ്മദ്മതത്തിൽ ചേൎത്തു സപകല്പനക്ക വഴിപ്പെടുത്തുവാൻ ശ്രമിച്ചു. മലയാളികളുടെ സമുദായാചാരങ്ങളും നടവടികളും ഉടനെ മാററംചെയ്യാത്തപക്ഷം മലയാളം മുഴുവനും മുഹമ്മദ്മതാചാരമാക്കിതീൎക്കമെന്നും എതൃകക്ഷികളായ മലയാളികളെയെല്ലാം ഉടനെ മൈസൂരിലേക്ക സ്ഥലം മാററിക്കളയുന്നതാണെന്നും ഒരു വിളംബരം അയച്ചു. ഇതു എത്തിയ ഉടനെ മലയാളികളെല്ലാം ഏകോപിച്ചു ധൈൎയ്യം അവലംബിച്ചു. "ഇതു മലയാളമാണ് മൈസൂർ അല്ല" എന്നു ടിപ്പുവിന്നു മനസ്സിലാക്കികൊടുപ്പാൻവേണ്ടി അവിടവിടെ ലഹള ചെയ്തുതുടങ്ങി. കോഴിക്കോട്ട രവിവൎമ്മരാജാ നായന്മാരുടെ നായകനായി ലഹള തുടങ്ങി കോഴിക്കോട്ടിനെ വളഞ്ഞു. കോഴിക്കോട്ട മൂപ്പന്റെ തറവാട്ടിൽചേൎന്ന കുഞ്ഞിക്കോരു വലുതായ ജനശേഖരത്തോടുകൂടി ലഹളതുടങ്ങി. ടിപ്പുസുൽത്താൻ കുഞ്ഞിക്കോരുവിന്റെ ധീരതയും പരാക്രമാതിശ

യവും കണ്ടു സന്തോഷിച്ചു ശത്രുത്വം മതി എന്നു കരുതി മൂപ്പൻ എന്ന സ്ഥാനം കല്പിച്ചുകൊടുത്തു. ഈ സ്ഥാനം പിന്നീട സാമൂതിരിയും അനുവദിച്ചുതുടങ്ങി. 1788-ൽ മിർ അഡർ ആലിഖാൻ ഇദ്ദേഹത്തെ എതിൎത്തുവെങ്കിലും തോല്പിക്കുവാൻ സാധിച്ചില്ല. ഈ അവസരത്തിൽ കണ്ണൂർ ബീബി ഇംഗ്ലീഷുകാരുടെ സഖ്യത്തിന്നായി അപേക്ഷിച്ചു. കോട്ടയം കടത്തനാട രാജാക്കന്മാരും ടിപ്പുവിൻെറ മേൽകോയ്മ ധിക്കരിച്ചു ഇംഗ്ലീഷുകാരോട്ട സഹായത്തിന്നായി അപേക്ഷിക്കയുണ്ടായി. ചിറക്കൽ (കോലത്തിരി) രാജാവു മാത്രം ടിപ്പുവിൻെറ മിത്രമായിത്തന്നെനിന്നു, കോയമ്പത്തൂരിൽചെന്നു ടിപ്പുവിൻെറ സൽക്കാരങ്ങൾ സ്വീകരിക്കക്കൂടി ഉണ്ടായി. എന്നുതന്നെയല്ല ഇംഗ്ലീഷുകാരോട്ടുള്ള വൈരാധിക്യംനിമിത്തം 1788-ൽ ഇംഗ്ലീഷുകാരുടെ സ്ഥലമായ ധൎമ്മപട്ടണം ആക്രമിച്ചു കൈവശപ്പെടുത്തുകയുംചെയ്തു. ഇതിൻെറ കാരണഭൂതൻ ടിപ്പുവാണെന്നു മനസ്സിലാക്കിയതിനാൽ ഇംഗ്ലീഷുകാരും കോട്ടകളെല്ലാം കേടുപാടുകൾതീൎത്തു യുദ്ധസന്നദ്ധന്മാരായി നിന്നു. ഇപ്രകാരം അരാജകസ്ഥിതിയിൽ ഇരിക്കുന്ന മലയാളത്തെ വിട്ടു അനേകം കുഡുംബങ്ങൾ തിരുവനന്തപുരത്തുചെന്നു രക്ഷപ്രാപിച്ചു.

1789 ഫിബ്രവരിയിൽ താമരശ്ശേരിവഴിയായി ടിപ്പു കോഴിക്കോട്ടുവന്നപ്പോൾ ഹിന്തുക്കളും മുഹമ്മദീയരും ഒരുപോലെ തനിക്കു വിരോധികളാണെന്നും അതിനാൽ മുഹമ്മദീയരെ സ്വാധീനപ്പെടുത്തിയാലല്ലാതെ തനിക്കു ഭരണസൌകൎയ്യം കിട്ടുന്നതല്ലെന്നും മനസ്സിലാക്കി. ലഹളക്കാരായ നായന്മാരെ പിടിച്ചു മുഹമ്മദ്മതത്തിൽ ചേൎപ്പാനും

നാടുവിട്ടു ഓടി കാടുകളിൽചെന്നു രക്ഷപ്രാപിച്ച സാധുക്കളെ കാട്ടുമൃഗങ്ങളെ നായാടിപിടിക്കുന്നപോലെ പിടിച്ചു മൈസൂരിലേക്കയെപ്പാനും വേണ്ടി കോഴിക്കോട്ടു ഒരു സൈന്യത്തെ നിൎത്തി കല്പനകൊടുത്തു. ടിപ്പുവിൻെറ പിന്നേത്തെ യാത്ര വടക്കെമലയാളത്തിലേക്കായിരുന്നു. ടിപ്പുസുൽത്താൻെറ വരവുകരുതി കടത്തനാട രാജാക്കന്മാർ രണ്ടായിരം നായർസൈന്യത്തെ കുററിപ്പുറം കോട്ടയിൽ യുദ്ധസന്നദ്ധരായി നിൎത്തിയിരുന്നു. ഇവർ അതിധീരതയോടുകൂടി വളരെകാലം ശത്രുസൈന്യത്തോടു പൊരുതുനിന്നുവെങ്കിലും ഒടുവിൽ ചിലർ ടിപ്പുവിൻെറ വാളിന്നിരയാകുകയും മററുചിലർ കൊറാൻ പുസ്തകം സ്വീകരിക്കുകയുംചെയ്യേണ്ടിവന്നു. മേൽപറഞ്ഞപ്രകാരം ഇവർ പൊരുതുകൊണ്ടു നിൽക്കുമ്പോൾ അനേകം രാജാക്കന്മാരും രാജകുഡുംബങ്ങളും യുദ്ധത്തിൽ ഉൾപ്പെടാത്ത മററു സാധുക്കളായ പലരും രാജ്യംവിട്ടു തിരുവിതാങ്കൂറിലും തലശ്ശേരി കോട്ടയിലും രക്ഷപ്രാപിക്കേണ്ടിവന്നു.

അക്കാലത്തു മലയാളത്തിൻെറ സ്ഥിതി വളരെ കഷ്ടത്തിൽ ആയിരുന്നു. നാട്ടുരാജാക്കന്മാരുടെ അന്യോന്യമത്സരംനിമിത്തം എല്ലാ രാജശക്തികളും ഒരുപോലെ ക്ഷയിച്ചിരുന്നു. ഇങ്ങിനെ അധഃപതനം പ്രാപിച്ചുകിടക്കുന്ന രാജസ്ഥാനത്തു പുതുതായിവന്ന നിഷ്ഠുരനും അവിവേകിയും ആയ മൈസൂർ സുൽത്താൻെറ നിഷ്ഠുരപ്രവൃത്തികളെകൊണ്ടു രാജ്യത്തിൽ രക്ഷയും സമാധാനവും ഇല്ലാതായിതീൎന്നതിനാൽ ജനങ്ങൾ ഒത്തൊരുമിച്ചു ശത്രുവിനോടു എതിരിട്ടുനില്ക്കാതെ ഓരോരുത്തരായി അന്യരാജ്യ

ങ്ങളിൽചെന്നു രക്ഷപ്രാപിച്ചുതുടങ്ങി. യുദ്ധംചെയ്താൽ മരണമൊ അല്ലെങ്കിൽ ഇസ്ലാംമതമൊ തീർച്ചയായിരുന്നു. കൂടാതെ കാട്ടിൽ ഓടി ഒളിക്കാം എന്നുവെച്ചാൽ അവിടേയും സുൽത്താന്റെ ആളുകളെകൊണ്ടു പൊറുതി ഇല്ലാതെ ആയിതീൎന്നു. സുൽത്താൻസൈന്യം അമ്പലങ്ങൾ പൊളിച്ചു പള്ളികൾ പണിതുടങ്ങുകയും തെരുവുകളും പട്ടണങ്ങളും ജനശൂന്യമായിതീരുകയും ഹിന്തുക്കൾക്കു പകൽസമയത്തുപോലും പുറത്തിറങ്ങി സഞ്ചരിപ്പാൻ പാടില്ലാതെ ആകുകയും ചെയ്തു. മുഹമ്മദീയർ രാജ്യത്തിലെ കലഹവും അഴിമതിയും നിമിത്തം ആഹാരത്തിന്നു മാൎഗ്ഗമില്ലാതെ ആയി. ജനങ്ങൾ അവരവരുടെ തൊഴിലുകൾ വിട്ടു ഓടിപോകേണ്ടിവന്നതിനാൽ രാജ്യത്തിൽ ക്ഷാമവും വ്യാധികളും കടന്നുകൂടി. തന്മൂലം അനവധി ജനങ്ങൾ മരിച്ചു. എന്നാൽ ഇതിന്നെല്ലാം സാക്ഷിയായിനിന്നുകൊണ്ടിരിക്കയല്ലാതെ തലശ്ശേരി കമ്പനി മലയാളരക്ഷചെയ്വാൻ തല്ക്കാലം യാതൊരു നിവൃത്തിയും കാണാതെ അവസരംപാൎത്തു നില്ക്കേണ്ടിവന്നു.

---

## 59-ാം അദ്ധ്യായം.

### സുൽത്താന്റെ അധഃപതനം.

കടത്തനാട വിജയം കഴിഞ്ഞതിന്റെശേഷം ടിപ്പുസുൽത്താൻ കണ്ണൂരിലേക്കുചെന്നു ബീബിയുമായി സഖ്യം ചെയ്തു. ബീബിക്കു ചിറക്കൽ രാജാവിന്റെ കുറെ സ്ഥലങ്ങൾ കൊടുക്കുകയും ബീബിയുടെ മകളെ തന്റെ മകന്നു കല്യാണം കഴിപ്പാനുള്ള ഏൎപ്പാടുകൾ ചെയ്യുകയും ചെയ്തു.

ങ്ങിനെ വടക്കെമലയാളത്തിലെ മുഹമ്മദീയരെ എല്ലാം സ്വാധീനമാക്കിത്തീൎത്തു. ഈ അവസരത്തിൽ ഇംഗ്ലീഷുകാർ മലയാളികളുടെനേരെ കാണിച്ച അനുകമ്പ സുൽത്താന്റെ ക്രോധകാരണമായിത്തീൎന്നു. അതിനാൽ മംഗലാപുരം കരാറിലെ നിശ്ചയപ്രകാരം തങ്ങൾക്ക മടക്കികിട്ടേണ്ടതായ ഏഴിമലക്കോട്ടയും അതിൻചുററുമുള്ള സ്ഥലങ്ങളും മടക്കികിട്ടുവാൻവേണ്ടി ഇംഗ്ലീഷുകാർ ആവശ്യപ്പെട്ടപ്പോൾ ടിപ്പു ന്യായമായ യാതൊരു സമാധാനവും കൊടുത്തില്ല.

പിന്നെ തിരുവിതാങ്കൂറിനെ ആക്രമിപ്പാനായിട്ടായിരുന്നു ഠിപ്പുവിന്റെ ശ്രമം. എന്നാൽ ആ പ്രവൃത്തി താൻ നേരിട്ടു ചെയ്യാതെ തന്റെ കോയ്മക്ക അധീനപ്പെട്ട സാമൂതിരിയെകൊണ്ടൊ കൊച്ചിയെക്കൊണ്ടൊ ചെയ്യിപ്പാൻവേണ്ടി അത്യന്തം പരിശ്രമിച്ചുനോക്കി. ഠിപ്പുവിന്റെ ദുർനടവടികൾനിമിത്തം വെറുപ്പുതോന്നിയ സാമൂതിരിയും കൊച്ചിരാജാവും അതിലേക്ക വഴിപ്പെടാതെ മേലിൽ ഠിപ്പുവിന്റെ മേൽക്കോയ്മതന്നെ തങ്ങൾ ഉപേക്ഷിക്കുന്നതാണെന്നു തീൎച്ചയാക്കി. 1789-ൽ ഇംഗ്ലീഷുകാരും നൈസാമും മഹാരാഷ്ട്രരും തമ്മിലുണ്ടായ കരാറുപ്രകാരം നൈസാമിന്നു ഇംഗ്ലീഷുസൈന്യസഹായത്തോടുകൂടി ദക്ഷിണഇന്ത്യയിലെ ചില രാജാക്കന്മാരുടെ നേരെ എതിൎക്കുവാൻ പാടില്ല എന്ന നിശ്ചയമുണ്ടായിരുന്നു. ആ കൂട്ടത്തിൽ ഠിപ്പുവിന്റെ പേർ ഉണ്ടായിരുന്നില്ല. അതിനാൽ അടുത്ത കാലത്തു ഇംഗ്ലീഷുകാരോടുകൂടി യുദ്ധത്തിന്നു സംഗതിവരുമെന്നും അതിന്നുമുമ്പുതന്നെ തിരുവിതാങ്കൂർ ആക്രമിക്കണ·

മെന്നും ടിപ്പു തീൎച്ചയാക്കി. 1789-ൽ ടിപ്പുസുൽത്താൻ തിരുവിതാംകൂർ രാജാവിന്നു പുതുതായി വാങ്ങിയ കൊടുങ്ങല്ലൂർകോട്ട ഒഴിച്ചുകൊടുക്കേണമെന്നും തിരുവിതാംകൂറിൽ രക്ഷപ്രാപിച്ചിട്ടുള്ള മലയാളരാജാക്കന്മാരെ വിട്ടയക്കേണമെന്നും തിരുവിതാംകൂർ കോട്ടമതിൽ പൊളിക്കേണമെന്നും വിവരിച്ചുകൊണ്ടു ഒരു കത്തയച്ചു. താൻ ഇംഗ്ലീഷുകാരുടെ മിത്രമായതിനാൽ അവരോടു ആലോചിക്കാതെ യാതൊന്നും പ്രവൃത്തിക്കുന്നതല്ലെന്നു തിരുവിതാംകൂർ രാജാവു ടിപ്പുവിന്നു മറുവടികൊടുത്തു ഇതുനിമിത്തം കുപിതനായിത്തീൎന്ന ടിപ്പു സൈന്യസമേതം 1790-ൽ തിരുവിതാംകൂറിനെ ആക്രമിച്ചു. തങ്ങളുടെ മിത്രമായ തിരുവിതാംകൂറിനെ ടിപ്പു ആക്രമിച്ചതിനാൽ ടിപ്പുവിന്റെ ഗൎവ്വം ഈ അവസരത്തിൽ ഒതുക്കേണമെന്നുതീൎച്ചപ്പെടുത്തി ഇംഗ്ലീഷുകാരും യുദ്ധത്തിന്നൊരുങ്ങി.

ഇംഗ്ലീഷുകാരുടെ ഈ ഉദ്യമം മലയാളത്തിന്നു വളരെ ഗുണകരമായിത്തീൎന്നു ഇന്ത്യൻ ഗവൎണ്ണർജനറലായിരുന്ന കാറൻവാലീസ്പ്രഭു മലയാളത്തിൽ കമ്പനിക്കു മിത്രമായിത്തീരുന്ന രാജാക്കന്മാരെയെല്ലാം ശത്രുക്കളിൽനിന്നു കമ്പിനി രക്ഷിക്കുന്നതാണെന്നും ടിപ്പുവുമായി സമാധാനമുണ്ടാകുന്നപക്ഷം ടിപ്പുവിന്റെ മേൽകോയ്മാധികാരത്തെ വിടുവിക്കുന്നതാണെന്നും രാജാക്കന്മാർ സ്വന്തമനസ്സാലെ കമ്പിനിക്കുകീഴടങ്ങി തങ്ങളുടെ രാജ്യത്ത് കച്ചവടത്തിന്നുള്ള സൌകൎയ്യം കമ്പിനിക്കു ചെയ്തുകൊടുക്കുന്നപക്ഷം ചുരുങ്ങിയ ഒരു കപ്പം മാത്രമെ അവരോടു വസൂലാക്കുകയുള്ളൂ എന്നും ഒരു വിളംബരം പ്രസിദ്ധംചെയ്തു, ഇ

തിലധികം സന്തോഷകരമായ വാഗ്ദാനം നാട്ടുകാൎക്ക എന്താണ് വേണ്ടത്. ഉടനെ കോട്ടയം, കടത്തനാട, ചിറക്കൽ മുതലായ രാജാക്കന്മാർ കമ്പിനിയോടു സഖ്യംചെയ്തു. അതുപോലെതന്നെ കൊച്ചിരാജാവും സാമൂതിരിയും ഇംഗ്ലീഷുകാരുടെ പക്ഷത്തിൽചേൎന്നു.

മലയാളത്തിൽ ഇംഗ്ലീഷുകാർ പ്രബലമായ യുദ്ധം തുടങ്ങി. 1790-ൽ കർണൽസ്റ്റുവട്ട് പാലക്കാട പിടിച്ചു കർണൽഹാറട്ടിലെ ചേററുവായിമണപ്പുറവും ചാവക്കാട്ടും പിടിച്ചതോടുകൂടി കുറെ ആളുകളെ തടവുകാരാക്കിപിടിച്ചു പാലക്കാട് സൈന്യത്തോടുചേൎന്നു. ഇതിനിടയിൽ തെക്കെമലയാളത്തിൽ പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നിപ്പുവിന്റെ സൈന്യങ്ങളെയെല്ലാം ശേഖരിച്ചു മരത്താബ്ഖാൻ എന്ന മൈസൂർ സേനാധിപനും ഹുസ്സൻ ആലിഖാനും ഇംഗ്ലീഷുസൈന്യത്തോടു എതിരിട്ടു. കർണൻ ഹാർട്ടലി തിരുനാവായിക്കു സമീപത്തുവെച്ചു ഇവരെ എതിൎത്തപ്പോൾ അവർ ഓടുകയും ഹാർട്ടലി പിന്നാലെ തന്നെ ഓടി തിരൂരങ്ങാടിയിൽവെച്ചു ഇവരെ എതിൎത്തു തോല്പിക്കുകയും ഹുസ്സൻ ആലിഖാൻ 900 ആളുകളോടുകൂടി കീഴടങ്ങുകയുംചെയ്തു. മരത്താബ്ഖാൻ ശേഷിച്ച സൈന്യങ്ങളോടുകൂടി ഫറൂക്കിലേക്കു ഓടി ഹാർട്ടലി പിന്തുടൎന്നുവരികയും ചെയ്തു. മരത്താബ്ഖാൻ അവിടെനിന്നു അവിടെയുള്ള നിക്ഷേപങ്ങളെ ആനപ്പുറത്തു ഏററിക്കൊണ്ടു ചില ആളുകളോടുകൂടി താമരശ്ശേരിവഴിയായി ഒളിച്ചോടിപ്പോകുകയും ചെയ്തു. ഹാർട്ടലി ഫറൂക്കിൽ എത്തിയപ്പോൾ അവിടെ ശേഷിച്ചുണ്ടായിരുന്ന 1500 സൈ

ന്യം ആയുധംവെച്ച കീഴടങ്ങുകയും ചെയ്തു. ഇപ്രകാരം തെക്കെമലയാളം മുഴവൻ ഇംഗ്ലീഷുകാരുടെ അധീനത്തിലായി. ഈ യുദ്ധത്തിൽ ചില ഉദ്യോഗസ്ഥന്മാക്ക് മുറിയേററതല്ലാതെ പറയത്തക്ക ജനനഷ്ടമൊന്നും കമ്പനിക്കു സംഭവിച്ചിട്ടില്ല. ശത്രുപക്ഷത്തിൽനിന്നു ആയിരത്തിൽ പരം ആളുകൾ മരിച്ചതുകൂടാതെ അനേകം പേർ തടവുകാരായിത്തീരുകയും ചെയ്തു.

വടക്കെ മലയാളത്തിലെ നാട്ടുരാജാക്കന്മാരെല്ലാം ഇംഗ്ലീഷുകാരുടെ വിളംബരം അനുസരിച്ച അവരുടെ മിത്രമായിത്തീൎന്നു. കണ്ണൂരിൽ ബീബിക്കുമാത്രം സംശയം തീൎന്നില്ല. ബോംബെ ഗവൎണ്ണരായ ജനറൽ അബർകോമ്പി സൈന്യശേഖരത്തോടുകൂടി വന്നു കടൽവഴിയായും കരവഴിയായും കണ്ണൂർ കോട്ടയെ ആക്രമിക്കുവാൻ തുടങ്ങി. നാലുദിവസത്തോളം എതിൎത്തുനിന്നുവെങ്കിലും ഒടുവിൽ ബീബിയും സൈന്യങ്ങളും കീഴടങ്ങി. ഇംഗ്ലീഷുകാർ അവരേയും സ്വത്തുക്കളേയും രക്ഷിക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. ഈ യുദ്ധത്തിൽ ബീബിയുടെ ഭർത്താവു മരിച്ചുപോകയും ബീബിയുടെ മന്ത്രിയേയും ഇളയബീബിയേയും ഇംഗ്ലീഷുകാൎക്കു ജാമ്യമായി കൊടുക്കേണ്ടിയുംവന്നു. പട്ടണത്തിലുണ്ടായിരുന്ന ടിപ്പുവിൻെറ 5000 സൈന്യവും ആയുധംവെച്ച ഇംഗ്ലീഷുകാൎക്കു കീഴടങ്ങി. ഇംഗ്ലീഷുകൊടി കണ്ണൂർ കോട്ടയിൽ 1790 ഡിസെമ്പറിൽതന്നെ നാട്ടുകയുംചെയ്തു. മേജർ ഡൌവ്വ വളർപട്ടണത്തുചെന്നു ശത്രുക്കളെ തോല്പിച്ച അഞ്ചു തോക്കുകളെ കൈവശപ്പെടുത്തി. കാപ്ടൻ ഓക്കസ്സ് ടിപ്പുസൈന്യം കൈവശപ്പെടുത്തീട്ടു

ള്ള വടകര, കുററിപ്പുറം ഈ സ്ഥലങ്ങളെ കൈവശപ്പെടുത്തി ശത്രുക്കളുടെ 12 തോക്കുകൾ കൈക്കലാക്കുകയും 400 ആളുകളെ തടവുകാരായി പിടിക്കുകയുംചെയ്തു. ഇപ്രകാരം തെക്കും വടക്കും മലയാളം മുഴവൻ ജയംകൊണ്ടും കരാറുകൊണ്ടും ഇംഗ്ലീഷുകമ്പനിക്കു അധീനമായിത്തീരുകയും ചെയ്തു.

ടിപ്പുവിന്റെ സ്വരാജ്യമായ ശ്രീരംഗപട്ടണത്തെ തന്നെ ഇംഗ്ലീഷുകാർ ആക്രമിക്കുവാൻ പുറപ്പെട്ടപ്പോൾ ടിപ്പു മലയാളം വിട്ടു സ്വരാജ്യരക്ഷക്കായി ഓടിപോകയും ചെയ്തു. ആ യുദ്ധത്തിൽ ടിപ്പു തോല്ക്കുകയും 1792-ൽ ശ്രീരംഗപട്ടണത്തുവെച്ചു ഒരു ഉടമ്പടിചെയ്കയും അതിലെ നിശ്ചയപ്രകാരം വയനാട ഒഴികെ ശേഷം മലയാളം മുഴവനും കമ്പനിക്കു അധീനമായിത്തീരുകയുംചെയ്തു. 1799-ൽ മൈസൂർ സുൽത്താന്റെ അധഃപതനശേഷം വയനാട ടിപ്പുവിന്റെ രാജ്യത്തിൽപെട്ടതെന്നു തീർച്ചപ്പെടുത്തുകയും ഇംഗ്ലീഷുകാരും മിത്രങ്ങളും തമ്മിലുണ്ടായ രാജ്യവിഭാഗത്തിൽ വയനാടും ഇംഗ്ലീഷുകാരുടെ അധീനത്തിലായിത്തീരുകയുംചെയ്തു. ഇപ്രകാരം പതിനെട്ടാംനൂററാണ്ടിന്റെ അവസാനത്തോടുകൂടി മലയാളം മുഴവനും ഇംഗ്ലീഷുകാൎക്കു അധീനമായിത്തീൎന്നു.

ടിപ്പുസുൽത്താൻ അഹംഭാവിയും ഗൎവ്വിഷ്ഠനും ആയ ഒരാളായിരുന്നു. 1786-ൽ താൻ രാജാവു എന്നൎത്ഥമുള്ള പാഡ്ഷ എന്ന സ്ഥാനം ധരിക്കയും പള്ളികളിലെല്ലാം "കത്താബ" നിത്യപ്രാൎത്ഥന മുകൾചക്രവൎത്തിയുടെ നാമധേയത്തിൽ ചെയ്യുന്നതിന്നു പകരം തന്റെ സ്വന്തംപേ

രിൽ ചെയ്യാൻ കല്പിക്കകയും ചെയ്തിരുന്നു. സുൽത്താൻ എല്ലാവിഷയങ്ങളിലും ഗുണദോഷാലോചനകൂടാതെ യഥേഷ്ടം മാററങ്ങൾ ചെയ്യാൻ അതിതല്പരനായിരുന്നു. സ്ഥലങ്ങളുടെ പേരുകളും അളവുകളും കാലപരിമാണക്കണക്കുകളും മററും മാററംചെയ്കയും തന്റെ പുതിയ കണക്കുപ്രകാരം ഒരു കൊല്ലത്തിന്നു 354 ദിവസം മാത്രമെ ഉള്ളു എന്നു തീച്ച്പ്പെടുത്തുകയും ചെയ്തിരുന്നു. ടിപ്പുവിന്നു ബാല്യത്തിൽതന്നെ വിദ്യാഭ്യാസവും ആയുധാഭ്യാസവും വേണ്ടപോലെ ഉണ്ടായിരുന്നു. പാർസിഭാഷയും തനിക്കു പരിചയമായിരുന്നു. നല്ല എഴുത്തുകാരനും കാര്യങ്ങളിൽ വളരെ കൃത്യമുള്ളവനും ശാസ്ത്രപരിജ്ഞാനമുള്ളവനും ആയിരുന്നു. ടിപ്പു സ്വന്തമായി നാണയങ്ങളും ഏപ്പെടുത്തിയിരുന്നു. യുദ്ധനിയമങ്ങളേയും ഭടന്മാരുടെ നടവടിക്രമങ്ങളേയും വിവരിച്ചുകൊണ്ടു ഒരു പുസ്തകമെഴുതുകയും ചെയ്തിരുന്നു. ടിപ്പു ഒരു മതസിദ്ധാന്തിയായിരുന്നുവെങ്കിലും തന്റെ കീഴിലുള്ള പരന്ത്രീസ്സുദ്യോഗസ്ഥന്മാൎക്കു തങ്ങളുടെ ഇഷ്ടംപോലെ ലഹരിപദാൎത്ഥങ്ങൾ അനുവദിച്ചിരുന്നു. ടിപ്പുവിന്നു തന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരിൽ പൂൎണ്ണവിശ്വാസം ഉണ്ടായിരുന്നില്ല. തനിക്കു ഏററവും വിശ്വസ്ഥന്മാരായ രണ്ടുദ്യോഗസ്ഥന്മാർ പൂൎണ്ണയ്യ എന്ന ഹിന്ദുമന്ത്രിയും ബർബാൻ ആവുദ്ദീൻ എന്ന മുഹമ്മദീയസേനാധിപനും ആയിരുന്നു. ടിപ്പുസുൽത്താൻ ഇസ്ലാംമതത്തെ ചൊല്ലി അനേകം അക്രമങ്ങൾ ചെയ്തിട്ടുണ്ടെന്നുമാത്രമല്ല തന്റെ നടവടികളിൽ സ്ഥിരത ഇല്ലാത്തവനും നിഷ്കാപട്യം പ്രവൃത്തിക്കാത്തവനും ആയിരുന്നു.

---

## 60-ാം അദ്ധ്യായം.

### 1800-ൽ മലയാളത്തിലെ രാജവംശങ്ങളും രാജ്യങ്ങളും.

പതിനേഴാംനൂററാണ്ടിൽ മലയാള രാജകുഡുംബങ്ങ ൾ അന്യോന്യമുള്ള ഛിദ്രവും അസൂയയും വിദേശീയരുടെ ആഗമനത്തിന്നും അഭിവൃദ്ധിക്കും ആക്രമത്തിന്നും അഴിമതിക്കും മേൽക്കോയ്മക്കും കാരണമായിതീൎന്നതുപോലെതന്നെ പതിനെട്ടാംനൂററാണ്ടിൽ ഓരോ രാജകുഡുംബാംഗങ്ങൾ തമ്മിലുള്ള സ്പൎദ്ധയും വൈരാഗ്യവും സ്വജനദ്രോഹവും തങ്ങളുടെ മൂലനാശത്തിന്നും മലയാളനിവാസികളുടെ നന്മക്കും ഹേതുഭൂതമായിതീൎന്നു. എന്നാൽ രാജാക്കന്മാരും സ്വകുഡുംബങ്ങളും തമ്മിലുള്ള സ്ഥിതിയും രാജാക്കന്മാരും ഇടപ്രഭുക്കന്മാരും തമ്മിലുള്ള മേൽകീഴ്ഭാവനകളും രാജാക്കന്മാൎക്കു പ്രജകളുടെനേരെയുള്ള വാത്സല്യനിലയും അത്യന്തം ശോചനീയാവസ്ഥയിലായിരുന്നു.

പാലക്കാട്ട രാജസ്വരൂപത്തിൽ ഇട്ടിപങ്ങി അച്ഛൻ ആത്മഹത്തിചെയ്കയാൽ അദ്ദേഹത്തിന്റെ മരുമകൻ ഇട്ടികോമ്പിഅച്ഛൻ രാജാവായിതീൎന്ന അവസരത്തിൽ കഞ്ഞിഅച്ഛൻ എന്ന ഒരാൾ രാജസ്ഥാനം തനിക്കാണെന്നു വാദിച്ചു പുറപ്പെട്ടപ്പോൾ ആയാളെ ഇട്ടികോമ്പിഅച്ഛൻ തടവുകാരനാക്കുകയും കമ്പിനിക്കാർ വെന്നു കഞ്ഞിഅച്ഛനെ തടവിൽനിന്നു മോചിപ്പിക്കുകയുംചെയ്തു. സാമൂതിരിയുടെ വക പടിഞ്ഞാറെകോവിലകത്തെ രണ്ടു തമ്പുരാക്കന്മാർ കമ്പിനിക്കാരോടുകൂടിയുള്ള രാജ്യവിഭാഗത്തിൽ നെടുങ്ങനാട്ട തങ്ങൾക്കു കിട്ടിയില്ലെന്നുള്ള കാര

ണത്താൽ സാമൂതിരിയുടെ സൎവ്വാധികാൎയ്യക്കാരനെ കുല ചെയ്വാൻ ശ്രമിക്കുകയും കഠിനമായി മുറിയേല്പിക്കുകയും ചെയ്തതു കൂടാതെ കമ്പിനിയുടെ നേരെ ലഹളക്കായി ഒരുങ്ങുകയുംചെയ്തു. ഇവക്കു ലഹളക്കാരിൽ പ്രധാനിയായ മലപ്പുറം ഉണ്ണിമൂപ്പന്റെ സഹായംകൂടാതെ പാലക്കാട്ടു കുഞ്ഞിഅച്ചനും ഇവരുടെ യോഗത്തിൽചേൎന്നു കമ്പിനിക്കു വിരോധമായി പ്രവൃത്തിച്ചിരുന്നു. എന്നാൽ കുഞ്ഞിഅച്ചൻ ഒടുവിൽ കമ്പിനിക്കു കീഴടങ്ങുകയാണു ചെയ്തതു. ചിറക്കൽ, കോട്ടയം എന്നീ രാജവംശങ്ങളിൽ ടിപ്പുവിന്റെ ആക്രമകാലത്തു സ്വരാജ്യം വിട്ടുപോയ ചില രാജാക്കന്മാരും സ്വജനങ്ങളേയും സ്വാഭിമാനത്തേയും രക്ഷിച്ചുകൊണ്ടു സധൈൎയ്യം സ്വരാജ്യത്തിൽതന്നെ നിന്നുപോന്നവരായ രാജാക്കന്മാരും രാജത്വത്തെപററി അന്യോന്യം ലഹള ചെയ്തുതുടങ്ങി. ഒടുവിൽ കമ്പിനിക്കാർ മദ്ധ്യസ്ഥംപറഞ്ഞു അവരവരുടെ അവകാശങ്ങളെ ന്യായംപോലെ സ്ഥിരപ്പെടുത്തികൊടുത്തു. ചിറക്കൽ രാജകുഡുംബത്തിൽ പിന്നീടു രവിവൎമ്മൻ എന്ന പേർ ധരിച്ച ഉണ്ണിഅമ്മ എന്ന ഉണ്ണിതമ്പുരാൻ ഒഴികെ ബാക്കി എല്ലാരാജാക്കന്മാരും ഓരോസ്ഥലത്തുപോയി രക്ഷപ്രാപിച്ചവരായിരുന്നു. വലിയതമ്പുരാൻ അമ്മയോടുകൂടി തിരുവനന്തപുരത്തേക്കാണു പോയതു. കോട്ടയം രാജവംശത്തിൽ പിന്നീടു ചരിത്രപ്രസിദ്ധനായ പഴശ്ശിരാജാവു സ്വരാജ്യത്തുതന്നെ താമസിക്കുകയും മൂപ്പിലെ രാജാവു തിരുവനന്തപുരത്തുപോയി രക്ഷപ്രാപിക്കയും ചെയ്തിരുന്നു. ടിപ്പുസുൽത്താനും ഇംഗ്ലീഷുകാരും തമ്മിലുള്ള യുദ്ധകാലത്തു ഇരു

നല്ല അവസരം എന്നുകരുതി അനേകം ഇടപ്രഭുക്കന്മാർ തങ്ങളുടെ സ്ഥിരം മേൽക്കോയ്മയെ ധിക്കരിക്കയും ചിലർ അവരവൎക്ക അഭിരുചിയുള്ള മേല്ക്കോയ്മയെ സ്വീകരിക്കുകയും വേറെ ചിലർ സ്വതന്ത്രരാജാക്കന്മാരായിതീരുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. കൊല്ലങ്കോട്ട, കൊട്ടവായ്യൂർ, മങ്കര മുതലായ നാട്ടവാഴികൾ സാമൂതിരിയുടെ മേല്ക്കോയ്മ നിഷേധിച്ച സ്വാതന്ത്ര്യം ഭാവിച്ചവരായിരുന്നു. കോങ്ങാട്ട, മണ്ണൂർ, ഇടത്തറ എന്നീ ദേശാധിപന്മാർ പാലക്കാട അച്ഛന്റെയും വള്ളുവനാട രാജാവിന്റെയും മേല്ക്കോയ്മയെപറ്റി വാദവിഷയത്തിൽ പെട്ടവരായിരുന്നു. രാജാക്കന്മാർതന്നെ അന്യോന്യം ഓരോസ്ഥലങ്ങളുടെ മേല്ക്കോയ്മയെപറ്റി തൎക്കിച്ചുതുടങ്ങി. പുഴവായി സാമൂതിരിയുടേയും കുറുമ്പ്രനാട്ടരാജാവിന്റെയും തൎക്കത്തിന്ന വിഷയമായ സ്ഥലമായിരുന്നു. അതുപ്രകാരം ചാവക്കാടിനെപറ്റി സാമൂതിരിയും പുന്നത്തൂർ രാജാവും ചേററുവായിയെപറ്റി കൊച്ചിയും സാമൂതിരിയും വാദികക്ഷികളായിരുന്നു. ജനസമുദായസ്ഥിതിയും മത്സരശ്രദ്ധയിൽ തന്നെ ആയിരുന്നു. മുഹമ്മദീയാക്രമണത്തിന്നശേഷം ഹിന്തുക്കളും മുഹമ്മദീയരും മുമ്പേത്തെപോലെ യോജിപ്പുള്ളവരായിരുന്നില്ലെന്നുമാത്രമല്ല അന്യോന്യം മത്സരവും വൈരാഗ്യവും പ്രവൃത്തിച്ചുതുടങ്ങി. ഹിന്തുക്കൾ രണ്ടാമത്തും രാജ്യവാഴികളായാൽ തങ്ങൾക്ക വലിയ ന്യൂനതയുണ്ടാകും എന്നായിരുന്നു മുഹമ്മദീയരുടെ ആലോചന. കണ്ണൂർ ബീബിയും മററു അനേക മുഹമ്മദീയപ്രഭുക്കന്മാരും മുഹമ്മദീയൎക്ക സഹായികളായിരുന്നു. അതുനിമിത്തം മുഹ

മ്മദീയർ അവിടവിടെ ലഹളചെയ്തുതുടങ്ങി. ടിപ്പുവിന്റെ ആക്രമവും അഴിമതിയുംകൊണ്ടുതന്നെ രാജ്യം ജനശ്ശൂന്യമായും കൃഷിശ്ശൂന്യമായും കച്ചവടത്തിന്നും ഗതാഗതത്തിന്നും സ്ഥിരതാമസത്തിന്നും സൌകര്യം ചുരുങ്ങിയതായി തീൎന്നിരുന്നു.

രാജ്യസ്ഥിതി മേൽപറഞ്ഞപ്രകാരം ഇരിക്കുമ്പോളായിരുന്നു ശ്രീരംഗപട്ടണത്തിലെ ഉടമ്പടിപ്രാരം ടിപ്പു സുൽത്താൻ ഇംഗ്ലീഷുകാൎക്കു മലയാളം വിട്ടൊഴിഞ്ഞുകൊടുത്തതു. ഇംഗ്ലീഷുകാരുടെ ഉദ്ദേശം തങ്ങൾക്കു വ്യാപാരസൌകര്യം നാട്ടുരാജാക്കന്മാരിൽനിന്നു സമ്പാദിക്കേണമെന്നല്ലാതെ രാജ്യഭരണവിഷയത്തിൽ പ്രവേശിക്കേണമെന്നു ലേശംപോലും ഉണ്ടായിരുന്നില്ല. എന്നുതന്നെയല്ല നാട്ടുരാജാക്കന്മാർ ആവശ്യപ്പെട്ടാൽപോലും ഭരണവിഷയത്തിൽ പ്രവേശിച്ചു പോകരുതെന്നു മേലുദ്യോഗസ്ഥന്മാരുടെ നിർബ്ബന്ധകല്പന കൂടക്കൂടെ ഉണ്ടായിരുന്നു. 1782 ആഗസ്തമാസത്തിൽ കോട്ടയം, കടത്തനാട രാജാക്കന്മാരും ഇരുവാഴിനാട നമ്പ്യാന്മാരും തങ്ങളേയും രാജ്യങ്ങളേയും കമ്പനിയുടെ രക്ഷയിൻകീഴിൽ സ്വീകരിക്കുന്നപക്ഷം യഥോചിതം ധനസംഖ്യ കൊല്ലന്തോറും കമ്പനിക്കു തന്നുകൊള്ളാമെന്നു അപേക്ഷിച്ച വിവരം തലശ്ശേരി റസിഡന്റ് ബോംബേ ഗവൎമ്മെണ്ടിനെ അറിയിച്ചപ്പോൾ നാട്ടുരാജാക്കന്മാരെ തങ്ങളുടെ രക്ഷയിൻകീഴിൽ സ്വീകരിക്കുന്നതു ഉചിതമല്ലെന്നാണ് മറുവടി അറിയിച്ചതു.

ഇംഗ്ലീഷുകാൎക്കു കച്ചവടസാമൎത്ഥ്യം ഉള്ളതുപോലെ തന്നെ യുദ്ധസാമൎത്ഥ്യവും ഉള്ളതുനിമിത്തം അവരുടെ

രക്ഷാസ്ഥയ്യും രക്ഷയും മോഹിക്കത്തക്കതുതന്നെയെന്നു അക്കാലത്തു നാട്ടുകാൎക്കും നാട്ടുരാജാക്കന്മാൎക്കും നല്ല ബോദ്ധ്യമായിരുന്നു. ടിപ്പുവിൻെറ ആക്രമത്തെ തട്ടുത്തു അവൻെറ ശക്തിയെ ക്ഷയിപ്പിച്ചില്ലെങ്കിൽ കമ്പനിക്കാൎക്കു മലയാളവ്യാപാരത്തിൽ ഉടവുപററുമെന്നു കരുതി ഇംഗ്ലീഷുകാർ 1790-ൽ ടിപ്പുവുമായി യുദ്ധം തുടങ്ങുകയും ടിപ്പുവിന്നു എതിരായി തങ്ങൾക്കു യുദ്ധസഹായം ചെയ്യുന്ന നാട്ടുരാജാക്കന്മാരെ തങ്ങൾ മിത്രങ്ങളായി കരുതുന്നതാണെന്നും യുദ്ധശേഷം അവരേയും അവരുടെ രാജ്യങ്ങളേയും അന്യന്മാരുടെ ആക്രമണങ്ങളിൽനിന്നു രക്ഷിക്കുന്നതാണെന്നും ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. പിന്നെ കോട്ടയം, കടത്തനാട്ട, ചിറക്കൽ, കുറുമ്പ്രനാട്ട, സാമൂതിരി എന്നീ രാജാക്കന്മാരോടുകൂടി ഓരൊ ഉടമ്പടിചെയ്കയുംചെയ്തു. 1792-ൽ യുദ്ധം അവസാനിച്ചതിൻെറശേഷം നാട്ടുരാജാക്കന്മാരെ അവരവരുടെ സ്വരാജ്യത്തിൽ രാജ്യഭരണം നടത്തി നികുതിപിരിപ്പിപ്പാൻ ഏല്പിക്കുകയും ജനദ്രോഹമുള്ള സംഗതികളിൽ കമ്പനിതന്നെ വേണ്ടതുപോലെ അന്വേഷണം നടത്തി നിവൃത്തിമാൎഗ്ഗങ്ങൾ ഉണ്ടാക്കികൊടുപ്പാനും ഏൎപ്പാടുചെയ്തു. എന്നാൽ ഓരോ രാജാവിന്നും ജനതൃപ്തിവരുത്തി രാജ്യംഭരിപ്പാൻ ശക്തിയില്ലാഞ്ഞതിനാലും നികുതി ക്രമമായി പിരിച്ചേല്പിക്കുന്നതിൽ വീഴ്ചവരുത്തിയതിനാലും രാജകുഡുംബാംഗങ്ങൾ തമ്മിലുള്ള ഛിദ്രത്തിനാലും ചില രാജാക്കന്മാർ പൂൎവ്വസ്ഥിതി വിചാരിച്ച അന്യായമായി സ്വാധികാരം പ്രവൃത്തിച്ചതിനാലും ചില രാജകുഡുംബങ്ങൾ വംശച്ഛേദം വന്നുപോയ

തിനാലും മലയാളം മുഴുവൻ ഓരോരോന്നോരോന്നായി 1800 ന്നു മുമ്പായിതന്നെ നാട്ടുരാജാക്കന്മാരുടെ സന്തോഷാനു വാദത്തോടുകൂടിതന്നെ ഇംഗ്ലീഷുകാരുടെ ഭരണത്തിൻകീ ഴിൽ ആയിതീരുകയും രാജാക്കന്മാൎക്ക യഥോചിതം മാലി ഖാൻ തീൎച്ചപ്പെടുത്തുകയും ചെയ്തു.

---

## 61-ാം അദ്ധ്യായം.

### 1800-ൽ

### രാജ്യഭരണം, യുദ്ധാഭ്യാസം, വിദ്യാഭ്യാസം, കച്ചവടം.

ഏകദേശം പതിനെട്ടാംനൂററാണ്ടിൻെറ മദ്ധ്യകാലം തുടങ്ങി മലയാളത്തിൽ രാജ്യഭരണസ്ഥിതി വളരെ മോശ മായിരുന്നു. രണ്ടാം കൎണ്ണാടകയുദ്ധത്തിൻെറശേഷം വട ക്കെമലയാളത്തിലും മൂന്നാംശക്തൻതമ്പുരാൻ തൃശ്ശിവ പേരൂരിൽവെച്ചു തീൎപ്പെട്ടതിൻെറശേഷം തെക്കെമലയാ ളത്തിലും രാജശക്തിയും മന്ത്രിശക്തിയും ക്രമേണ മങ്ങിമ ങ്ങി നഷ്ടപ്രായമായിതീൎന്നു. ആ അവസരത്തിൽ മൈസൂർ പടയാളികളുടെ അഴിമതിക്ക പാത്രമായിതീരുകയും ത ന്നിമിത്തം രാജ്യം തീരെ അരാജകസ്ഥിതിയിൽ വരികയു മാണ് ചെയ്തതു. മന്ത്രിപ്രവരനായ മങ്ങാട്ട അച്ചൻെറ വ ൎഗ്ഗവും ഓജസ്സും തേജസ്സും ക്ഷയിച്ച നിലയിലായി. ജന ങ്ങൾ തങ്ങൾക്കും സ്വത്തുക്കൾക്കും രക്ഷാനിലകിട്ടാതെ സ്വാതന്ത്ര്യം നശിച്ചവരായിതീൎന്നു. തൻമൂലം സ്വഭവന ങ്ങളെ ഉപേക്ഷിച്ചു പകൽ മുഴുവനും വനങ്ങളിൽ ഒളി ച്ചിരിക്കുകയും രാത്രികാലംമാത്രം പുറത്തിറങ്ങി സഞ്ചരി ക്കുകയും ചെയ്തുവന്നു.

യുദ്ധാഭ്യാസവിഷയത്തിൽ ജനങ്ങൾക്ക താല്പൎയ്യം ചുരുങ്ങിവന്നു. രാജാക്കന്മാർ അവരവരുടെ സൈന്യങ്ങളെക്കൊണ്ടു രാജ്യരക്ഷ നടത്തിപ്പോന്നതിനാൽ ഉൾപ്രദേശങ്ങളിലും മററും ജനങ്ങൾക്ക കേവലം യുദ്ധാഭ്യാസമില്ലാതായിത്തീരുകയും അതുകാരണം സ്വരാജ്യരക്ഷക്കും സ്വരക്ഷക്കും അന്യാശ്രയം അവലംബിക്കേണ്ടിവരികയും ചെയ്തു. ആയുധാപരിചയവും യുദ്ധവൈദഗ്ദ്ധ്യവും ഇല്ലാതെവന്നതിനാലാണ്, വനരാജ്യവും അന്യരാജ്യവും ജനങ്ങൾക്കു രക്ഷാവിഷയമായിത്തീൎന്നതു. എന്നാൽ വടക്കെമലയാളത്തിൽ യൂറോപ്പുജാതിക്കാർ തങ്ങളുടെ ഉപകാരത്തിന്നുവേണ്ടി നാട്ടുകാരിൽ ചിലരെ യുദ്ധാഭ്യാസം പരിചയിപ്പിച്ചിരുന്നു.

മേൽപറഞ്ഞപ്രകാരം യുദ്ധാഭ്യാസം ക്ഷയിക്കുംതോറും ജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസത്തിന്നു അഭിവൃദ്ധി വന്നുതുടങ്ങി. ഓരൊ തറകളിലും കളരിക്കു പകരം എഴുത്തുപള്ളികൾ ഉദിച്ചുവന്നു. കളരിആശാന്റെ സ്ഥാനത്തു എഴുത്തച്ഛനായിവന്നു. വിദ്യാഭ്യാസത്തിൽ ആണും പെണ്ണും ഒരുപോലെ ശ്രദ്ധകാണിച്ചു ഒരെ പള്ളിക്കൂടത്തിൽവെച്ചുതന്നെ വിദ്യാഭ്യാസം ചെയ്തുവന്നു. തുഞ്ചത്തെഴുത്തച്ഛന്റെ രാമായണം ഭാരതം എന്നീഗ്രന്ഥങ്ങൾ മലയാളത്തിൽ നിത്യപാരായണഗ്രന്ഥങ്ങളായിത്തീൎന്നു. എന്നാൽ ഈ ശതവൎഷത്തിൽ വൎദ്ധിച്ചുവന്ന മലയാളഭാഷക്കും ഒരു ഗ്രഹപ്പിഴ നേരിടാൻ ഇടവന്നു. റിപ്പുസുൽത്താൻ പലെ രാജധാനികളേയും ക്ഷേത്രങ്ങളേയും കൊള്ളിവെച്ചു നശിപ്പിച്ചപ്പോൾ അവയിൽ സൂക്ഷിച്ചിരുന്ന അനേകം ഗ്ര

ന്ഥങ്ങൾ നശിച്ചുപോയതുകൂടാതെ ചേലാവിൽ ചേർക്ക പ്പെട്ട ആളുകൾവശം ഉണ്ടായിരുന്ന അനേകം ഗ്രന്ഥങ്ങ ളും നശിച്ചുപോയിരുന്നു. തുള്ളക്കഥകളുടെ ആദികർത്താ വും രസികശിരോമണിയും ആയ കലക്കത്തു കുഞ്ചൻന മ്പ്യാരുടെ ജനനം ആ ഗ്രഹപ്പിഴതീർത്തു പിന്നേയും ഭാഷ യെ പോഷിപ്പിച്ചുതുടങ്ങി.

വ്യാപാരവിഷയത്തിൽ കമ്പനികളുടെ മത്സരം നി മിത്തവും നാട്ടിലുള്ള അരാജകത്വവും കാരണവും അധിക മായ അഭിവൃദ്ധി ഉണ്ടായില്ല. നാട്ടുകാർ ദൂരദേശസഞ്ചാര ത്തിൽനിന്നും അന്യരാജ്യക്കാരുമായി നേരിട്ടു നടത്തുന്ന വ്യാപാരത്തിൽനിന്നും ക്രമേണ പിൻമാറിതുടങ്ങി. എല്ലാ വ്യാപാരവും കമ്പിനിമുഖാന്തരമായിതീൎന്നു. ഒററയൊററ യായ കച്ചവടക്കാൎക്കു ധനവും സാമൎത്ഥ്യവും എത്രതന്നെ ഉണ്ടായിട്ടും കമ്പിനിയോടു എതിരായി നില്പാൻ സാധി ച്ചില്ല. എങ്കിലും നാട്ടുകാർ സ്വന്തം കപ്പലുകളിൽ കടൽ വ്യാപാരം നടത്തിയിരുന്നു. ഗോപാലകൃഷ്ണൻ, ജനാൎദ്ദന ൻ എന്നീ നാമധേയത്തോടുകൂടിയതായ കപ്പലുകൾ മൂപ്പ ൻെറ തറവാട്ടുവകയായി നടത്തിച്ചുപോന്നവയായിരുന്നു.

---

## 62-ാം അദ്ധ്യായം

### കമ്പിനിയുടെ കീഴിൽ മലയാളം. ബോംബെ ഗവമ്മെൻറ്.

### 1793—1800.

1792-ൽ ശ്രീരംഗപട്ടണത്തിൽവെച്ചുണ്ടായ സമാ ധാന നിശ്ചയപ്രകാരം മാൎച്ച് 18-ാംനു- മലയാളം പൂൎവ്വേ ന്ത്യാ സംഘത്തിൻെറ അധീനത്തിലായിതീൎന്നു. എന്നാൽ

അക്കാലത്തു മലയാള കാൎയ്യാന്വേഷണങ്ങളെല്ലാം ബോംബെ ഗവൎമ്മേണ്ടിന്റെ കീഴിലായിരുന്നു നടന്നുവന്നതു. പുതുതായി സ്വാധീനത്തിൽ വന്നുചേൎന്ന മലയാളത്തിലെ അരാജകസ്ഥിതിയെ അകററി സ്ഥിരരാജ്യഭരണം ഏൎപ്പെടുത്തുവാനും ഓരോ നാട്ടുരാജാക്കന്മാരോടു കൂടിയുള്ള കരാറുകളെ പ്രബലപ്പെടുത്തുവാനും നികുതിപിരിവിന്നു അധികാരികളെ നിശ്ചയിപ്പാനും നീതിന്യായവിചാരണചെയ്യാനുള്ള മാൎഗ്ഗങ്ങൾ ചിന്തിപ്പാനും വ്യാപാരവിഷയങ്ങളെ ബലപ്പെടുത്തുവാനുംവേണ്ടി ഒരു ജോയിന്റ് കമീഷനെ ഏൎപ്പെടുത്തി. ഈ ഏൎപ്പാടിൽ ഉൾപ്പെട്ടവർ തലശ്ശേരിയിലെ ഒരു വലിയ വൎത്തകനായ മിസ്റ്റർ ഫാർമറും സേനാധിപനായ മേജർ ഡെയവും മിസ്റ്റർ പൈെജ്ജും ബങ്കാളത്തിൽനിന്നു കാറൻവാലീസ്സുപ്രഭു അയച്ചവരായ മെസ്സെർസ്സ് ഡൻകൻ എന്ന ആളും ബോഡാം എന്ന ആളും ആയിരുന്നു. ഇവർ കാലതാമസംകൂടാതെ മലയാള രാജ്യഭരണ വിഷയത്തെപററി ഒരു വിവരണപട്ടിക തെയ്യാറാക്കി അയക്കുകയും അതിനെ അടിസ്ഥാനപ്പെടുത്തി ബോംബെ ഗവൎണ്ണരായിരുന്ന സർ. റാബർട്ട-അബർകോമ്പി 1793 മാൎച്ച് 18-ാംനു- മിസ്റ്റർ ഫാർമൻ എന്ന ആളെ മലയാളത്തിലെ സൂപ്രവൈസരായും പ്രധാനമജിസ്ത്രേട്ടായും കോഴിക്കോട്ട നിശ്ചയിച്ചു. കൂടാതെ മലയാളത്തെ തെക്കേമലയാളം വടക്കേമലയാളം എന്നിങ്ങിനെ രണ്ടു ഖണ്ഡമായി ഭാഗിക്കയും ഓരൊ ഭാഗത്തിലും റവന്യൂവകയായും മജിസ്ത്രീയൽ വകയായും ഉള്ള പ്രവൃത്തികൾ നടത്തുവാൻവേണ്ടി ഓരോ സൂപ്രഡേണ്ടു

മാരെ നിശ്ചയിക്കുകയുംചെയ്തു. ഇവരുടെ തലസ്ഥാനം ചെറുപ്പുളശ്ശേരിയും തലശ്ശേരിയും ആയിരുന്നു. സുപ്രവൈസരുടെ പ്രധാന സഹായിയായും ജഡ്ജിയുടെ മജിസ്ത്രേട്ടിൻപ്രവൃത്തി നടത്തുവാൻവേണ്ടിയും മിസ്റ്റർ അഗസ്റ്റസ്സ് വില്യംഹാൻഡ്ലി എന്ന ആളേയും നിശ്ചയിച്ചു.

കമീഷൻെറ പ്രഥമകൃത്യം നാട്ടുരാജാക്കന്മാരോടുകൂടിയുള്ള കരാറുകളെ പ്രബലപ്പെടുത്തുന്നതിൽ ഉള്ള പരിശ്രമമായിരുന്നു. ഓരൊ രാജാക്കന്മാരേയും ഒന്നാമതായി ഒരു കൊല്ലത്തെ നികുതി പിരിവിന്നു ഏല്പിക്കുകയുമാണ് ചെയ്തതെങ്കിലും രാജാക്കന്മാരുടെ അധികാരശക്തി തീരെ ക്ഷയിച്ചുപോയിരുന്നതിനാൽ അവൎക്കു വേണ്ടതുപോലെ അതു ചെയ്വാൻ സാധിക്കാതെയാണ് വന്നതു. തന്നിമിത്തം ഭരണകാൎയ്യവും നികുതിപിരിവും കമ്പിനി സ്വയമേവ നടത്തുവാൻ നിർബ്ബന്ധിതരായിതീൎന്നു. 1793-ൽ പാലക്കാട, കവളപ്പാറ, കോങ്ങാട, മണ്ണൂർ, എടത്തറ എന്നീ സ്ഥലങ്ങൾ കമ്പിനിയുടെ അധീനത്തിലായിതീരുകയും ആ കൊല്ലത്തിൽതന്നെ ചിറക്കലും ബേപ്പൂരും കമ്പിനിയുടെ മേൽകോയ്മ അംഗീകരിക്കുകയുംചെയ്തു. പിന്നെ പുന്നത്തൂർ രാജാവിന്നും സാമൂതിരിക്കും വാദവിഷയത്തിൽ പെട്ടതായ ചാവക്കാട്ടും സാമൂതിരിയാർ ഉപേക്ഷിക്കപ്പെട്ട പയ്യോർമലയും സാമൂതിരിയുടെ മേൽകോയ്മയെ തൃണവൽ ധിക്കരിച്ച പുഴവായും കമ്പിനിയുടെ അധീനത്തിലായിതന്നെ തീൎന്നു. കോട്ടയം, കടത്തനാട, കുറുമ്പ്രനാട മുതലായ രാജാക്കന്മാർ 1792-ൽ കമ്പിനിക്കു വശംവദന്മാരായി തീൎന്നുവെങ്കിലും പിന്നെ തങ്ങളുടെ ഭരണവീ

ഴ്ചനിമിത്തം രാജ്യഭരണം കമ്പിനിക്കുതന്നെ ഏല്പിച്ചുകൊ ട്ടക്കേണ്ടിവന്നു. സാമൂതിരിയാൽ അസാദ്ധ്യം എന്നുകരു തി ഉപേക്ഷിക്കപ്പെട്ട ഏറനാട, പരപ്പനാട ഇവിടങ്ങളി ൽ 1797-ൽ ഓരൊ കമ്പിനി ഉദ്യോഗസ്ഥന്മാരെ നിശ്ച യിക്കുകയുണ്ടായി. 1793-ൽ വെട്ടത്തനാട്ട രാജാവു സന്താ നമില്ലാതെ മരിച്ചതിനാൽ ആ രാജ്യം കമ്പിനിയുടെ അ ധീനത്തിലായിത്തീൎന്നു. സാമൂതിരിയുടെ മററു രാജ്യങ്ങളെ ല്ലാം 1798-ൽ നികുതി അടവു വീഴ്ചനിമിത്തം കമ്പിനിയു ടെ കീഴിലായിവരികയും കമ്പിനി നേരിട്ടു രാജ്യഭരണം ഏററു നടത്തുകയുംചെയ്തു.

1792-ൽ കമ്പിനിയുടെ കീഴിൽ ഉണ്ടായിരുന്ന സ്ഥല ങ്ങൾ തലശ്ശേരി, ധൎമ്മപട്ടണംദ്വീപ്, ഗ്രൊവദ്വീപ്, ര ണ്ടുതറ, ഏഴിമല, 1790-ൽ അവർ പിടിച്ചെടുത്ത ചേററു വാ, അഞ്ചിങ്കോ ഇവയായിരുന്നു. 1799-ൽ കടത്തനാട, കുറുങ്ങോത്ത, കല്ലായി, കണ്ണൂർ, കവളപ്പാറ എന്ന സ്ഥലങ്ങൾ കരാറുപ്രകാരം ഏല്പിച്ചുകൊടുത്തതു കൂടാതെ യുള്ള മലയാളം മുഴുവനും കമ്പിനിയുടെ സ്വയംഭരണ ത്തിൻകീഴിൽ ആകുകയും 1802-ൽ കുറുങ്ങോത്ത്, കല്ലാ യി ഇവ ഒഴികെ എല്ലാം നേരിട്ടു ഭരണമാകുകയും അവ യും 1807-ൽ കമ്പിനിക്കു അടങ്ങുകയുംചെയ്തു.

പിന്നെ കമ്പിനി പാലക്കാട മുതൽ പഴനിവഴിയാ യി ഡിംഡിക്കലിലേക്കു ഒരു നിരത്തു ഉണ്ടാക്കിക്കുകയും ഠിപ്പുവിൻെറ വക വലിയതോക്കുപാത നന്നാക്കിക്കുകയും അന്യായമായ ചുങ്കങ്ങൾ നിൎത്തുകയും കടത്തുകടവുകളി ലെ ചുങ്കത്തിന്ന വ്യവസ്ഥകല്പിക്കുകയും മററുമായി ട്ടാഫ്യ

തരമായ ഓരോ ഏൎപ്പാടുകൾ ചെയ്യുതുകൂടാതെ കമ്പിനി ഉദ്യോഗസ്ഥന്മാർ നാട്ടുകാരുടെ കയ്യിൽനിന്നു സമ്മാനമായി യാതൊന്നും വാങ്ങിപ്പോകരുതെന്നും കുരുമുളകൊഴികെ സൎവ്വസാധനവും സ്വാതന്ത്ര്യവ്യാപാരം ചെയ്യാകുന്നതാണെന്നും മാപ്പിളമാർ നടത്തിവന്നിരുന്ന അടിമവ്യാപാരം മേലിൽ പാടില്ലെന്നും മററും ഉള്ള ഏൎപ്പാടുകളും പ്രബലപ്പെടുത്തി.

മിസ്റ്റർ ഫാർമൻ ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ 1794-ൽ മേലധികാരത്തിലെ കല്പനപ്രകാരം തലശ്ശേരി പാണ്ടികശാല നിൎത്തിക്കളകയും ഉദ്യോഗം രാജികൊടുക്കുകയും ചെയ്തു. ഇതിന്നു പകരം മിസ്റ്റർ ജെ. സ്റ്റീവൻസ് സൂപ്രവൈസർ ആയി. എന്നാൽ സൂപ്രവൈസരും ജെ. അഗ്ന്യൂവും ദിവാൻ അയ്യൻ അയ്യ എന്ന ബ്രാഹ്മണനും കൂടി ഒരു ലക്ഷം ഉറുപ്പിക കൈക്കൂലി വാങ്ങിയിരിക്കുന്നു എന്നു ആവലാധി ഗവൎണ്ണരായ മിസ്റ്റർ ഡൻകൻെറ സന്നിധിയിലേക്കു സാമൂതിരി ബോധിപ്പിക്കയുണ്ടായി. മിസ്റ്റർ സ്റ്റീവൻസ് 1795-ൽ ഉദ്യോഗം രാജികൊടുത്തുകളഞ്ഞു. എങ്കിലും 1796-ൽ ബോമ്പെ ഗവൎമ്മേൻറ് ഈ കേസ്സു വിചാരണക്കു ഒരു കമീഷനെ നിശ്ചയിച്ചു. ഈ കുററത്തിൽപെട്ട ഉദ്യോഗസ്ഥന്മാരെയെല്ലാം ലണ്ടനിൽ രാജബെഞ്ച് കോടതിയിൽ ചാൎജ്ജചെയ്യുകയും 1801-ൽ വിചാരണതുടങ്ങുകയും ചെയ്തു. ഇതിൽപെട്ടവരെല്ലാം കുററക്കാരാണെന്നും 85000 ഉറുപ്പിക സാമൂതിരിയോടു മേടിച്ചതായും അധികസംഖ്യ ആവശ്യപ്പെട്ടതായും തെളികയും ചെയ്തു. അവർ സാമൂതിരിയുടെ കയ്യിൽനിന്നു മേടി

ച്ചതായ 85000 ഉറപ്പിക മടക്കി അടപ്പാനും അതിന്നുപുറമെ മിസ്റ്റർ സ്റ്റീവൻസ്സിന്ന 5000 പവൻ പിഴയും രണ്ടുകൊല്ലത്തെ ജേൽശിക്ഷയും മിസ്റ്റർ ആഗ്ന്യുവിൻെറ ദരിദ്രാവസ്ഥ ആലോചിച്ചു പിഴ കൂടാതെ രണ്ടുകൊല്ലത്തെ തടവുശിക്ഷയും വിധികല്പിച്ചു. ഈ വൎത്തമാനം 1805-ൽ "കോൎട്ട് ആഫ് ഡാരക്ടേറസ്സ്" കല്പനപ്രകാരം കലക്ടർ സാമൂതിരിയെ അറിയിക്കുകയും ചെയ്തു. ഇതുനിമിത്തം ഇംഗ്ലീഷുകാരുടെ ഇന്ത്യാഭരണം സത്യവും ന്യായവും ആസ്പദമാക്കി ചെയ്യുന്നതാണെന്നും ഇന്ത്യക്കാരുടെ ക്ഷേമത്തിലും സുഖത്തിലും അവർ സദാ ജാഗരൂകന്മാരാണെന്നും സാമൂതിരിക്ക പൂൎവ്വാധികം ആദരബഹുമാനങ്ങളോടുകൂടി ബോദ്ധ്യംവരികയും ചെയ്തു. ഇതുപ്രകാരംതന്നെ നാട്ടുകാൎക്കും നാട്ടുരാജാക്കന്മാൎക്കും ഇംഗ്ലീഷുകാരുടെ നീതിന്യായഭരണത്തിലും മലയാളരാജാക്കന്മാരെപോലെ ശിക്ഷയും രക്ഷയും ജാതിമതത്തിന്നനുസരിച്ചിട്ടല്ലെന്നും ജാതിഭേദവും മതഭേദവും നിറഭേദവും കൂടാതെ എല്ലാവരും ഒരുപോലെ നിഷ്പക്ഷമായി കുററത്തിന്നൊത്ത ശിക്ഷക്കു പാത്രീഭവിക്കുമെന്നും പൂൎണ്ണവിശ്വാസം ജനിച്ചു. കമ്പനി ആദ്യകാലം കാണിച്ച രാജ്യഭരണവിരക്തിയും ടിപ്പുവിൻെറ ആക്രമണകാലത്തു മലയാളികളുടെ നേരെ കാണിച്ച അനുകമ്പയും മൈസൂർ യുദ്ധത്തിൽ കാണിച്ച ധൈൎയ്യപരാക്രമവും പിന്നെ നാട്ടുരാജാക്കന്മാരോടു കൂടിയുള്ള കരാറുകളിൽ കാണിച്ച സത്യവും മൎയ്യാദയും നാട്ടുകാൎക്കു ഇംഗ്ലീഷുകാരുടെ നേരെയുള്ള സ്നേഹത്തേയും അവരുടെ ശക്തിവിഷയം ഉള്ള വിസ്മയത്തേയും സത്യനടവടിക്കു

ളിലുള്ള വിശ്വാസത്തേയും ഏററവും വൎദ്ധിപ്പിച്ചുകൊണ്ടുതന്നെ ഇരുന്നു. ഇതുനിമിത്തം അവരുടെ നിഷ്പക്ഷമായ സത്യവും നീതിഭരണശ്രദ്ധയും പൂൎണ്ണമായി തെളിവായതിനാൽ നാട്ടുകാർ പൂൎവ്വാധികം ഇംഗ്ലീഷുകാരോട്ട അടുത്തുകൂടുവാൻ ഇടയാകുകയും ചെയ്തു.

---

## 63-ാം അദ്ധ്യായം

### പഴശ്ശി ഒന്നാംയുദ്ധം.

### 1793—1798.

എന്നാൽ നാട്ടുരാജാക്കന്മാരുടെ നടവടികളിൽ ഒരു സംഗതി കമ്പിനിക്കു അധികമായ അസഹ്യതക്കു കാരണമായിതീൎന്നു. ടിപ്പുവിൻെറ ആക്രമകാലത്തു കോട്ടയം രാജാവു തിരുവനന്തപുരത്തു ചെന്നു രക്ഷപ്രാപിച്ചിരുന്നു. അക്കാലത്തു കോട്ടയം രാജവംശത്തിൽ പടിഞ്ഞാറെ കോവിലകത്തു കേരളവൎമ്മ എന്നു പേരായ രാജാവു നാട്ടിൽതന്നെ താമസിക്കുകയും ഇംഗ്ലീഷുകാരുടെ മിത്രവും ആയിരുന്നു. ഇദ്ദേഹത്തിൻെറ തലസ്ഥാനം പഴശ്ശി ആയിരുന്നതിനാൽ ഇദ്ദേഹത്തെ പഴശ്ശി രാജാവെന്നു വിളിച്ചുവന്നിരുന്നു. ഇദ്ദേഹം ഒരു ശൂരനും സ്വാതന്ത്ര്യാധികാരം നടത്തുന്നതിൽ അതിതല്പരനും ജനരഞ്ജനയുള്ള ആളും ആയിരുന്നു. കമ്പിനിക്കാർ വയഃക്രമം ആലോചിച്ചും മലയാളരീതിക്കനുസരിക്കും ഇദ്ദേഹത്തിൻെറ അമ്മാമനായ കുറുമ്പ്രനാടരാജാവോടുകൂടി കരാറു ചെയ്തു നിശ്ചയപ്രകാരം കോട്ടയം നികുതിപിരിവു അദ്ദേഹ

ത്തെ ഏല്പിച്ചു. ആ സംഗതി കേരളവൎമ്മരാജാവിന്നു അ ശേഷം രസിച്ചില്ല. തന്മൂലം കോട്ടയം താലൂക്കിലുള്ള നികുതിപിരിവിന്നു തടസ്ഥം ചെയ്യുതുടങ്ങി. എന്നു മാത്ര മല്ല രാജ്യം ഇംഗ്ലീഷുകോയ്മക്കധീനമായതിന്റെ ശേഷവും തന്റെ പൂൎവ്വരീതിക്കനുസരിച്ചു സ്വാതന്ത്ര്യാധികാരം പല തും നടത്തിക്കൊണ്ടുവന്നു. 1793-ൽ കടൊലിയിലെ മാ പ്പിളമാർ ഒരു പള്ളി കെട്ടുവാൻ അനുവാദം ചോദിച്ച പ്പോൾ മയ്യാഴപോലെ തിരുമുൽക്കാഴ്ച ചെയ്താൽ സമ്മതം തരാമെന്നു മറുവടി പറഞ്ഞയക്കുകയും ചെയ്തു. മാപ്പിള മാർ തിരുമുൽക്കാഴ്ച ചെയ്യാതെ പള്ളികെട്ടി തുടങ്ങി. ഉട നെ മാപ്പിളമാരുടെ തലവനായ താലിമ്പ്കുട്ടിയലിയെ പിടിച്ചു തിരുമുമ്പാകെ കൊണ്ടുവരുവാൻ അഞ്ചു യോ ദ്ധാക്കളോടു കൂടി കല്ലിയാടൻ എമൻ എന്ന പ്രധാനി യെ അയച്ചു. കുട്ടിയാലി എമന്റെ നേരെ വാളൂരി ചാടി അയാളെ കൊല്ലുകയും എമന്റെ കൂടെയുള്ള ആളുകൾ കുട്ടിയാലിനെയും കൊല്ലുകയും ചെയ്തു. ഈ വിവരമെല്ലാം അറിഞ്ഞ ഉടനെ രാജാവു കടൊലിയുള്ള എല്ലാ മാപ്പിള മാരെയും കൊന്നുകളവാനുള്ള കല്പനയോടുകൂടി ഒരു സൈന്യത്തെ അയച്ചു. ഇവർ കുറെ മാപ്പിളമാരെ കൊ ന്നു മടങ്ങിയെങ്കിലും കമ്പിനി ഒരു ലഹള കണ്ടു ഒരു സൈന്യത്തെ കടൊലിയിലെക്കും മറെറാരു സൈന്യ ത്തെ പഴശ്ശിയിലേക്കും അയച്ചു. തന്നിമിത്തം തൽക്കാ ലം ഒരുവിധം ശാന്തത ഉണ്ടായി. എന്നാൽ മറവുള്ള രാജ്യസ്ഥിതിയും ഠിപ്പുവിന്റെ സ്ഥിതിയും ആലോചിച്ചു കമ്പിനി ഇതിൽ അധികമായൊന്നും പ്രവൃത്തിച്ചില്ല.

രാജാവിന്റെ സ്വയംഭരണശ്രമമാകട്ടെ ഇതുകൊണ്ടൊന്നും ശമിച്ചില്ല. ഇരുവാഴിനാട നമ്പ്യാന്മാരിൽ ഒരു നമ്പ്യാരുടെ ആശ്രിതന്മാരിൽ ഒരാളെ മാപ്പിളമാർ കൊന്നതുനിമിത്തം നമ്പ്യാർ മൂന്നു മാപ്പിളമാരെ കൊല്ലുകയും രാജാവിന്റെ അടുക്കെ രക്ഷപ്രാപിക്കുകയും ചെയ്തു. കമ്പനിക്കാർ നമ്പ്യാരെ വിട്ടയപ്പാൻ ആവശ്യപ്പെട്ടപ്പോൾ രാജാവു അയച്ചുകൊടുത്തില്ല. കൂടാതെ 1795-ൽ പഴശ്ശി രാജാവു കോട്ടയം നികുതി പിരിവു നിൎത്തിക്കളകയും പിരിവ ഉദ്യോഗസ്ഥന്മാരെ ഉപദ്രവിച്ചുതുടങ്ങുകയും ചെയ്തു. ഇതുകൂടാതെ രണ്ടു മാപ്പിളമാർ ഒരു ചെട്ടിയുടെ വീട്ടിൽ കടന്നു മോഷണം ചെയ്തു എന്ന കുററത്തിന്നു അവരെ ബന്ധനത്തിലാക്കുകയും വിസ്താരത്തിൽ കുററം തെളിഞ്ഞതിനാൽ പഴയ രീതിക്കനുസരിച്ചു അവരെ കഴുവിൽ കയററുകയും ചെയ്തു. രാജാവിന്റെ ഇപ്രകാരമുള്ള അക്രമപ്രവൃത്തികളെ നിൎത്തണമെന്നു തീൎച്ചയാക്കി കമ്പിനിക്കാർ ഒരു സൈന്യത്തെ അയച്ചു. രാജാവും തന്റെ സൈന്യങ്ങളെ തെയ്യാറാക്കി തമ്മിൽ ലഹളതുടങ്ങി.

1796-ൽ കോട്ടയം ബാക്കി നികുതി വസൂലാക്കുവാനും രാജാവിനെ കുലക്കേസ്സിൽ വിചാരണചെയ്യാനും വേണ്ടി ബോമ്പായിൽനിന്നു കല്പനവന്നു. ഉടനെ ലഫടനന്റ ജെയിംസ്സ് ഗാർഡൻ ഒരു ദിവസം പ്രഭാതത്തിൽ പഴശ്ശികോട്ടയെ ചെന്നുവളഞ്ഞു. എന്നാൽ അന്നേക്കു നാലു ദിവസം മുമ്പായിതന്നെ പഴശ്ശി രാജാവു കോട്ട വിട്ടു മനത്താനകാടുകളിലേക്കു എത്തിയിരിക്കുന്നു. രാജാവു കാലതാമസം കൂടാതെ താണ പ്രദേശങ്ങൾ

വിട്ടു മല കയറുകയും പെരിയചുരത്തു ചെന്നുചേന്നു കുററിയാടി ചുരം വഴിയായുള്ള വ്യാപാരങ്ങൾ തടയുകയും ചെയ്തു. കമ്പിനിയാരുടെ സ്വസൈന്യത്തെ മനന്താനത്തും കുററിയാടിയിലും നിൎത്തിയിരുന്നു. തമ്മിൽ യോജിച്ചു സമാധാനനിലയിൽ ആവാൻവേണ്ടി രാജാവും കമ്പിനിക്കാരും ശ്രമിച്ചുവെങ്കിലും അതൊന്നും സഫലമായി കലാശിച്ചില്ല. ഇതിന്നുമദ്ധ്യേ കുറുമ്പ്രനാട രാജാവു പഴശ്ശിയുടെ സേവകനായ കായത്തിരി അമ്പുവിനെ ഉദ്യോഗത്തിൽനിന്നു നീക്കികളഞ്ഞു. ഈയയാളും കുററജനശേഖരത്തോടുകൂടി കനോത്ത് ചെന്നു പഴശ്ശിയോടു യോജിച്ചതിനാൽ ലഹള രണ്ടാമതും മുഴുത്തുതുടങ്ങി. പഴശ്ശിക്കു സഹായമായി വേറെയും അനേകം നാട്ടുപ്രമാണികൾ ഉണ്ടായിരുന്നു. അതിൽ യോജിച്ചു കാൎയ്യം തീരില്ലെന്നു കണ്ടതിനാൽ കമ്പിനിക്കാർ 1796 ഡിസെമ്പ്രിൽ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അതിൽ പഴശ്ശിരാജാവിനെയും ആൾകാരെയും നാട്ടുകാർ യാതൊരുവിധത്തിലും സഹായിക്കരുതെന്നും ഇതിന്നു വിരോധമായി വല്ലവരും പ്രവൃത്തിച്ചാൽ അവരുടെ സ്വത്തുക്കളെല്ലാം ഗവൎമ്മെണ്ടിലേക്കു ചേൎക്കുന്നതാണെന്നും മററുമാണ് പ്രസ്താപിച്ചതു. പഴശ്ശിയും സഹായികളും ഇതു കേട്ടു പരിഭ്രമിച്ചു കാർക്കൽകോട്ടയിലെ ററിപ്പുവിൻെറ കില്ലിഡാരെ കണ്ടു തമ്മിൽ സഖ്യംചെയ്തു.

പഴശ്ശി തൻെറ ആൾക്കാരോടും ററിപ്പുവിൻെറ ആൾസഹായത്തോടും കൂടി പിന്നെയും അവിടെവെച്ചു കമ്പിനി സൈന്യത്തെ എതിൎത്തുതുടങ്ങി. 1797-ൽ കായ

ത്തിരി അമ്പു മണ്ണാന്തറക്കു പോകുന്ന ഒരു സൈന്യത്തെ എതിൎത്തു കുറെ ആളുകളെ കൊല്ലുകയും കാപ്ടനെ മുറിയേല്പിക്കുകയുംചെയ്തു. ഈ വിജയംനിമിത്തം മദിച്ച ലഹളക്കാർ പഴശ്ശി കോട്ടക്കു കാവലായി നിൎത്തിയിരുന്ന കമ്പിനി സൈന്യത്തെ എതിൎത്തു ഒരാൾ ഒഴികെ മററെല്ലാവരേയും കൊന്നുകളഞ്ഞു. എന്നുമാത്രമല്ല നിൎദ്ദോഷികളായ നാട്ടിലെ കുട്ടികളുടേയും സ്ത്രീകളുടേയും നേരെയും അനേകം അക്രമകൃത്യങ്ങൾ പ്രവൃത്തിച്ചു. കന്നോത്ത ശേഖരൻനമ്പ്യാരും കൂട്ടരും ഡിൻഡിമാനിൽനിന്നു പെരിയചുരത്തേക്കു വരുന്ന ഒരു ഇംഗ്ലീഷുസൈന്യത്തെ എതിൎത്തു പലരെ കുലചെയ്തുവെങ്കിലും അധികമായ അപകടം കൂടാതെ സൈന്യം സധൈൎയ്യം പെരിയപുരത്തിൽ എത്തിചേൎന്നു.

പിന്നെ വയനാട്ടിൽനിന്നു താണ ഭൂമികളിലേക്കുള്ള വഴികളെല്ലാം സ്വാധീനമാക്കുവാൻവേണ്ടി പലെ ദിക്കിലേക്കാ സൈന്യങ്ങളെ അയച്ചു. എന്നാൽ വഴികളിൽ പ്രധാനപ്പെട്ടതായ പെരിയപാസ്സ് എന്ന സ്ഥലത്തുവെച്ചു സൈന്യങ്ങളേയും അവക്കു വേണ്ടു ആഹാരപദാൎത്ഥങ്ങളേയും ശേഖരിപ്പാൻ തീൎച്ചപ്പെടുത്തി കൎണ്ണൽ ഡൌവ്തന്നെ ഒരു സൈന്യത്തോടുകൂടി അവിടെ വന്നുചേൎന്നു എങ്കിലും ആഹാരപദാൎത്ഥങ്ങളും മററു സഹായസൈന്യങ്ങളും വഴിമദ്ധ്യെ ലഹളക്കാരുടെ ആക്രമം നിമിത്തം അവിടെ എത്തിചേൎന്നില്ല. അതുനിമിത്തം കൎണ്ണൽ ഡൌവും സൈന്യവും വല്ലാതെ കഷ്ടത്തിലായിതീൎന്നു. ഈ അവസരത്തിൽ ടിപ്പുവിൻെറ ആൾക്കാർ ടിപ്പുവിൻെറ രാജ്യത്തുക്രൂ

ടി ഇംഗ്ലീഷുകാർ കടന്നുപോകുന്നതു ന്യായരഹിതമാണെന്നും മററും കാണിച്ചുകൊണ്ടുള്ള ഒരെഴുത്തു കൎണ്ണൽ ഡൌവിന്നു കൊടുത്തു. ഇതുകണ്ടപ്പോൾ ഈ ലഹളക്കു റിപ്പുവിൻെറ ഒത്താശയുണ്ടെന്നും അതിനാൽ കമ്പിനിക്കാർ ഒന്നുകൂടി ജാഗ്രതയോടെ പ്രവൃത്തിക്കേണമെന്നും ആലോചിച്ചു കൎണ്ണൽ സൈന്യങ്ങളെ മേജർ കമരാണെ ഏല്പിച്ചു കമീഷന്മാരോടു ആലോചിപ്പാൻവേണ്ടി താഴത്തിറങ്ങി. ഈ വിവരം അറിഞ്ഞു ലഹളക്കാർ വഴിയിൽ ഒരുങ്ങിനിന്നു. മേജർ കമരാണും ആഹാരം ഇല്ലാതെ ബുദ്ധിമുട്ടിയതിനാൽ ചുരംവിട്ടിറങ്ങി. വഴിയുടെ ഇരുഭാഗത്തും യുദ്ധസന്നദ്ധരായി നിന്നിരുന്ന ലഹളക്കാർ കമ്പിനിസൈന്യത്തെ എതിൎത്തു മേജർ കമറാണെയും വേറെ ചില ഉദ്യോഗസ്ഥന്മാരേയും കുറെ വെള്ളത്ത പട്ടാളത്തേയും അനേകം നാട്ടുപട്ടാളക്കാരേയും കൊല്ലുകയും അധികം പേൎക്കു മുറിഏല്പിക്കുകയും ചെയ്തു. ഇതിൽ 1100 ആളുകൾ നശിച്ചുപോയതകൂടാതെ അനവധി യുദ്ധസാമാനങ്ങളും ലഹളക്കാൎക്കു അധീനമായിതീൎന്നു.

പെരിയപാസ്സിലെ നിഷ്ഠുരമായ ഈ വധകൎമ്മം കേട്ടു ഉടനെ ബോംബെ ഗവൎണ്ണരായ മിസ്റ്റർ ജാൺ ആതൻഡൻകന്നും സേനാധിപനായ ജനറൽ സ്റ്റൂവൎട്ടും മലയാളത്തിലേക്കുവന്നു. അവർ പ്രഥമമായിതന്നെ കോട്ടയത്തെ സംബന്ധിച്ചു കുറുമ്പ്രനാടരാജാവോടുകൂടി ഉണ്ടായ കരാറിനെ ദുർബ്ബലപ്പെടുത്തുകയാണ ചെയ്തതു. പിന്നെ ചിറക്കൽ രാജാവിൻേറയും പരപ്പനാടരാജാവിൻെറയും വേറെ ചില ആളുകളുടേയും പ്രശസ്തതര ചില പ്രവൃത്തികൾ

ളെകൊണ്ടു ലഹള അവസാനിച്ചു പഴശ്ശിയും കൂട്ടരും സ മാധാനത്തിന്നായി 1797-ൽ വഴിപ്പെട്ടു. അവരുടെ സമ്മ തപ്രകാരംതന്നെ തിരുവിതാംകൂറിൽനിന്നു തല്ക്കാലം തി രിച്ചുവന്നതായ കോട്ടയം രാജവംശത്തിലെ വലിയ രാ ജാവോടുകൂടി കോട്ടയം നാട താമരശ്ശേരി ഉൾപ്പെടെ വീണ്ടും കരാറുചെയ്തു. പഴശ്ശിക്കു തന്റെ തെററുകൾക്കെ ല്ലാം മാപ്പു കൊടുക്കുകയും അരമന കവച്ചക്കു പ്രതിഫലം കൊടുക്കുകയും കൊല്ലത്തിൽ 8000 ഉറുപ്പിക മാലിഖാൻ നിശ്ചയിച്ചുകൊടുക്കുകയും ചെയ്തു. അതുപ്രകാരംതന്നെ ഇരുവാഴിനാട്ടിലെ നാരങ്ങോളി നമ്പ്യാൎക്കും മാപ്പുകൊടു ത്തു അദ്ദേഹത്തിന്റെ സ്വത്തുക്കളും മടക്കികൊടുത്തു.

ഗവൎണ്ണർപിന്നെ മലയാളത്തിൽഉള്ളപ്രത്യേകസൈ ന്യങ്ങൾ വേണ്ടെന്നുവെച്ചു പിരിച്ചയക്കുകയും അതിന്നുപ കരം നായന്മാരുടേയും മാപ്പിളമാരുടേയും രണ്ടു നാട്ടുപട്ടാ ളം ഏൎപ്പെടുത്തുകയുംചെയ്തു. മാപ്പിളമാരിൽ ലഹളപ്രധാ നിയായ ഉണ്ണിമൂത്ത മൂപ്പന്നും മാപ്പുകൊടുക്കുകയും എളമ്പു ളശ്ശേരി എന്ന ആയാളുടെ സ്ഥലം മടക്കികൊടുക്കുകയും അത്തൻഗുരുക്കളെ ഏറനാട്ടിലെ മാപ്പിളപോലീസ്സിന്ന അധിപനായി നിശ്ചയിക്കുകയും ചെയ്തു. പിന്നെ 1800-ൽ രണ്ടു സുപ്രവൈസർമാരുടെ ഉദ്യോഗവും വേണ്ടെന്നുവെ ച്ചു മലയാളത്തെ പലെ ചെറുഭാഗങ്ങളാക്കി ഓരോഭാഗ ത്തിന്നും ചുരുങ്ങിയ ജൂഡീഷ്യൽ അധികാരത്തോടുകൂടിയ റവന്യൂ ഉദ്യോഗസ്ഥന്മാരെ നിശ്ചയിച്ചു. സുപ്രിംഗവമ്മേ ണ്ടിന്റെ കല്പനപ്രകാരം 1800 ജൂലായി 1-ാംനു-മുതൽ

അധിക സൌകൎയ്യത്തിന്നവേണ്ടി ബോമ്പെ ഗവൎമ്മേണ്ടി ൻെറ കീഴിൽനിന്ന മലയാളഭരണം മുഴുവനും മദ്രാസ്സ് ഗവൎമ്മേണ്ടിൻെറ കീഴിലാക്കി മാററുകയുംചെയ്തു.

---

## 64-ാം അദ്ധ്യായം.

### മദ്രാസ്സിൻെറ കീഴിൽ മലയാളം.

### പഴശ്ശി രണ്ടായുദ്ധം.

### 1800—1858.

പഴശ്ശി രാജാവിൻെറ അന്തരംഗത്തിൽ മുൻവിവരിച്ചപ്രകാരം ഉള്ള സമാധാനം താല്ക്കാലികമാത്രം ആയിരുന്നു. തൻെറ പൂൎവ്വാജ്ജിതമായ ഊൎജ്ജിതവും സ്വാതന്ത്ര്യവും ഇപ്പോഴത്തെ ബന്ധനാവസ്ഥയും തമ്മിലുള്ള ഭേദഗതികൾ സദാ കത്തിജ്വലിച്ചുകൊണ്ടിരുന്നു. സൌകൎയ്യം സിദ്ധിക്കുന്ന അവസരത്തിൽ തൻെറ ജീവനെ ഉപേക്ഷിച്ചിട്ടെങ്കിലും മാനം നൽകുവാൻ അവസരം കാത്തുകൊണ്ടിരുന്നു. ഇങ്ങിനെ ഇരിക്കുന്ന അവസരത്തിൽ റിപ്പുസുൽത്താൻ യുദ്ധത്തിൽ മരിക്കുകയും മററു രാജ്യങ്ങളുടെ കൂട്ടത്തിൽ വയനാട്ടും ഇംഗ്ലീഷുകാൎക്കു കിട്ടുകയും ചെയ്തു. എന്നാൽ വയനാട് തൻെറ രാജ്യമാണെന്നു വാദിച്ചുംകൊണ്ടു അതു കൈവശപ്പെടുത്തുവാൻ വന്ന ഇംഗ്ലീഷുകാരെ പഴശ്ശി എതിൎക്കുകയും ചെയ്തുതുകൂടാതെ കമ്പിനിക്കെതിരായി കുറെ നായർസൈന്യത്തെയും മാപ്പിളസൈന്യത്തെയും ശേഖരിച്ചുതുടങ്ങി. ഈ വൎത്തമാനം അറിഞ്ഞപ്പോൾ ചിതറിക്കിടക്കുന്നതും നാഥനററതും ആയ റിപ്പുവിൻെറ ഭടന്മാരും ഈ കൂട്ടത്തിൽ വന്നുചേൎന്നു. രാജാവിൻെറ ഈ

ധിക്കാരപ്രവൃത്തി സുപ്രീം ഗവമ്മേണ്ടിന്നു അതിയായ കോപത്തിന്നു കാരണമായിരിക്കുകയും ഏതുവിധേനയെങ്കിലും ഇദ്ദേഹത്തെ ശിക്ഷിക്കേണമെന്നു തീച്ച്പ്പെടുത്തിയുംകൊണ്ടു കണ്ണൽ ആർതർ വെല്ലസ്ലിയെ സേനാധിപനായി നിശ്ചയിക്കുകയും ചെയ്തു.

വയനാട്ടിൻെറ ഇരുഭാഗത്തും സൈന്യങ്ങളെ ശേഖരിപ്പാനും യുദ്ധം ബലമായി നടത്തുവാനും തീച്ച്പ്പെടുത്തി എങ്കിലും വഷകാലം അടുത്തതുകൊണ്ടു ചില നിരത്തുകളെ നന്നാക്കിച്ച് കുത്തുപറമ്പിൽ ആഹാരശേഖരത്തിന്നുള്ള ഏപ്പ്പാടും ചെയ്തു സേനാധിപതി ശ്രീരംഗപട്ടണത്തിലേക്കു പോകയും ചെയ്തു.

ഇതുതന്നെ ശുഭമായ അവസരം എന്നു കരുതി പഴശ്ശി രാജാവു കുററിയാടിയിലേക്കു ഇറങ്ങിവന്നു മാപ്പിളലഹളക്കാരിൽ പ്രധാനിയായ ഉണ്ണിമൂപ്പൻ മഞ്ചെരി അത്തൻഗുരുക്കൾ ഇരുവാഴിനാട്ടിലെ പ്രമാണികളായ കാമ്പ്രത്ത, പെരുവയൽ, കന്നവത്ത, നമ്പ്യാന്മാർ, എന്ന ഇവരേയും കൂട്ടി ലഹളതുടങ്ങി. 1800-ൽ മഴ തുടങ്ങിയ ഉടനെ തന്നെ കോട്ടയംരാജ്യം പഴശ്ശി കൈവശപ്പെടുത്തുകയും അഞ്ചരക്കണ്ടി, കടോലി, മനത്താനം, എന്നീ സ്ഥലങ്ങളെ ആക്രമിക്കുകയും ചെയ്തു. ഈ അവസരത്തിൽ തന്നെ കണ്ണൽ വെല്ലസ്ലി വയനാട്ടിലെ ഡോണിയവാഹനെ ആക്രമിക്കുകയും ഡമ്മൻകോട്ട പിടിക്കയും ഡൊണിയവാഹൻ യുദ്ധത്തിൽ മരിക്കുകയും ചെയ്തു.

ഈ സംഭവം പഴശ്ശി രാജാവിൻെറ കൂട്ടക്കു ധൈയ്യക്ഷയത്തെയും കണ്ണൽ വെല്ലസ്ലിക്കു ശത്രുക്കളുടെ നേരെ

പ്രതികാരംചെയ്യാൻ അതിയായ ഉന്മേഷത്തെയും ഉണ്ടാക്കിതീൎത്തു. ഒരു സൈന്യം പാലക്കാട്ട താഴ്വരവഴിയായി തെക്കെമലയാളത്തു വരുവാനും മറെറാരുസൈന്യം മൈസൂരിൽനിന്നു വയനാട്ടവഴിയായി വരുവാനും കല്പനകൊടുത്തു. മൈസൂർസൈന്യം വയനാട്ടിൽ സുൽത്താൻപത്തേരിക്ക അടുത്തുള്ള എടത്തറമുതൽ താമരശ്ശേരി ഘട്ടംവരെ അവിടവിടെയായി ഓരോരോ ചെറുസൈന്യസ്ഥലങ്ങളെ ഉണ്ടാക്കുവാനും അതുമൂലം കോഴിക്കോട്ടമായുള്ള ഗതാഗതത്തെ തടഞ്ഞു തെക്കൻകൂട്ടരും വടക്കരുകൂട്ടരും തമ്മിൽ ചേരുവാൻ സംഗതി വരുത്തരുതെന്നും ഇതു കഴിഞ്ഞാൽ സൈന്യം പല കൂട്ടങ്ങളായി പഴശ്ശി രാജാവിൻെറ കോവിലകത്തെ ആക്രമിക്കേണമെന്നും മററും ആയിരുന്നു ഇംഗ്ലീഷുസേനാധിപൻെറ പ്ലാനും നിശ്ചയവും. എന്നാൽ അതുപോലെതന്നെ 1801-ൽ വയനാട്ടിലെ പ്രധാനസ്ഥലങ്ങളെല്ലാം കൎണ്ണൽ സ്റ്റീവൻസ് കയ്വശപ്പെടുത്തിയതിനാൽ പഴശ്ശി രാജാവു ചിറക്കൽ രാജ്യത്തിലുള്ള ചില കാട്ടുകളിൽ രക്ഷപ്രാപിക്കേണ്ടിവന്നു. രാജാവു ഇപ്രകാരം വനവാസം ചെയ്തുകൊണ്ടിരിക്കുമ്പോൾ ചുഴലിയിൽനമ്പ്യാര് രാജാവിന്നു വേണ്ടപ്പെട്ട സഹായം ചെയ്യുന്നുണ്ടു എന്ന സംശയത്തിന്മേൽ അദ്ദേഹത്തെ പിടിച്ചു കോഴിക്കോട്ട അയച്ചുകളഞ്ഞു. പിന്നെ പെരുവയിൽ മൂപ്പിലെ നമ്പ്യാരെ പിടിച്ചു തൂക്കിക്കൊന്നു. ഈ അവസരം ഇരുകക്ഷികൾക്കും സമാധാനത്തിന്നു ഉത്തമമെങ്കിലും രാജാവിനെ വെളിയിൽ കണ്ടില്ല. കൂടാതെ കന്നവാട്ട നമ്പ്യാരെയും അദ്ദേഹത്തിൻെറ ഇരിപത്തുനാലുവയസ്സു പ്രായമുള്ള മ

കനേയും പിടിച്ച തൂക്കിക്കൊല്ലുകയും അവരുടെ സ്വത്തു ക്കളെല്ലാം പണ്ടാരത്തിലേക്ക അടക്കകയും ചെയ്തു. ഇതെ ല്ലാംനിമിത്തം ലഹള ഒന്ന ശമിച്ചപോലെ തോന്നിയെങ്കി ലും ഇതിന്മദ്ധ്യേ ഏൎപ്പെട്ടത്തിയ ചില രാജ്യഭരണവിഷയം ഉള്ള മാററങ്ങൾനിമിത്തവും പുതിയ ഉദ്യോഗസ്ഥന്മാരു ടെ അവിവേകമായ പ്രവൃത്തിമൂലവും ലഹള രണ്ടാമതും വൎദ്ധിച്ചുതുടങ്ങി.

ക്ലൈവ് പ്രഭുവിന്ന മലയാളരാജ്യഭരണക്രമം ഒട്ടുംത ന്നെ തൃപ്തികരമായിതോന്നിയില്ല. അതിനാൽ മലയാളഭ രണം മുഴുവനും ഒരു കലക്ടരുടെ കീഴിലാക്കേണമെന്ന അ ദ്ദേഹം തീൎച്ചപ്പെടുത്തി. 1801 സെപ്തമ്പ്ര 30-ാംനു-കമീഷൻ ഭരണം നിൎത്തുകയും എല്ലാ അധികാരത്തോടുംകൂടി സേല ത്തിലെ കലക്ടരായിരുന്ന മേജർവില്യം മാക്ക്ലോഡിനെ മലയാളം കലക്ടരായി നിശ്ചയിക്കുകയും ചെയ്തു. ഇദ്ദേഹം 1801 അക്ടോബർമാസത്തിൽ ചാൎജ്ജ എടുക്കുകയുംചെയ്തു. മലയാളം ഭരിച്ച ഒന്നാമത്ത കലക്ടർ ഇദ്ദേഹമായിരുന്നു.

മേജർ മാക്ക്ലോഡ് മലയാളഭരണം കയ്യേല്ക്കുമ്പോ ൾ ഉള്ള മലയാളത്തിന്റെ സ്ഥിതിയെപററി മുമ്പു വിവ രിച്ചിട്ടുണ്ടല്ലൊ. ലഹളക്കെല്ലാം ഒരു മാതിരി ശാന്തത ഉ ണ്ടായിരുന്നു. എന്നാൽ ഇദ്ദേഹത്തിന്ന മലയാളികളുടെ സ്വഭാവവും നടവടിയും മലയാളരാജ്യസ്ഥിതിയും നല്ല നിശ്ചയമുണ്ടായിരുന്നില്ല. വളരെകാലമായി വിദേശീയ രുടെ ഭരണത്തിൽ പെട്ടതിനാൽ സ്വശക്തിമറന്ന ദുർബ്ബ ലന്മാരായി കിടക്കുന്ന സേലം നിവാസികളും അനേകനൂ ററാണ്ടുകാലം മുതൽ സ്വതന്ത്രഭരണത്തിൽ പരിചയിച്ച

വന്നവരും മൈസൂർ ആക്രമണത്തിനാൽപോലും നശിച്ചുപോകാത്ത ഭരണശക്തിയിൽ പെട്ടവരും ആയ മലയാളവാസികരം ഒരുപോലെയാണെന്നു തെററിധരിച്ചു ഭരണരീതികളിൽ ചില ഭേദഗതികളെ വരുത്തിത്തുടങ്ങി.

ഇതിൽ ഒന്നാമതായി 1802-ൽ ജില്ലക്കാരെല്ലാവരും അവരുടെ ആയുധങ്ങരം ഗവമ്മെണ്ടിൽ ഏല്പിക്കണമെന്നും കല്പനക്കു വിരോധം ചെയ്യുന്നവക്കു മരണശിക്ഷ കല്പിക്കുകയുമാണു ചെയ്തതു. എന്നുമാത്രമല്ല നാട്ടിൽ നടപ്പുണ്ടായിരുന്ന സ്വൎണ്ണപ്പണത്തിൻെറയും വെള്ളിപ്പണത്തിൻെറയും വില താഴ്ത്തി. നാട്ടുനടപ്പുപ്രകാരം ഉറുപ്പികക്കു 3½ സ്വൎണ്ണപ്പണവും 5 വെള്ളിപ്പണവും ആയിരുന്നു സാധാരണ വില. അതു ഭേദപ്പെടുത്തി ഉറുപ്പികക്കു $4\frac{1}{33}$ സ്വൎണ്ണപണവും 5½ വെള്ളിപണവും ആക്കിതീൎത്തു. ഇതുനിമിത്തം നാട്ടുകാക്കു പലെ ബുദ്ധിമുട്ടുകളും നേരിട്ടു. നികുതി അടപ്പാൻ ചെല്ലുമ്പോരം ഉറുപ്പികക്കു 5 വെള്ളിപണത്തിന്നു പകരം 5½ കൊടുക്കേണ്ടതായിവന്നു. അങ്ങാടികളിൽ കച്ചവടക്കാർ പഴയരീതിതന്നെ സ്വീകരിച്ചുവന്നു. പൊതുജനങ്ങരംക്കു എല്ലാംകൊണ്ടും അതികഷ്ടം തന്നെയായി. പിന്നെ നാട്ടിലെ അളവുകളും തൂക്കങ്ങളും വ്യത്യാസപ്പെടുത്തുവാൻ തീൎച്ചപ്പെടുത്തി. എന്നുതന്നെയല്ല, നിലത്തിന്നും വൃക്ഷങ്ങരംക്കും എല്ലാദിക്കിലും ഒരുപോലെ ഭൂമിഗുണം ആലോചിക്കാതെ അധിക ചിളവ് കണക്കാക്കുകയും അംശം ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുക്കൂടി 40 ദിവസംകൊണ്ടു രാജ്യം മുഴുവനും റവന്യു സവ്വെ കഴിപ്പാൻ ശ്രമിക്കയും അതുനിമിത്തം നിലനികുതി വ

ദ്ധിക്കുകയുംചെയ്തു. ഈ പുതിയ ക്രമത്തിൽതന്നെ കൃത്യമായി നികുതി പിരിച്ചെടുപ്പാനും ശ്രമിച്ചുവന്നു. ഇപ്രകാരമുള്ള പ്രവൃത്തികൾ ജനങ്ങൾക്കു അതിയായ അതൃപ്തിക്കു കാരണമായിത്തീൎന്നു.

എല്ലാംകൊണ്ടും ജനങ്ങൾക്കു അതൃപ്തി നേരിട്ടതിനാൽ 1803-ൽ മലയാളം മുഴവനും പിന്നെയും ഒന്നു ഇളകിമറിഞ്ഞു. ഈജനക്ഷോഭത്തെ തീൎപ്പാൻ മേജർ മാക്ക്ലോഡ് അതിയായി ശ്രമിച്ചുവെങ്കിലും തന്നാൽ അസാദ്ധ്യമാണെന്നുകണ്ടതിനാൽ ഉദ്യോഗം രാജിവെച്ചു പ്രധാനജഡ്ജിയായ മിസ്റ്റർ റിക്കാർഡ്സിന്നു ചാൎജ്ജ ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

---

## 65-ാം അദ്ധ്യായം.

### പഴശ്ശിയുദ്ധം തുടച്ച്.

1802-ൽ ഒക്ടോബർമാസത്തിൽ ഒരു ബെൽട്ട് ഇട്ട ശിപായി ഒരു കുറച്ചിയന്റെ കുടിയിൽ ചെന്നു കുറെ നെല്ലു ആവശ്യപ്പെട്ടു. അപ്പോൾ ലഹളക്കാരിൽ പ്രധാനിയായ ഇടച്ചെന്ന കുഞ്ഞൻ അതു കണ്ടു ആ ശിപായിയെ കൊന്നുകളഞ്ഞു. അപ്പോൾ കുറിച്ചിയന്മാൎക്കും ഒരു ഇളക്കം തുടങ്ങി. അവർ 150 പേർ യോജിച്ചു തലക്കൽ ചന്തു എന്നവന്റെ നായകത്വത്തിൻകീഴിൽ ഇടച്ചെന്ന കുഞ്ഞുവോടും അവന്റെ രണ്ടു സഹോദരന്മാരോടും കൂടി പുറപ്പെട്ടു പനമരകോട്ട ചെന്നു പിടിച്ചു അവിടെയുണ്ടായിരുന്ന സൈന്യങ്ങളെ എല്ലാം കുലചെയ്തു. കെട്ടിടങ്ങളെയും നശിപ്പിച്ചു 112 തോക്കുകളും 6 പെട്ടി മരുന്നും

6000 ഉറുപ്പികയും കൈക്കലാക്കി. അടുത്ത സ്ഥലത്തുണ്ടായിരുന്ന ഇംഗ്ലീഷുസൈന്യം ഇതിന്നു പ്രതിക്രിയ ചെയ്യാൻ അമാന്തിച്ചതിനാൽ ലഹളക്കാർ ഗർവ്വിഷ്ഠന്മാരായി ആയുധവും ധരിച്ചുംകൊണ്ടു വടക്കെമലയാളം മുഴുവനും ബ്രിട്ടീഷുകാരുടെ എതിർകക്ഷികളായി കൊള്ളചെയ്യു തുടങ്ങി. എടച്ചെന്ന കുഞ്ഞന്റെ കല്പനപ്രകാരം മാനന്തവാടിക്കു സമീപമുള്ള വള്ളൂർ കാവിൽ 3000 ആളുകൾ ആയുധപാണികളായി ചെന്നുകൂടി കൊട്ടിയൂർ പാസ്സും ചെറിയ പാസ്സും പിടിച്ചു കൈവശപ്പെടുത്തുകയും ചെയ്തു. താണ ദിക്കുകളിൽനിന്നു നാട്ടുകാർ വയനാട്ടിലേക്കു പ്രവേശിച്ചുതുടങ്ങി. അതെവരെ ഇംഗ്ലീഷുകാരുടെ മിത്രഭാവത്തിൽ ഇരുന്നവനായ വള്ളൂർ എമൻനായർ ആ അവസരത്തിൽ മിത്രഭാവം വിട്ടു ശത്രുഭാവത്തിൽ ചെന്നു ചേൎന്നു. 1803-ൽ ലഹളക്കാർ കുറുമ്പ്രനാട്ടിൽ ചെന്നുചേരുകയും എടച്ചെന്ന കുഞ്ഞൻ പഴശ്ശിയെ സഹായിപ്പാൻവേണ്ടി കോട്ടയത്തു ചെന്നുചേരുകയും ചെയ്തു. ലഹളക്കാർ ക്രമേണ ചിറക്കൽ, രണ്ടുതറ, കതിരൂർ, അഞ്ചരക്കണ്ടി, എന്നീ സ്ഥലങ്ങളിലെല്ലാം ചെന്നു അനേകം അക്രമങ്ങൾ നടത്തുകയും 1803-ൽ ഡിസെമ്പ്രിൽ ധൎമ്മപട്ടണം ദ്വീപുവരെയും ചെന്നു അനവധി നാശം വരുത്തുകയും ചെയ്തു.

ഇപ്രകാരം മലയാളം മുഴുവനും കത്തി ജ്വലിച്ചുകൊണ്ടിരിക്കുന്ന ലഹളാഗ്നി വടക്കെ മലയാളത്തിൽ സബ്ബ്കലക്ടരായ മിസ്റ്റർ ബെബരുടെയും ജഡ്ജിയായിരുന്ന മിസ്റ്റർ റിക്കാർഡ്‌ഡർസ്സിന്റെയും ബുദ്ധിവൈഭവത്താലും,

യുക്തിവിശേഷത്താലും നാട്ടുപരിചയത്താലും കേവലം ശാന്തമായിതീരുകയും തന്നിമിത്തം ഇംഗ്ലീഷ്മഹിമ പൂൎവ്വാധികം വിളങ്ങുകയും ചെയ്തു.

മിസ്റ്റർ റിക്കാർഡ്സ് കലക്ടരായ ഉടനെ മേജർ മാക്ലോഡ് വരുത്തീട്ടുണ്ടായിരുന്ന മാററങ്ങളെല്ലാം തൽക്കാലം വേണ്ടെന്നുവെക്കുകയും പഴയ രീതിക്കുതന്നെ കാൎയ്യങ്ങൾ നടത്തുകയും ചെയ്തു. അതുകൊണ്ടു തെക്കെമലയാളം ഒരു മാതിരി ശാന്തതപ്രാപിക്കുകയും വടക്കെമലയാളത്തിൽ ജ്വലിച്ചുകൊണ്ടിരുന്ന അഗ്നിയാകട്ടെ വിറകില്ലാത്ത നിലയിലായിതീരുകയും ചെയ്തു. ബാബർ നാട്ടുകാരുടെ സ്വഭാവം നല്ല നിശ്ചയമുണ്ടായിരുന്നു. അതിനാൽ മലയാളനാട്ടുകാരും മലയാള രാജാക്കന്മാരും മൈസൂർ ആക്രമത്തിന്റെയും അഴിമതികളുടെയും അനുഭവം മറന്നിട്ടില്ലെന്നും അവർ ഇംഗ്ലീഷുകാരുടെ നേരെ പ്രത്യേകം സ്നേഹവും നന്ദിയും വിശ്വാസവും ഉള്ളവരാണെന്നും ഈ ലഹള ചില അവിവേകികളായ ദുഷ്ടന്മാരുടെ പ്രവൃത്തി മാത്രമാണെന്നും ലഹളക്കാരോടു നാട്ടുകാൎക്കും രാജാക്കന്മാൎക്കും യാതൊരു ഒത്താശയും ഇല്ലെന്നും ക്ഷണേന മനസ്സിലാവാൻ ഇടയായി. അതുകൊണ്ടു മലപ്രദേശമായ മലയാളത്തിലെ ലഹള ഒതുക്കിനിൎത്തുവാൻ ക്രമീകരിക്കപ്പെട്ട ഒരു സൈന്യംകൊണ്ടു യാതൊരു ഫലവും സിദ്ധിക്കുന്നതല്ലെന്നും നാട്ടുകാരുടെ സഹായം കൊണ്ടു മാത്രമെ ഈ ലഹളയെ അമൎത്തുവാൻ സാധിക്കയുള്ളൂ എന്നും തീൎച്ചയാക്കി. അതുനിമിത്തം നാട്ടുപരിചയവും നാട്ടുഭാഷയും നിശ്ചയമുള്ള കോൽക്കാരന്മാരെ

സൈന്യത്തിന്നു പകരം എടുക്കുകയും നാട്ടുകാരെ ചുമത ലപ്പെടുത്തിയുംകൊണ്ടു ലഹള ഒതുക്കുവാൻ തുടങ്ങുകയും ചെയ്തു. 1804-ൽ ഏതൊരു സ്ഥലത്തു ലഹള ഉണ്ടാകുന്നു വൊ അതിന്നു ആ സ്ഥലനിവാസികൾ ഉത്തരവാദിക ളാണെന്നും ലഹളക്കാൎക്കു നാട്ടുകാർ യാതൊരു സഹായ വും ചെയ്തുപോകരുതെന്നും ലഹളക്കാരുടെ എല്ലാ വിവ രങ്ങളും നാട്ടുകാർ അപ്പപ്പോൾ ഗവൎമ്മെണ്ടിനെ അറിയി ച്ചാൽ നാട്ടുകാൎക്കു ഗുണമുള്ളതാണെന്നും നാട്ടുകാരെ ധ രിപ്പിച്ചു. ലഹളക്കാരെ തിരിച്ചറിവാനും അവരുടെ രഹ സ്യവൎത്തമാനങ്ങളെ അറിവാനും വേണ്ടി കോൽക്കാരന്മാ രെ അവിടവിടെ നിൎത്തി. ഈ സൂത്രം എളുപ്പത്തിൽ ഫ ലവത്തായിതീൎന്നു. ചിറക്കൽ, കോട്ടയം, എന്നീ സ്ഥലങ്ങ ളിലെ ലഹള തീരെ ശമിച്ചു. ബേബരുടെ ഈ പ്രവൃത്തിമൂ ലം ലഹളക്കാരുടെ എണ്ണം ചുരുങ്ങുകയും ഉള്ളവർ സൌ കൎയ്യം ചുരുങ്ങിയതിനാൽ മല കയറേണ്ടിവരികയും ചെയ്തു.

പിന്നെ ഇംഗ്ലീഷുസൈന്യം വയനാട്ടിലേക്കു പ്രവേ ശിച്ചു ലഹളക്കാർ കൈവശപ്പെടുത്തിയ സ്ഥലങ്ങളെ വീണ്ടെടുത്തു. ലഹളക്കാൎക്കു വനരാജ്യം രക്ഷാസ്ഥാനമാ യിതീൎന്നു. പഴശ്ശിരാജാവും ഇടച്ചെന്ന കുഞ്ഞനും അനേ കം കുറുച്ചിയരോടും കുറുമ്പരോടുംകൂടി പിന്നെയും പുൽ പാളി അമ്പലത്തിൽ യോഗംകൂടുക പതിവായിരുന്നു. അക്കാലത്തു വയനാട സബ്കലക്ടരായിരുന്ന മിസ്റ്റർ പീൎസന്നു വയനാട പനിപിടിച്ചു പരവശപ്പെട്ടതിനാ ൽ മിസ്റ്റർ ബേബരെ വയനാട ചാൎജ്ജു ഏല്പിച്ചു. അദ്ദേ ഹം അല്പദിവസത്തിന്നുള്ളിൽ തലക്കൽ ചന്തുവിനെ തട

വുകാരനാക്കി പിടിച്ചു. ഇതുനിമിത്തം ഇടച്ചെന്ന കുഞ്ഞ ന്റെ വലത്തുകൈ പോയതുപോലെ ആയിതീൎന്നു. പിന്നെ രാജാവും കുഞ്ഞനും മുരുകന്മാരുടെ നിയോഗപ്രകാരം കുറിച്ചിയരേയും കുറുമ്പരേയും ലഹളക്കു പുറപ്പെടുവിച്ചുകൊണ്ടുതന്നെ ഇരുന്നു. എന്നാൽ ബേബരുടെ അടുക്കെ അവരുടെ സാമൎത്ഥ്യമൊന്നും ഫലിച്ചില്ല. ബേബർ നാട്ടുകാരെ സ്വാധീനപ്പെടുത്തിയുംകൊണ്ടു രാവുപകലായി താനും കോൽക്കാരും പഴശ്ശിയെ തിരഞ്ഞുകൊണ്ടു മലകളും വനങ്ങളും മുഴുവൻ നടന്നുതുടങ്ങി. പതിനഞ്ചു മണിക്കൂർ സമയം ഒന്നായി കാട്ടിൽകൂടി അലഞ്ഞുതിരഞ്ഞു 1805 നവമ്പ്ര 30-ാംനു- കൻഗാരാ നദീതീരത്തുവെച്ചു കോൽക്കാരുടെ സഹായത്തോടുകൂടി രാജാവിനെയും കൂട്ടരെയും പിടിക്കുവാൻ ശ്രമിച്ചു. എന്നാൽ രാജാവും അഞ്ചു പ്രധാനികളും ആ ശ്രമത്തിൽ മരിക്കയാണു ചെയ്തതു. ആ അവസരത്തിൽ രാജ്ഞിക്കു സുഖക്കേടായിരുന്നു. അതിനാൽ യഥോചിതം രാജ്ഞിക്കു വേണ്ടുംവണ്ണമുള്ള പ്രത്യേക ഏൎപ്പാടുകളും ചെയ്തു രാജാവിന്റെ മൃതശരീരത്തെ ഒരു പല്ലക്കിൽ ആക്കി പിറെറ ദിവസംതന്നെ മാനന്തവാടിക്കയച്ചു. ബ്രാഹ്മണരെ കൂട്ടി വേണ്ടപോലെയുള്ള ഉദകകൎമ്മങ്ങൾ ചെയ്യാൻ ശിരസ്തദാൎക്കു കല്പനയും കൊടുത്തു. പഴശ്ശിയുടെ മരണത്തോടുകൂടി മലയാളം മുഴുവൻ സമാധാനപ്പെടുകയും ചെയ്തു.

പിന്നെ പനമരക്കോട്ടയിലെ വീരൻ ആയ ഇടച്ചെന്ന കുഞ്ഞൻ ശത്രുക്കളുടെ കയ്യിൽപെട്ടു മാനഹാനി വരുന്നതിനേക്കാൾ പ്രാണഹാനിയാണുത്തമമെന്നു

കരുതി ആത്മഹാനി ചെയ്യുകളഞ്ഞു. കൺസൽ വെല്ലസ്ലി യുടെ മിത്രമായിരുന്ന പള്ളൂർ എമനെയും വേറെ ചില ലഹളക്കാരെയും പിടിച്ച പ്രിൻസ് ആഫ് വേൽസ് ദ്വീപിലേക്ക 1806-ൽ നാടുകടത്തി. കല്ലടിക്കോട്ടിൽ താമസിപ്പാൻ അനുവദിച്ചിരുന്ന പടിഞ്ഞാറെ കോവിലകം രാജാവിന്റെ സ്ഥലം തിരഞ്ഞുനോക്കിയപ്പോൾ അവിടെവെച്ചു ലഹളക്കാരുടെ ചില ആയുധങ്ങൾ കാണ്മാൻ ഇടയായതിനാൽ രാജാവിനെ ഡിണ്ഡിഗൽ കോട്ടയിലേക്ക തടവുകാരനായി അയക്കുകയും അദ്ദേഹം 1806 മാൎച്ച് 3-ാംനു- അവിടെവെച്ചു മരിക്കുകയും ചെയ്തു. ഈ രാജാവിനെ ആശ്രയിച്ചു രക്ഷപ്രാപിച്ചിരുന്ന പഴശ്ശിയുടെ രണ്ടു അനന്തിരവന്മാൎക്ക മാപ്പുകൊടുക്കുകയും ചെയ്തു. ഇപ്രകാരമുള്ള മിസ്റ്റർ ബേബരുടെ അതിശ്ലാഘ്യമായ ശ്രമങ്ങളെപററി ഗവൎമ്മേണ്ടിൽനിന്നു അഭിനന്ദിക്കയും സമ്മാനമായി 2500 പെഗോഡ കൊടുക്കുകയും ചെയ്തു.

1812-ൽ വയനാട്ടിൽ പിന്നെയും കുറിച്ചിയരുടേയും കുറുമ്പരുടേയും ഇളക്കത്തിന്നു ഒരു കാരണംകൂടി ഉണ്ടായി. അതുവരെ നികുതി പണത്തിന്നു പകരം നെല്ലായിരുന്നു കൊടുത്തുവന്നതു. ഇപ്പോൾ പണംതന്നെയായി കൊടുക്കുവാൻ ആവശ്യപ്പെട്ടു. ഈ കൂട്ടൎക്ക ഇതിന്റെ ഗുണം മനസ്സിലായിരുന്നില്ല. വയനാട്ടിൽ നെല്ലിന്നു നല്ല വില്പനയും ഉണ്ടായിരുന്നില്ല! അതുനിമിത്തം വളരെ ചുരുങ്ങിയ വിലക്ക നെല്ലു വില്ക്കേണ്ടതായി വന്നു. അതുകൊണ്ടു ഇക്കാൎയ്യത്തിൽ എന്താണ് വേണ്ടതെന്നു തീൎച്ചപ്പെടുത്തുവാൻവേണ്ടി നെല്ലൂരിൽ ഒരു സഭകൂടി. സഭ

പിരിപ്പാൻ സുഭേദാരും ജമേദാരും ശ്രമിച്ചുവെങ്കിലും അവരുടെ നേരെ ഇവർ അമ്പും വില്ലും ധരിച്ച എതൃത്തുതുടങ്ങി. എന്നുതന്നെയല്ല മാനന്തവാടി, സുൽത്താൻപത്തേരി ഇവിടങ്ങളിലുള്ള സൈന്യങ്ങളെ വളഞ്ഞു നിൎത്തുകയും ചെയ്തു. ഉടനെ മൈസൂരിൽനിന്നും മലയാളത്തിൽനിന്നും സൈന്യ ംം വന്നു കലഹവും ശമിച്ചു.

1834-ൽ ജില്ലാ ശിരസ്തദാർ കല്ലള്ളി കരുണാകരമേനോനെ ക്രൂഗ്ഗരോടു ചില രാജകാൎയ്യങ്ങളെ സംസാരിപ്പാൻവേണ്ടി അയച്ചു. എന്നാൽ രാജാവു അദ്ദേഹത്തെ തടവുകാരനാക്കിയതുകൊണ്ടു ക്രൂഗ്ഗമായി യുദ്ധം തുടങ്ങേണ്ടിവന്നു. ഈ യുദ്ധംകൊണ്ടു മലയാളത്തിൽ പറയത്തക്ക യാതൊരു ഗുണദോഷവും ഉണ്ടായിയിരുന്നില്ല.

പിന്നെ മലയാളരാജ്യഭരണത്തിൽ വിശേഷവിധിയായി യാതൊരു തടസ്ഥങ്ങളും ഉണ്ടായിരുന്നില്ലെങ്കിലും അപരിഷ്കൃതരായ ചില മാപ്പിളമാരുടെ പ്രവൎത്തികൾ ഗവമ്മേണ്ടിന്നും പ്രജകൾക്കും കൂടക്കൂടെ മനസ്സമാധാനക്കേടു ഉണ്ടാക്കിക്കൊണ്ടിരുന്നു.

ഇവരുടെ ലഹളകളിൽ അതിനിഷ്ഠൂരമായ പ്രവൃത്തികളാണു അധികവും ഉണ്ടായതു. 1836 മുതൽ 1853 വരെ ഇവരുടെ ലഹളകൾ പുഷ്ടിക്കൂടിക്കൊണ്ടുതന്നെ വന്നു. ഇതിന്നിടയിൽ 22-ൽ അധികം ലഹളകൾ നടന്നിരുന്നു. അവയിൽവെച്ചു ഏററവും കഷ്ടതരമായതു 1849-ൽ അങ്ങാടിപ്പുറത്തും മഞ്ചേരിയിലും വെച്ചു സംഭവിച്ചവയായിരുന്നു. 1852-ൽ കോട്ടയംതാലൂക്കിൽ മട്ടന്നൂരിൽ ഉണ്ടായ ലഹളയിൽ നിൎദ്ദാക്ഷിണ്യം സ്ത്രീകളേയും കട്ടികളേയും ക്രൂ

ടി കൊന്നിരുന്നു. അപ്പോൾ കലക്ടരായിരുന്ന മിസ്റ്റർ കനോലി മലയാളത്തിലെ ഈ സ്ഥിതി ഗവൎമ്മെണ്ടിലേക്കു റിപ്പോർട്ടചെയ്യുകയും തന്നാൽ കഴിയുന്നതുശ്രമിച്ചിട്ടും ലഹളയുടെ വാസ്തവസംഗതി അറിവാൻ സാധിക്കുന്നതല്ലെന്നും നിവൃത്തിമാൎഗ്ഗം ഉടനെ ചിന്തിക്കേണമെന്നും അറിയിക്കുകയുംചെയ്തു. അതുപ്രകാരം സദാർ അദാലത്തുകച്ചേരിയിൽ ജഡ്ജിയായിരുന്ന മിസ്റ്റർ തോമസ്സ് ലാസ്റ്റ്ഡൺസ്ട്രേൻജിനെ കമീഷനറായി നിശ്ചയിച്ചു ഇതിന്റെ കാരണങ്ങൾ അന്വേഷിച്ചറിവാനും അതിനുള്ള നിവൃത്തിമാൎഗ്ഗങ്ങൾ അഭിപ്രായപ്പെടുവാനും അധികാരപ്പെടുത്തി സ്ട്രേൻജ് അന്വേഷണം കഴിക്കു റിപ്പോർട്ട് അയച്ചു.

ഇതുകൂടാതെ തിരൂരങ്ങാടി മമ്പ്രം തങ്ങൾ അല്ലെങ്കിൽ തർമൽതങ്ങൾ മരിച്ചതിന്റെശേഷം അയാളുടെ മകൻ സയിദ്ഫാസൻ തങ്ങളാകുകയും അയാൾക്കു മാപ്പിളമാരുടെ ഇടയിൽ അസാധാരണയായ പ്രാബല്യം ഉണ്ടാകുകയും ചെയ്തു. അയാൾ ജില്ലയിൽ ഉണ്ടായാൽ അധികമായ ലഹളകൾ കാരണമുണ്ടെന്നു ജനങ്ങൾക്കും ഗവൎമ്മെണ്ടിന്നും ഉണ്ടായ അഭിപ്രായത്തെ അയാൾ തന്നെ ഒടുവിൽ സമ്മതിക്കയുണ്ടായി. ഗവൎമ്മെണ്ടിൽ നിന്നു അയാളുടെ പ്രതിക്രിയമാൎഗ്ഗം ആലോചിക്കുന്നതിന്നിടയിൽ സമൎത്ഥനായ കനോലിസായ്പ തങ്ങളെ ചെന്നുകണ്ടു തൽക്കാലം മലയാളം വിട്ടുപോകുന്നതു തനിക്കും രാജ്യത്തിന്നും ക്ഷേമകരമാണെന്നു തങ്ങളെക്കൊണ്ടു തന്നെ സമ്മതിപ്പിച്ചു. 1852 മാൎച്ച് 19-ാംനു- തങ്ങളും കുഡുംബവും അറബിയിലേക്കു കപ്പൽകയറുവാൻ തീൎച്ചപ്പെടുത്തി. എന്നാൽ തങ്ങ

ളുടെ യാത്രവൎത്തമാനം പുറത്തറിയുകയാൽ തങ്ങരം പുറ പ്പെട്ടന്നദിവസം 8000-ൽ പരം ജനങ്ങരം കൂട്ടുകകൊണ്ടു തൻെറ നിശ്ചയപ്രകാരം കോഴിക്കോട്ടചെന്നു കപ്പൽ ക യറുന്നതായാൽ ജനങ്ങരം ഇനിയും വല്ല ലഹളയും ഉ ണ്ടാക്കിതീൎത്തുകയൊ എന്നു ശങ്കിച്ച് തങ്ങരം പരപ്പന ങ്ങാടിയിൽവെച്ചുതന്നെ തോണികയറി കപ്പലിൽ ത ൻെറ കൂട്ടരോട്ട ചെന്നുചേൎന്നു.

സ്ത്രെൻജ്സായ്പിൻെറ റിപ്പോൎട്ട അനുസരിച്ച് 1854-ൽ രണ്ടു മാപ്പിള നിയമങ്ങരം നടപ്പിൽ വരുത്തി. 1854-ലെ 20-ം 24-ം മാപ്പിള ആക്ടുകരം എന്നു പറയുന്നു. അതിൽ ഒന്നാമത്തെ ആക്ടുപ്രകാരം ഏതേതു അംശത്തിൽ ലഹ ള നടന്നുവൊ അവിടെയുള്ള എല്ലാമാപ്പിളമാൎക്കും പിഴ ശിക്ഷ കല്പിക്കുന്നതു കൂടാതെ ലഹളയിൽ പെട്ടവരാണെ ന്നു സംശയിക്കപ്പെട്ടവരെയെല്ലാം പിടിച്ചു തക്കതായി ശിക്ഷിപ്പാനും രണ്ടാമത്തെ ആക്ടുപ്രകാരം 1855 ഫിബ്ര വരി ഒന്നാംതിയ്യതി മുതൽ വാരംകത്തി (യുദ്ധകത്തി) ഉ പയോഗിക്കുന്നതു നിയമവിരോധമാണെന്നു തീൎച്ച്യാക്കു കയും ആയിരുന്നു ഉണ്ടായതു. പിന്നെ കനോലിസായ്പു തന്നെ ഓരൊ സ്ഥലത്തു ചെന്നു മാപ്പിളമാരുടെ കയ്യിൽ നിന്നു വാരംക്കത്തി വെപ്പിച്ചുതുടങ്ങി. ജനവരി 31-ാംനു ക്ക 7561 വാരംക്കത്തികരം ഗവൎമ്മെണ്ടിലേക്കുവന്നുചേൎന്നു.

ഇതിന്നുശേഷം കുറെമാസംകഴിഞ്ഞാറെ അതികഠി നമായ ഒരു സംഭവം നടന്നു. 1755 സപ്തെമ്പ്ര 12-ാംനു കനോലിസായ്‌വും മദാമ്മയും ബങ്കളാവിൽ വ്രാന്തയി ൽ ഒരു മേശമേൽ വിളക്കുംവെച്ച ഇരുഭാഗത്തും സോഫ

മേൽ ഇരിക്കയായിരുന്നു. അപ്പോൾ പെട്ടെന്നു മദാമ്മക്കു കൂടി കാണ്മാൻ അവസരം കിട്ടാത്തനിലയിൽ യമകിങ്കരന്മാരെപ്പോലെ മാപ്പിളമാർ ആയുധപാണികളായി സാസ്സിൻെറ പിൻഭാഗത്തുകൂടി വന്നു സാസ്സിനെ വെട്ടിയപ്പോഴെ മദാമ്മ അറിഞ്ഞുള്ളു. ഉടനെ വിളക്കു തട്ടിമറിച്ചു സാസ്സിനെ കഠിനമായി മുറി ഏല്പിക്കുകയും പ്രാണവേദനയോടുകൂടി സാസ്സു മരിക്കുകയും കുലപാതകികൾ ഓടിപ്പോകുകയുംചെയ്തു. അഞ്ചുദിവസംകഴിഞ്ഞപ്പോൾ ഇവരെഏറനാട്ടിൽവെച്ചു പിടിക്കുകയും വെടിവെച്ചുകൊല്ലുകയും ചെയ്കയുണ്ടായി. ഈ ലഹളയിൽകൂടിയിരുന്നവരുടെ അംശങ്ങൾക്കു 38331-8-0 പിഴയിടുകയും 31000ഉറുപ്പികയോളം സാസ്സിൻെറ മദാമ്മക്കു ഗവൎമ്മെണ്ടിൽനിന്നു സൌജന്യമായി കൊടുക്കുകയും ചെയ്തു.

പിന്നെ 1857-ൽ ഉത്തരഇന്ത്യയിൽ വലിയ ഒരു ശിപായിലഹള ഉണ്ടായെങ്കിലും അതു ഉടനെ അമൎത്തികളഞ്ഞിരിക്കുന്നു. ഇതിന്നുശേഷം 1853-ൽ കമ്പിനി ഇന്ത്യാരാജ്യഭരണം നിൎത്തി വിക്ടോറിയാമഹാറാണി ഏറെറടുത്തതോടുകൂടി മലയാളവും വിക്ടോറിയാമഹാറാണിയുടെ കീഴിലായിവന്നു.

---

## 66-ാം അദ്ധ്യായം

### വിക്ടോറിയാമഹാറാണി.

### 1858—1901.

1858 നവെമ്പ്ര 1-ാംനു- വിക്ടോറിയാ മഹാറാണി ഇന്ത്യാഭരണം തൻെറ വാഴ്ചയിൻകീഴിലാക്കിയപ്പോൾ

മലയാളവും മഹാറാണിയുടെ ഭരണത്തിൻകീഴിലായി വന്നു. അന്നു മുതൽ സൂര്യാസ്തമാനമില്ലാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ഒരംഗമായി നമ്മുടെ മലയാളവും വന്നുചേൎന്നു എന്നാൽ മലയാളത്തിലേക്കു പ്രത്യേകമായി ഭരണരീതികളൊ യുദ്ധതന്ത്രങ്ങളൊ സമാധാന നിബന്ധനകളൊ യാതൊന്നും ഇല്ല. സാമ്രാജ്യത്തിൽ പെട്ട എല്ലാ സ്ഥലത്തും എല്ലാ നിബന്ധനകളും ഒരുപോലെയാകുന്നു.

1859-ൽ മഹാറാണി ഇന്ത്യാസിംഹാസനാരോഹണം ചെയ്ത അവസരത്തിൽ ഇന്ത്യാനിവാസികൾക്കു ഒരു വിളംബരം അയച്ചിരുന്നു. അതിന്നു "മഹാരാജ്ഞിയുടെ ശാസനം" എന്നു പേർ പറഞ്ഞുവരുന്നു. ആ വിളംബരത്തിൽ ജാതി, നിറം, മതഭേദം ഇവ ആലോചിക്കാതെ എല്ലാ പ്രജകളേയും ഒരുപോലെ കരുതി രാജ്യം ഭരിക്കുമെന്നും, മതസംബന്ധമായ സ്വാതന്ത്ര്യവും പക്ഷഭേദരഹിതമായ രക്ഷയും നിയമദൃഷ്ട്യാസമത്വവും എല്ലാവൎക്കും സമമായി സിദ്ധിക്കുമെന്നും, വിദ്യകൊണ്ടും പ്രാപ്തികൊണ്ടും പ്രസിദ്ധി നേടിയ എല്ലാ യോഗ്യന്മാൎക്കും സൎക്കാർ ഉദ്യോഗം നൽകുമെന്നും മററു പ്രജകളോടെന്നപോലെ ഇന്ത്യൻ പ്രജകളോടും ഒരേവിധമായ രാജധൎമ്മങ്ങളോടു കൂടിതന്നെ വൎത്തിക്കുമെന്നും, മററും പ്രസ്താവിച്ചിരുന്നു. ഈ വിളംബരം കേട്ടവരെല്ലാം മഹാരാജ്ഞിയെ ഹൃദയപൂൎവ്വം സ്തുതിക്കയും ഏററവും അനുമോദിക്കുകയും ചെയ്തു.

ഇതിൻെറശേഷം രാജ്യത്തിലേക്കു ഗുണപ്രദമായ ഓരൊ ഭരണരീതികൾ പുതുതായി ഏൎപ്പെടുത്തുകയും പഴ

യ രീതികളിൽ വേണ്ടപ്പെട്ട ചില ഭേദഗതികളെ വരു ത്തുകയും ചെയ്തു.

കനോലി സായ്വിന്റെ കല കഴിഞ്ഞതിന്റെ ശേഷം മലയാളത്തിലെ പോലീസ്സ് വിഷയമായ ഏൎപ്പാട തൃപ്തി കരമായിത്തീൎന്നിട്ടില്ലെന്നു കണ്ടിട്ട 1859-ൽ പോലീസ്സ് സം ബന്ധമായി ചില ഭേദഗതികളെ വരുത്തി. പോലീസ്സ് ഭരണസംബന്ധമായി മലയാളത്തെ തെക്കെ മലയാളം വടക്കെ മലയാളം എന്നിങ്ങിനെ രണ്ടായി ഭാഗിച്ചു ഓരോ സ്ഥലത്തെക്കും അധിപനായി ഓരൊ സുപ്രണ്ടെ ണ്ടിനെയും നിയമിച്ചു. കമ്പിനിയുടെ ആഭിഭരണകാല ത്തു പാലക്കാട, കൊച്ചി, കണ്ണനൂർ, തലശ്ശേരി, എന്നീ ഓരോസ്ഥലങ്ങളിലും പ്രത്യേകം ജേലുകൾ ഉണ്ടായിരു ന്നു. അവിടങ്ങളിൽ അധികമായി പകച്ചവ്യാധികൾ പിടിപെടുകയും അനേകം തടവുകാർ മരിക്കുകയും ചെ യ്തുനിമിത്തം തടവുകാൎക്ക സുഖരീതിയിൽ കാലം കഴി ച്ചുകൂട്ടുവാൻതക്ക ഏൎപ്പാടോടുകൂടി കണ്ണൂരിൽ 1869-ൽപു തുതായി ഒരു തടവുകെട്ടിടം പണിയിക്കുകയും ക്രമേണ ബാക്കിയുള്ള സ്ഥലങ്ങളിൽ വേണ്ടെന്നുവെക്കുകയും ചെ യ്തു. മലയാളത്തിലെ ചെത്തുവഴികളെല്ലാം സഞ്ചാരയോ ഗ്യമായി പണിചെയ്യിച്ചു. ഗതാഗതസൌകൎയ്യത്തിന്നും ക ച്ചവടാഭിവൃദ്ധിക്കുംവേണ്ടി 1860-ൽ ആരംഭിച്ചിരുന്ന ക നോലി, പൊന്നാനി, പയ്യോളി, വടകര മുതലായ തോ ടുകൾ പണിതീൎത്തു ജനോപകാരാൎത്ഥമാക്കുകയും മലയാ ളത്തിൽ 1861-ൽ ചാലിയംവരെ മാത്രം നടപ്പായിരുന്ന തീവണ്ടി 1888-ൽ കോഴിക്കോട്ടുവരെ നടപ്പിൽ വരുത്തു

കയും ചെയ്തു. 1865-ലെനഗരപരിഷ്കരണത്തെക്ക് അനുസരിച്ച 1866-ൽ മലയാളത്തിൽ മുൻസിപ്പാൽഭരണരീതികൾ ഏൎപ്പെടുത്തുകയുണ്ടായി. വിദ്യാഭ്യാസത്തിന്നുവേണ്ടി തലശ്ശേരി, പാലക്കാട, കോഴിക്കോട എന്നീ സ്ഥലങ്ങളിൽ സ്കൂളുകൾ ഏൎപ്പെടുത്തുകയുംചെയ്തു. 1876-1878-ൽദക്ഷിണഇന്ത്യയിൽ ഉണ്ടായ കഠിനമായ ക്ഷാമം നിമിത്തം മലയാളത്തിലും അതിയായ കഷ്ടപ്പാടുണ്ടായിരുന്നു അപ്പോൾ ഗവൎമ്മെണ്ടിൽനിന്നു അധികം ദ്രവ്യം ചിലവുചെയ്തു സാധുക്കൾക്കു കൂലിപ്പണി ഉണ്ടാക്കുകയും ആഹാരപദാൎത്ഥങ്ങൾ കിട്ടുവാൻ വേണ്ടപ്പെട്ട പരിശ്രമങ്ങൾ ചെയ്യുകയുംചെയ്തു. 1877-ൽ വിക്ടോറിയാമഹാറാണി ഇന്ത്യാചക്രവൎത്തിനിയെന്നു സ്ഥാനം ധരിച്ചു.

ഗവൎമ്മെണ്ടിൽനിന്നു എത്രതന്നെ ജാഗ്രതയോടുകൂടി പ്രയത്നിച്ചിട്ടും മാപ്പിളമാരുടെ ലഹള ഒരു പ്രത്യേകസ്ഥലത്തുമാത്രം ഇടക്കിടെ ഉണ്ടായിക്കൊണ്ടിരിക്കുകയും അതുതന്നെ പന്തലൂർ പൎവ്വതത്തിന്നു പതിനഞ്ചുനാഴിക ചുററുമുള്ള പ്രദേശത്തു മാത്രമായിട്ടും ആണു ഉണ്ടാകുന്ന പതിവു. അവിടെയുള്ള നിവാസികൾ കേവലംഅപരിഷ്കൃതരും സജ്ജനസംസൎഗ്ഗമില്ലാത്തവരും മഹാ ദരിദ്രന്മാരും ആയിരുന്നു. നാട്ടുരാജാക്കന്മാരുടെ ഭരണകാലത്തുതന്നെ ഈ മാപ്പിളലഹള നടപ്പുണ്ടായിരുന്നു സാമൂതിരിയുടെയും വള്ളുവനാട്ടു രാജാവിൻെറയും ആവശ്യാൎത്ഥം അവർ ഈ കൂട്ടരെ പലപ്പോഴും സമയോചിതം ലഹളക്കു പുറപ്പെടുവിക്കുക പതിവുണ്ടായിരുന്നു. ടിപ്പുസുൽത്താൻെറ ആക്രമണശേഷം ഇവർ നാട്ടുരാജാക്കന്മാൎക്കും കീഴടങ്ങാ

ത്ത സ്ഥിതിയിലായി വന്നുതുടങ്ങി. നാട്ടുരാജാക്കന്മാരെ നികുതിപിരിവിന്നു ഏല്പിച്ചപ്പോൾ വള്ളുവനാട്ടുരാജാവും സാമൂതിരിയും മാപ്പിളമാരുടെ ഉപദ്രവംകൊണ്ടാണ് വീഴ്ചവരുത്തിയതെന്നു സ്പഷ്ടമായി കമ്പിനിയെ അറിയിച്ചിട്ടുണ്ടു. മലയാളത്തിലെ ജന്മികളുടെ അവകാശങ്ങളും ആവശ്യങ്ങളും കൊടുത്തു തൃപ്തിപ്പെടുത്തുവാൻ സാധുക്കളായ കുടിയാന്മാൎക്കു അധികമായ ബുദ്ധിമുട്ടു നേരിടുകയാൽ നിരാശപ്പെട്ടിരിക്കുമ്പോൾ ദാരിദ്ര്യവും മതഭ്രാന്തിയും ഈവക ലഹളകൾക്കു കാരണമായിതീൎന്നതാണെന്നാണ ചില യോഗ്യന്മാരുടെ അഭിപ്രായം. മലയാളരാജാക്കന്മാരുടെകാലത്തു നിലനികുതി നടപ്പുണ്ടായിരുന്നില്ല. അക്കാലത്തു നിലങ്ങളുടെ അനുഭവങ്ങളിൽനിന്നു രാജഭോഗങ്ങളൊ ജന്മിഭോഗങ്ങളൊ കൊടുപ്പാൻ കുടിയാന്മാൎക്കു അധികമായ പ്രയാസവും തോന്നിയിരുന്നില്ല. മുഹമ്മദീയരുടെ ഭരണകാലത്തു രാജാക്കന്മാർ സ്വരാജ്യത്തു ഇല്ലാതിരുന്നതിനാലും മറ്റും നിലനികുതി നടപ്പാക്കിയിരുന്നുവെങ്കിലും ജന്മികളും രാജാക്കന്മാരും അവരവരുടെ ജീവരക്ഷക്കായി വനരാജ്യവും അന്യരാജ്യവും അന്വേഷിച്ചു നടന്നിരുന്നതുകൊണ്ടു അവരവരുടെ അവകാശങ്ങളുംമറ്റും ക്രമമായി പിരിക്കാതെയും കുടിയാന്മാർ അടക്കാതെയുമാണു കാലം കഴിച്ചുവന്നതു. എന്നുതന്നെയല്ല രാജ്യഭരണവും മറ്റും ഇല്ലാത്ത രാജാക്കന്മാൎക്കും ജന്മികൾക്കും എന്തൊരവകാശമാണ കൊടുപ്പാനുള്ളതെന്നും മറ്റും കൂടി ചിലൎക്കു തോന്നിതുടങ്ങിയിരുന്നു. കുറെ കഴിഞ്ഞപ്പോൾ രാജ്യം കമ്പിനിക്കധീനമായതോടുകൂടി നിലനികുതി ഏൎ

പ്പെടുത്തുകയും പിരിക്കുകയും ചെയ്തുതുടങ്ങി. ആദികാലത്തു രാജ്യനടവടി തീച്ചപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ കമീഷൻ തെററിധാരണയാൽ അപ്പോൾ നടക്കുന്ന രീതിക്കനുസരിച്ചു തന്നെ ജന്മാവകാശവും തീച്ചപ്പെടുത്തി. രാജ്യത്തിൽ ശക്തിമത്തായ ഭരണത്തിന്റെ വദ്ധനവോടുകൂടി ജന്മികളുടെ അവകാശങ്ങളും ആവശ്യങ്ങളും കുടിയാന്മാരിൽനിന്നു ബലമായി പിരിച്ചെടുത്തു നിവൃത്തിച്ചുപോന്നു. കമ്പിനി ഉദ്യോഗസ്ഥന്മാരിൽ തന്നെ ചില യോഗ്യന്മാക്കു കമീഷൻതീപ്പു തെററാണെന്നും ജന്മികളുടെ സ്ഥിരതയില്ലാത്ത മിച്ചവാരം, പൊളിച്ചെഴുത്തു, മേൽചാത്തു എന്നിവയും മററുമാണു ഈ ലഹളകൾ കാരണമെന്നും അഭിപ്രായം ഉണ്ടായിരുന്നു.

1880-ൽ മെലത്തൂർ മാപ്പിളലഹള കഴിഞ്ഞതിന്റെ ശേഷം ഇതിന്റെ കാരണം വേണ്ടുംവണ്ണം ആലോചിച്ചു തീച്ചപ്പെടുത്തുവാൻവേണ്ടി 1881-ൽ മിസ്റ്റർ ലോഗൻസായ്പിനെ ഒരു കമീഷനറായിനിശ്ചയിച്ചു. അദ്ദേഹം നല്ലവണ്ണം അന്വേഷണം നടത്തിയതിൽ മാപ്പിളമാരുടെ ലഹളകൾ കാരണം അവരുടെ ദാരിദ്ര്യം, ജന്മികളുടെ ഉപദ്രവം, മതഭ്രാന്തി എന്നിവയാണെന്നു ബോദ്ധ്യം വരികയും അതിന്നു പ്രതിവിധിയായി മാപ്പിളമാക്കു പ്രത്യേകം സഹായരീതിയിൽ വിദ്യാഭ്യാസം ചെയ്യാനുള്ള ഏപ്പാടുകൾ ചെയ്യുകയും ചെയ്തു. കൂടാതെ1900-ൽ ചിലഭേദഗതികൾ വരുത്തീട്ടുള്ളതായ 1887-ലെ 1-ാംനമ്പ്ര ആക്ടായ മലയാളത്തിലെ കുടിയാന്മാരുടെ കഴിക്കൂറുചമയങ്ങൾക്കുള്ള പ്രതിഫല ആക്ട നടപ്പാക്കുകയും 1885-ൽ കോഴിക്കോട,

ഏറനാട, വള്ളുവനാട എന്നീ താലൂക്കകളിലെ ജനങ്ങളുടെ ആയുധങ്ങളെല്ലാം വെപ്പിക്കകയും ചെയ്തു.

1901 ജനവരി 22–ാംനു- വിക്ടോറിയാ ചക്രവത്തിനി അന്തരിച്ചുപോയതിനാൽ സീമന്തപുത്രനായ ആൽബട്ട് എഡ്വെഡ് എന്ന രാജകുമാരൻ ഏഴാം എഡ്വേഡ് എന്ന നാമധേയം ധരിച്ചു സിംഹാസനാരോഹണം ചെയ്തു.

---

## 67–ാം അദ്ധ്യായം.

### 1900–ൽ മലയാളം.

### ഒരു നൂററാണ്ടു ബ്രിട്ടീഷുഭരണം.

മലയാളരാജവംശങ്ങളെല്ലാം പലേ താവഴികളായി പിരിഞ്ഞു അവരുടെ പൂർവ്വരാജ്യങ്ങളിൽതന്നെ ഓരോരോ വിലകങ്ങളിൽ പൂർവ്വസ്ഥാനസ്വത്തുക്കളെക്കൊണ്ടു ഗവർമ്മേണ്ടിൽനിന്നു കിട്ടിവരുന്ന മാലിഖാനെക്കൊണ്ടും പഴയ നടവടികളെയും ആചാരപദവികളേയും നടത്തിവരുന്നുണ്ടെങ്കിലും ഇവരെല്ലാം നാൾക്കുനാൾ എണ്ണത്തിലും വണ്ണത്തിലും ചുരുങ്ങിവരികയും ചെയ്തുതുടങ്ങി. ചില രാജകുഡുംബങ്ങളിൽ സന്താനാഭിവൃദ്ധികൊണ്ടും പൊതുജനങ്ങളെക്കാൾ കഷ്ടതയും അരിഷ്ടതയും ബാധിക്കയും പൂർവ്വകുഡുംബാഭിമാനംവിട്ടു നിത്യവൃത്തികഴിപ്പാൻ ഇടവരികയും ചെയ്തിരിക്കുന്നു. എന്നാൽ സ്ഥാനാരോഹണം പ്രായത്തിന്നനുസരിച്ച രീതിയിലായതുകൊണ്ടു ചില കാലങ്ങളിൽ സംഗതിവശാൽ ക്ഷീണിച്ച ശാഖകളിലും വന്നുചേരുന്നുണ്ടെങ്കിലും സ്ഥാനാരോഹണം അതിക്രമിച്ച പ്രായത്തിൽ വന്നുചേരുന്നതിനാൽ സ്ഥാനസ്വത്തുക്കളെ വേണ്ടുംവണ്ണം നടത്തുവാൻ ശക്തിയും പ്രാപ്തിയും ഇല്ലാ

ത്തവരായിത്തീരുകയൊ അഥവാ കാൎയ്യസ്ഥന്മാരുടെ സാമൎത്ഥ്യത്താലും മററും നടത്തിവരുന്ന ചുരുങ്ങിയ സ്ഥാനഭരണകാലത്തുള്ള സ്വത്തുക്കളുടെ ആദായം അധികമായി, സ്ഥാനിയുടെ ഭാൎയ്യാമക്കൾക്കും കാൎയ്യസ്ഥന്മാൎക്കും അനുഭവമായിവരികയൊ അല്ലാതെ വളരെക്കാലമായി അരിഷ്ടതയിൽ പെട്ടുകൊണ്ടിരിക്കുന്ന സ്ഥാനികുഡുംബങ്ങളുടെ ദാരിദ്ര്യവിമോചനത്തിന്നു ഉതകാതെയുമാണ് സാധാരണ കണ്ടുവരുന്നതു. എന്നു മാത്രമല്ല സ്ഥാനാരോഹണം അധികമായി പ്രായാധിക്യകാലത്തു വരികയും ചുരുങ്ങിയകാലംമാത്രം നിലനില്ക്കയും ചെയ്യുന്നതുകൊണ്ടു സ്ഥാനസ്വത്തുക്കളുടെ ശരിയായ ഒരു ഭരണക്രമം ഏൎപ്പെടുത്തുവാനൊ ഏൎപ്പെടുത്തിയാൽതന്നെ അതു വേണ്ടുംവണ്ണം നടത്തുവാനൊ സാധിക്കാത്തതിനാൽ അനേകം സ്ഥാനസ്വത്തുക്കളും സ്ഥാനഭോഗങ്ങളും നാട്ടുകാരുടെ കയ്യിൽ പലവിധത്തിലും മറഞ്ഞുപോകാൻ ഇടവന്നിട്ടുണ്ട്. സ്ഥാനാഭിമാനങ്ങളെയും സ്ഥാനസ്വത്തുക്കളെയും രക്ഷിച്ചുപോകത്തക്ക ധനശക്തി ചുരുങ്ങുന്തോറും ഇവയും നാൾക്കുനാൾ ചുരുങ്ങി, രാജകുഡുംബങ്ങളും പൊതുജനാംഗങ്ങളും ഒരേ നിലയിലായിത്തീരുവാൻ ഇടയായിരിക്കുന്നു. എന്നാൽ നാട്ടുകാരുടെ ഇടയിൽ ഈ രാജകുഡുംബങ്ങളുടെനേരെയുള്ള ബഹുമാനവും സ്നേഹവും ഇപ്പോഴും ഒരുമാതിരി ഉണ്ടെന്നുമാത്രമല്ല രാജാക്കന്മാൎക്കു ജന്മിസ്ഥാനമുള്ള പ്രദേശങ്ങളിൽ കുറെ അധികമായും കാണുന്നുണ്ടു. രാജകുഡുംബാംഗങ്ങൾ കഴിയുന്നതു പൂൎവ്വപദവിയെ നടത്തിവരികയും നിവൃത്തി ഇല്ലാത്തനിലയിൽ മററു ജനങ്ങളെപോ

ലെ ഓരോ വ്യാപാരവിഷയങ്ങളിൽ ഏൎപ്പെട്ടകയൊ ഗവ ൎമ്മെണ്ടുദ്യോഗത്തിൽ പ്രവേശിക്കുകയൊ ചെയ്തുവരുന്നു. സാമൂതിരികുഡുംബം മൂന്നു ശാഖകളായി പിരിഞ്ഞു മങ്കാവു, തിരുവന്നൂർ, കോട്ടക്കൽ എന്നീ സ്ഥലങ്ങളിൽ പടിഞ്ഞാറെകോവിലകം, പുതിയകോവിലകം, കിഴക്കെകോവിലകം എന്നീ മൂന്നു കോവിലകങ്ങളിലായി താമസിച്ചു വരുന്നു. ഇൗ ഓരോന്നിലും ഇനിയും ഉൾപ്പിരിവുകൾ ഉണ്ടു. കോലത്തിരിസ്വരൂപം, ഉദയമംഗലം, പള്ളി എന്നീരണ്ടു ശാഖകളായി പിരിഞ്ഞതിൽ ഉദയമംഗലം കാലക്രമത്തിൽ ക്ഷയിക്കുകയും പള്ളിശാഖയിൽ ഒരു പ്രധാനഭാഗം ചിറക്കൽ രാജാവു എന്ന സ്ഥാനത്തോടുകൂടി ചിറക്കലിൽ താമസിച്ചുവരികയും ചെയ്യുന്നു. പരപ്പനാട രാജവംശത്തിലെ ഒരു പ്രധാന ശാഖയായ ബേപ്പൂർ രാജകുഡുംബം നാലു ശാഖകളായി ബേപ്പൂരിൽതന്നെ താമസിച്ചുവരുന്നു. ആലിരാജകുഡുംബം കണ്ണൂരിൽ പഴയപട്ടണത്തിലും ചുഴലിനമ്പ്യാർവംശം ശ്രീകണ്ഠപുരത്തും പാൎത്തു വരുന്നു. കോട്ടയം രാജവംശം തെക്കെ കോവിലകം കിഴക്കെ കോവിലകം പടിഞ്ഞാറെ കോവിലകം എന്ന മൂന്നു ശാഖകളായി പിരിഞ്ഞതിൽ ആദ്യത്തേതു രണ്ടും കോട്ടയത്തിലും പഴശ്ശിരാജാവിൻെറ ശാഖയായ പടിഞ്ഞാറെകോവിലകം ഉടഞ്ഞുപൊളിഞ്ഞതായനിലയിൽ വളരെ ചുരുങ്ങിയ സന്താനങ്ങളോടുകൂടി പഴശ്ശിയിലും നിവസിച്ചുവരുന്നു. കടത്തനാട രാജവംശം ആയഞ്ചേരി എന്നും എടവലത്തെടം രണ്ടു കോവിലകങ്ങളിലായി പുറമേരി അംശത്തിൽ വസിച്ചുവരുന്നു. കുറുമ്പ്രനാട രാജ

വംശം രാമൻകുളത്ത്, മുത്തിരക്കൽ, മുല്ലിശ്ശേരി, കൊളപ്പറമ്പ്, ഇങ്ങിനെ നാലുകോവിലകങ്ങളിലായി വാലിശ്ശേരിദേശത്തിൽ താമസിക്കുന്നു. ഭരണാധികാരം നടത്തിവന്നിരുന്ന അവിഞ്ഞാട്ട, കൂടാളി, എന്നീ നായർവംശങ്ങൾ മെന്നാന്ന്യം അംശത്തിലും കല്ലിയോട അംശത്തിലും ആകുന്നു പാൎത്തുവരുന്നതു. പാലക്കാട രാജവംശം രണ്ടു പ്രധാനശാഖകളായി പിരിഞ്ഞു പലെ ഉപശാഖകളായി പിരിഞ്ഞു പലെ ഉപശാഖകളോടുംകൂടി പാലക്കാട്ടും വടക്കഞ്ചെറിയിലുമായി താമസിച്ചുവരുന്നു. വെങ്ങനാട്ട രാജസ്വരൂപം കൊല്ലങ്കോട്ടിൽ നാലുകനാൾ ശ്രേയസ്സോടുകൂടി കാലം കഴിച്ചുവരുന്നു. ചാവക്കാട്ട വാണിരുന്ന നമ്പിടിയുടെ വംശം പുന്നത്തൂരിലും മണ്ണാക്കാട നായർ മണ്ണാക്കാട്ടിലും കവളപ്പാറനായർ കവളപ്പാറയിലും നിവസിച്ചുവരുന്നു. വള്ളുവനാട്ട രാജാക്കന്മാരുടെ ഇപ്പോഴത്തെ പ്രധാന വാസസ്ഥാനം മങ്കട അംശത്തിലാകുന്നു.

## രാജ്യവിഭാഗവും രാജ്യഭരണവും.

ഇപ്പോൾ ഭരണസൌകൎയ്യത്തിന്നു വേണ്ടി മലയാളത്തെ പത്തു താലൂക്കുകളായി ഭാഗിച്ചിരിക്കുന്നു. അവ 1 ചിറക്കൽ (കവ്വായി, ചിറക്കൽ) 2. കോട്ടയം 3. കുറുമ്പ്രനാട (കടത്തനാട, പയ്യനാട, പയ്യോർമല, കുറുമ്പ്രനാട, പഴയതാമരശ്ശേരിയുടെ ഏതാനുംഭാഗം,) 4. കോഴിക്കോട (പോലനാട, ബേപ്പൂർ അല്ലെങ്കിൽ വടക്കൻ പരപ്പനാട, പുഴവായി, താമരശ്ശേരിയുടെ കുറെഭാഗം,) 5. ഏറനാട (തെക്കൻപരപ്പനാട, രാമനാട, ചേറനാട) 6. വള്ളുവനാട, (വള്ളുവനാട നെടുങ്ങനാട,) 7. പാലക്കാട

(വടമലപ്പുറം നടുവട്ടം അല്ലെങ്കിൽ വെംങ്ങനാട്) 8. പൊന്നാനി (വെട്ടത്തുനാട, കുററനാട, ചാവക്കാട) 9. വയനാട (വയനാട) 10. കൊച്ചി (കൊച്ചിപട്ടണവും വേറെചില പാട്ടങ്ങളും ആകുന്നു. ജില്ലാഭരണം മുഴുവനും കലക്ടരുടെ കീഴിലാകുന്നു ഇരിക്കുന്നതു. ഭരണവിഷയത്തിൽ ഇംഗ്ലീഷ ത്തെ സഹായിപ്പാൻവേണ്ടി സബ്ബ് കലക്ടർമാർ, താസിൽദാർമാർ, മജിസ്ത്രേട്ടമാർ, പൊല്ലീസ്സ ഉദ്യോഗസ്ഥന്മാർ, പൊല്ലീസ്സ് സൈന്യം, ഇവരേയും ഏൎപ്പെടുത്തീട്ടുണ്ടു. സീവിൽഭരണത്തിന്നുവേണ്ടിയും അനേകംരീതി സീവിൽകോടതികളുടെ ഏൎപ്പാടും ചെയ്തിട്ടുണ്ടു. എന്നുമാത്രമല്ല, നാട്ടുകാരെതന്നെ രാജ്യഭരണവിഷയത്തിൽ പരിചയിച്ച പ്രാപ്തിയുള്ളവരായിതീൎക്കുവാനുംമററും അനേകം ഏൎപ്പാടുകൾ ചെയ്തിട്ടുണ്ടു. 1865–ലെ നഗരപരിഷ്കാര ആക്ടപ്രകാരംപ്രധാനപട്ടണങ്ങളിൽ മുൻസിപ്പാൽഭരണവും ഏൎപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ ലോക്കൽബോൎഡ് സഭകളും ഡിസ്ത്രിക്ടബോൎഡ് സഭകളും നാട്ടുകാരെക്കൂടി അംഗങ്ങളായി ചേൎത്തിക്കൊണ്ടു ഏൎപ്പെടുത്തിയിരിക്കുന്നു. ശിക്ഷാരക്ഷാക്രമം മുമ്പിലത്തെപോലെ ജാതിക്രമവും ആളുകളുടെ യോഗ്യതാനുസരണവും അനുസരിച്ചല്ല നടത്തിവരുന്നതു. പൂൎവ്വരീതിയിലുള്ള നെയ്യിൽ കൈമുക്കുക, കഴുവിൽ കയററുക, ജാതിഭ്രഷ്ട് കല്പിക്കുക, നിൎത്തിമേടിക്കുക, (കടക്കാരൻ പണംകൊടുക്കാതെ വരഞ്ഞവര കടന്നുപോയാൽ രാജശിക്ഷ) സ്വാൎത്ഥവിചാരണ, എന്നിവ ദിവസംതോറും ദുൎബ്ബലപ്പെട്ടു ക്ഷയിച്ചുപോയിരിക്കുന്നു. പിഴ, ജേൽ, നാടുകടത്തൽ, തൂക്കികൊല്ലൽ, ഇവയാകുന്നു ഇപ്പോ

ഴത്തെ ശിക്ഷാരീതി. ഭൂസ്വത്തുകളുടെ കൈമാററ രേഖകൾ, പണം ഇടവാടുകളെയും മററും സംബന്ധിച്ച രേഖകൾ, ഇവയെല്ലാം റജിസ്ത്രുചെയ്യുന്ന ഭരണവും ഏൎപ്പെട്ടുത്തിയിരിക്കുന്നു.

പത്തൊമ്പതാം നൂററാണ്ടിൽ ഇംഗ്ലീഷുകാർ രാജ്യഭാരം കയ്യേററു രാജ്യരക്ഷ തുടങ്ങിയതോടുകൂടി നാട്ടുകാൎക്കു യുദ്ധസംബന്ധമായ പഠിപ്പും ആവശ്യങ്ങളും നാൾക്കുനാൾ ചുരുങ്ങിവരികയും ആയുധ ആക്ടുകൾനിമിത്തം താല്പൎയ്യമുള്ളവൎക്കുകൂടി നിവൃത്തിയില്ലാതെ വരികയും ചെയ്തു. എന്നാൽ മലയാളികളുടെ യുദ്ധപരാക്രമം ഇനിയും ക്ഷയിച്ചിട്ടില്ലെന്നു പറയാം. ആയുധാഭ്യാസം എത്രത്തോളം ക്ഷയിച്ചുവൊ അതിൽ പത്തുമടങ്ങു വിദ്യാഭ്യാസം നാനാജാതികളിലും ഒരുപോലെ വൎദ്ധിച്ചുവരികയും ചെയ്തിരിക്കുന്നു. വിദ്യാഭ്യാസവിഷയത്തിൽ നാട്ടുരീതിയിൽ നടപ്പുണ്ടായിരുന്ന സംസ്കൃതം മലയാളം ഇവക്കു പ്രാധാന്യത കുറഞ്ഞും അത്രമാത്രം ഇംഗ്ലീഷുഭാഷക്കു പ്രാധാന്യത കൂടുകയും ചെയ്തിരിക്കുന്നു. എന്നാൽ വിദേശീയൎക്കു മലയാളഭാഷയിൽ ഒരു അഭിലാഷം കടന്നുകൂടി റവറണ്ടു ഗുണ്ടൎട്ടു സായ്പ് ഒരു മലയാളം നിഘണ്ഡുവും മിസ്റ്റർ ഗാർത്തെറെവററ മലയാളഭാഷ വ്യാകരണവും ഉണ്ടാക്കി നടപ്പുവരുത്തി. മലയാളഭാഷയിൽ നോവൽ എന്നു ഇംഗ്ലീഷിൽ പറയുന്ന രീതിക്കുള്ള കുന്ദലതാ എന്നീ മററു പുസ്തകങ്ങളും എഴുതിത്തുടങ്ങി. ഭാഷയിൽ എന്നപോലെ തന്നെ വൈദ്യശാസ്ത്രം, ഗണിതം, ജ്യോതിഷം എന്നു മാത്രമല്ല പഴയ സമുദായാചാരങ്ങൾ, നടവടികൾ, ഉടുപ്പുകൾ,

ആഹാരരീതികൾ എന്നിവയിലും ഒരു മാററം ഉണ്ടായി തുടങ്ങി. എന്നാൽ ഗവമ്മേണ്ടിൽനിന്ന് പാശ്ചാത്യരീതി ആസ്പത്രികൾ ഏൎപ്പെടുത്തുകയും നാട്ടുരീതികളെ നടത്തുവാൻ ധനസഹായം ചെയ്യുകയും ചെയ്തുതുടങ്ങി. അനേകം നാട്ടുകാരെ പലെസ്കൂളുകളിലായി ഗവമ്മേണ്ടു ചിലവിന്മേൽ പഠിപ്പിക്കുകയും ജനങ്ങളുടെ സുഖക്ഷേമാൎത്ഥം അനേകം ആസ്പത്രികൾ ഏൎപ്പെടുത്തുകയും അവയിൽവെച്ചു യാതൊരു പ്രതിഫലവും കൂടാതെ സാധുക്കളെയും മററും ചികിത്സിച്ചുവരികയും ചെയ്യുന്നു. എന്നു മാത്രമല്ല കന്നുകാലികളേയും പ്രത്യേകം നോക്കി ചികിത്സിപ്പാൻ വേണ്ടി കന്നുകാലി ആസ്പത്രികളും അവിടെയവിടെയായി ഏൎപ്പെടുത്തീട്ടുണ്ടു. ഇപ്പോഴത്തെ ഉൽകൃഷ്ടവിദ്യാഭ്യാസം കുറെ ചിലവുള്ള രീതിയാണെങ്കിലും സൎവ്വജനങ്ങൾക്കും ഒരുപോലെ പ്രാഥമികവിദ്യാഭ്യാസം നൽകുവാൻവേണ്ടി വളരെ ചെറിയ സ്കൂളുകളും അവിടവിടെ ഏൎപ്പെടുത്തിയിരിക്കുന്നു. വിദ്യാഭ്യാസത്തിന്നു തന്നെ അൎഹതയില്ലെന്നു കരുതി അകററി നിൎത്തിയിരുന്ന വളരെ താണ ജാതികൾക്കുംകൂടി സ്കൂളുകൾ ഏൎപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. ഇതിനെല്ലാം പുറമെ ദാരിദ്ര്യകുഡുംബത്തിൽപെട്ട ഒരു വിദ്യാൎത്ഥി അതിബുദ്ധിമാനാണെന്നുവരികിൽ അവന്നു പഠിപ്പിന്നുള്ള ധനസഹായം ചെയ്കയും നമ്മുടെ നാട്ടിലുള്ള പഠിപ്പു കഴിഞ്ഞാൽ പുറരാജ്യങ്ങളിലേക്കും ധനസഹായം ചെയ്തു അയക്കുകംയു ചെയ്യുന്നു. സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെതന്നെ വിദ്യാഭ്യാസസൌകൎയ്യങ്ങൾ ഏൎപ്പെടുത്തീട്ടുണ്ടു.

ഗവൎമ്മെണ്ടുദൃഷ്ടിയിൽ ജാതിഭേദം കൂടാതെ സകല ജനങ്ങളും ഒരുപോലെ ആണെന്നു മാത്രമല്ല പൊതുസ്ഥലങ്ങൾ എല്ലാവൎക്കും ഒരുപോലെ അവകാശപ്പെട്ടതും ജാതിനടപ്പു എന്തായാലും അവനവന്നു ഇഷ്ടമുള്ള തൊഴിൽ ചെയ്യാവുന്നതും ആചാരാദി നടവടികളിൽ യാതൊരു നിഷ്കൎഷയും നിബന്ധനയും കൂടാതെ സ്വാതന്ത്ര്യമുള്ളതും ആകുന്നു. ജനങ്ങളിൽ നാൾക്കുനാൾ നാഗരീതത്വം വൎദ്ധിച്ചു മൂഢവിശ്വാസങ്ങളായ അനേകം അയുക്തജാത്യാചാരങ്ങൾ ഒഴിഞ്ഞു മമത വൎദ്ധിച്ചു ഏകജാതിഭാവന അങ്കുരിച്ചുവരുന്നു.

വിദേശിയന്മാർ വ്യാപാരവിഷയമായി നാൾക്കുനാൾ വന്നുപോകുന്നതല്ലാതെ കുറെ നൂററാണ്ടുകളായിട്ടു മലയാളത്തിൽ കുടിപതികളായി കൂടീട്ടില്ല. കച്ചവടം ദിവസംതോറും വൎദ്ധിച്ചുവരികയും മൂലധനം അധികം ഏൎപ്പെടുത്തിയ വമ്പിച്ച കച്ചവടം സംഘങ്ങളാണ വിദേശിയർ നടത്തിവരികയും ചെയ്യുന്നു. നാട്ടുകാരും ഇതുപോലെതന്നെ യോജിച്ചു സംഘങ്ങൾ ഏൎപ്പെടുത്തി വ്യാപാരവിഷയത്തിൽ ഇയ്യിടെയായി ചുരുക്കം പുറപ്പെട്ടുതുടങ്ങിയിരിക്കുന്നു. കച്ചവടം അധികമായിട്ടും പാശ്ചാത്യരാജ്യങ്ങളോടുകൂടിയാണു നടന്നു വരുന്നതു. കച്ചവടാഭിവൃദ്ധിക്കും നാട്ടുകാരുടെ ഗുണത്തിന്നുംവേണ്ടി ഗതാഗതമാൎഗ്ഗങ്ങളിൽ ഗവൎമ്മെണ്ടു പ്രത്യേകം ശ്രദ്ധവെച്ചു പുഴകൾക്കു പാലങ്ങളും നാനാഭാഗങ്ങളിലും നിരത്തുകളിലും കച്ചവടം വമ്പിച്ചു നടക്കുന്ന സ്ഥലങ്ങളെ തമ്മിൽ ചെൎക്കുന്നതിന്നു തീവണ്ടിപ്പാതകളും ഏൎപ്പെടുത്തിയതു കൂടാതെ

ചുരുങ്ങിയ ചിലവിന്മേൽ തപാൽ ഏപ്പാട്ടം അടിയന്ത രാവശ്യങ്ങൾക്ക കമ്പിത്തപ്പാലും ഏപ്പെട്ടത്തിട്ടുണ്ട. ഇട വിടാതെ ഒരു നൂററാണ്ടുകാലമായിട്ട രാജ്യത്തിലുള്ള സ മാധാനവും, ജനങ്ങൾക്കും സ്വത്തുക്കൾക്കും ഉള്ള രക്ഷ യും, നിഷ്പക്ഷമായ ഭരണവും, നാഗരീകത്വം വദ്ധിച്ച പ്രബലന്മാരായ ജനങ്ങളോട്ടുകൂടിയുള്ള സംസഗ്ഗവും, പ രിഷ്കരിച്ച രാജ്യഭരണരീതിയും, ഉൽകൃഷ്ടവിദ്യാഭ്യാസവും, ജനങ്ങളിൽ രാജ്യഭരണവിഷയത്തിലും ജാത്യാഭിമാനത്തി ലും മതാചാരവിഷയത്തിലും സമുദായപരിഷ്കാരത്തിലും ഒരു ഭേദത്തെ ഉണ്ടാക്കുകയും തൻമൂലം പരിഷ്കാരവിഷ യത്തിൽ ജനങ്ങളെ പൂർവ്വാധികം സശ്രദ്ധന്മാരായി കണ്ടു വരികയും ചെയ്യുന്നു.

---

## 68-ാം അദ്ധ്യായം.

### ഏഴാം എഡ്വേഡ് ചക്രവത്തി.

### 1901—1910.

വിക്ടോറിയമഹാരാജ്ഞി അന്തരിച്ചതിന്റെശേഷം മൂത്തപുത്രനും വെയിൽസ്സ് പ്രഭുവും ആയ ആൽബട്ട് എ ഡ്വേഡ് എന്ന രാജകുമാരൻ ഏഴാം എഡ്വേഡ് എന്ന നാമം ധരിച്ച സിംഹാസനാരോഹണം ചെയ്തു. അക്കാ ലത്തു ഇന്ത്യയിൽ രാജപ്രതിനിധിയായ വൈസ്രോയി കർസൻപ്രഭു 1903 ജനവരി 1-ാംനു- ദൽഹിയിൽ അതി ഘോഷമായ ഒരു മഹാജനസഭ കൂട്ടി ഏഴാംഎഡ്വേഡ് രാജാവിനെ ഇന്ത്യാ ചക്രവത്തിയായി വാഴിച്ച പട്ടാഭി ഷേകോത്സവം നടത്തി. ഈ സന്ദർഭത്തിൽ വിക്ടോറിയാ ചക്രവത്തിനിയുടെ കാലത്തുണ്ടായ ശ്രേയസ്കരവും നീതി

പൂവ്വകവും ആയ ഭരണവ്യവസ്ഥകളെ അല്പംപോലും വീഴ്ചകൂടാതെ നിലനിത്തിപോരുന്നതാണെന്നുള്ള തൻെറ മുഖ്യോദ്ദേശത്തെയും അന്നത്തെ രാജസന്ദേശത്തിൽ വിളംബരപ്പെടുത്തിയിരുന്നു. ഈ പട്ടാഭിഷേകോത്സവം ഇന്ത്യാസാമ്രാജ്യത്തിൽ നാനാഭാഗങ്ങളിലും ജനങ്ങളും രാജാക്കന്മാരും അവസ്ഥാനുസരണം ഒരുപോലെ കൊണ്ടാടുകയും ചെയ്തിരുന്നു. മലയാളത്തിൽ അധികകാലത്തോളം നിലനികുതി ഇല്ലായിരുന്നു. മുഹമ്മദീയരുടെ ആക്രമത്തോടുകൂടിയാണ് നിലനികുതി പിരിച്ചുതുടങ്ങിയതു. കമ്പനിയുടെ കൈവശം വന്നതിൽപിന്നെയും ഓരോതരത്തിൽ പിരിവുനടത്തിയെന്നല്ലാതെ സംസ്ഥാനത്തിലെ മററു സ്ഥലങ്ങളിൽ ഉള്ളപോലെ സ്ഥിരമായ ഒരു ഏപ്പാടു ഉണ്ടായിരുന്നില്ല. 1900—1904 വയനാടു കൊച്ചി എന്ന താലൂക്കുകൾ ഒഴിച്ചു എട്ടു താലൂക്കുകളിലും സവ്വെ സെററിൽമെൻറ കഴിച്ചു നികുതിസമ്പ്രദായം ഏപ്പെടുത്തുകയും സെററിൽമെൻറ ജന്മികളോടു കൂടി നേരിട്ടു നടത്തുകയും ഭൂമികളെ യഥോചിതം പലേ തരങ്ങളായി തിരിക്കുകയും ചെയ്തു.

1904-ൽ തങ്കശ്ശേരിയിലും 1905-ൽ അഞ്ചിങ്കോവിലും പുതിയ സെററിൽമെണ്ടുതോതുകൾ ഏപ്പെടുത്തുകയും 1906-ൽ അഞ്ചിങ്കൊ എന്ന പേരിൽ റസിഡെണ്ടിൻെറ കീഴിൽ ഒരു പ്രത്യേകജില്ലയായി നിമ്മിക്കുകയും ചെയ്തു.

1906-ൽ നമ്മുടെ ഇപ്പോഴത്തെ ചക്രവത്തിയായ അഞ്ചാംജോജ്ജ മഹാരാജ്ഞിയോടുകൂടി ഇളയരാജാവിൻെറ നിലയിൽ നമ്മുടെ രാജ്യത്തെ സന്ദശിക്കുകയും ഇന്ത്യയി

ലെ പ്രധാന നഗരങ്ങളിലെല്ലാം എഴുന്നെള്ളുകയും നഗരവാസികളും രാജാക്കന്മാരും യഥോചിതം ഭക്തിപുരസ്സരം ആദരിക്കുകയും ചെയ്തു.

1907-ൽ കോഴിക്കോട്ടുനിന്നു മംഗലാപുരത്തേക്കുള്ള തീവണ്ടി നടപ്പിൽ വരുത്തി. 1906—1907-ൽ അതുവരെ മലയാളത്തിന്റെ അടുത്ത പ്രദേശങ്ങളിൽ വളരെ കാലത്തോളം അനവധി ജനങ്ങളുടെ ജീവാപഹരണം ചെയ്തുകൊണ്ടിരുന്ന മഹാമാരിദീനം (പ്ലേഗ്). മലയാളത്തിൽ തലശ്ശേരിയിൽ കടന്നുകൂടിയ അവസരത്തിൽ ഗവൎമ്മെണ്ടിൽനിന്നു തന്നിവാരണാൎത്ഥം പാസ്സ്പോൎട്ട് ഏൎപ്പാടുകളും മററും അതിജാഗ്രതയായി ഏൎപ്പെടുത്തിയതിനാൽ രാജ്യത്തിൽ അധികമായ അനൎത്ഥത്തിന്നു ഇടയില്ലാതെ നിവൎത്തിച്ചുപോരികയും ചെയ്തു. ഇക്കാലത്തു ഉപ്പിന്റെ നികുതിയും ആദായനികുതിയും ചുരുക്കുകയും പ്രജകളുടെ നന്മക്കായും വിദ്യാഭിവൃദ്ധിക്കായും മററും പ്രത്യേകം ചിലവുകൾ ഏൎപ്പെടുത്തുകയും ചെയ്തുവരുന്നതു കൂടാതെ നിയമനിൎമ്മാണസഭാംഗങ്ങളുടെ എണ്ണം വൎദ്ധിപ്പിക്കുകയും ജനങ്ങൾക്കു രാജ്യഭരണവിഷയത്തിൽ ചില പ്രത്യേകാധികാരങ്ങൾ കൊടുക്കുകയും ചെയ്തിരിക്കുന്നു. 1910-ൽ എഡ്വെൎഡ് ചക്രവൎത്തി തീപ്പെട്ടു. ഇദ്ദേഹത്തിന്റെ മുഖ്യമായ ഉദ്ദേശം കഴിയുന്നതും യുദ്ധം കൂടാതെ സമാധാനരാജ്യഭരണം ചെയ്യേണമെന്നായിരുന്നു. അതിന്നുവേണ്ടി അദ്ദേഹം സ്വരാജ്യത്തും അയൽരാജ്യങ്ങളിലും അത്യന്തം പരിശ്രമം ചെയ്കയും അതുപ്രകാരം അധികമായി നിവൃത്തിച്ചുപോരികയുംചെയ്തു. ഇതുനിമിത്തം അദ്ദേഹത്തെ എഡ്വെൎഡ് "സമാധാനകാരകൻ" എന്നുംകൂടി വിളിക്കാറുണ്ടു.

# 69-ാം അദ്ധ്യായം.

## അഞ്ചാംജോൎജ്ജ ചക്രവൎത്തി.

ഏഴാം എഡ്വെൎഡ് അന്തരിച്ചശേഷം നമ്മുടെ ഇപ്പോഴത്തെ ചക്രവൎത്തിയായ അഞ്ചാംജോൎജ്ജ മഹാരാജാവു സിംഹാസനാരോഹണം ചെയ്തു. സിംഹാസനാരോഹണസന്ദൎഭത്തിൽ ഇന്ത്യയിലെ നാട്ടുരാജാക്കന്മാരുടേയും ജനങ്ങളുടേയും രാജഭക്തിയെ അഭിനന്ദിച്ചുകൊണ്ടും ഇന്ത്യയുടെ ക്ഷേമവും സമൃദ്ധിയും നാം സൎവ്വോപരി പ്രാധാന്യമുള്ളതായി കരുതുമെന്നു വാഗ്ദാനം ചെയ്തുകൊണ്ടും ഒരു സന്ദേശം അയക്കുകയും ചെയ്തു. അതിൽപിന്നെ 1911 ഡിസെമ്പ്ര 1-ാംനു- നമ്മുടെ മഹാരാജാവു മേരി മഹാരാജ്ഞീസമേതനായി നമ്മുടെ ഭാരതഖണ്ഡത്തിലേക്കു എഴുന്നെള്ളുകയും ഹസ്തിനപുരം എന്ന പുരാണപ്രസിദ്ധമായ ഇപ്പോഴത്തെ ദൽഹിപട്ടണത്തിൽവെച്ചു ഇന്ത്യയിലെ എല്ലാ മഹാരാജാക്കന്മാരുടേയും സാമന്തരാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ഉദ്യോഗസ്ഥന്മാരുടേയും മുമ്പാകെ അതിഘോഷമായി ഇന്ത്യാ ചക്രവൎത്തിയായി പട്ടാഭിഷേകമഹോത്സവം കൊണ്ടാടുകയും ചെയ്തു. ഈ അവസരത്തിൽ ദൽഹിയിൽ മാത്രമല്ല ഇന്ത്യയിൽ നാനാഭാഗങ്ങളിൽ വെച്ചും അവസ്ഥാനുസരണം ഈ ഉത്സാഘോഷം കൊണ്ടാടുകയും ദൽഹി ഇന്ത്യയുടെ തലസ്ഥാനമാക്കുകയും വിദ്യാഭ്യാസവൎദ്ധനക്കും മററു പൊതുജനസ്ഥിതിക്കുമായി വേണ്ടപ്പെട്ട പല ഏൎപ്പാടുകൾ ചെയ്വാൻ തീൎച്ചപ്പെടുത്തിയതായി വിളംബരപ്പെടുത്തുകയും ചെയ്തു. ഈ അപൂൎവ്വമംഗളമഹോത്സവസ്മാരകമായി ആ ഡർബാർ ദിവസ

മായ ഡിസേമ്പ്ര 12-ാംനു- എല്ലാവർഷങ്ങളിലും വിദ്യാർത്ഥികൾക്ക ഒരു കല്പനദിവസമായി ആചരിച്ചുവരികയും ചെയ്യുന്നു.

1914-ൽ യൂറോപ്പിലെമഹാശ്ശക്തികൾ തമ്മിൽഒരു യുദ്ധം ഉത്ഭവിച്ചു. സാധുജനസംരക്ഷണാർത്ഥവും ലോകത്തിൽ നീതിന്യായഭരണാർത്ഥവും സർവ്വജനസ്വാതന്ത്ര്യാർത്ഥവും നമ്മുടെ ചക്രവർത്തിയും അതിൽ ഏൎപ്പെടേണ്ടിവന്നു. അതിക്രമിയും ലോകം മുഴുവനും യഥേഷ്ടഭരണത്തിൽ ഉൾപ്പെടുത്തേണമെന്നു ദുർമ്മോഹിയും ആയ ജർമ്മനി അതിന്നു കാരണഭൂതൻ ആയിരുന്നു. നാലുസംവത്സരകാലം നടന്ന ഈ യുദ്ധം യൂറോപ്പിൽ മാത്രമല്ല ഏഷ്യയിലും ആഫ്രിക്കയിലുംകൂടി നടക്കുകയും ശത്രുക്കൾ അനേകം പട്ടണങ്ങളെ നിർദ്ദാക്ഷിണ്യം ശൂന്യമാക്കിതീൎക്കുകയും ചെയ്തു. ഏത്രയൊ ദൂരെകിടക്കുന്ന നമ്മുടെ രാജ്യത്തുകൂടി അവരുടെ കവച്ചക്കപ്പലായ എംഡൻ എത്തുകയും, ഒന്നുരണ്ടുദിവസത്തേക്കു ജനങ്ങളുടെ മനസ്സിന്നു അസ്വാസ്ഥ്യമുണ്ടാക്കിതീൎക്കുകയും ചെയ്തു. എന്നാൽ സൂൎയ്യാസ്തമനമില്ലാത്ത നമ്മുടെ ബ്രിട്ടീഷുസാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും പ്രഭുക്കന്മാരും പ്രജകളും സാധുക്കളും ആൺപെൺ വ്യത്യാസംകൂടാതെ ജാതിഭേദം രാജ്യഭേദം ഇവയെല്ലാം മറന്നു പൂൎണ്ണരാജഭക്തിയോടുകൂടി രാജശത്രു സൎവ്വജനശത്രു എന്നു കരുതി ഏകമനസ്സായി ഒത്തൊരുമിച്ചു ശത്രുപടം അമൎത്തി വിഷപ്പല്ലു തട്ട് എടുക്കുകയും ചെയ്തു. ഈ അവസരത്തിൽ നമ്മുടെ മലയാളവും പൂൎവ്വയോഗ്യതയെ നല്ലവണ്ണം പ്രകടിപ്പിച്ചിരിക്കുന്നു. നമ്മുടെ സംസ്ഥാന

ത്തിൽനിന്നു അറുപതിനായിരം ജനങ്ങൾ സ്വേച്ഛയായി യുദ്ധസൈന്യത്തിലും അകമ്പടിയിലും ചേൎന്നതിൽ അധികരിച്ച സംഖ്യ അതായത് ഏഴായിരത്തോളം ജനങ്ങൾ നമ്മുടെ മലയാളനിവാസികളായിരുന്നു. ഇതു കൂടാതെ വേണ്ടുംവണ്ണം ധനസഹായവും ചെയ്തിരിക്കുന്നു. മലയാളികളുടെ യുദ്ധസാമൎത്ഥ്യവും രണശ്ശൂരതയും കണ്ടു ഗവൎമ്മെണ്ടിൽനിന്നു യഥോചിതം പ്രസംഗിക്കുകയും യുദ്ധത്തിൽ മരിച്ചുപോയവരുടെ അടുത്ത ബന്ധുക്കൾക്കും ആശ്രിതന്മാൎക്കും ഭൂമി ദാനംചെയ്കയും ധനസമ്മാനം കൊടുക്കുകയും ചെയ്തിരിക്കുന്നു. ഈ യുദ്ധം 1919-ൽ അവസാനിക്കുകയും അതുനിമിത്തം മററു രാജാക്കന്മാൎക്കു, രാജ്യവാസികൾക്കു, അവരവരുടെ സ്വരാജ്യാഭിവൃദ്ധിക്കു വേണ്ട ഏൎപ്പാടുകൾ ചെയ്വാനും അന്യോന്യ സഹായവ്യവസ്ഥകൾ തുടങ്ങുവാനും ബ്രിട്ടീഷുസാമ്രാജ്യശക്തിയും പരാക്രമവും മനസ്സിലാക്കുവാനും ബ്രിട്ടീഷു സാമ്രാജ്യാംഗമായിരിക്കുന്നതു കൊണ്ടുള്ള ഗൌരവവും ഗുണവും മനസ്സിലാക്കുവാനും ബ്രിട്ടീഷു സാമ്രാജ്യാംഗങ്ങൾ അന്യോന്യം പൂൎവ്വാധികൃം രഞ്ജനയുള്ളവരാകാനും ഏകഭാവന ഉണ്ടാവാനും ഇടയായി.

സാമൂതിരിയുടെ സ്ഥിതിയെപററി മുമ്പു ഒരദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. സ്ഥാനാരോഹണം അധികമായും പ്രായാധിക്യകാലത്തു വരുന്നതും ചുരുങ്ങിയകാലം മാത്രം നില്ക്കുന്നതുകൊണ്ടും സ്ഥാനസ്വത്തുക്കൾക്കു നേരിടുന്ന വീഴ്ചയും മററു ദോഷങ്ങളും ആലോചിച്ചു വിഭാഗൻ ഏട്ടൻതമ്പുരാൻ സ്ഥാനത്തു വന്നുചേൎന്നപ്പോൾ ഇതിന്നു

ഒരു നിവൃത്തിമാൎഗ്ഗം ചിന്തിക്കേണമെന്നു തീൎച്ചയാക്കി അ
നന്തിരവന്മാരോടുകൂടി ആലോചിച്ചു സ്ഥാനസ്വത്തുകളു
ടെ ഭരണം കുറച്ചുകാലത്തേക്കു ഗവൎമ്മേണ്ടിലേക്കു ഏല്പി
ച്ചുകൊടുക്കുവാൻ തീൎച്ചയാക്കി 1916-ൽ കാൎയ്യങ്ങളെല്ലാം
എസ്റ്റേററിലേക്കു ഒഴിഞ്ഞുകൊടുത്തു. എല്ലാ കാൎയ്യങ്ങളും
വേണ്ടതുപോലെ ആലോചിച്ചു പരിഷ്കരിച്ചു കൊണ്ടുവ
രാൻ മിസ്റ്റർ താറൻസാസ്സിനെ ഒന്നാമത്തെ എസ്റ്റേററ് ക
ലക്ടരായി നിശ്ചയിച്ചു. ഇദ്ദേഹത്തിന്നു മലയാളരീതിയും
കാൎയ്യഭരണനീതിയും കാൎയ്യസ്ഥന്മാരുടെ അതിക്രമവും അ
ഴിമതികളും നല്ല പരിചയമുണ്ടായിരുന്നതുകൊണ്ടു എളു
പ്പത്തിൽ ദൂഷ്യാംശങ്ങളെ അകററി ഒരു ഭരണരീതി ഏൎപ്പെ
ടുത്തി. ഉദ്യോഗസ്ഥന്മാൎക്കു ഉചിതമായ ശമ്പളം നിശ്ച
യിച്ചു സേവകന്മാരെ ഉദ്യോഗത്തിൽ
നിശ്ചയിച്ചു. മിച്ചവാരം നെല്ലിന്നുപകരം അങ്ങാടി നില
വാരത്തിന്നനുസരിച്ചു എസ്റ്റേററിൽനിന്നു തീൎച്ചയാക്കുന്ന
രീതിയിലുള്ള പണം അടക്കുവാനും തീൎച്ചയാക്കി. പൊ
ളിച്ചെഴുത്തിന്നു ആറം അവസ്ഥ ആലോചിക്കാതെ ഭൂമിയു
ടെ സ്ഥിതിക്കനുസരിച്ചു ക്രമപ്പെടുത്തിയ ഒരു വീതം നട
പ്പിൽ വരുത്തി. കാൎയ്യസ്ഥന്മാൎക്കു യാതൊരു ഉറക്കൈക്കും
നിവൃത്തിയില്ലാത്തവിധത്തിൽ ഭരണരീതി ഏൎപ്പെടുത്തി. ഇ
ദ്ദേഹം 1919-ൽ ഈപണി ഒഴിഞ്ഞു ഗവൎമ്മേണ്ടുസർവ്വീസ്സ
ലേക്കു പോകുകയും പിന്നെ മിസ്റ്റർ ശ്രീനിവാസറാവുവി
നെ കലക്ടരായി നിശ്ചയിക്കുകയും ചെയ്തു.

1918-ൽ മഴ ചുരുങ്ങിയതിനാലും നാലുകൊല്ലം നട
ന്ന യുദ്ധം നിമിത്തവും 1919-ൽ വലുതായ ക്ഷാമത്തിന്നി

ടയായി. അതിൻെറ നിവൃത്തിക്കവേണ്ടി ഗവൎമ്മെണ്ടുതന്നെ ദൂരദിക്കുകളിൽനിന്നു അരി വരുത്തി ചുരുങ്ങിയ വിലക്കു സാധുക്കൾക്കു വിററും ക്ഷാമനിവൃത്തിക്കുള്ള മററു മാൎഗ്ഗങ്ങൾ ഏൎപ്പെടുത്തിയും രാജ്യത്തിൽ അധികമായ അനൎത്ഥം നേരിടാത്തവിധത്തിൽ പരിരക്ഷചെയ്തുപോന്നു.

1919-ാമത്തെവൎഷം നമ്മുടെ രാജ്യചരിത്രത്തിൽ ഒരു പുതിയ ഘട്ടമെന്നുപറയാം എന്തുകൊണ്ടെന്നാൽ ഇന്ത്യാരാജ്യ ഭരണപരിഷ്കാരത്തിന്നുള്ള നിയമപരമ്പരയിൽ പ്രധാനമായ നിയമം (1919-ൽ ഇന്ത്യ ഭരണപരിഷ്കാരനിയമം) പാൎല്ലിമെൻറ സഭകൾ പാസ്സാക്കുകയും അതിന്നു സന്തോഷപൂൎവ്വം നമ്മുടെ ചക്രവൎത്തി രാജസമ്മതം അനുവദിച്ചു ഇന്ത്യാവാസികളെ സന്ദേശമൂലം അറിയിച്ചു. ഈ നിയമപ്രകാരം ഇന്ത്യാഭരണത്തിൽ ക്ലിപ്തമായ ഒരു ഭാഗം ജനങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ടതായ പ്രതിനിധികളുടെ കയ്യിൽ ഭാരമേല്പിക്കുകയും മേലിൽ പൊതുജനസമ്മതമായ ഭരണത്തിലേക്കുള്ള മാൎഗ്ഗവും കാണിച്ചുകൊടുക്കുന്നു. ഇങ്ങിനെ ബ്രിട്ടീഷു ഇന്ത്യയിൽ പുതിയഭരണസമ്പ്രദായ ഏൎപ്പാടോടുകൂടി നാട്ടുരാജാക്കന്മായടേയും നാട്ടുരാജ്യങ്ങളുടേയും നാട്ടുരാജ്യങ്ങൾക്കും ബ്രിട്ടീഷുഇന്ത്യക്കും പരക്കെ ബാധിക്കുന്ന കാൎയ്യങ്ങളുടെ നന്മക്കും ഒരു രാജസഭയും ഏൎപ്പെടുത്തി. ഈ അവസരത്തിൽ രാജദ്രോഹകുററം ചെയ്തവരിൽ പൊതുജനരക്ഷക്കു തകരാറ വരാതവണ്ണം പാടുള്ളേടത്തോളം എല്ലാവൎക്കും ചക്രവൎത്തിയുടെ പേരിൽ രാജകീയ മാപ്പു നൽകുവാൻ വൈസറോയിയെ ആജ്ഞാപിക്കയും ചെയ്തു. ഈ സന്ദൎഭത്തിൽ അയച്ച അന്ദേശ

ത്തിൽ "ഈശ്വരകൃപയാൽ ഞങ്ങൾ അനുഭവിക്കുന്നതായ പലവിധ നന്മകളെ ഇന്ത്യയിലും നടപ്പാക്കുവാനായി ഞങ്ങൾ വളരെ പരിശ്രമിച്ചിട്ടുണ്ടു! എന്നാൽ ഏതൊരു രാജ്യത്തിൻെറയും അഭിവൃദ്ധിയെ പൂൎത്തിയാക്കുവാൻ ആവശ്യമായ ഒരു കാൎയ്യം ഇനിയും ബാക്കിയുണ്ട്. അതു ഒരു ജനസമുദായത്തിന്നു സ്വന്തകാൎയ്യങ്ങളെ ഭരിക്കുവാനുള്ള അധികാരമാകുന്നു. ... . അതുകൊണ്ടു അതിന്നു ആവശ്യമായ പരിചയം ഉണ്ടാക്കുവാനും, അങ്ങിനെപരിചയിച്ച സ്വയഭരണം നടത്തുവാനുള്ള പ്രാപ്തി വൎദ്ധിക്കുന്നതിന്നൊടൊപ്പം അതിൻെറ ചുമതലകളും വൎദ്ധിച്ചുകൊണ്ടുവരുവാനും വേണ്ടപ്പെട്ട അവകാശാധികാരങ്ങൾ ഇപ്പോൾ അനുവദിക്കുന്നതാകുന്നു. . ....................ഇപ്പോൾ സ്വയഭരണത്തിലേക്കുള്ള നിശ്ചിതമായ മാൎഗ്ഗത്തിൽ നാം എത്തിച്ചേൎന്നിരിക്കുന്നു. .........മാൎഗ്ഗം സുഗമമായിരിക്കയില്ല. അതുകൊണ്ടു ഉദ്ദിഷ്ടകാൎയ്യസിദ്ധിക്കുവേണ്ടി നാനാജാതിമതസ്ഥന്മാരായ നമ്മുടെ ഇന്ത്യൻ പ്രജകൾ സ്ഥിരോത്സാഹത്തോടും പരസ്പര ബഹുമതിയോടും സഹനശീലത്തോടുംകൂടി അനുവൎത്തിക്കേണ്ടുന്ന ആവശ്യവും നേരിടുന്നതാകുന്നു. ഈ വിശിഷ്ട ഗുണങ്ങൾ അവരിൽ ഉണ്ടാകുമെന്നുതന്നെയാണ് നമ്മുടെ ഉത്തമവിശ്വാസം ........ഈ പുതിയ രാജസഭയും ബ്രിട്ടീഷ് ഇന്ത്യയിലെക്കുള്ള പുതിയഭരണസമ്പ്രദായങ്ങളും സ്ഥാപിക്കുന്നതിന്നായി അടുത്ത വൎഷത്തിൽ നമ്മുടെ പ്രിയപുത്രനായ വെയിത്സ രാജകുമാരനെ ഇന്ത്യയിലേക്കു അയക്കേണമെന്നു നാം വിചാരിക്കുന്നുണ്ടു. അവിടെ ഭരണത്തിന്നു ഉത്ത

രവാദികളായ ആളുകൾ തമ്മിൽ മമതയും വിശ്വാസവും ഉള്ളതായി ആയാൽ അപ്പോൾ കാണുമാറാകട്ടെ. തന്നിമിത്തം അവരുടെ പരിശ്രമങ്ങൾക്ക വിജയവും ഭരണത്തിന്ന ഗുണോൽകൎഷവും വന്നുചേരട്ടെ. ഈശ്വരകൃപയാൽ ഇന്ത്യാരാജ്യം ഭരണസ്വാതന്ത്ര്യത്തിൽ പരമകാഷ്ഠയെ പ്രാപിക്കുവാനും ഉത്തരോത്തരം സംതൃപ്തിയും സമൃദ്ധിയുമുണ്ടാവാനും, നമ്മുടെ എല്ലാ പ്രജകളോടൊന്നിച്ചു നാമും സൎവ്വശക്തനായ ജഗദീശ്വരനെ പ്രാൎത്ഥിച്ചുകൊള്ളുന്നു." എന്നും മററും വിളംബരം ചെയ്തു.

# വിശേഷ സംഭവങ്ങൾ.

| | |
|---|---|
| വിദേശിയായ അബ്ദുർറസാക്കിന്റെ വരവ് | 1442 എ. ഡി. |
| വാസ്ക്കോഡിഗാമ ഒന്നാമത്തു മലയാളത്തു വന്നതു ... | 1498 |
| ഡി. ഗാമവിന്റെ ഒന്നാമത്തെ വരവ് ... | 1502 |
| സാമൂതിരിയും കൊച്ചിയും ഒന്നാംയുദ്ധം ... | 1502–1504 |
| പോൎത്തുഗീസ്സു കൊച്ചി കോട്ട പണിതതു ... ... | 1503 |
| ആലൻമീയഡ പൊന്നാനി പടക്കപ്പലെ എരിച്ചതു ... | 1507 |
| ആൽമിയഡാവിന്റെ വധം ... ... | 1510 |
| സാമൂതിരിയും പോൎത്തുഗീസ്സുംകൂടി സന്ധി ... ... | 1513 |
| കല്ലായി പുഴവക്കത്തു കോട്ട പണിതതു ... ... | 1514 |
| മാലദ്വീപിലെ വധം ... ... | 1519 |
| കുട്ടിയാലി കോഴിക്കോട്ട ആക്രമിച്ചതു ... ... | 1524 |
| ഡി. ഗാമാവിന്റെ മൂന്നാമത്തെ വരവ് ... ... | 1524 |
| ഡി. ഗാമാവിന്റെ മരണം ... ... | 1524 |
| സാമൂതിരിയും കൊച്ചിയും മൂന്നാംയുദ്ധം ... | 1661–1663 |
| സാമൂതിരി കൊടുങ്ങല്ലൂർ വളഞ്ഞതു ... ... | 1662 |
| കൊച്ചിയിലെ ഉടമ്പടി ... ... | 1663 |
| ഡച്ചും പോൎത്തുഗീസ്സും കൂടിയുള്ള ഉടമ്പടി ... ... | 1641 |
| ഡച്ചുകാർ കൊച്ചി കൈവശപ്പെടുത്തിയതു ... ... | 1663 |
| ഡച്ചുകാർ ചേററുവായി വിട്ടുകൊടുത്തതു ... ... | 1691 |
| ഡച്ചുകാർ ചേററുവായി മടക്കി എടുത്തു ... .. | 1717 |
| ഡച്ചുകാർ നാട്ടുകാൎയ്യങ്ങളിൽ നിന്നു പിൻവലിച്ചതു ... | 1721 |
| ഹെൻറിമെൻഡസ്സിന്റെ മരണം ... ... | 1526 |
| ഗോവ ആക്രമം ... ... ... | 1570 |
| ബ്രിട്ടീഷ പൂൎവ്വന്ത്യാ സംഘം ഉണ്ടായതു ... ... | 1600 |
| മലയാളത്തിൽ ഒന്നാമതായി ഇംഗ്ലീഷുകാർ വന്നതു ... | 1615 |
| കോഴിക്കോട്ട വ്യാപാരസ്ഥലം ഉണ്ടാക്കിയത് ... ... | 1616 |
| ഇംഗ്ലീഷും പോൎത്തുഗീസ്സുകാരുമായിട്ടുള്ള സന്ധി ... | 1635 |

തലശ്ശേരിയിൽ സ്ഥലം വാങ്ങിയതു ... ... 1683
കുറങ്ങോട്ട നായരുടെ ആക്രമം ... ... 1704
ഏകോപിച്ച സർവ്വേന്ത്യാസംഘം ... ... 1708
പരന്ത്രീസ്സുകാർ ആദ്യം മലയാളത്ത വന്നതു ... ... 1725
മയ്യഴിയിലെ സമാധാനം ... ... 1728
രണ്ടാം കർണ്ണാടകയുദ്ധം ... 1732-1740
വളർപട്ടണം കരാർ ... ... 1733
ധർമ്മപട്ടണം സന്ധി ... ... 1735
മാടക്കര പിടിച്ചതു ... ... 1736
ബെഡന്നൂർ രാജാവും കമ്പനിയുമായുള്ള സന്ധി ... 1737
ബെഡന്നൂർ രാജാവും ഇളംകൂറുമായുള്ള സന്ധി... ... 1740
കണ്ണൂർക്കോട്ട ആലിരാജാവിന്നു വിററതു ... ... 1772
കൊച്ചിയും തങ്കശ്ശേരിയും ഇംഗ്ലീഷ്കാർക്ക ഒഴിഞ്ഞുകൊടുക്കുന്നതു 1795
പരന്ത്രീസ്സ തലശ്ശേരി ആക്രമിച്ചതു . ... 1752
മയ്യഴി പരന്ത്രീസ്സുകാർക്ക തിരിച്ചുകൊടുത്തതു ... ... 1763
മയ്യഴി വീണ്ടും പിടിച്ചതു ... ... 1793
മയ്യഴി മടക്കികൊടുത്തതു ... ... 1817
സാമൂതിരിയും കൊച്ചിയും തമ്മിലുള്ള നാലാം യുദ്ധം 1756-1763
മാവേലികര ഉടമ്പടി ... ... 1757
സാമൂതിരി ചെററുവായി ആക്രമിച്ചതു .. ... 1755
സാമൂതിരി തൃശ്ശിവപേരൂർ തലസ്ഥാനമാക്കിയതു ... 1757
ശക്തൻ സാമൂതിരി തീപ്പെട്ടതു ... ... 1759
ശുചീന്ദ്രത്തിലെ ഉടമ്പടി ... ... 1761
പത്മനാഭപുരത്തെ ഉടമ്പടി ... ... 1763
സാമൂതിരി പാലക്കാട്ട ആക്രമിച്ചതു ... ... 1757
മുഹമ്മദീയസൈന്യം മലയാളത്തിൽ കടന്നതു ... ... 1757
ഹൈദർ മലയാളം ആക്രമിച്ചതു ... ... 1765
മലയാളത്തിലെ കലക്കം ... ... 1797
മേജർ അബിംഗട്ടൻ കോഴിക്കോട്ട പിടിച്ചതു ... ... 1782
പാലക്കാട്ടുകോട്ട ഇംഗ്ലീഷുകാർ പിടിച്ചതു ... ... 1788
ഇംഗ്ലീഷ്കാരും ടിപ്പുവുമായുള്ള. സമാധാനം ... ... 1784

ടിപ്പു മലയാളം രണ്ടാമതും ആക്രമിച്ചതു ... ... 1789
കുററിപ്പുറത്തിലെ യുദ്ധം ... ... 1789
മലയാളികൾ നാട്ടുവിട്ടു ഓടിയതു ... ... 1789
ടിപ്പു തിരുവിതാംകൂർ ആക്രമിച്ചതു ... .. 1790
തിരൂരങ്ങാടയിൽ ടിപ്പുസൈന്യത്തിന്റെ തോൽമ ... 1790
കമ്പനിക്കാർ കണ്ണൂർ അടക്കിയതു ... ... 1790
ശ്രീരംഗപട്ടണത്തിലെ സമാധാനം ... ... 1762
മലയാളം ഇംഗ്ലീഷ്കാരുടെ അധീനത്തിൽ വന്നതു ... 1792
വയനാട ഇംഗ്ലീഷ്കാരുടെ അധീനത്തിൽ വന്നതു ... 1799
ഫാർമറെ സൂപ്രവൈസർ ആയി നിശ്ചയിച്ചത ... 1793
വട്ടത്തനാട പണ്ടാരത്തിൽ അടങ്ങിയതു ... ... 1793
ഒന്നാം പഴശ്ശിയുദ്ധം 1793–1798 എ. ഡി.
പെറിയ പാസ്സിലെ കുല ... ... 1797
മലയാളം മദ്രാസ്സ ഗവമ്മേണ്ടിന്റെ കീഴിലായതു ... 1800
പഴശ്ശി രണ്ടാം യുദ്ധം ... 1800-1805
ഒന്നാമതു മലയാളത്തിൽ കലക്ടരെ നിശ്ചയിച്ചതു ... 1801
ഇടച്ചന്ന കുഞ്ഞൻ പനമരക്കോട്ട പിടിച്ചതു ... ... 1802
പഴശ്ശി രാജാവിന്റെ മരണം ... ... 1805
കുറിച്ചിയരുടെ ലഹള ... ... 1812
അങ്ങാടിപ്പുറത്തു മാപ്പിളമാരുടെ ലഹള ... ... 1849
സയിദഫസ്സൻതങ്ങൾ അറബിക്ക പോയതു ... ... 1852
മാപ്പിള നിയമങ്ങൾ ... ... 1854
കനോലിസായ്പിനെ കൊന്നതു ... ... 1855
ഉത്തര ഇന്ത്യയിലെ ശിപായി ലഹള ... ... 1857
വിക്ടോറിയ മഹാറാണി ഇന്ത്യ ഭരണം ഏററതു ... 1858
മലയാളത്തിൽ ആദ്യം തീവണ്ടി നടപ്പാക്കിയതു ... 1861
മലയാളത്തിൽ മുൻസീപ്പാൽ ഭരണം ഏപ്പെട്ടത്തിയതു ... 1866
വിക്ടോറിയ മഹാറാണി ഇന്ത്യാചക്രവത്തി സ്ഥാനം ധരിച്ചതു 1877
ജനങ്ങളെ ആയുധങ്ങൾ വെപ്പിച്ചതു ... ... 1855
വിക്ടോറിയ മഹാറാണിയുടെ മരണം ... ... 1901
ഏഴാം എഡ്വേർഡിനെ ഇന്ത്യയിലെ ചക്രവത്തിയായി വാഴിച്ചത് 1903

മലയാളത്തിൽ പ്ലേഗ് പിടിപെട്ടതു ... ... 1907
എഡ്വേഡ ചക്രവർത്തിയുടെ മരണം .. ... 1910
ജോർജ്ജ ചക്രവർത്തിയുടെ ഡൽഹി പട്ടാഭിഷേകം ... ... 1911
മഹാശക്തികൾ തമ്മിലുള്ള മഹായുദ്ധം ... ... 1914
സാമൂതിരി സ്ഥാനസ്വത്തുക്കൾ എസ്റ്റേറ്റ് ഭരണത്തിലായത 1916
മഹായുദ്ധം അവസാനിച്ചതു ഇന്ത്യയിലെ സമാധാനഘോഷം 1919
ഇന്ത്യയിലെ രാജ്യഭരണ പരിഷ്കാരആക്ട് പാസ്സായതു ... 1919

The end

fine